# വിശുദ്ധ കുമ്പസാരം
# ഒരു ധ്യാനപഠനം

# വിശുദ്ധ കുമ്പസാരം

## ഒരു ധ്യാനപഠനം

**മാർ ഈവാനിയോസ് മെത്രാപ്പോലീത്താ**

BP No.137

**ബഥനി പബ്ലിക്കേഷൻസ്**

**കോട്ടയം** 686010

2012

*Malayalam*
**VISHUDHA KUMPASARAM ORU DHYANAPADANAM**

**By Mar Ivanios Metropolitan**

| | | | |
|---|---|---|---|
| First Published | : | 1923 | 1000 |
| Second Published | : | 1980 | 1000 |
| Third Published | : | 2004 | 1000 |
| Fourth Published | : | 2012 | 2000 |

Rights Reserved

| | | |
|---|---|---|
| Published by | : | Bethany Publications<br>Kottayam - 686010 |
| Printed at | : | Bethany Offset Printers<br>Kottayam - 686010<br>Ph : 0481- 2571355<br>Email: bethanyktm@gmail.com |
| Price | : | Rs. 80.00 |

കവർചിത്രം : ഫിൻഗ്രാഫ് ഡിസൈൻസ്

# പ്രസാധകക്കുറിപ്പ്

ബഥനി ആശ്രമം, അതിന്റെ തുടക്കം മുതലേ പുസ്തക പ്രസിദ്ധീകരണ രംഗത്തു ശ്രദ്ധ ചെലുത്തിയിരുന്നു. സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസു പിതാവു തന്നെ മുപ്പത്തിരണ്ടോളം ഗ്രന്ഥങ്ങൾ രചിച്ചു. പരിമിതമായ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന അക്കാലയളവിൽ ഗ്രന്ഥവിതരണം അത്ര എളുപ്പമായിരുന്നില്ല. എങ്കിലും ബഥനി സമൂഹസ്ഥാപകൻ, അച്ചടി മാധ്യമത്തിലൂടെ സഭയിൽ വരുത്തിയ ഉണർവ്വ് ചെറുതായിരുന്നില്ല.

ആശ്രമ സ്ഥാപകന്റെ ആഗ്രഹ സാക്ഷാത്ക്കാരമായി മൂന്നര പതിറ്റാണ്ടു മുമ്പ് ബഥനി ആശ്രമം, ബഥനി പബ്ലിക്കേഷൻസ് ആരംഭിക്കുകയും അനേകം സദ്ഗ്രന്ഥങ്ങൾ ജനങ്ങൾക്കു സമ്മാനിക്കുകയും ചെയ്തു.

നവതി പിന്നിട്ട് ശതാബ്ദിയിലേക്ക് കുതിക്കുന്ന ഈ വേളയിൽ ബഥനി അവളുടെ മാധ്യമപ്രേഷിത പ്രവർത്തനം ഒന്നു കൂടി ഊർജ്ജിതപ്പെടുത്താനുള്ള ശ്രമത്തിലാണ്. സമൂഹസ്ഥാപകന്റെ തന്റെ ഗ്രന്ഥങ്ങളുടെ പുനഃപ്രകാശനം ഇതിന്റെ ഭാഗമാണ്. വന്ദ്യപിതാവിന്റെ ഗ്രന്ഥങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. പിതാവിന്റെ നാമകരണപരിപാടികളുടെ പ്രാരംഭം കുറിച്ചതിനുശേഷം, അദ്ദേഹത്തിന്റെ രചനകൾ ഏറെ ആളുകൾ ആവശ്യപ്പെടുന്നുണ്ട്. ഈ പൊതുജനാവശ്യം കൂടി മുൻനിർത്തിയാണ് 'വിശുദ്ധ കുമ്പസാരം, ഒരു ധ്യാനപഠനം' എന്ന ഗ്രന്ഥം ബഥനി പബ്ലിക്കേഷൻസ് പുനഃപ്രസിദ്ധീകരിക്കുന്നത്. ഇതിനു മുമ്പ് നാലു പതിപ്പുകൾ ഈ ഗ്രന്ഥത്തിനുവേണ്ടി വന്നു എന്നത് ആളുകൾ പിതാവിന്റെ ഗ്രന്ഥങ്ങളോടു കാട്ടുന്ന ആഭിമുഖ്യത്തിന്റെ അടയാളമാണ്.

ആത്മീയജീവിതത്തിൽ ആഴപ്പെടാൻ ആഗ്രഹിക്കുന്ന ഏവരും അവശ്യം വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണിത്. അനേകരെ സ്വാധീനിച്ച ഈ ഗ്രന്ഥം, നമ്മുടെ സഭാജീവിതത്തിനും വിശ്വാസജീവിതത്തിനും കൂടുതൽ കരുത്തു നൽകുമെന്ന ബോധ്യത്തിൽ, ബഥനി പബ്ലിക്കേഷൻസ് സന്തോഷപൂർവ്വം ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കുന്നു.

കോട്ടയം 686010 **ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**

ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ്

# ആമുഖം

ദൈവകരുണയുടെ വളരെ പ്രസ്പഷ്ടമായ അടയാളമാണ് അനുരഞ്ജനകൂദാശ അഥവാ വി. കുമ്പസാരം. പാപിനിയായ സ്ത്രീയോട്, "ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക; ഇനിമേൽ പാപം ചെയ്യരുത്" (യോഹ 8/11) എന്നു പറഞ്ഞ ഈശോ യുടെ സാന്ത്വനശബ്ദമാണ് കുമ്പസാരക്കൂട്ടിൽ നിന്ന് പുരോഹിത നിലൂടെ അനുതാപി ശ്രവിക്കുന്നത്.

മാർ ഈവാനിയോസ് പിതാവിന്റെ തന്നെ വാക്കുകളിൽ, "ശരീരത്തിനു കുളി ആവശ്യമായിരിക്കുന്ന പ്രകാരം ആത്മാവിനും ആവശ്യമാണ്. ആത്മാവ് കുളിക്കുന്നതിനുള്ള വെള്ളം യേശുമിശി ഹായുടെ തിരുരക്തമാകുന്നു. അതു ശേഖരിച്ചിരിക്കുന്ന 'കുളം' വി. കുമ്പസാരമാകുന്നു." വി. കുർബാനയാകുന്ന 'ആത്മാവിന്റെ ഊണ്' ഭക്ഷിക്കുന്നതിനുമുമ്പ് കുളിച്ചു ശുദ്ധിയാകുവാൻ ദൈവം നൽകിയി രിക്കുന്ന കുമ്പസാരമെന്ന ദിവ്യകൂദാശയെ പലരും വേണ്ടവിധം മന സ്സിലാക്കിയിട്ടില്ല. വി. കുമ്പസാരം ഒരു ധ്യാനപഠനം എന്ന ഈ ഗ്രന്ഥം, ഈ വിശുദ്ധ കൂദാശയുടെ വിവിധ മാനങ്ങളെപ്പറ്റി സവി സ്തരം പ്രതിപാദിക്കുന്നു.

മാർ ഈവാനിയോസിന്റെ ചിന്തകൾക്ക് വേദപുസ്തക അടി ത്തറയും ദൈവശാസ്ത്ര പിൻബലവും മാത്രമല്ല, പ്രായോഗിക നിർദ്ദേശങ്ങളും ഉണ്ടെന്നതാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ പൊതുസവിശേഷത. ഈ ഗ്രന്ഥവും ഇത്തരത്തിലുള്ള ഒന്നാണ്.

ധ്യാനയോഗങ്ങളിലൂടെ മലങ്കരസഭയിൽ വലിയ ഉണർവ്വുണ്ടാ ക്കിയ മാർ ഈവാനിയോസ് പിതാവ്, പ്രസ്തുത സന്ദർഭങ്ങളിൽ ഈ പുസ്തകവും വിതരണം ചെയ്തിരുന്നുവെന്നും അത് വലിയ ഒരു ആദ്ധ്യാത്മികചൈതന്യത്തിനു വഴിയൊരുക്കി എന്നും മദർ സൾഗാ, 'പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ' എന്ന ഗ്രന്ഥത്തിൽ കുറിച്ചിട്ടുണ്ട്. അനേകർക്ക് ദൈവിക പ്രകാശം നൽകിയ ഈ വിശി ഷ്ടഗ്രന്ഥം ഇന്നത്തെ തലമുറയ്ക്കായി പുനഃപ്രകാശനം നടത്തി അനേകരുടെ കയ്യിൽ എത്തുമ്പോൾ വീണ്ടും ഒരു ആത്മീയ ഉണർവ്വ് സഭയിൽ സംജാതമാകുമെന്നു പ്രതീക്ഷിക്കാം. ബഥനി പബ്ലിക്കേ ഷൻസിന്റെ ഈ സദുദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

കോട്ടയം **ഫാ. ജോസ് മരിയദാസ് ഒ. ഐ. സി.**

5-9-2012 ബഥനി സന്ന്യാസിസമൂഹം

# ദളങ്ങളിൽ


| | | |
|---|---|---|
| | പ്രസാധകക്കുറിപ്പ് | 7 |
| | ആമുഖം | 8 |
| I | പാപമോചനം | 11 |
| II | സ്വയപരിശോധന | 27 |
| III | പാപത്തെക്കുറിച്ചുള്ള ദുഃഖം | 56 |
| IV | ശുദ്ധീകരണം | 72 |
| V | ആത്മാവിന്റെ കുളിയും ഊണും | 84 |
| VI | ബഥനി പ്രതിദിനപ്രകാശം | 113 |

# I
# പാപമോചനം

വീണ്ടും യേശു അവരോടു പറഞ്ഞത്, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. താൻ ഇതു പറഞ്ഞതിന്റെശേഷം അവരുടെമേൽ ഊതി അവരോടു പറഞ്ഞത് എന്തെന്നാൽ, നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങളെങ്കിലും നിങ്ങൾ മോചിച്ചാൽ അവർക്കു മോചിക്കപ്പെടുന്നു. ആരുടെ എങ്കിലും നില്പിച്ചാൽ അവ നില്ക്കപ്പെട്ടിരിക്കുന്നു. യോഹന്നാൻ 20: 21–23.

കർത്താവിന്റെ വലിയ ശക്തിയെക്കുറിച്ചു നീ ധ്യാനിക്കുക. താൻ നിന്നെ നിർമ്മിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിപ്പാൻ പ്രാപ്തിയുള്ള ഒരു ഹൃദയത്തോടുകൂടി നിന്നെ നിർമ്മിച്ചിരിക്കുന്നു. നിനക്കു മരണമില്ലാത്ത ആത്മാവിനെ തന്നിരിക്കുന്നു. ദൈവത്തെ അറിയുന്നതിനു പ്രാപ്തിയുള്ള ഒരു ബുദ്ധിയേയും നല്കിയിരിക്കുന്നു. ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നീ എത്ര വലിയവനാകുന്നു. എത്ര മഹത്വമുള്ളവനാകുന്നു എന്നു പര്യാലോചിക്കുക. മനുഷ്യന് ദൈവം കൊടുത്തിട്ടുള്ളതിലേക്കും എത്രയും മഹത്തരമായിരിക്കുന്ന ശക്തി ഏതാണ്? ദോഷം ചെയ്യുവാൻ പ്രാപ്തിയുള്ള സമയത്തു ദോഷം വേണ്ട എന്നു നിശ്ചയിച്ചിട്ടു ദോഷത്തെ വിട്ടകന്നു നന്മ ചെയ്യുന്നതിനുള്ള സ്വതന്ത്രബുദ്ധിയാകുന്നു ദൈവം മനുഷ്യർക്കു കൊടുത്തിട്ടുള്ളതിൽ എത്രയും മഹത്തരമായ ഗുണം. ഈ വിശിഷ്ടശക്തിയെ മനുഷ്യൻ എങ്ങനെയാണ് പ്രയോഗിച്ചത്? അതിന്റെ ചരിത്രം അറിയുന്നതിനായി ഏദൻതോട്ടത്തിലേക്കു നോക്കാം. നമ്മുടെ ആദ്യമാതാപിതാക്കന്മാരായ ആദാമും, ഹവ്വായും എന്തു ചെയ്തു? ദോഷത്തെ വിട്ടകന്നു നന്മ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തെ എങ്ങനെ ഉപയോ

ഗിച്ചു? നന്മയെ വിട്ടകന്നു ദോഷം ചെയ്യുന്നതിനുവേണ്ടി ഉപയോഗിച്ചു. ഈ പാപം മഹാപാപം ആകുന്നു. ഇതുപോലെ ദിനംപ്രതി നാം ചെയ്യുന്നതായ മഹാപാപങ്ങൾ എല്ലാം നമ്മുടെ സ്വതന്ത്രബുദ്ധിയെ ദോഷമായി വിനിയോഗിക്കയാകുന്നു. അതുകൊണ്ട് അവ മഹാപാപങ്ങളാകുന്നു. ഈ മഹാപാപങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിനുള്ള സിദ്ധൗഷധം എത്രയും മഹത്തായ സിദ്ധൗഷധമായിരിക്കണമെന്നു നിനക്കു തന്നെ ബോധമില്ലയോ? പാപം എത്രമാത്രം ഭയങ്കരമാണെന്നുള്ളതിനെ കാൽവറിമല സാക്ഷിക്കുന്നു. കാൽവറിയിങ്കലേക്കുള്ള കർത്താവിന്റെ യാത്രയെ നീ വിചാരിച്ചു നോക്കുക. കർത്താവിന്റെ കഷ്ടപ്പാടുകളിൽ ഓരോ സംഭവങ്ങളേയും സംഗതികളേയും നീ ധ്യാനിക്കുക. കർത്താവിന്റെ കഷ്ടാനുഭവത്തെ കേൾക്കുമ്പോൾ ഹൃദയം നുറുങ്ങി കരയുന്നതായ അനവധി ആത്മാക്കൾ ഉണ്ട്.

എന്നാൽ അതിന്റെ യഥാർത്ഥമായുള്ള അവസ്ഥയെ ഗ്രഹിച്ചിട്ടുള്ളവർ ആരുംതന്നെ ഇല്ല. അതിനെ എത്ര തന്നെ വിവരമായിട്ടു വിസ്തരിച്ചാലും ഛായാപടങ്ങൾ വഴിയായിട്ടും മറ്റും നിന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചാലും നിനക്കു അതിനെ മുഴുവനായിട്ടു ധരിക്കുന്നത് അസാദ്ധ്യമാണ്. താൻ സാഷ്ടാംഗം വീണതും രക്തത്തുള്ളികൾ വിയർപ്പുപോലെ തന്റെ ദേഹത്തു പൊടിച്ചതും ഗത്സെമേൻ തോട്ടത്തിലുള്ള പാറപ്പുറത്തു താൻ മുട്ടുകുത്തി പ്രാർത്ഥിച്ചതും തന്റെ ഉഗ്രമായ മനോവേദനയും കണ്ണുനീരും നീ ഓർക്കുക. അപ്രകാരം തന്നെ പീലാത്തോസിന്റെ അരമനയിൽ കർത്താവിനെ കുനിച്ചു തൂണിൽ കെട്ടിയതും, തന്റെ ദേഹത്തിന്റെ ഓരോ ഭാഗങ്ങളിലും അയ്യായിരം പ്രാവശ്യത്തോളം അടിച്ചതും, അടികൊണ്ടു തന്റെ ദേഹം പൊട്ടി ചോര ഒലിക്കുന്നതും നീ ഓർക്കുക. എന്നെ അവിടെ നിന്നു കൂട്ടിക്കൊണ്ടു പോകുന്നതും തന്റെ ശുദ്ധമുള്ള മാതാവ് തന്റെ പിന്നാലെ നിലവിളിച്ചുകൊണ്ടു നടക്കുന്നതും, ആ മാതാവിന്റെ ഹൃദയം നുറുങ്ങുന്നതും ആ മാതാവിന്റെ പ്രലാപങ്ങളും അതിവേദനകളും കണ്ണുനീരും ഓർക്കുക. യാതൊരു പാപവും ചെയ്തിട്ടില്ലാത്തതായ തന്റെ തൃക്കൈകളെ കുരിശോടു ചേർത്തുവെച്ച് നീളമുള്ള ഇരുമ്പാണികൾ തറച്ചു കയറ്റുന്നതും തന്റെ മാംസം നുറുങ്ങുന്നതും രക്തം കട്ട കെട്ടുന്നതും തന്റെ തൃക്കണ്ണുകളിൽ തലയിൽ നിന്നു രക്തത്തുള്ളികൾ ഒഴുകി വീഴുന്നതും തന്റെ തിരുമുഖം രക്തപ്രസാ

ദമില്ലാതെ വിളറി കാണപ്പെടുന്നതും നീ ഓർക്കുക. മൂർച്ച കൂടിയ വയും ബലമുള്ളവയുമായ മുള്ളുകൾ ഉള്ളതായ വള്ളിയെ കൊണ്ടു വന്നു കർത്താവിന്റെ തലയിൽ വളച്ചുവെച്ചിട്ട് വടികൊണ്ടു അടിച്ചു തന്റെ തലയിലേക്കു കയറ്റുന്നതിനെ നീ ഓർക്കുക. ഇതെല്ലാം നിറ വേറ്റി കഴിയുമ്പോൾ കർത്താവു തന്നെത്തന്നെ ഭാരമേല്പിക്കു ന്നതും നിവൃത്തിയായി എന്ന് അട്ടഹസിക്കുന്നതും ഓർക്കുക. കഷ്ട പ്പാടുകൾ ഇതുകൊണ്ടും അവസാനിച്ചില്ല. ഒരു റോമാപടയാളി കർത്താവിന്റെ അടുക്കലേക്ക് അടുത്തു വരുന്നുണ്ട്. കർത്താവു കുരി ശിന്മേൽ കിടക്കുന്ന സമയം അവൻ ഒരു കുന്തവുമായിട്ട് അടുത്തു വരുന്നു. മുൻപേ തന്നെ പൊട്ടിയും മുറിഞ്ഞും രക്തം അണിഞ്ഞും ഇരിക്കുന്ന കർത്താവിന്റെ അടുക്കലേക്ക് അടുത്തു വരുന്നു. തന്റെ തിരുവിലാവിലേക്കു അവന്റെ കുന്തത്തെ ഉയർത്തി കുത്തുന്നു. എത്രയും അത്ഭുതകരമായ ഒരു സംഭവം നടക്കുന്നു. അനേകായിരം ആത്മാക്കളെ കഴുകി വെടിപ്പാക്കുന്നതിനുള്ള രക്ഷിക്കുന്ന നദി ആ വിലാവിൽ കൂടി ഒഴുകുന്നു. രക്തം പുറപ്പെട്ടതിന്റെ ശേഷം ഇതാ വെള്ളവും ഒഴുകുന്നു. കർത്താവിന്റെ ചങ്കിൽ ഇനി ഒരു തുള്ളി രക്തം പോലുമില്ലെന്നു ഈ വെള്ളം സാക്ഷിക്കുന്നു. ആകാശത്തി ന്റെയും ഭൂമിയുടെയും നാഥനായ ദൈവം മനുഷ്യനായിത്തീർന്നു. കഷ്ടപ്പാടുകൾ അനുഭവിച്ചു കുരിശിന്മേൽ മരിക്കുകയും തന്റെ തിരുച്ചങ്കിനെ തുറന്ന് അതിലുള്ള അവസാനതുള്ളി രക്തം കൂടെയും പാപികളായ നമ്മോടുള്ള സ്നേഹം നിമിത്തം ഒഴുക്കിത്തരികയും ചെയ്തിരിക്കുന്നു.

പരിശുദ്ധ സഭയുടെ വിശുദ്ധ കൂദാശകളുടെ ശക്തി ഏതുറവ യിൽനിന്നു ഉത്ഭവിക്കുന്നു എന്നു നീ ഓർത്തു നോക്കുക. പരിശുദ്ധ കൂദാശകളെല്ലാം ഫലിക്കുന്നതു കർത്താവിന്റെ തിരുവിലാവിൽനിന്ന് അവകൾ ഉത്ഭവിക്കുന്നതിനാലാകുന്നു. നമ്മുടെ ആത്മാവിന്റെ രക്ഷയ്ക്ക് ആവശ്യപ്പെട്ട എല്ലാ കരുണയും കൃപയും കർത്താവിന്റെ തുറക്കപ്പെട്ട ചങ്കിൽ നിന്നു ഒഴുകുന്നു എന്നുള്ള സത്യത്തെ നീ മുറുകെ പിടിച്ചു കൊള്ളുക.

ഇങ്ങനെ സർവ്വലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയും നിന്റെ രക്ഷയ്ക്കുവേണ്ടിയും മിശിഹാതമ്പുരാൻ തന്റെ തിരുച്ചങ്കിനെ തുറന്ന് രക്തത്തെ ഒഴുക്കിയിരിക്കുന്നു. ഈ രക്തം നിന്റെ ആത്മാവിലേക്ക് ഒഴുകി നിന്നെ കഴുകി ശുദ്ധീകരിക്കേണ്ടതാണ്. ഈ രക്തത്തെ

കർത്താവു ചൊരിഞ്ഞതുകൊണ്ടു നിനക്കു മതിയായില്ല. അതിന്റെ പുണ്യപ്പെടുത്തുന്നതായ ശക്തി നിന്റെ ആത്മാവിൽ പ്രവർത്തിക്കണം. നീ മരണകരമായ ഒരു രോഗത്തിൽ ഇരിക്കുന്നു. എത്രയും വിലയേറിയതും എത്രയും ഫലിക്കുന്നതുമായ ഒരു മഹത്തരമായ സിദ്ധൗഷധം നിന്റെ ഭവനത്തിൽ ഇരിപ്പുണ്ട്. ആവശ്യപ്പെട്ട സന്ദർഭത്തിൽ നീ അതിനെ സേവിക്കാതെ നിന്റെ രോഗം ഭേദപ്പെടുമൊ? നിന്റെ ഭവനത്തിൽ വിശേഷമായ സിദ്ധൗഷധം ഉണ്ടെന്നു പറകമാത്രം ചെയ്താൽ നിനക്കു എന്തു ഫലം? നീ അതിനെ സേവിച്ച് രോഗത്തിൽ നിന്നു സുഖം പ്രാപിക്കുന്നില്ലെങ്കിൽ ഈ സിദ്ധൗഷധം നിന്റെ ഭവനത്തിൽ ഉള്ളതും ഇല്ലാത്തതും ഒരുപോലെ അല്ലയൊ? ഇതുപോലെയാണ് കർത്താവിന്റെ കൃപയും തന്റെ വിലയേറിയ തിരുരക്തവും എല്ലായ്പ്പോഴും മനുഷ്യന്റെ പാപമോചനത്തിനായിട്ടും പുണ്യത്തിനായിട്ടും വെയ്ക്കപ്പെട്ടിരിക്കുന്നത്. നീ അതിനെ എടുത്തു ഉപയോഗിക്ക. ഈ സിദ്ധൗഷധത്തെ നിന്റെ ആത്മാവിന്നായി എടുത്തു ഉപയോഗിക്കണം. ഇപ്രകാരം നിന്നിൽ ക്രിസ്തുവിന്റെ രക്തത്തെ ഉപയോഗിച്ചിട്ട് നീ പുണ്യപ്പെടണം എന്നുള്ളതു കർത്താവിന്റെ കാൽവരിയിലെ മരണംകൊണ്ടു നിനക്കു രക്ഷയ്ക്കു വഴിയുണ്ടായി. എന്നാൽ നീ രക്ഷ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. അതു നിവൃത്തിക്കേണ്ടതായിട്ടു കിടക്കുന്നതേയുള്ളൂ; പൗലോസ്ശ്ലീഹാ എന്തു പറയുന്നു: “ക്രിസ്തു വിന്റെ കഷ്ടപ്പാടുകളിൽ കുറവായിട്ടുള്ളവയെ എന്റെ ജഡത്തിൽ ഞാൻ പൂരിപ്പിക്കുന്നു.” കോലോ. 1: 24. ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിൽ കുറവായുള്ളവ എന്താണ്? സർവ്വലോകത്തിന്റെയും നിന്റെയും പരിപൂർണ്ണ രക്ഷയ്ക്കായിട്ടു കർത്താവു കഷ്ടപ്പെടുകയും രക്തം ചൊരിയുകയും ചെയ്തു. ആ സിദ്ധൗഷധത്തെ നിന്നിൽ ഉപയോഗിച്ചിട്ട് നീ രക്ഷ പ്രാപിക്കയും പുണ്യപ്പെടുകയും ചെയ്യണമെന്നുള്ള ഒരു കാര്യം കുറവായിരിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ കുറവായിട്ടുള്ളതു ഇതാണ്. ഈ കുറവിനെ നിന്റെ ജഡത്തിൽ നികത്തണം. പൗലൂസ് ശ്ലീഹാ എന്തു പറയുന്നു. “ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ കുറവായിട്ടുള്ളവയെ എന്റെ ജഡത്തിൽ പൂരിപ്പിക്കുന്നു.” എങ്ങിനെയാണ് പുരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ തിരുച്ചങ്കിൽ നിന്ന് ഒഴുകിയിട്ടുള്ളതായ ഈ നദി — കൃപയെ വഹിച്ചുകൊണ്ട് ഒഴുകി വരുന്നതായ ഈ നദി — നിന്റെ ആത്മാവിലേക്ക് ഒഴുകണം. അതിനാൽ നിന്റെ ആത്മാവിലേക്കു കൈത്തോടുകളെ

വെട്ടിവെയ്ക്കണം. ഈ കൈത്തോടുകൾ ശുദ്ധകൂദാശകളാകുന്നു. സർവ്വപ്രധാനമായി കുമ്പസാരം എന്ന കൈത്തോടാകുന്നു മറ്റു കൈത്തോടുകളിലേക്കു വഴി തുറന്നുകൊടുക്കുന്നത്. ആയതുകൊണ്ട് ഈ കൈത്തോടിനെ വെട്ടി, ക്രിസ്തുവിന്റെ രക്തത്തെ നമ്മിലേക്ക് ഒഴുക്കുന്നതിനുള്ള സർവ്വപ്രധാനമായ മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കാം. ഈ സർവ്വപ്രധാനമായ മാർഗ്ഗത്തെ കർത്താവുതന്നെ ഒരുക്കിത്തന്നിരിക്കുന്നു. യോഹന്നാന്റെ ഏവൻഗേലി 20-ാം അദ്ധ്യായം 22-ഉം 23-ഉം വാകൃങ്ങൾ വായിക്കുക.

"ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോടു പറയുന്നു, പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ എങ്കിലും നിങ്ങൾ മോചിച്ചാൽ അവർക്കു മോചിക്കപ്പെടുന്നു. ആരുടെ എങ്കിലും നില്പിച്ചാൽ അവ നില്പിക്കപ്പെട്ടിരിക്കുന്നു." കർത്താവിന്റെ ഉയിർത്തെഴുന്നേല്പിന്റെ ശേഷം താൻ തന്റെ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെടുന്നു. താൻ അവരുടെ മേൽ ഊതി അവർക്കു പരിശുദ്ധാത്മാവിനെ കൊടുക്കുന്നു. ഭൂമിയിൽ (കെട്ടുന്നതിനും അഴിക്കുന്നതിനും) പാപങ്ങളെ ക്ഷമിക്കുന്നതിനും ക്ഷമിക്കാതെ നില്പിക്കുന്നതിനും ഉള്ള അധികാരത്തെ മാത്രമല്ല, കെട്ടുന്നതിനും അഴിക്കുന്നതിനും ഉള്ള അധികാരത്തെയും കൂടെ ശ്ലീഹന്മാർക്കു ഭരമേല്പിച്ചു. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളേയും ഞാൻ നിനക്കു തരും, നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതു ഒക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." വി. മത്തായി 16-19-ൽ ഇങ്ങനെ നല്കപ്പെട്ട അധികാരത്തെയും നൽവരത്തെയും ശുദ്ധ ശ്ലീഹന്മാർ ഉപയോഗിക്കുന്നതായിട്ടു നാം കാണുന്നുണ്ട്. ശുദ്ധ പൗലൂസ് കോരിന്ത്യർക്ക് എഴുതിയ 2-ാം ലേഖനം 2-ാം അദ്ധ്യായം 10-ാം വാക്യം വായിക്കുക. "നിങ്ങൾ വല്ലതും ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു. എന്നാൽ ഞാൻ വല്ലതും ക്ഷമിച്ചിരിക്കുന്നുവെങ്കിൽ നിങ്ങൾ നിമിത്തം ക്രിസ്തുവിന്റെ തിരുമേനിയിൽ (ക്രിസ്തുവിന്റെ ക്നൂമായിൽ അല്ലെങ്കിൽ ആളിൽ) അതിനെ ക്ഷമിച്ചിരിക്കുന്നു." വിശുദ്ധ പൗലൂസ് ശ്ലീഹാ ഇതിനെ ക്രിസ്തീയസഭയിലെ പട്ടക്കാരോടാണു പറയുന്നത്. നിങ്ങൾ ആരുടെ പാപങ്ങളെ എങ്കിലും മോചിച്ചാൽ അവ മോചിക്കപ്പെടും എന്നുള്ളത് കർത്താവിന്റെ കല്പന പ്രകാരമത്രെ. കർത്താവിന്റെ ആളിൽ അതായതു കർത്താവിൽ പാപങ്ങളെ

പൗലൂസ് ശ്ലീഹാതന്നെ മോചിക്കുന്നു. ഇതിനായിട്ടുള്ള അധികാരത്തെയും മനുഷ്യമക്കളിൽ ഓരോരുത്തരെയും ദൈവത്തോടു നിരപ്പാക്കുന്നതിന് ഈ ശുശ്രൂഷയേയും പട്ടക്കാർക്കു ദൈവം ഭരമേല്പിച്ചിരിക്കുന്നതായി ദൈവം തന്നെ പറയുന്നു. "ഇതെല്ലാം ദൈവത്തിൽ നിന്നത്രെ. അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷയെ ഞങ്ങൾക്കു തന്നു." 2 കോരി. 5: 18.

പട്ടക്കാരൻ ഈ അധികാരത്തെ എങ്ങനെയാണ് ഉപയോഗിക്കുന്നത്. തെരുവീഥികളിൽ നിന്നുകൊണ്ടു നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു വിളിച്ചു പറകയാണൊ? പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു പാപങ്ങളെ മോചിക്കയാണൊ? പാപങ്ങളെക്കുറിച്ചു ദുഃഖിക്കുകയോ അനുതപിക്കയൊ ചെയ്യുന്നവർ ആരെല്ലാമെന്നു അറിയാതെ എങ്ങനെയാണ് പാപമോചനം കൊടുക്കുന്നത്. പാപത്തെ സ്നേഹിച്ചുകൊണ്ടു ജീവിക്കുന്നവനും പാപത്തെ വെറുക്കുന്നവനും ഒരുപോലെ മോചനം കൊടുക്കാമോ? പാപത്തെക്കുറിച്ചു അനുതപിക്കുകയും ദുഃഖിക്കുകയും കർത്താവിൽ നിന്നു പാപമോചനം അപേക്ഷിക്കുകയും ചെയ്യുന്നവർക്കല്ലാതെ പാപമോചനം കൊടുക്കുന്നതു എങ്ങനെ? ഈ വിധമുള്ള ആളുകൾ ആരെല്ലാമെന്നു ധരിക്കുന്നതിനു കുമ്പസാരം ഇല്ലെങ്കിൽ എങ്ങനെ സൗകര്യപ്പെടും. യോഹന്നാൻ, 20: 22, 23. മത്തായി 16: 19 ഈ വാക്യങ്ങൾ വായിക്കുക. പാപങ്ങളെ മോചിക്കുക, നില്പിക്കുക, കെട്ടുക, അഴിക്കുക ഈ അധികാരങ്ങളാകുന്നു കർത്താവു ശ്ലീഹന്മാർക്കും തന്റെ സഭയ്ക്കും ഭരമേല്പിച്ചിരിക്കുന്നതു. ഇതിനെ ശരിയാംവണ്ണം നിറവേറ്റുന്നതിനു ആളാംപ്രതിയുള്ള രഹസ്യകുമ്പസാരമല്ലാതെ മറ്റെന്താണ് മാർഗ്ഗമുള്ളത്? ഇത് ഇല്ലെങ്കിൽ ആരുടെ എല്ലാം പാപങ്ങളെ മോചിക്കുന്നതിനും ആരുടെ എല്ലാം പാപങ്ങളെ നില്പിക്കുന്നതിനും പട്ടക്കാരൻ അറിയുന്നതെങ്ങനെ?

എന്നുതന്നെയല്ല, ക്രിസ്തീയസഭയുടെ പ്രാരംഭകാലംമുതൽ തന്നെ പാപങ്ങൾ ഏറ്റുപറയുകയും അവകളെ മോചിക്കയും ചെയ്യുന്നതായ പതിവ് ഉണ്ടായിരുന്നതായി അനേകം തെളിവുകൾ ഉണ്ട്. അപ്പോ. പ്ര. 19: 18. 1-ാം നൂറ്റാണ്ടിലും 2-ാം നൂറ്റാണ്ടിലും 3-ാം നൂറ്റാണ്ടിലും 4-ാം നൂറ്റാണ്ടിലും ഇങ്ങനെ ഓരോ നൂറ്റാണ്ടിലും ജീവിച്ചിരുന്ന പിതാക്കന്മാരുടെ ഗ്രന്ഥങ്ങളും ചരിത്രങ്ങളും പരിശോധിച്ചാൽ പാപം ഏറ്റു പറകയും അവകളെ മോചിക്കയും ചെയ്യുന്ന പതിവ്

ക്രിസ്തീയസഭയുടെ പ്രാരംഭംമുതൽതന്നേ ഉണ്ടെന്നു പ്രത്യക്ഷമാണ്. ആയതിനാൽ ക്രിസ്തീയസഭയിലെ വിശ്വാസികളായ അംഗങ്ങൾക്കു വേണ്ടി എഴുതുന്ന ഈ ലഘുപുസ്തകത്തിൽ ഈ വിധമുള്ള രേഖകളും തെളിവുകളും ചേർക്കണമെന്നു വിചാരിക്കുന്നില്ല.

കർത്താവിങ്കലേക്കു തിരിയുന്നതിനായി ആഗ്രഹിക്കുന്നവർ കുമ്പസാരത്തിനു മുൻപും കുമ്പസാരസമയത്തും കുമ്പസാരശേഷവും ചെയ്യേണ്ടതായ സംഗതികളെ പ്രത്യേകം പ്രത്യേകമായിട്ടും വിവരിക്കുന്നു.

### ഒരു പ്രാർത്ഥന

എന്റെ കർത്താവേ! ഞാൻ നിന്നിൽ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തെ പ്രബലമാക്കേണമേ. എന്റെ സകല ശരണവും നിന്നിലാകുന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നു. ദിനംപ്രതി പൂർവ്വാധികം നിന്നെ സ്നേഹിപ്പാൻ എന്നെ പഠിപ്പിക്കണമേ. നിന്നോടു ഞാൻ പിഴച്ചു എന്നു ഞാൻ ദുഃഖിക്കുന്നു. എന്റെ ദുഃഖത്തെ നീ വർദ്ധിപ്പിക്കേണമേ.

എനിക്കു ജീവനിൽ ആരംഭം ഉണ്ടാക്കിത്തന്നവനായ നിന്നെ ഞാൻ ആരാധിക്കുന്നു. എന്റെ അന്തമാകുന്ന നിന്നെ ഞാൻ ആഗ്രഹിക്കുന്നു. എനിക്കു സർവ്വദാ ഉപകാരം ചെയ്യുന്നവനായ നിന്നെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ രാജാവും സംരക്ഷകനും ആകുന്ന നിന്നെ ഞാൻ നോക്കിയിരിക്കുന്നു.

എന്റെ കർത്താവേ! നിന്റെ ജ്ഞാനത്താൽ എന്നെ നടത്തുകയും, നിന്റെ നീതിയാൽ എന്നെ നീ ഒരുക്കിക്കൊള്ളുകയും നിന്റെ കരുണയാൽ എന്നെ ആശ്വസിപ്പിക്കുകയും നിന്റെ ശക്തിയാൽ എന്നെ സംരക്ഷിക്കുകയും ചെയ്യേണമേ.

നിനക്കായി എന്റെ വിചാരങ്ങളെയും വചനങ്ങളെയും പ്രവൃത്തികളേയും കഷ്ടപ്പാടുകളെയും പ്രതിഷ്ഠിക്കുവാനായി ഞാനാഗ്രഹിക്കുന്നു. ഇനി മേലാൽ ഞാൻ നിന്നെ വിചാരിക്കുമാറാകണമെ. ഞാൻ നിന്നെ സംസാരിക്കുമാറാകണമെ. എന്റെ സകല പ്രവൃത്തികളും നിന്റെ കൂടുതലായ മഹത്വത്തിനായിരിക്കുമാറാകണമെ. നീ എനിക്കു അയയ്ക്കുന്ന സകലത്തേയും ഞാൻ മനസ്സോടുകൂടി സഹിക്കുമാറാകണമെ.

കർത്താവേ! നിന്റെ തിരുവിഷ്ടം — നിന്റെ തിരുവിഷ്ടമാകയാൽ — സകലത്തിലും നിറവേറണമെന്നു ഞാനാഗ്രഹിക്കുന്നു. നിന്റെ സ്വന്ത ആഗ്രഹപ്രകാരം അതു നടക്കുമാറാകണമെ.

എന്റെ ബുദ്ധിയെ നീ പ്രകാശിപ്പിക്കുമാറാകണമെ. എന്റെ മനഃശക്തിയെ നീ ഉജ്ജ്വലിപ്പിക്കേണമേ. എന്റെ ശരീരത്തെ ശുദ്ധീകരിക്കേണമെ. എന്റെ ആത്മാവിനെ പുണ്യപ്പെടുത്തേണമേ.

എന്റെ കുറ്റങ്ങൾക്കു പരിഹാരമുണ്ടാക്കുവാനും എന്റെ പരീക്ഷകളെ ജയിപ്പാനും, എന്റെ ദുർവ്വികാരങ്ങളെ അടക്കുന്നതിനും, എന്റെ സ്ഥിതിക്കു തക്കതായ സുകൃതത്തെ സമ്പാദിപ്പാനും എന്നെ ശക്തിപ്പെടുത്തേണമെ.

നിന്റെ നന്മയെക്കുറിച്ചുള്ള ആർദ്രമായ സ്നേഹംകൊണ്ടും എന്റെ കുറ്റങ്ങളെക്കുറിച്ചുള്ള വെറുപ്പുകൊണ്ടും, എന്റെ അയൽക്കാരനെക്കുറിച്ചുള്ള സ്നേഹംകൊണ്ടും ലോകത്തെക്കുറിച്ചുള്ള വെറുപ്പുകൊണ്ടും എന്റെ ഹൃദയത്തെ നിറയ്ക്കണമെ.

എന്റെ മേലധികാരികൾക്കു കീഴ്പ്പെട്ടിരിക്കുന്നതിനും, എന്നേക്കാൾ താണവരുടെ നേരെ താഴ്മയോടു വർത്തിക്കുന്നതിനും, എന്റെ സ്നേഹിതന്മാരുടെ നേരെ വിശ്വസ്തനായിരിക്കുന്നതിനും എന്റെ ശത്രുക്കളുടെ നേരെ സ്നേഹത്തോടു വർത്തിക്കുന്നതിനും എല്ലായ്പ്പോഴും ഞാൻ ഓർത്തുകൊള്ളുമാറാകണമെ.

കാമവികാരങ്ങളെ ആത്മദണ്ഡനംകൊണ്ടും ദ്രവ്യാഗ്രഹത്തെ ധർമ്മപ്രവർത്തികൾകൊണ്ടും കോപത്തെ താഴ്മകൊണ്ടും ചുടില്ലാത്ത ഹൃദയത്തെ ധ്യാനംകൊണ്ടും ജയിപ്പാൻ എന്നെ സഹായിക്കണമെ.

എന്റെ കർത്താവേ! ഞാൻ ഏർപ്പെടുന്ന കാര്യങ്ങളിൽ വിവേകബുദ്ധിയുള്ളവനായിരിക്കുന്നതിനും ആപത്തുകളിൽ ധൈര്യവാനായിരിക്കുന്നതിനും കഷ്ടപ്പാടുകളിൽ ക്ഷമയുള്ളവനായിരിക്കുന്നതിനും ഐശ്വര്യകാലത്തു താഴ്മയുള്ളവനായിരിക്കുന്നതിനും എനിക്കു സംഗതിയാകണമെ.

എന്റെ പ്രാർത്ഥനകളിൽ എല്ലായ്പ്പോഴും ശ്രദ്ധയുള്ളവനും എന്റെ ഭക്ഷണങ്ങളിൽ മിതഭോഗിയും എന്റെ പ്രവൃത്തികളിൽ പരിശ്രമശീ

ലനും എന്റെ മനോനിശ്ചയങ്ങളിൽ സ്ഥിരപ്പെട്ടു നില്ക്കുന്നവനുമായി എന്നെ ആക്കിത്തീർക്കണമെ.

എന്റെ മനസ്സാക്ഷി എല്ലായ്പ്പോഴും ചൊവ്വുള്ളതും നിർമ്മലവും ആയിരിക്കുന്നതിനും എന്റെ വേഷം മിതമായിരിക്കുന്നതിനും എന്റെ സംഭാഷണം വിശുദ്ധിയെ സഹായിക്കുന്നതായിരിക്കുന്നതിനും എന്റെ നടപടി ന്യായമായിരിക്കുന്നതിനും സംഗതിയാകണമെ.

പ്രകൃതിയെ ജയിക്കുന്നതിനു ഞാൻ എല്ലായ്പ്പോഴും ഉത്സാഹിച്ചുകൊണ്ടിരിപ്പാനും, നിന്റെ കൃപയ്ക്കു ചേർന്നു പരിശ്രമിക്കാനും, നിന്റെ കല്പനകളെ ആചരിപ്പാനും എന്റെ രക്ഷയ്ക്കായി പ്രവർത്തിപ്പാനും എന്നെ സഹായിക്കണമെ.

ഈ ലോകം വ്യർത്ഥമാണെന്നും സ്വർഗ്ഗം വലുതാണെന്നും, സമയം എത്രയും ചുരുങ്ങിയതാണെന്നും, നിത്യത്വം ദീർഘമാണെന്നും എനിക്കു കാണിച്ചുതരേണമെ.

## കുമ്പസാരത്തിനുമുമ്പ് ഉപയോഗിക്കാവുന്ന ഒരു പ്രാർത്ഥന

ദൈവമേ! മരണത്തിനു ഞാൻ ഒരുങ്ങുന്നതിനും, നിന്റെ ന്യായവിധിയെ ഭയപ്പെടുന്നതിനും നരകത്തിൽനിന്നു രക്ഷപെടുന്നതിനും അവസാനം എന്റെ കർത്താവായ യേശുമിശിഹാ മുഖാന്തിരം സ്വർഗ്ഗം പ്രാപിക്കുന്നതിനും എനിക്കു സംഗതിയാക്കേണമെ. ആമ്മീൻ.

ഏറ്റം കരുണയുള്ളവനായ ദൈവമേ! എന്നോടു നീ കാണിച്ചിട്ടുള്ള എല്ലാ കരുണകൾക്കായിട്ടും പ്രത്യേകിച്ച് ഈ സമയത്തു നിന്റെ ദീർഘക്ഷമയ്ക്കായിട്ടും ഇത്രത്തോളം നീ എന്റെ പാപങ്ങളെ സഹിച്ചതിനായിട്ട് ഞാൻ എത്രയും താഴ്മയോടുകൂടെ നിന്നെ സ്തോത്രം ചെയ്യുന്നു. ഞാൻ ഏറ്റം ഭയങ്കരങ്ങളായ പാപങ്ങളിൽ വീണവനാകുന്നു. ഇതിലും ഭയങ്കരങ്ങളായ പാപങ്ങളിൽ ഞാൻ വീഴാതിരുന്നതും ഞാൻ ഛേദിക്കപ്പെട്ടു നരകത്തിലേക്കു തള്ളപ്പെടാതിരുന്നതും നിന്റെ മഹാ കരുണനിമിത്തമാകുന്നു. എന്റെ കർത്താവേ, കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ നിന്നോടു ഇത്രമാത്രം നന്ദികെട്ടവനായിരുന്നു എങ്കിലും ഇപ്പോൾ അനുതപിപ്പാൻ ഹൃദയപൂർവ്വമായി

ആഗ്രഹിച്ചുകൊണ്ടും എന്റെ കർത്താവും എന്റെ ദൈവമെ! എന്നെത്തന്നെ നിനക്കു സമർപ്പിക്കുന്നതിനു താല്പര്യപ്പെട്ടുകൊണ്ടും, എന്നന്നേക്കും നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തോത്രം ചെയ്‌വാൻ ആഗ്രഹിച്ചുകൊണ്ടും നിന്റെ അടുക്കലേക്കു വരുന്നവനായ എന്നെ കൈക്കൊള്ളേണമെ.

എന്റെ അനുതാപത്തെ (കുമ്പസാരത്തെ) നീ കൈക്കൊള്ളേ ണമെ. എന്നെ ജീവനോടു നിലനിർത്തേണമെ. ഇത്രയധികം പ്രാവശ്യം നിന്നെ കോപിപ്പിച്ചിട്ടുള്ളതിനാൽ മഹാപാപിയാകുന്ന ഞാൻ നിന്റെ തിരുനാമത്തെ ഉച്ചരിപ്പാൻപോലും യോഗ്യനല്ല. നിന്റെ കോപത്തിൽ എന്നെ ശാസിക്കരുതെ. പാപി മരിക്കുന്നതിനു നിനക്കിഷ്ടമില്ലെന്നും അവൻ മാനസാന്തരപ്പെട്ടു ജീവിക്കണമെന്നു നീ ആഗ്രഹിക്കുന്നു എന്നും കല്പിച്ചിട്ടുള്ളവനായ നല്ലവനായ യേശുതമ്പുരാനെ! നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ. അനുതാപമുള്ളതും നുറുങ്ങിയതുമായ ഹൃദയത്തോടുകൂടി നിന്റെ അടുക്കൽ വരുവാൻ എന്നെ സഹായിക്കേണമെ. പാപികളെ രക്ഷിപ്പാനായിട്ട് സ്ലീബാമേൽ തൂങ്ങി മരിച്ചവനായി എത്രയും നല്ലവനായ യേശുതമ്പുരാനേ, എന്നെ നീ ശിക്ഷിക്കാതെ ജീവിപ്പിക്കണമെ. നിന്നിൽ അല്ലാതെ എനിക്കു ഒരു ശരണവും രക്ഷയുമില്ലാത്ത സ്ഥിതിക്കു ഞാൻ വേറെ എവിടേക്കു ഓടി എത്തേണ്ടു. എത്രയും കരുണയുള്ളവനായ ദൈവ മെ, എന്നോടു കരുണ തോന്നണമേ. നിന്റെ ദാസന്റെ (ദാസിയുടെ) താഴ്മയുള്ളതും നുറുങ്ങിയതുമായ ഹൃദയത്തെ നീ നിരസിക്കരുതെ. എന്റെ കർത്താവേ, എന്റെ പാപങ്ങളെകുറിച്ചു പൂർണ്ണമായ പശ്ചാ ത്താപത്തെ എനിക്കു തരേണമെ. എത്രയും അഗാധമായും മനോ വേദനയോടുംകൂടി ഞാൻ എന്റെ പാപങ്ങളെ വെറുക്കുവാൻ നീ സംഗതിയാക്കേണമെ. നിന്റെ പ്രകാശത്തെ എന്റെ ആത്മാവിലേക്കു നീ അയയ്ക്കയും ഞാൻ ഏറ്റുപറയേണ്ടതായ സർവ്വപാപങ്ങളെയും എനിക്കു കാണിച്ചുതരികയും ചെയ്യേണമെ. നിന്റെ സ്ഥാനപതിയാ കുന്ന പട്ടക്കാരനോടു ഞാൻ പരിപൂർണ്ണമായും താഴ്മയോടുകൂ ടെയും നുറുങ്ങിയ ഹൃദയത്തോടുകൂടെയും എന്റെ പാപങ്ങളെ ഏറ്റു പറവാനും നിന്റെ അളവില്ലാത്ത നന്മയാൽ ഞാൻ പാപമോചനം പ്രാപിപ്പാനും തക്കവണ്ണം നിന്റെ കൃപയാൽ എന്നെ സഹായിക്കണമെ. ആമ്മീൻ!

## രഹസ്യപ്രാർത്ഥന

കുമ്പസാരിക്കുന്നതിനുമുമ്പ് ഒന്നാമതായി ചെയ്യേണ്ട സർവ്വപ്രധാനമായ സംഗതി ഹൃദയപൂർവ്വമായ പ്രാർത്ഥനയാകുന്നു. ശരിയാം വണ്ണവും മുട്ടിപ്പായും പ്രാർത്ഥിക്കായ്കകൊണ്ട് എത്രപേരാകുന്നു സത്യകുമ്പസാരം കഴിക്കാതിരിക്കുന്നത്. ഇതു അവരുടെ ഇഷ്ടം പോലെ കഴിക്കാവുന്ന ഒരു കാര്യമല്ല. പ്രാർത്ഥന നിർബ്ബന്ധമാണ്. പ്രാർത്ഥിച്ചേ മതിയാവൂ. പ്രാർത്ഥനയിൽ ദൈവത്തിന്റെ അടുക്കൽ മുട്ടിക്കാതെയും തന്റെ ഹൃദയത്തെ ഒരുക്കാതെയും പരിശുദ്ധമാതാവിന്റെ സഹായത്തിൽ അത്യന്തം ആശ്രയിക്കാതെയും കുമ്പസാരിക്കാനായിട്ടു പോകരുത്. "ഹൃദയത്തെ ശരിയായി ഒരുക്കണമേ" എന്നും അനുതാപത്തിൽകൂടെയും കുമ്പസാരത്തിൽ കൂടെയും കർത്താവിന്റെ തൃക്കൈകൊണ്ടു പിടിച്ചു നിന്നെ നടത്തണമേ എന്നും നിർബ്ബന്ധമായി കർത്താവിന്റെ അടുക്കൽ പ്രാർത്ഥിക്കണം.

നിന്നെ കർത്താവിന്റെ കയ്യിലേക്കു പരിപൂർണ്ണമായി ഭരമേല്പിക്കുക. "ചോദിപ്പിൻ! എന്നാൽ നിങ്ങൾക്കു തരപ്പെടും. അന്വേഷിപ്പിൻ! എന്നാൽ കണ്ടെത്തും, മുട്ടുവിൻ! എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും" ശുദ്ധ: ലൂക്കോ. 11: 9. "പാപീ, നീ എന്നോട് അപേക്ഷിക്കുക, ഞാൻ നിനക്കു വെളിച്ചം തരാം. ഓർമ്മശക്തിയെ നീ ചോദിക്കുക, നീ ഏറ്റുപറയേണ്ട പാപങ്ങളെ ഞാൻ ഓർമ്മപ്പെടുത്തിത്തരാം. പാപബോധത്തിനായിട്ടു മുട്ടിക്കുക, ഞാൻ നിനക്കു പാപബോധം തരാം. പാപങ്ങളെ കുറിച്ചുള്ള സ്വർഗ്ഗീയമായ ദുഃഖം നീ ചോദിക്കുക. അവയെ ഞാൻ നിനക്കു തരാം. നിന്റെ പാപങ്ങളെ കുമ്പസാരിച്ച് ഏറ്റുപറവാനായി താഴ്മയേയും പാപത്തോടുള്ള വെറുപ്പിനേയും മനസ്സൊരുക്കത്തേയും എന്നോടു യാചിക്കുക. ഞാൻ നിനക്കു തരാം. എന്റെ രക്തംകൊണ്ടു നിന്നെ കഴുകേണമെന്നു നീ പ്രാർത്ഥിക്കുക. ഞാൻ നിന്നെ കഴുകാം. പരീക്ഷകളിൽനിന്നു ഓടിപ്പോകുവാനായിട്ടും അവസരവും ശക്തിയും യാചിക്കുക. ഞാൻ നിനക്കു തരാം. പാപത്തിന്മേൽ ജയം ചോദിക്കുക. ഞാൻ തരാം ഇങ്ങനെയാണ് കർത്താവ് അരുളിച്ചെയുന്നത്. അതുകൊണ്ട് നീ മുട്ടിപ്പായി പ്രാർത്ഥിച്ചു തുടങ്ങുക. പ്രാർത്ഥന നിനക്കു അത്യാവശ്യമാണ്. പ്രാർത്ഥന ഒഴിച്ചുകൂടാത്തതാണ്. പ്രാർത്ഥിക്കുന്ന കാര്യത്തിൽ നിനക്ക് ഒട്ടും താല്പര്യക്കുറവ് വരരുത്. പരിശുദ്ധാത്മാവ് നിന്നെ നടത്തിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. നിന്റെ മാനസാന്തരവും അനുതാപവും കുമ്പസാ

രവും ശരിയായി നിറവേറ്റുന്നതിലാണ് നിന്റെ നിത്യമായ നന്മ ആശ്രയിച്ചിരിക്കുന്നത്. ആയതുകൊണ്ട് നിന്റെ ഒരുക്കത്തിലും കൂദാശയിലും പരിശുദ്ധാത്മാവ് ആദ്യാവസാനം നിന്നെ സഹായിപ്പാനായി പ്രത്യേകം പ്രാർത്ഥിക്കുക.

കുമ്പസാരിപ്പാൻ ഓശാനശനിയാഴ്ച ഉച്ച കഴിഞ്ഞു തീരുമാനിച്ചിട്ടു മുൻകൂട്ടി ചെയ്യേണ്ടതായ പ്രാർത്ഥനകളും ഒരുക്കങ്ങളും അല്പം പോലും ചെയ്യാതെ എത്രയോ ആളുകൾ കുമ്പസാരിക്കുന്നുണ്ട്. ആകപ്പാടെ അരമണിക്കൂർ സമയമോ ഒരു മണിക്കൂർ സമയമോ കുമ്പസാരത്തിനുള്ള ഒരുക്കത്തിനായിട്ടും കുമ്പസാരത്തിനായിട്ടും ചെലവിടുന്നതുകൊണ്ട് തൃപ്തിപ്പെട്ടിട്ടു തന്നെത്താൻ വഞ്ചിക്കുന്നവരായ എത്ര ആളുകളുണ്ട്. കച്ചവടസ്ഥലത്തുനിന്നും നേരെ കുമ്പസാരസ്ഥലത്തേക്കു എത്രപേർ പോകുന്നുണ്ട്. ഒരു പ്രാർത്ഥനയും കൂടാതെ പള്ളിയിൽ എത്തി നമസ്ക്കാരപുസ്തകത്തിൽ അച്ചടിച്ചിരിക്കുന്ന പ്രാർത്ഥനകൾ ചൊല്ലുന്നതുകൊണ്ടുമാത്രം കുമ്പസാരത്തിനുള്ള ഒരുക്കങ്ങൾ മതിയായി എന്നു വിചാരിച്ച് പ്രവർത്തിക്കുന്നവർ എത്ര പേർ ഉണ്ട്. നീ ഈ കൂട്ടത്തിലാണോ. നീ ഇനി മേലാൽ ഇങ്ങനെ ചെയ്കയില്ലെന്നു കർത്താവിന്റെ കൃപയിൽ നിന്നെത്തന്നെ ഭരമേല്പിച്ചുകൊൾക. ഇനി മേലാലുള്ള നിന്റെ കുമ്പസാരങ്ങൾ എല്ലാം വേണ്ടവിധത്തിലുള്ള ഒരുക്കത്തോടുകൂടിയായിരിക്കണം. ഒരുക്കം ശരിയാകുന്നത് നിന്റെ രഹസ്യപ്രാർത്ഥന മൂലമാണ്. അതിനാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ രഹസ്യമുറിയിലേക്ക് കടന്ന് വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവിനോട് പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും.” മത്തായി. 6: 6.

രഹസ്യപ്രാർത്ഥനയിൽ നന്നായിട്ടു നീ ഒരുങ്ങേണ്ടതാണ്.

## ദൈവമാതാവിനോട് ഒരു പ്രാർത്ഥന

എന്റെ രക്ഷിതാവായ യേശുമിശിഹായുടെ മാതാവായ, കൃപ നിറഞ്ഞിരിക്കുന്ന കന്യകമറിയാമെ! ഞാൻ മാനസാന്തരപ്പെടുവാൻ നീ അത്യാഗ്രഹത്തോടെ ഇരിക്കുന്നുവല്ലോ. എനിക്കുവേണ്ടി കർത്താവിനോടു നീ പ്രാർത്ഥിക്കണമെ. എന്റെ പാപങ്ങൾക്കു പൂർണ്ണമോചനത്തെ നീ വാങ്ങിച്ചുതരേണമെ. എന്റെ ആത്മാവിന്റെ രക്ഷയ്ക്കും നിന്റെ പുത്രന്റെ തീരുനാമത്തിന്റെ മഹത്വത്തിനും വേണ്ടി എന്റെ ജീവിതത്തെ നന്നാക്കുവാൻ എനിക്കു കൃപയെ വാങ്ങിച്ചു തരേണമെ.

## വി. മാർ തോമ്മാശ്ലീഹായോടു ഒരു പ്രാർത്ഥന

ഇൻഡ്യയുടെ അപ്പോസ്തോലനായ വി. മാർ തോമ്മാശ്ലീഹാ! പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിപ്പാൻ തുനിയുകയും ചെയ്യുന്ന എനിക്കുവേണ്ടി കർത്താവിനോടു നീ പ്രാർത്ഥിക്കണമെ.

### ജീവിതപരിശോധന

കുമ്പസാരത്തിനായിട്ടു ഒരുങ്ങുന്ന ഒരു അനുതാപി പ്രാർത്ഥന കൊണ്ടു തന്നത്തന്നെ ഒരുക്കുന്നതുകൂടാതെ വേറൊരു സംഗതി ചെയ്യേണ്ടതായിട്ടുണ്ട്. അവന്റെ ആയുസ്സിലുള്ള സർവ്വ പാപങ്ങളേയും തിരഞ്ഞു കണ്ടുപിടിക്കേണ്ടതാകുന്നു. പരിപൂർണ്ണമായ അനുതാപത്തിനു ഒരുങ്ങുന്നവൻ തന്റെ ജീവിതത്തെ മുഴുവനായി പരിശോധിച്ചു അതിലുള്ള വീഴ്ചകളെ കണ്ടുപിടിച്ചു അതിൽ ഒരോന്നിനേയും പറ്റി അനുതപിക്കേണ്ടതത്യാവശ്യമാണ്. ഇന്നയിന്ന പാപങ്ങൾ ഞാൻ ചെയ്തുപോയി എന്നേറ്റുപറകയും ആ പാപങ്ങളെ ഓരോന്നിനേയും പറ്റി ദുഃഖിക്കയും അവയിൽ ഓരോന്നിനേയും ഏറ്റു പറഞ്ഞു ഉപേക്ഷിക്കയും ചെയ്യേണ്ടതാവശ്യമാണ്. നീ ഇപ്രകാരമേറ്റു പറയുന്ന ഓരോ പാപത്തേയും പിന്നീടു നീ ചെയ്യാതെ ഇരിക്കുന്നതിനുവേണ്ടി ഈ പ്രാർത്ഥന നിന്നെ സഹായിക്കും. എന്നു തന്നെയുമല്ല, ഇങ്ങനെ ഒരു പരിശോധന ചെയ്യുന്നില്ലെങ്കിൽ നിന്റെ ഏതേതു പാപങ്ങളെക്കുറിച്ചാണു നീ മോചനം അപേക്ഷിക്കുന്നത്? ഏതേതു പാപങ്ങൾക്കാണു പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാമത്തിൽ പട്ടക്കാരൻ നിന്റെ തലമേൽ കൈവച്ചു മോചനം (ഹൂദായ) തന്നു നിന്നെ അനുഗ്രഹിക്കുന്നത് ഏതേതു പാപങ്ങളെ സംബന്ധിച്ചാണു നിന്നെ കെട്ടുന്നത്?

ആയതിനാൽ നിന്റെ ജീവിതത്തെ നീ പരിശോധിക്കുക. നിന്റെ ജീവിതത്തെ നീ പരിശോധിക്കുന്നതിനു നീ ആചരിക്കേണ്ടതായ കല്പനകളെ നീ ധ്യാനിച്ചു പര്യാലോചിച്ചാൽ നിന്റെ ഇതേവരെയുള്ള ജീവിതത്തിലെ തെറ്റുകളെ കണ്ടുപിടിക്കുന്നതിനു, എളുപ്പമുണ്ട്. നിന്റെ മേൽ ദൈവം വച്ചിരിക്കുന്നതായ നിയമങ്ങൾ ഏവയാണ്. അവയെ നീ എങ്ങനെ എല്ലാം പരിപാലിച്ചിട്ടുണ്ട്. അതിൽ ഓരോന്നിനെ സംബന്ധിച്ചും കൂലംകക്ഷമായി പര്യാലോചിക്കണം. ഏതെല്ലാം കല്പന കൾക്കാണു നീ ലംഘനം ചെയ്തിട്ടുള്ളത്? എപ്പോൾ എല്ലാം ആണ് ലംഘനം ചെയ്തിട്ടുള്ളത്? നിന്റെ ആയുസ്സിലുള്ള ഓരോരോ

പാപങ്ങളെ എടുത്തിട്ടു നിന്റെ ശിശുപ്രായം മുതൽ ഇതേവരേ ആ പാപത്തെ സംബന്ധിച്ചുള്ള നിന്റെ ജീവചരിത്രം കഴിവുള്ളിടത്തോളം നീ ഓർക്കുക. (ഈ വിധം പൂർണ്ണമായ സ്വയപരിശോധനയും സത്യകുമ്പസാരവും ഒരിക്കൽ നടത്തിയാൽ പിന്നീടു തദനന്തരമുള്ള ജീവിതം പരിശോധിച്ചാൽ മതി.) ആ പാപത്തെക്കുറിച്ച് ആദ്യം നിനക്ക് അറിവുണ്ടായത് എങ്ങനെ? നിന്റെ ബാല്യകാലംമുതൽ ആ പാപത്തെ നീ ഏതെല്ലാം സന്ദർഭങ്ങളിൽ എവിടെ വച്ചെല്ലാം വിചാരത്താലോ പ്രവൃത്തിയാലോ എപ്പോഴെല്ലാം ചെയ്തു പോയിട്ടുണ്ടെന്നു വിവരമായി ഓർത്തുനോക്കി കർത്താവിന്റെ തിരുമുമ്പിൽ നിലവിളിക്കുക. ഇതു നീ പരിപൂർണ്ണമായി അനുതപിച്ച പാപമാണോ. ഇതു നീ എന്നേക്കുമായി പരിത്യജിച്ചിരിക്കുന്ന പാപമാണോ? ഇതു നീ ജയിച്ചിരിക്കുന്ന പാപമാണൊ? പത്തു കല്പനകളെക്കുറിച്ചു ഒരു വിധം സവിസ്തരം പര്യാലോചിച്ചിട്ട് സാധാരണ ഉണ്ടായേക്കാവുന്ന ഒരു പട്ടിക താഴെ ചേർക്കുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന ഓരോ ചോദ്യങ്ങളെയും നീ വായിച്ചു നോക്കി ദൈവത്തിന്റെ മുമ്പിൽ നിന്നെത്തന്നെ വച്ചുകൊണ്ടു നിന്റെ കഴിഞ്ഞു പോയ ജീവിതത്തെ പരിശോധിക്കുക. വിശുദ്ധാത്മാവു നിന്റെ ഓർമ്മശക്തിയെ സഹായിപ്പാനായി പ്രാർത്ഥിക്കുക. മറ്റാർക്കും മനസ്സിലാക്കാൻ പാടില്ലാത്ത വിധത്തിലോ മറ്റോ ഈ ഓരോ ചോദ്യങ്ങളുടേയും ഉത്തരം രഹസ്യമായി ഒരു കടലാസ്സിൽ എഴുതുന്നതിനും വിരോധമില്ല. ഇങ്ങനെ എഴുതുന്ന കടലാസ് വേറൊരാൾക്കു കിട്ടിയാലും അതിലെ സംഗതികൾ ഒന്നും അയാൾക്കു മനസ്സിലാക്കാൻ പാടില്ലാത്ത വിധത്തിലേ എഴുതാവൂ. നിന്റെ പാപങ്ങളെ ഓരോന്നായി എടുത്തു കർത്താവിന്റെ മുമ്പിൽ നിനക്കു നിലവിളിക്കുന്നതിന് ഇത് ഒരു സഹായമാണ്. പറഞ്ഞറിയിക്കാൻ പാടില്ലാത്ത ദുഃഖത്തോടുകൂടി നീ കുമ്പസാരിക്കുമ്പോൾ നിന്റെ പാപങ്ങളെ മുഴുവൻ ഏറ്റുപറയുന്നതിനു വിട്ടുപോയി എന്നു വന്നേക്കാം. അങ്ങനെ വിട്ടുപോകാതിരിക്കുന്നതിന് ഈ കടലാസ് നിന്നെ സഹായിക്കുകയും ചെയ്യും. ഇങ്ങനെ എഴുതണമെന്ന് നിർബ്ബന്ധമില്ല. നിനക്ക് എഴുതുവാൻ കഴിയുമെങ്കിൽ എഴുതുന്നത് നല്ലതെന്നേയുള്ളു. ഇങ്ങനെ നിന്റെ കഴിഞ്ഞ ജീവിതത്തെക്കുറിച്ചു, ഓരോന്നോരോന്നായി പരിശോധിപ്പാൻ ധാരാളം സമയം വേണ്ടിയിരിക്കുന്നു. ഇതിലേക്കായി ചെലവിടുന്ന സമയം കർത്താവിന്റെ തിരുമുമ്പിൽ ചെലവിടുന്നതായാൽ നഷ്ടമല്ല. ഇതു പ്രയാസമാണെന്നും ബുദ്ധിമുട്ടാണെന്നും നീ വിചാരിക്കരുത്. നിന്റെ ആത്മാവിന്റെ രക്ഷയ്ക്കും മേലാലുള്ള നിന്റെ

നിർമ്മലജീവിതത്തിനും ഇപ്രകാരമുള്ള ഒരു പരിശോധന അത്യാവശ്യമാണ്. മേലാലുള്ള നിന്റെ ജീവിതത്തെ സഹായിപ്പാനായിട്ടുള്ള ഒരു സംഗതികൂടെ പറയാം. ഇപ്പോൾ നീ പരിശോധിക്കുന്നതായ പാപം ചെയ്തിട്ടുള്ളപ്പോൾ എല്ലാം നീ പരീക്ഷിക്കപ്പെട്ടിട്ടുള്ളത് എങ്ങനെ, ആ പരീക്ഷയോടു നീ എതിരിട്ടതു എങ്ങനെ ഇന്ന വിധത്തിൽ പരീക്ഷയുണ്ടായി, ആ സമയത്തിൽ നിന്റെ വിചാരങ്ങൾ എന്തായിരുന്നു, നീ പാപം ചെയ്തതെങ്ങനെ എന്നോർത്തുനോക്കുക. ഇനി ആ പരീക്ഷയുടെ നേരെ മുമ്പു നീ വർത്തിച്ചതുപോലെ വർത്തിക്കുന്നതായാൽ മേലാലും നീ വീണുപോകുമെന്നുള്ള പാഠത്തെ നിന്റെ ഹൃദയത്തിൽ സ്ഥിരപ്പെടുത്തിക്കൊൾക. ആ പരീക്ഷയുടെ നേരെ ഇതേവരെ വർത്തിച്ച രീതിയിൽ ഇനിമേൽ വർത്തിക്കയില്ലെന്നു നിശ്ചയിക്കുക.

1. നീ ചെയ്തിട്ടുള്ള പാപം ഏതുതരം പാപമാണ്? മറ്റുള്ളവർ ചെയ്തിട്ടുള്ള പാപത്തെക്കുറിച്ചു പര്യാലോചിപ്പാനോ അന്വേഷിപ്പാനോ ആയിട്ടല്ല നീ പുറപ്പെടേണ്ടത്. നിന്റെ സ്വന്തപാപത്തെക്കുറിച്ചു അന്വേഷിപ്പാനാണ്. ഈ ആയുസ്സിൽ നിന്നോടു അത്യന്തം അടുത്തു സംസർഗ്ഗം ചെയ്യുന്ന നിന്റെ ഭാര്യയോ ഭർത്താവോ വിശ്വസ്തമിത്രമോ ആയിരിക്കുന്ന ആളിന്റെ സംഗതികൾപോലും ആലോചിപ്പാനായിട്ടല്ല; നിന്റെ സംഗതികളെമാത്രം ആലോചിപ്പാനാണ് നിന്റെ പരിശോധന മുഴുവൻ നടത്തേണ്ടത്. ഞാൻ ഇത്രാമത്തെ കല്പനയ്ക്കു ലംഘനം ചെയ്തു എന്നു പൊതുവെ നിനക്കു ബോധപ്പെട്ടാൽ മതിയാകയില്ല. ആ കല്പനയ്ക്കു ലംഘനമായി ഇന്ന പ്രത്യേക തരത്തിലുള്ള പാപമാണ് നീ ചെയ്തിട്ടുള്ളതെന്നു നിനക്കു ബോധമുണ്ടാകണം. എന്തെന്നാൽ താഴെ കാണുന്ന പ്രകാരമുള്ള ചോദ്യങ്ങളിൽ നിന്നു തെളിയുന്നപ്രകാരം ഒരു കല്പനയ്ക്കു പ്രതികൂലമായി അനേകതരത്തിലുള്ള പാപമുണ്ട്. മിക്ക പാപങ്ങളും വിചാരത്താലുള്ളവയൊ വചനത്താലുള്ളവയോ പ്രവൃത്തിയാലുള്ളവയൊ ആണ്. ഒന്നിനുപകരം മറ്റൊന്നു നീ ഏറ്റുപറഞ്ഞു എന്നു വരരുത്. ഇന്നതരത്തിലുള്ള പാപമാണെന്നു കണ്ടുപിടിച്ചാൽ ഉടൻ നീ ചെയ്യേണ്ടത്, ആ പാപം എത്ര പ്രാവശ്യം ചെയ്തിട്ടുണ്ടെന്നുള്ളതു ഓർത്തുനോക്കുകയാണ്. അതു നിന്നെ മുറുകെപ്പറ്റിയിരിക്കുന്ന പാപമാണോ, നീ ദിനംപ്രതി ചെയ്യുന്ന പാപമാണോ, നീ ആഴ്ചതോറും ചെയ്യുന്നതാണോ, അതു നീ എത്രമാത്രം തുടരെയായി ചെയ്തുകൊണ്ടിരിക്കുന്നതാണ്, നിന്റെ

കഴിഞ്ഞ പ്രാവശ്യത്തെ പരമാർത്ഥമായ പരിപൂർണ്ണ കുമ്പസാരത്തിൽ ഏറ്റുപറഞ്ഞു ഉപേക്ഷിച്ച പാപമാണോ. അതിൽ പിന്നീട് ഈ പാപത്തിൽ നീ വീണിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്രപ്രാവശ്യം ഏതു സന്ദർഭങ്ങളിലെല്ലാം? ഈ പാപം എത്രമാത്രം ശക്തിയായി നിന്നെ ഭരിക്കുന്നുണ്ടെന്നുള്ളതു അറിയുന്നതിനു ഈ സംഗതികളെല്ലാം പര്യാലോചിച്ചാൽ എളുപ്പമുണ്ടാകും. പാപത്തിന്റെ ഗൗരവം മനസ്സിലാക്കുന്നതിനുവേണ്ടി ഈ കാര്യങ്ങളെല്ലാം പര്യാലോചിക്കുന്നതു വളരെ നിർബ്ബന്ധമായി ചെയ്യേണ്ടതാണ്. എന്നാൽ ഇതുതന്നെ ധാരാളം ആലോചിച്ചിട്ട് കർത്താവിന്റെ കൃപയെക്കുറിച്ചുള്ള ആശ്രയവും സ്നേഹവും നഷ്ടപ്പെടുത്തരുത് നീ വളരെ പാപിയാണെന്നു ബോധപ്പെടുന്തോറും അത്രയധികമായി കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് മുട്ടിപ്പായി പ്രാർത്ഥിക്കണം. പ്രധാനമായി മരണകരങ്ങളായ പാപങ്ങളെക്കുറിച്ചാണ് നീ അനുതപിക്കയും വിചാരിക്കയും ചെയ്യേണ്ടത്. മരണകരമായ പാപത്തിനു മൂന്നു ലക്ഷണങ്ങൾ ഉണ്ട്.

എ. അറിഞ്ഞുകൊണ്ടു ചെയ്ത പാപം ബി. അറിഞ്ഞുകൊണ്ടു പൂർണ്ണസമ്മതത്തോടെ ചെയ്ത പാപം. സി. ഗൗരവതരമായ വിഷയങ്ങളിൽ ചെയ്തുപോയിട്ടുള്ള പാപം. നീ ഒരു ധനവാന്റെ അടുക്കൽ നിന്നു ഒരു ചക്രം മോഷ്ടിക്കുന്നതു പാപമാണ്. എന്നാൽ ഒരു ദിവസത്തെ ഭക്ഷണത്തിനു തന്റെ സർവ്വസമ്പാദ്യങ്ങളായി കൈവശം ഒരു ചക്രം മാത്രമുള്ള ഒരു ദരിദ്രന്റെ ഒരു ചക്രം മാത്രം മോഷ്ടിക്കുന്നതു മരണകരമായ ഒരു പാപമാകുന്നു. നീ ചെയ്തിട്ടുള്ള പല ചില്ലറ പാപങ്ങളും അവയുടെ സന്ദർഭങ്ങളും സാഹചര്യങ്ങളും ആലോചിച്ചാൽ നിന്റെ ആത്മാവിൽ കൃപയെ സംബന്ധിച്ചിടത്തോളം നിന്റെ ആത്മാവിനെ മൃതപ്രായമാക്കിത്തീർത്തിട്ടുള്ള പാപങ്ങൾ ആണെന്നു നിനക്കു മനസ്സിലാകും. ഇപ്രകാരം നീ നിന്റെ ആയുസ്സിനെ പരിശോധിച്ചു നിന്റെ പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കാത്ത പക്ഷം അവസാനദിവസത്തിൽ സർവ്വലോകത്തിനു മുൻപാകെ നിന്റെ ആയുസ്സിനെ പരിശോധിക്കും. മത്താ. 25: 31–46. ആയതുകൊണ്ടു നീ ഭയപ്പെട്ടു വിറച്ചുകൊണ്ടു നിന്റെ ആയുസ്സിനെ പരിശോധിക്കുക. താഴെ കാണുന്ന ഓരോരോ ചോദ്യങ്ങളെക്കുറിച്ചു വിവരമായി പരിശോധിക്കുക. ദൈവം ഈ പരിശോധനയിൽ നിന്നെ നടത്തിക്കുവാനായി പ്രത്യേകം പ്രാർത്ഥിച്ചുകൊൾക.

# II
# സ്വയപരിശോധന

(1-ം. 2-ം കല്പനകൾ)

നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. (പുറ. 20)

വ്യാജമായ വിധത്തിൽ ദൈവാരാധന ചെയ്യുന്ന സ്ഥലത്തു പോകയോ, അതിൽ സംബന്ധിക്കുകയോ, അതു നിമിത്തം ദോഷമായ ദൃഷ്ടാന്തം കാണിക്കുകയോ ചെയ്തിട്ടുണ്ടോ?

എപ്പോഴെല്ലാം?

നിന്റെ സ്ഥാനത്തിരിക്കുന്ന ഒരു ക്രിസ്ത്യാനി അറിഞ്ഞിരിക്കേണ്ടതായ വിശ്വാസോപദേശങ്ങൾ, കല്പനകൾ, നമസ്ക്കാരങ്ങൾ മുതലായവ അറിയാതെ നീ ഇരുന്നിട്ടുണ്ടോ?*

എത്ര നാളത്തേക്ക്?

രക്ഷയെക്കുറിച്ചും പാപമോചനത്തെക്കുറിച്ചും നീ നിരാശപ്പെട്ടിട്ടുണ്ടോ?

നീ മതവിപരീതത്തിലോ അവിശ്വാസത്തിലോ ഇരുന്നിട്ടുണ്ടോ?

വിശ്വാസപ്രമാണത്തിലുള്ള ഏതെങ്കിലും സംഗതിയെ നീ കരുതിക്കൂട്ടി അവിശ്വസിച്ചിട്ടുണ്ടോ?

എപ്പോഴെല്ലാം? എത്രനാളത്തേക്ക്?

കൊള്ളരുതാത്ത പുസ്തകങ്ങൾ വായിക്കകൊണ്ടോ, ചീത്തയായ സംസർഗ്ഗംകൊണ്ടോ നീ അവിവേകമായി അവിശ്വാസമുണ്ടാകത്തക്ക

* ഒരു കൗമ്മാ, വിശ്വാസപ്രമാണം, ഞാൻ പിഴയാളി, കല്പനകൾ ഇവയെങ്കിലും അറിഞ്ഞിരിക്കണം.

സ്ഥാനത്തു നിന്നിട്ടുണ്ടോ? എപ്പോഴെല്ലാം വിചാരത്താലോ, വചന ത്താലോ, പ്രവൃത്തിയാലോ?

സത്യവിശ്വാസത്തെ നീ ഉപേക്ഷിച്ചിട്ടുണ്ടോ? അസത്യമായ രീതി യിൽ ദൈവത്തെ ആരാധിക്കുന്ന സ്ഥലത്തു നീ പോയിട്ടുണ്ടോ? എപ്പോഴെല്ലാം?

അങ്ങനെയുള്ള ആരാധനയിൽ നീ ചേർന്നിട്ടുണ്ടോയ എപ്പോ ഴെല്ലാം?

അങ്ങനെ ചേർന്നിട്ട് അതു വിശ്വാസികൾക്ക് ദോഷകരമായ ദൃഷ്ടാന്തമാക്കിത്തീർത്തിട്ടുണ്ടോ? എപ്പോഴെല്ലാം? നീ വിശ്വാസപ്ര മാണവും അതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന സത്യങ്ങളും കല്പന കളും അറിയാതിരുന്നിട്ടുണ്ടോ? എത്രനാൾ?

നിന്റെ സ്ഥിതിയിലിരിക്കുന്ന ഒരു വിശ്വാസി അറിഞ്ഞിരി ക്കേണ്ടതായ മതസിദ്ധാന്തങ്ങളും മതോപദേശസത്യങ്ങളും നീ അറി യാതെയും അറിയുന്നതിനു ഉത്സാഹിക്കാതെയും ഇരുന്നിട്ടുണ്ടോ? എത്രനാൾ?

പരിശുദ്ധ ത്രിത്വത്തിലോ, മ്ശിഹാതമ്പുരാന്റെ മനുഷ്യാവതാര ത്തിലോ, രക്ഷാകരമായ തന്റെ മരണം, കബറടക്കം, ഉയിർത്തെഴു ന്നേൽപ്പ്, സ്വർഗ്ഗാരോഹണം മുതലായതിലോ, അപ്പോസ്തല കൈവെ പ്പിലോ, വിശുദ്ധ കൂദാശകളിലോ, വിശ്വാസമില്ലാത്തവരോടുകൂടി ദൈവരാധനയിൽ നീ സംബന്ധിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

നിനക്ക് രക്ഷ കിട്ടുകയില്ലെന്നോ, പാപപരിഹാരമുണ്ടാകയി ല്ലെന്നോ നീ നിരാശപ്പെട്ടിരുന്നിട്ടുണ്ടോ? എപ്പോഴെല്ലാം?

കർത്താവ് കരുണ ചെയ്യുമെന്നോ മോചിക്കുമെന്നോ കരുതി ക്കൊണ്ടു നീ പാപം ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തെല്ലാം പാപങ്ങൾ?

നീ നിന്റെ ജീവിതത്തെ നന്നാക്കുവാൻ വിചാരിക്കാതെ തുടരെ തുടരെ പാപത്തിൽത്തന്നെ കഴിച്ചുകൂട്ടിയിട്ടുണ്ടോ? ഇങ്ങനെ എത്ര നാൾ ഇരുന്നു? ഏതു പാപത്തിൽ?

മരണസമയത്തോ അതിനുമുമ്പോ അനുതപിച്ചുകൊള്ളാമെന്നു നീ കരുതിയിട്ടുണ്ടോ? ഈ സ്ഥിതിയിൽ എത്രനാൾ കഴിച്ചിട്ടുണ്ട്?

മരണകരമായ പാപത്തിൽ നീ വീണശേഷം അനുതപിക്കാതെയും ദൈവത്തെ ത്യജിച്ചും എത്രനാൾ നീ ഇരുന്നിട്ടുണ്ട്? കുമ്പസാരിപ്പാനും പാപമോചനം പ്രാപിപ്പാനും എത്രനാൾ നീ മടിച്ചിരുന്നിട്ടുണ്ട്? മരണത്തിനുള്ള പാപമെന്നു നിനക്കു നിശ്ചയമുള്ളതോ സംശയമുള്ളതോ ആയ എന്തെങ്കിലും നീ ചെയ്തിട്ടുണ്ടോ? എന്തു ചെയ്തു? എത്രപ്രാവശ്യം?

മരണകരമായ പാപം ചെയ്തേക്കാവുന്ന സ്ഥലത്തോ സന്ദർഭത്തിലോ നീ ഇരുന്നിട്ടുണ്ടോ? എത്ര പ്രാവശ്യം? എന്തു പാപത്തിന്?

ദൈവത്തെ ആരാധിക്കുന്നതിൽ നീ അലസത കാണിച്ചിട്ടുണ്ടോ? നീ ദൈവത്തെ അശേഷം സ്തുതിക്കാതെ കഴിച്ചുകൂട്ടിയിട്ടുണ്ടോ? ദൈവത്തെ അല്പമായിട്ട് മാത്രം സ്തുതിക്കുന്നതുകൊണ്ട് നീ തൃപ്തിപ്പെട്ടിട്ടുണ്ടോ?

ദൈവത്തിനു നീ നന്ദിയോടുകൂടെ സ്തോത്രം ചെയ്യാതിരിക്കയോ വേണ്ടപോലെ പ്രാർത്ഥിക്കാതിരിക്കയോ, ശ്രദ്ധ കൂടാതെ പ്രാർത്ഥിക്കയോ ചെയ്തിട്ടുണ്ടോ?

ദൈവത്തിൽ തന്നെയാണു നിന്റെ വിശ്വാസമെന്നുള്ളതും, നിന്റെ ശരണവും നിന്റെ സ്നേഹവും ദൈവത്തിങ്കൽ ആണെന്നുള്ളതും പ്രാർത്ഥനയാലും ധ്യാനത്താലും ഉറപ്പു വരുത്താതിരുന്നിട്ടുണ്ടോ? ഇങ്ങനെയുള്ള അവസ്ഥയിൽ എത്രനാൾ നീ കഴിച്ചുകൂട്ടിയിട്ടുണ്ട്? ദൈവത്തിന് അപമാനകരമായ വിധത്തിൽ നീ കുമ്പസാരിക്കയോ കുർബ്ബാന കൈക്കൊള്ളുകയോ ചെയ്തിട്ടുണ്ടോ? കുമ്പസാരത്തിൽ എന്തെങ്കിലും മരണകരമായ പാപത്തെയൊ മരണകരമെന്നു നിനക്കു സംശയമുള്ള പാപത്തെയൊ മറച്ചുവെച്ചിട്ടുണ്ടോ? നിന്റെ പാപത്തെക്കുറിച്ചു ഹൃദയപൂർവ്വമായ ദുഃഖംകൂടാതെ നീ കുമ്പസാരിക്കയൊ കുർബ്ബാന കൈക്കൊള്ളുകയൊ ചെയ്തിട്ടുണ്ടോ? നിന്റെ ജീവിതത്തെ നന്നാക്കണമെന്നുള്ള സുസ്ഥിരമായ മനോനിശ്ചയം കൂടാതെ നീ കുമ്പസാരിക്കയൊ കുർബ്ബാന കൈക്കൊള്ളുകയോ ചെയ്തിട്ടുണ്ടോ? നിന്റെ മനസ്സാക്ഷിയെ വേണ്ടപോലെ പരിശോധിക്കാതെ ധൃതഗതിയായി നീ കുമ്പസാരിക്കയോ ഒരുക്കംകൂടാതെ കുർബ്ബാന കൈക്കൊള്ളുകയൊ ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? വേറെ ഏതെ

ങ്കിലും കൂദാശ അതായത് പട്ടത്വം, വിവാഹം, തൈലാഭിഷേകം മുതലായതിൽ ഏതെങ്കിലും നീ കുമ്പസാരം കൂടാതെയോ, മരണ കരമായ പാപത്തിൽ ഇരിക്കുമ്പോഴോ, കഴിക്കയോ, കൈക്കൊള്ളുകയോ ചെയ്തിട്ടുണ്ടോ ഏതു കൂദാശ? എപ്പോൾ? അതിനെ കൈക്കൊണ്ട തിന്റെ ശേഷം കുമ്പസാരിച്ചിട്ടുണ്ടോ? കുമ്പസാരത്തിൽ കല്പിക്ക പ്പെട്ട ദണ്ഡനമോ ശിക്ഷയോ നിറവേറ്റുവാൻ നീ ഉപേക്ഷ വിചാരി ച്ചിട്ടുണ്ടോ? ആ ദണ്ഡനത്തെയോ ശിക്ഷയെയോ അറിഞ്ഞുകൊണ്ടു താല്പര്യക്കുറവായി നിറവേറ്റിയിട്ടുണ്ടോ? എപ്പോഴെല്ലാം? നോമ്പു കൂടാതെ, നീ വിശുദ്ധ കുർബ്ബാന കാണാൻ പോയിട്ടുണ്ടോ? എത്ര പ്രാവശ്യം? രാവിലെ ഭക്ഷണം കഴിച്ചുകൊണ്ടു നീ വിശുദ്ധ കുർബ്ബാന കൈക്കൊണ്ടിട്ടുണ്ടോ? നീ വിഗ്രഹാരാധന ചെയ്തിട്ടുണ്ടോ? ദൈവ ത്തിനു മാത്രം കൊടുക്കേണ്ട ബഹുമാനവും ആരാധനയും നീ ഏതെങ്കിലും സൃഷ്ടികൾക്കു കൊടുത്തിട്ടുണ്ടോ? എന്തെങ്കിലും ക്ഷുദ്രമോ മന്ത്രമോ ആഭിചാര സംബന്ധമായ ഏതെങ്കിലും പ്രവൃ ത്തിയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത്? എപ്പോഴെല്ലാം? ഇങ്ങ നെയുള്ള വല്ലതും നീ ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? ഇങ്ങനെ യുള്ള പ്രവൃത്തികൾ മറ്റുള്ളവർക്ക് ചീത്ത ദൃഷ്ടാന്തമായി തീർന്നി ട്ടുണ്ടോ? എത്രപേർക്ക്? വിശുദ്ധനമസ്കാരങ്ങളെ മൂഢവിശ്വാസത്തി നായി ഉപയോഗിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? വരുവാനുള്ള കാര്യ ങ്ങൾ അറിയുന്നതിനായി നീ പ്രശ്നക്കാരെ കണ്ട് ആലോചിച്ചിട്ടു ണ്ടോ? കാണാതെ പോയതോ നഷ്ടപ്പെട്ടതോ ആയ വസ്തുവക കൾ കിട്ടുന്നതിനുവേണ്ടിയോ മറ്റേതെങ്കിലും കാര്യസാദ്ധ്യത്തിനാ യിട്ടോ നീ ക്ഷുദ്രക്കാരെ അന്വേഷിക്കയോ കണ്ടാലോചിക്കയോ ചെയ്തിട്ടുണ്ടോ? എന്തിനായി? എപ്പോഴെല്ലാം? പ്രശ്നങ്ങളിലോ, ശകുനങ്ങളിലോ നീ വിശ്വസിക്കയോ അവയെ ആചരിക്കയോ അന്ധ വിശ്വാസ സംബന്ധമായ വേറെ ഏതെങ്കിലും നടപടിയെ നീ ആച രിക്കയോ ചെയ്തിട്ടുണ്ടോ? എന്തിനെയെല്ലാം? എപ്പോഴെല്ലാം? നന്മയ്ക്കോ തിന്മയ്ക്കോ ദൈവത്തെ നീ ദുഷിച്ചിട്ടുണ്ടോ? ദൈവ ത്തിന്റെ വിശുദ്ധന്മാരെ നീ നിന്ദിച്ചിട്ടുണ്ടോ? വിശുദ്ധ വേദപുസ്തക ത്തേയും കുർബ്ബാന തക്സാ, മുതലായ പരിശുദ്ധ പുസ്തകങ്ങ ളേയും നീ നിന്ദിച്ചിട്ടുണ്ടോ? ദേവാലയത്തിൽ ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കളെ നീ നിന്ദിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

(മൂന്നാമത്തെ കല്പന)

"നിന്റെ ദൈവമായ കർത്താവിന്റെ തിരുനാമത്തെ നീ വൃഥാ എടുക്കരുത്."

നീ ദൈവത്തിന്റെ നാമത്തെ വൃഥാ എടുത്തിട്ടുണ്ടോ? സാധാരണ സംസാരത്തിൽ ദൈവത്തെക്കുറിച്ചുള്ള ഭക്തിയും ബഹുമാനവും കൂടാതെ ദൈവത്തിന്റെ തിരുനാമത്തെ നീ പറഞ്ഞിട്ടുണ്ടോ?

നീ കള്ളസത്യം ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തു കാര്യസാദ്ധ്യത്തിനുവേണ്ടി? സത്യമോ വ്യാജമോ എന്നു നിശ്ചയമില്ലാത്ത സംഗതിക്കുവേണ്ടി നീ സത്യം ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തിനുവേണ്ടി? ധൃതഗതിയോടും ആലോചനകൂടാതെയും തക്കതായ കാരണംകൂടാതെയും നീ സത്യം ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തിനുവേണ്ടി? തിന്മയായുള്ളതോ നീതികേടായുള്ളതോ ആയ എന്തെങ്കിലും പ്രവൃത്തി ചെയ്യാമെന്നു നീ സത്യം ചെയ്തിട്ടുണ്ടോ? എന്തു പ്രവൃത്തി? എന്തുദ്ദേശത്തോടുകൂടി? അങ്ങനെ ചെയ്ത സത്യത്തെ പരിപാലിച്ചു പാപം ചെയ്തിട്ടുണ്ടോ? ന്യായമായി നീ ചെയ്തിട്ടുള്ള സത്യത്തെയോ ഉടമ്പടിയെയോ നീ നിറവേറ്റാതിരുന്നിട്ടുണ്ടോ? എന്തിനെയെല്ലാം? എപ്പോഴെല്ലാം? അങ്ങനെയുള്ളതിനെ നിവൃത്തിയുള്ള പക്ഷം ഇനിമേലാൽ നിറവേറ്റാൻ നീ തയ്യാറുണ്ടോ?

ആവശ്യം കൂടാതെയും ആലോചന കൂടാതെയും അനേക കാര്യങ്ങളിൽ ദൈവത്തിന്റെ നാമത്തിലും നിന്നെക്കൊണ്ടും പരിശുദ്ധന്മാരെക്കൊണ്ടും മറ്റും ആണയിടുന്ന പതിവു നിനക്കുണ്ടോ? ഇങ്ങനെയുള്ള പതിവ് നിനക്കുണ്ടായിട്ട് ഇപ്പോൾ എത്ര നാളായി? നീ വൃഥാ ആണകൾ ദിവസം എത്ര പ്രാവശ്യം വീതം (അല്ലെങ്കിൽ ആഴ്ചയിൽ എത്ര പ്രാവശ്യം വീതം) ഇടുന്നുണ്ട്?

നിന്നെത്തന്നെയോ മറ്റുള്ളവരെയോ ഏതെങ്കിലും വസ്തുക്കളെയോ നീ ശപിക്കുകയോ പിരാകുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ നിന്റെ ഹൃദയത്തിൽ നിന്നാണോ ശപിച്ചത്? വെറും വാക്കായിട്ടു മാത്രമാണോ പിരാകിയത്? എപ്പോഴെല്ലാം? എന്തിനുവേണ്ടി? മറ്റാരെങ്കിലും സത്യം ചെയ്യുന്നതിനോ ദൈവദൂഷണം പറയുന്നതിനോ പിരാകുന്നതിനോ നീ സഹായി ആയി തീർന്നിട്ടുണ്ടോ? എപ്പോഴെല്ലാം? അവരെല്ലാം ഇപ്പോൾ മാനസാന്തരപ്പെട്ടിരിക്കു

ന്നുവോ? വേണ്ടിടത്തോളമുള്ള അറിവു കൂടാതെയും ആലോചന കൂടാതെയും നീ ധൃതഗതിയായി ആണയിട്ടിട്ടുണ്ടോ? എപ്പോഴെല്ലാം? ദൈവത്തോടു നീ ചെയ്തിട്ടുള്ള ഏതെങ്കിലും സത്യത്തെയോ ഉട മ്പടിയെയോ ലംഘിച്ചിട്ടുണ്ടോ? എന്തിനെ? എപ്പോൾ?

(ഇങ്ങനെയുള്ള പല ഉടമ്പടികളെ ലംഘിച്ചിട്ടുണ്ടെങ്കിൽ അവ യെല്ലാം ഏറ്റു പറയണം).

(നാലാമത്തെ കല്പന)

"നീ സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക."

നീ വിശുദ്ധ ഞായറാഴ്ച ശരിയായി ആചരിപ്പാൻ ഉപേക്ഷ കാണിച്ചിട്ടുണ്ടോ? നിവൃത്തിയുള്ളപ്പോൾ വിശുദ്ധ കുർബ്ബാന കാണാതെ മടിച്ചിരുന്നിട്ടുണ്ടോ? എത്രപ്രാവശ്യം? നല്ല വസ്ത്രമി ല്ലെന്നോ മറ്റോ ഉള്ള കാരണങ്ങൾ തൃപ്തികരമായ കാരണമാണെ ന്നുവെച്ചു വിശുദ്ധ ആരാധനയിൽ സംബന്ധിക്കാതിരുന്നിട്ടുണ്ടോ? എപ്പോഴെല്ലാം? ദേവാലയത്തിൽ കുർബ്ബാന തുടങ്ങിയശേഷം താമ സിച്ചു എത്തിയിട്ടുണ്ടോ? എത്ര പ്രാവശ്യം? വ്രതം കൂടാതെയും കാപ്പിയൊ മറ്റെന്തെങ്കിലും ഭക്ഷണമോ, കഴിച്ചുകൊണ്ടും ദേവാലയ ത്തിൽ വി. കുർബ്ബാനയ്ക്കു പോയിട്ടുണ്ടോ? എത്രപ്രാവശ്യം? ദേവാ ലയത്തിൽ എത്തിയാൽ ആരാധനയിൽ സംബന്ധിക്കുന്നതിൽ താല്പ ര്യപ്പെടാതെ സമയം ചെലവാക്കിയിട്ടുണ്ടോ? സ്വന്ത ശരീരസുഖത്തെ നോക്കി അലക്ഷ്യമായിട്ടും ഭക്തികൂടാതെയും ദേവാലയത്തിൽ ചാരി നില്ക്കുകയും മറ്റും ചെയ്തിട്ടുണ്ടോ? എത്ര പ്രാവശ്യം? കുർബ്ബാന ക്രമം മനഃപാഠം അറിഞ്ഞുകൂടായെങ്കിൽ കുർബ്ബാനപുസ്തകം കൂടാതെ കുർബ്ബാന കാണുകയും യോഗ്യമായ പ്രാർത്ഥനകൾ ചൊല്ലാതിരിക്കയും ചെയ്തിട്ടുണ്ടോ? നിന്റെ രക്ഷയ്ക്കും പുണ്യ ത്തിനും വേണ്ടി വിശുദ്ധ പൂജാപാത്രങ്ങളിൽ എഴുന്നള്ളുന്നവനായ മ്ശിഹാതമ്പുരാനെ ആരാധിക്കയും വന്ദിക്കാതെയും കുർബാന കഴിഞ്ഞു മടങ്ങി പോയിട്ടുണ്ടോ? എത്ര പ്രാവശ്യം? ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ഭക്തിയായി ത്രോണോസിങ്കലേക്കു നോക്കി വണങ്ങുകയും, കുരിശുവരച്ച് പ്രാർത്ഥിക്കയും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ എത്രപ്രാവശ്യം? ദേവാലയത്തിൽ ഭക്തിയോടു നില്ക്കു ന്നതും പ്രാർത്ഥിക്കുന്നതും മറ്റും മറ്റുള്ളവരുടെ മുമ്പിൽ നിനക്കു ലജ്ജാകരമെന്നു വച്ചിട്ട് അതിൽ ഉദാസീനത കാണിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? ദേവാലയത്തിൽവച്ച് അലക്ഷ്യമായിട്ടും അഭക്തിയാ

യിട്ടും സംസാരിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? നിന്റെ അയൽക്കാരനോടുള്ള അസൂയയോ, ദ്വേഷമോ ദേവാലയത്തിൽവച്ചും പള്ളിസംബന്ധമായ കാര്യങ്ങളിലും നീ കാണിച്ചിട്ടുണ്ടോ? നിന്റെ സ്വന്തകാര്യത്തെ ദൈവകാര്യത്തേക്കാൾ ഏറെ സ്നേഹിച്ചിട്ടുണ്ടോ? ഏതു കാര്യങ്ങളിൽ? പള്ളിയേയോ, സഭയേയോ ദൈവിക സമൂഹങ്ങളെയോ നീ ഉപദ്രവിക്കയോ നഷ്ടപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എത്രമാത്രം നഷ്ടപ്പെടുത്തി? മാറനായ പെരുനാളുകളിൽ ദൈവികകർമ്മങ്ങളിലും ആരാധനകളിലും നീ സംബന്ധിക്കാതിരുന്നിട്ടുണ്ടോ? എത്ര പ്രാവശ്യം? എന്തു കാരണത്തിന്മേൽ? ഞായറാഴ്ചയും മാറാനായ പെരുന്നാളിലും വി. കുർബ്ബാന കാണാൻ തീരെ നിവൃത്തിയില്ലാതെ വന്നിട്ടുള്ളപ്പോൾ നീ നിന്റെ ഭവനത്തിലിരുന്നു വിശുദ്ധ കുർബ്ബാനയെക്കുറിച്ചും കർത്താവിന്റെ രക്ഷയെക്കുറിച്ചും ധ്യാനിക്കയും പ്രാർത്ഥിക്കയും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോഴെല്ലാം? നിന്റെ ഭവനത്തിലുള്ളവരും നിന്റെ അധികാരത്തിൻ കീഴിലുള്ളവരും ആയ എല്ലാവരും പള്ളിയിൽ പോകണമെന്നു നീ നിഷ്കർഷിച്ചിട്ടുണ്ടോ? ഞായറാഴ്ച നീ വിശുദ്ധ സഭയ്ക്കടുത്തതല്ലാത്ത വേലയെടുത്തിട്ടുണ്ടോ? വേറൊരു ദിവസത്തേയ്ക്കു നീക്കിവയ്ക്കാവുന്ന ലൗകികവേല ഞായറാഴ്ച നടത്തിയിട്ടുണ്ടോ? ഞായറാഴ്ച നീ വേല എടുപ്പിച്ചിട്ടുണ്ടോ? മറ്റു മാറാനായ പെരുനാളുകളിൽ നീ വേലയെടുക്കയോ എടുപ്പിക്കയോ തക്കതായ അത്യാവശ്യം കൂടാതെ നീ ഞായറാഴ്ചയോ മറ്റു മാറാനായപ്പെരുനാളിലോ എന്തെങ്കിലും കൂലിവേലയെടുക്കയോ, എടുപ്പിക്കയോ ചെയ്തിട്ടുണ്ടോ? എത്ര പ്രാവശ്യം?

(അഞ്ചാമത്തെ കല്പന)

"നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്ക."

നീ ഒരു കുട്ടിയാണെങ്കിൽ.... അല്ലെങ്കിൽ നിന്റെ കുട്ടിക്കാലത്തു നിന്റെ മാതാപിതാക്കന്മാരോടു ന്യായമായ സ്നേഹവും, ബഹുമാനവും, അനുസരണവും കൂടാതെ നീ ഇരുന്നിട്ടുണ്ടോ? എപ്പോഴെല്ലാം? ഏതു കാര്യങ്ങളിൽ? (പ്രധാനമായ ഏതെല്ലാം കാര്യങ്ങളിൽ എന്നു പ്രത്യേകം പ്രത്യേകം കുമ്പസാരിക്കണം)

ന്യായമായ നിന്റെ അധികാരികളായ ആരുടെയെല്ലാം അടുക്കൽ നീ ഏതെല്ലാം വിഷയങ്ങളിൽ അനുസരണക്കേടു കാണിക്കയോ

അനാദരവ് കാണിക്കയോ ചെയ്തിട്ടുണ്ട്? ഏതു തരത്തിലുള്ള അധികാരികളോട്? എപ്പോഴെല്ലാം? നിന്റെ മാതാപിതാക്കന്മാർ മരിച്ചുപോകണമെന്നു നീ ആഗ്രഹിക്കയോ അവരെ പിരാകുകയോ അവരെ വേദനപ്പെടുത്തത്തക്കവണ്ണം നീ അവരോട് സംസാരിച്ചിട്ടുണ്ടോ? നിന്റെ കൈ അവർക്കെതിരായി നീ ഉയർത്തിയിട്ടുണ്ടോ? അവരെ ഭയപ്പെടുത്തിയിട്ടുണ്ടോ? അവർ ആണയിടുകയോ പിരാകുകയോ വേറെ ഏതെങ്കിലും വിധത്തിൽ ദൈവത്തെ കോപിപ്പിക്കയോ ചെയ്യാൻ നീ ഇടയാക്കിയിട്ടുണ്ടോ? എപ്പോഴെല്ലാം? നിന്റെ മാതാപിതാക്കന്മാരുടേയോ, രക്ഷകർത്താക്കന്മാരുടേയോ അടുക്കൽ നിന്നു നീ മോഷ്ടിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തെല്ലാം?

അവരുടെ പണത്തെയോ, വസ്തുവകകളെയോ, നീ നാനാവിധമാക്കിയിട്ടുണ്ടോ? എന്തിനെയെല്ലാം? എപ്പോഴെല്ലാം?

നിന്റെ മാതാപിതാക്കന്മാരുടെ ആത്മീയ ആവശ്യങ്ങൾ സാധിപ്പിച്ചു കൊടുപ്പാൻ നീ ഉപേക്ഷ വിചാരിച്ചിട്ടുണ്ടോ? എന്താവശ്യങ്ങളെ? എപ്പോഴെല്ലാം?

നിന്റെ മാതാപിതാക്കന്മാരുടെ ശരീരപ്രകാരമുള്ള ആവശ്യങ്ങൾക്കു നീ മുട്ടുവരുത്തുകയൊ അവരെ കഷ്ടപ്പെടുത്തുകയൊ ചെയ്തിട്ടുണ്ടോ? എന്തിനെല്ലാം? എപ്പോഴെല്ലാം?

ഒരു മാതാവൊ പിതാവൊ ആണെങ്കിൽ നിന്റെ കുട്ടികളെ നീ എളുപ്പത്തിൽ മാമോദീസാ മുക്കുന്നതിന് താല്പര്യപ്പെടാതിരുന്നിട്ടുണ്ടോ?

അവരെ നമസ്കാരങ്ങളും സത്യക്രിസ്തീയ ഉപദേശങ്ങളും പഠിപ്പിക്കുന്നതിനു നീ താല്പര്യപ്പെടാതിരുന്നിട്ടുണ്ടോ? ശൈശവകാലം മുതൽ അവർ ദൈവത്തെ സ്നേഹിക്കുന്നവരും ഭയപ്പെടുന്നവരും ആയി അവരെ നീ വളർത്തിയിട്ടുണ്ടോ? അവർ മതവിപരീതങ്ങൾ പഠിക്കാതെ നീ അവരെ സൂക്ഷിച്ചിട്ടുണ്ടോ? ഇപ്പോൾ അവരുടെ ആത്മീയാവസ്ഥ എന്താണ്. അവർ കുമ്പസാരിക്ക, വിശുദ്ധ കുർബ്ബാന കൈക്കൊള്ളുക മുതലായ ഭക്തി സംബന്ധമായ കാര്യങ്ങളിൽ മുറയ്ക്കു താല്പര്യപ്പെടുവാൻ നീ അവരെ ഉപദേശിച്ചു വളർത്തിയിട്ടുണ്ടോ? നീ ക്രമമായി പ്രാർത്ഥിക്കുന്നവനാണോ? നിന്റെ ഭാര്യയും (ഭർത്താവും) കുഞ്ഞുങ്ങളും ക്രമമായി പ്രാർത്ഥിക്കുന്നവരാണോ?

നീയും അവരും പ്രാർത്ഥിക്കുന്ന കാര്യത്തിൽ നീ ഉപേക്ഷ കാണിച്ചിട്ടുണ്ടോ? അവരെ ശാസിക്കയും അവരുടെ തെറ്റുകളെ തിരുത്തിക്കൊടുക്കയും ചെയ്‌വാൻ നീ മടി കാണിച്ചിട്ടുണ്ടോ? ക്രമക്കേടായി അവരെ നീ ശാസിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തിനുവേണ്ടി? അവരെ പാപത്തിലേക്ക് ആകർഷിക്കുന്ന സ്ഥലങ്ങളിൽനിന്നും സന്ദർഭങ്ങളിൽ നിന്നും ആളുകളിൽ നിന്നും ദൂരത്തേക്കു മാറ്റാതെയിരുന്നിട്ടുണ്ടോ? ചീത്ത കൂട്ടുകാർ, ചീത്ത പുസ്തകങ്ങൾ, ചീത്ത നാടകങ്ങൾ, തിന്മപെട്ട വിനോദങ്ങൾ മുതലായതിൽ നിന്ന് അവരെ നീ ദൂരത്താക്കി സൂക്ഷിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോഴെല്ലാം!

ഒരു യജമാനനോ യജമാനസ്ത്രീയോ എന്ന നിലയിൽ നിന്റെ വേലക്കാരുടെ നടപടികളെ സൂക്ഷിക്കുന്നതിനു നീ ഉപേക്ഷ കാണിച്ചിട്ടുണ്ടോ? നിന്നോടുള്ള സംസർഗ്ഗം കൊണ്ടു, അവർ മിശിഹാതമ്പുരാനെ അറിയുന്നതിനും വിശ്വസിക്കുന്നതിനും കൈക്കൊള്ളുന്നതിനും വിശുദ്ധിയിൽ ജീവിക്കുന്നതിനും നീ ഇടയാക്കിയിട്ടുണ്ടോ? കർത്താവിനെക്കുറിച്ചു നീ അവരോടുപദേശിച്ചിട്ടുണ്ടോ? നിനക്കു വേണ്ടിയെന്ന പോലെ അവർക്കുവേണ്ടിയും കൂടെയാണ് കർത്താവ് കുരിശുമരണം സഹിച്ചതെന്ന് ഓർത്ത് അവരെ രക്ഷയിലേക്കു വരുത്തിയിട്ടുണ്ടോ? അന്യജാതിക്കാരെന്നുവെച്ച് അവരിൽ ആരെയെങ്കിലും നിന്ദിച്ചിട്ടുണ്ടോ? ക്രിസ്തീയരക്ഷയിലേക്ക് അവരെ കൊണ്ടുവരുന്നത് ആവശ്യമില്ലെന്നോ, നിന്റെ ചുമതലയല്ലെന്നോ നീ കരുതിയിരുന്നിട്ടുണ്ടോ? ദൈവവചനം അവരോടു പറവാൻ നീ ലജ്ജിച്ചിട്ടുണ്ടോ?

നിന്റെ വേലക്കാർക്ക് പ്രാർത്ഥിക്കുന്നതിനും വിശുദ്ധ കുർബാന കാണുന്നതിനും നീ അവസരം കൊടുക്കാതിരുന്നിട്ടുണ്ടോ? അവർ കുമ്പസാരിക്കുന്നതിനോ കുർബാന കൈക്കൊള്ളുന്നതിനൊ നീ അവർക്കു തടസ്സമുണ്ടാക്കിയിട്ടുണ്ടോ? അവരെ ഉത്സാഹിപ്പിക്കാതിരുന്നിട്ടുണ്ടോ?

(ആറാമത്തെ കല്പന)

“നീ കൊല ചെയ്യരുത്”

നീ ആരെയെങ്കിലും ശരീരപ്രകാരം കൊന്നിട്ടുണ്ടോ? നീ ആരെയെങ്കിലും മരണത്തിനുള്ള പാപത്തിലേക്ക് ആകർഷിച്ചു വീഴിച്ചിട്ട് ആത്മീയമായ കൊലപാതകം ചെയ്തിട്ടുണ്ടോ? എത്ര പേരേ? എപ്പോ

ഴെല്ലാം? നീ കോപിക്കയോ കലഹിക്കയോ ചെയ്തിട്ടുണ്ടോ? എത്ര പേരോട്? എപ്പോഴെല്ലാം? നിന്റെ മേലുള്ളവരോടോ, സമന്മാരോടൊ, കീഴിലുള്ളവരോടോ? ഇതുകൊണ്ട് എത്ര പേർക്കു നീ ചീത്ത ദൃഷ്ടാന്തമായി തീർന്നിട്ടുണ്ടോ? ദ്വേഷം കൊണ്ടോ ദുർബുദ്ധി കൊണ്ടോ ആരെങ്കിലും മരിക്കണമെന്നു നീ ആഗ്രഹിച്ചിട്ടുണ്ടോ?

ലോകപ്രകാരമുള്ള ഏതെങ്കിലും ഗുണമൊ ലാഭമൊ വരാനായി ആരെങ്കിലും മരിക്കണമെന്നു നീ ആഗ്രഹിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തു ലാഭത്തിനുവേണ്ടി? വചനത്താലോ പ്രവൃത്തിയാലോ നീ ആരോടെങ്കിലും പ്രതിക്രിയ ചെയ്തിട്ടുണ്ടോ? പ്രതിക്രിയ ചെയ്‌വാൻ ആഗ്രഹിച്ചിട്ടുണ്ടോ? പ്രതിക്രിയയ്ക്കുള്ള വിചാരത്തിലൊ ആലോചനയിലൊ നീ സന്തോഷിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

നീ ആരേയെങ്കിലും കോപിപ്പിച്ചിട്ടുണ്ടോ? വെല്ലുവിളിച്ചിട്ടുണ്ടോ? അടിക്കയൊ, തൊഴിക്കയൊ, മുറിപ്പെടുത്തുകയൊ, ചെയ്തിട്ടുണ്ടോ? ആരോടെങ്കിലും നീ കലഹിച്ചിട്ടുണ്ടോ? അടിപിടി നടത്തിയിട്ടുണ്ടോ? എപ്പോഴെല്ലാം? അവരെ നീ എത്രമാത്രം ദ്രോഹിച്ചിട്ടുണ്ട്?

മറ്റുള്ളവരോടു ദ്വേഷം മനസ്സിൽ വച്ചുകൊണ്ടിരുന്നിട്ടുണ്ടോ? ആരോടെങ്കിലും രമ്യപ്പെടാൻ നിനക്കു മനസ്സില്ലാതെ ഇരുന്നിട്ടുണ്ടോ? എത്രനാൾ ഇങ്ങനെ ഇരുന്നിട്ടുണ്ട്? ഇപ്പോൾ അവരോടു നീ രാജിപ്പെട്ടിരിക്കുന്നോ? ഇല്ലെങ്കിൽ നീ എന്തു നിശ്ചയിച്ചിരിക്കുന്നു? (ഉടനെ രാജിപ്പെടണം) അവരുടെ നേരെ നിന്റെ ഹൃദയത്തിൽ എന്തു ദ്വേഷമാണുള്ളത്?

നീ ഗർഭം അലസിപ്പിച്ചിട്ടുണ്ടോ? അലസിപ്പിക്കാൻ വിചാരിച്ചിട്ടുണ്ടോ? ഇപ്രകാരമുള്ള പൈശാചിക പ്രവൃത്തിക്ക് ആലോചിക്കയോ, സമ്മതിക്കയോ, സഹായിക്കയോ ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? ആരുടെയെങ്കിലും ആയുഷ്ക്കാലം കുറയ്ക്കത്തക്കവണ്ണം നീ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അപ്രകാരം ചെയ്‌വാൻ ആഗ്രഹിക്കയോ, ആലോചിക്കയോ, സമ്മതിക്കയോ, സഹായിക്കയോ ചെയ്തിട്ടുണ്ടോ? നിന്റെ ആയുഷ്ക്കാലം കുറയ്ക്കാൻ നീ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? നിന്നെത്തന്നെയോ, മറ്റുള്ളവരെയോ, ആലോചനക്കുറവായി മരണത്തിനുള്ള വഴിയിൽ നീ ആക്കിവെച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

ഏതെങ്കിലും വികാരങ്ങൾ നിമിത്തമോ, ക്ഷമയില്ലായ്കയാലോ നിന്റെ സ്വന്തമരണത്തെ നീ ആഗ്രഹിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

നീ നിന്നെത്തന്നെ കൊന്നുകളയുന്നതിനു വിചാരിക്കയോ ആലോചിക്കയോ ചെയ്തിട്ടുണ്ടോ? ഇങ്ങനെ ഏതെങ്കിലും കരുതി പ്രവർത്തിക്കാൻ പുറപ്പെട്ടിട്ടുണ്ടോ? എപ്പോഴെല്ലാം?

നിന്റെ ശക്തിക്കു തക്കവണ്ണം നീ ധർമ്മം കൊടുക്കാതിരുന്നിട്ടുണ്ടോ? പള്ളിയേയോ സഭയേയോ ദൈവികവേലകളെയോ ദൈവികസമൂഹങ്ങളെയോ നിന്റെ ശക്തിക്കും സ്ഥിതിക്കും തക്കവണ്ണം നീ സഹായിക്കാതിരുന്നിട്ടുണ്ടോ?

നിനക്കു നിവൃത്തിയുണ്ടായിരുന്നപ്പോൾ പാപികളെ കർത്താവിനു നീ ആദായപ്പെടുത്താതിരുന്നിട്ടുണ്ടോ, എപ്പോഴെല്ലാം? ആരെയെങ്കിലും മരണകരമായ പാപത്തിൽ വീഴിച്ചിട്ട് ആത്മീയമായ കൊലപാതകം ചെയ്തിട്ടുണ്ടോ, എത്രപേരെ? എപ്പോഴെല്ലാം? ആലോചന പറഞ്ഞുകൊടുത്തിട്ടോ, ഉത്സാഹിപ്പിച്ചിട്ടോ, നിർബ്ബന്ധിച്ചിട്ടോ, കല്പിച്ചിട്ടോ നീ ആരെയെങ്കിലും മരണകരമായ പാപത്തിൽ വീഴിച്ചിട്ടുണ്ടോ? വീഴിക്കാൻ നീ ഉത്സാഹിച്ചിട്ടുണ്ടോ? വേറെ ഏതെങ്കിലും വിധത്തിൽ ആരെയെങ്കിലും പാപത്തിൽ വീഴിക്കുകയോ പാപത്തിലേക്ക്, ആകർഷിക്കുകയോ ചെയ്തിട്ടുണ്ടോ? ഏതെങ്കിലും പാപങ്ങളിലേക്ക് എപ്പോഴെല്ലാം? എത്രപേരെ?

പൈശാചികമായ സംഭാഷണങ്ങൾ നിമിത്തം ആർക്കെങ്കിലും നീ ചീത്ത ദൃഷ്ടാന്തമായി തീർന്നിട്ടുണ്ടോ? ഇങ്ങനെ ആർക്കെങ്കിലും പാപത്തിലേക്കു നീ വഴി തെളിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? വചനത്താലോ ആംഗ്യത്താലോ പ്രവൃത്തിയാലോ മദ്യപാനം കൊണ്ടോ നിന്റെ ക്രമവിരോധമായ വസ്ത്രധാരണംകൊണ്ടോ വേറെ ഏതെങ്കിലും വിധത്തിലോ നീ മറ്റുള്ളവർക്കു ചീത്ത ദൃഷ്ടാന്തമായി തീർന്നിട്ടുണ്ടോ? എത്രപേർക്ക്?

(ഏഴാമത്തെ കല്പന)

"നീ വ്യഭിചാരം ചെയ്യരുത്"

അശുദ്ധമായ ഏതെങ്കിലും പ്രവൃത്തി നീ ചെയ്തിട്ടുണ്ടോ?

പതിവ്രതാധർമ്മത്തിനും നിർമ്മലതയ്ക്കും വിപരീതമായി നീ ചെയ്തുപോയ ഓരോ പാപങ്ങളെയും സൂക്ഷ്മമായി നീ ഓർത്തു നിന്നെത്തന്നെ പരിശോധിക്കണം. ഇങ്ങനെയുള്ള പാപങ്ങളിലേക്കു നിന്നെ നടത്തിയിട്ടുള്ള ആളുകളോ സന്ദർഭങ്ങളോ സ്ഥലങ്ങളോ ഏതെല്ലാം എന്ന് ഓർക്കണം. നിന്റെ ചെറുപ്പം മുതൽ ഈ വിഷയ

ത്തിലുള്ള തെറ്റുകളെ ഓരോന്നോരോന്നായി ഓർത്തു എത്രയും ദുഃഖത്തോടും ലജ്ജയോടുംകൂടി മുഴുവനായി ഏറ്റുപറഞ്ഞു കുമ്പസാരിക്കണം. പരിപൂർണ്ണമായ ദുഃഖത്തോടും യാതൊരു പാപവും അറിഞ്ഞുകൊണ്ടു മറച്ചുവയ്ക്കാതെയും നീ കുമ്പസാരിച്ചിട്ടുണ്ടെങ്കിൽ — കഴിഞ്ഞ കുമ്പസാരത്തിന്റെ ശേഷം എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ — അവ പൂർണ്ണമായും ദുഃഖത്തോടും ഏറ്റുപറഞ്ഞാൽ മതി.

നീ ചീത്ത പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ? വായിപ്പാൻ ആഗ്രഹിച്ചിട്ടുണ്ടോ? മറ്റുള്ളവർ വായിപ്പാൻ സഹായിക്കയോ, അനുവദിക്കയോ, വിരോധിക്കാതിരിക്കയോ, ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം ചീത്തയായ സംസാരത്തിൽ നീ കൂടിയിട്ടുണ്ടോ? നീ എപ്പോഴെല്ലാം ദുർമ്മോഹങ്ങൾക്കു സഹായിക്കത്തക്കവണ്ണം വസ്ത്രം ധരിച്ചിട്ടുണ്ടോ? പതിവ്രതാധർമ്മത്തിനു ഭംഗം വരത്തക്കവണ്ണമുള്ള പദാർത്ഥങ്ങളെ നീ നോക്കിയിട്ടുണ്ടോ?

നീ വിവാഹം ചെയ്യാത്തവനാണെങ്കിൽ ദൈവമാതാവായ കന്യകമറിയാമിന്റെ പതിവ്രതാധർമ്മത്തെ നീ ധ്യാനിച്ചിട്ടുണ്ടോ?

നമ്മുടെ കർത്താവിന്റെ നിർമ്മലജീവിതത്തെ നീ ധ്യാനിച്ചിട്ടുണ്ടോ?

കർത്താവു മനുഷ്യനായി ഇപ്രകാരം ജീവിച്ചതും, കന്യകയായ മാതാവു ജീവിച്ചതുകൊണ്ടും നിനക്കും നിർമ്മലജീവിതം സാധിക്കുമെന്നും അതിനുത്സാഹിച്ചാൽ കർത്താവു സഹായിക്കുമെന്നും, ഓർക്കാതെ നീ പാപങ്ങൾക്കു വഴിപ്പെട്ടിട്ടുണ്ടോ? നീ അശുദ്ധവിചാരങ്ങളിൽ രസിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? അശുദ്ധിക്കു സഹായിക്കുന്ന സ്ഥലങ്ങളിലോ, സന്ദർഭങ്ങളിലോ, ആളുകളുടെ അടുക്കലോ നീ നില്ക്കയോ, ഇരിക്കയോ, കിടക്കയോ, ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം?

നീ വിവാഹം ചെയ്ത ആളാണെങ്കിൽ അനുരാഗം നിന്റെ ഭാര്യയോടു (ഭർത്താവിനോടു) മാത്രമേ ആയിരിക്കയുള്ളു എന്നു വിവാഹകൂദാശസമയത്തു കർത്താവിനോടു ചെയ്ത ഉടമ്പടിയെ പാലിച്ചിട്ടുണ്ടോ? നിങ്ങൾ ഇരുവരും ഒരു ജഡമായി തീരുമെന്നുള്ള കല്പനയ്ക്കു നീ വിചാരത്താലോ പ്രവൃത്തിയാലോ ലംഘനം ചെയ്തിട്ടുണ്ടോ?

സന്ധ്യമുതൽ സന്ധ്യവരെ ഞായറാഴ്ചകളും മാറാനായ പെരുനാളുകളും ആചരിക്കണമെന്നുള്ള കല്പനയെ ലംഘിച്ചു നീ ഈ ദിവസങ്ങളിൽ വിവാഹമുറയിൽ ഇരുന്നിട്ടുണ്ടോ?

നിന്റെ ആത്മീയാഭിവൃദ്ധിക്കായി കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകളെ നീ ആചരിക്കാതെ നോമ്പുകാലങ്ങളിൽ നീ വിവാഹമുറയിൽ ഇരുന്നിട്ടുണ്ടോ? ആപൽക്കരങ്ങളോ ക്രമമല്ലാത്തതോ പ്രകൃതിവിരുദ്ധങ്ങളോ ആയ സ്വാതന്ത്ര്യങ്ങൾ ഭാര്യയുടെ അടുക്കൽ (ഭർത്താവിന്റെ അടുക്കൽ) നീ എടുത്തിട്ടുണ്ടോ? എപ്പോഴെല്ലാം? എങ്ങനെയെല്ലാം?

(എട്ടാമത്തെ കല്പന)

"നീ മോഷ്ടിക്കരുത്"

നീ എന്തെങ്കിലും മോഷ്ടിച്ചിട്ടുണ്ടോ? നീ എന്തെങ്കിലും വഞ്ചിച്ചെടുത്തിട്ടുണ്ടോ? വില്ക്കുന്നതിലോ, വാങ്ങിക്കുന്നതിലോ, എന്തെങ്കിലും പദാർത്ഥം കൈകാര്യം ചെയ്യുന്നതിലോ, കൈമാറ്റം ചെയ്യുന്നതിലോ നീ ആരെങ്കിലും വഞ്ചിച്ചിട്ടുണ്ടോ? എന്തെല്ലാം? ആരുടെയെങ്കിലും ഏതെങ്കിലും വസ്തു നീ അപഹരിച്ചിട്ടുണ്ടോ? എന്തെല്ലാം ?

നീ മോഷ്ടിച്ചതോ വഞ്ചിച്ചെടുത്തതോ? അപഹരിച്ചെടുത്തതോ ആയ വസ്തു എന്തു വിലപിടിക്കുന്നതാണ്?

അങ്ങനെയുള്ള വസ്തുക്കൾ ഇപ്പോൾ നിന്റെ കൈവശം ഉണ്ടോ? (ഉണ്ടെങ്കിൽ തിരികെ കൊടുക്കണം). അങ്ങനെയുള്ള വസ്തു ഇപ്പോൾ കൈവശമില്ലെങ്കിൽ അതിന്റെ വില ഇപ്പോൾ തിരികെ കൊടുക്കാൻ പ്രാപ്തിയുണ്ടോ? ഇപ്പോൾ പ്രാപ്തിയില്ലെങ്കിൽ എപ്പോൾ തിരികെ കൊടുക്കാം? (ഈ വിഷയത്തിൽ പട്ടക്കാർ കല്പിക്കുന്നതു പോലെ നീ ചെയ്യണം.)

വേറൊരുത്തന്റെ ഏതെങ്കിലും വസ്തു അന്യായമായി നിന്റെ കൈവശം വെച്ചിരുന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രനാൾ? എന്തു വില വരുന്നത്?

നിന്റെ അയല്ക്കാരന്റെ ഭവനത്തിനോ, കന്നുകാലികൾക്കോ, വൃക്ഷങ്ങൾക്കോ, വസ്തുവകകൾക്കോ, അന്യായമായി എന്തെങ്കിലും ദ്രോഹം ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം?

കടം വീട്ടാമെന്നുള്ള ഉറപ്പു കൂടാതെ നീ കടം വാങ്ങിച്ചിട്ടുണ്ടോ? കടം വീട്ടാൻ നിവൃത്തിയുണ്ടാകയില്ലെന്നു അറിഞ്ഞുകൊണ്ടു നീ കടം വാങ്ങിച്ചിട്ടുണ്ടോ? നിന്റെ ന്യായമായ കടം വീട്ടുന്നതിനു നിനക്കു

നിവൃത്തിയുണ്ടായിരുന്നപ്പോൾ നീ കടം വീട്ടാൻ മടിക്കയോ താമസിക്കയോ ചെയ്തിട്ടുണ്ടോ?

അനാവശ്യമായും അധികമായും ചെലവിടുന്നതിനാൽ കടം വീട്ടാൻ നിനക്കു നിവൃത്തിയില്ലാത്ത സ്ഥിതിയിൽ നിന്നേത്തന്നെ നീ ആക്കി വെച്ചിട്ടുണ്ടോ? ഇങ്ങനെ ചെയ്തിട്ടു നിനക്കു കടം തന്നവരെയോ നിന്റെ കുടുംബത്തെയോ നീ ദ്രോഹിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

വൈദികവിഷയങ്ങൾക്കോ പള്ളിവകയ്ക്കോ ദൈവവേലകൾക്കോ, അങ്ങനെയുള്ള സമൂഹങ്ങൾക്കോ ആയി നിന്നെ വിശ്വാസമായി ഏല്പിച്ചിരുന്ന പണത്തിൽ നീ വല്ല വഞ്ചനയും കാണിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എപ്പോഴെല്ലാം? എത്ര പണം? അതിനെ തിരികെ കൊടുത്തിട്ടുണ്ടോ? ഇങ്ങനെയുള്ള പണം നിന്നെ വിശ്വാസമായി ഏല്പിച്ചിരുന്ന കാലത്തു നിന്റെ താല്പര്യക്കുറവുകൊണ്ടോ, അന്വേഷണക്കുറവുകൊണ്ടോ, ഉത്സാഹക്കുറവുകൊണ്ടോ, തൻകാര്യത്തിലുള്ള താല്പര്യംകൊണ്ടോ, മറ്റുവല്ല കാരണംകൊണ്ടോ നഷ്ടം വരുത്തുകയോ, നഷ്ടം വരുവാൻ ഇടയാക്കുകയോ ചെയ്തിട്ടുണ്ടോ? ഇങ്ങനെയുള്ള പൊതുമുതലിനെ ശരിയായി അന്വേഷിക്കുകയും സൂക്ഷിക്കുകയും അതിന്റെ ഉദ്ദേശ്യപ്രകാരം ഉപയോഗിക്കുകയും ചെയ്വാൻ നിനക്കു നിന്റെ സ്വന്തജോലിയുടെ ആധിക്യം നിമിത്തം നിവൃത്തിയില്ലാത്തപ്പോൾ നീ ഈ ചുമതല ഏറ്റിട്ടുണ്ടോ? എപ്പോൾ?

ധർമ്മവിഷയങ്ങൾക്കായുള്ള പണം നിന്നെ ആരെങ്കിലും ഏല്പിച്ചിട്ടുണ്ടായിരുന്നെങ്കിൽ അതിനെ നീ ന്യായമായി ഉപയോഗിച്ചിട്ടുണ്ടോ? നീ ഇതിനെ ന്യായമായി ഉപയോഗിക്കാതിരുന്നതിനാൽ മറ്റുള്ളവർക്കു നഷ്ടമോ ബുദ്ധിമുട്ടോ നേരിട്ടിട്ടുണ്ടോ? എത്രമാത്രം?

ദൈവമഹത്വത്തിനുള്ള സംഗതികൾക്കു നിന്റെ സ്വന്ത പണവും, നിന്റെ അധീനത്തിലുള്ള പണവും ന്യായമായി ഉപയോഗിക്കുന്നതിൽ നീ ഉപേക്ഷ കാണിച്ചിട്ടുണ്ടോ?

പണം കടം കൊടുത്തിട്ടു നിന്റെ അയൽക്കാരനെ മുടിക്കാൻ നീ ഉത്സാഹിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? എത്രമാത്രം നീ ഇങ്ങനെ മുടിച്ചു? വേണ്ടപോലെയുള്ള അറിവോ സാമർത്ഥ്യമോ കൂടാതെ ഓരോ തൊഴിലിൽ പ്രവേശിച്ചു നീ മറ്റുള്ളവരെ നഷ്ടപ്പെടുത്തിയിട്ടുണ്ടോ? എത്രമാത്രം നഷ്ടപ്പെടുത്തിയിട്ടുണ്ട്?

മോഷ്ടിക്കപ്പെട്ട വസ്തുക്കളെ നീ വാങ്ങുകയോ വിലയ്ക്കു വാങ്ങിക്കയോ ചെയ്തിട്ടുണ്ടോ? ന്യായമായി നിനക്കു തരുന്നതിനു അവകാശമോ അധികാരമോ ഇല്ലാത്തവരോടു നീ വാങ്ങിയിട്ടുണ്ടോ? എന്തെല്ലാം? എപ്പോഴെല്ലാം?

നിന്നെ കൂലിക്കു നിറുത്തിയിട്ടുള്ള ആളിനു ന്യായമായി നീ ചെയ്തുകൊടുക്കേണ്ട വേല നീ ചെയ്യാതിരുന്നിട്ടുണ്ടോ? ഉടമ്പടി പ്രകാരം ചെയ്യേണ്ട വേല ചെയ്യാതിരുന്നിട്ടുണ്ടോ? എന്തിനെല്ലാം? എപ്പോഴെല്ലാം?

നിന്റെ അയല്ക്കാരന്റെ ദേഹത്തിനോ, സ്വത്തിനോ, നല്ല പേരിനോ, എന്തെങ്കിലും നഷ്ടം നീ വരുത്തീട്ടുണ്ടെങ്കിൽ അതിനു നിവൃത്തിയുള്ള പ്രതിവിധിയുണ്ടാക്കണം. (പ്രതിവിധി ഉണ്ടാക്കിക്കഴിഞ്ഞിട്ടില്ലെങ്കിൽ പട്ടക്കാരൻ അങ്ങനെ ശട്ടംകെട്ടുന്നതായിരിക്കും. അതുപോലെ പ്രവർത്തിക്കണം.) ഇതിനു നിന്റെ പൂർണ്ണ ശക്തിപോലെ പ്രതിവിധിയുണ്ടാക്കുന്നില്ലെങ്കിൽ പാപം ക്ഷമിക്കപ്പെടുന്നതല്ല.

നിന്റെ സഹോദരനെ ഏതെങ്കിലും തരത്തിൽ നീ നഷ്ടം വരുത്തിയതിനു പ്രതിവിധിയുണ്ടാക്കാൻ നിനക്കു നിവൃത്തിയുണ്ടായിരുന്നപ്പോൾ നീ അങ്ങനെ ചെയ്യാതിരിക്കയോ അതിനെ നീട്ടി വയ്ക്കയോ ചെയ്തിട്ടുണ്ടോ? എത്ര നാളത്തേക്ക്?

(ഒമ്പതാമത്തെ കല്പന)

"നിന്റെ അയൽക്കാരനു വിരോധമായി നീ കള്ളസാക്ഷി പറയരുത്." (ഇവിടെ അയൽക്കാരൻ എന്നു പറഞ്ഞിരിക്കുന്നത് നിന്റെ ഭാര്യ (ഭർത്താവ്) ഭവനത്തിലുള്ളവർ സമീപസ്ഥന്മാർ, മേലോ താഴെയോ ഉള്ളവർ മുതലായ ഏവരെയും കുറിച്ചാകുന്നു.)

നീ കള്ളം പറഞ്ഞിട്ടുണ്ടോ? പ്രധാനമായ ഏതെങ്കിലും കാര്യത്തിൽ കള്ളം പറഞ്ഞിട്ടുണ്ടോ? ഏതിലെല്ലാം? എപ്പോഴെല്ലാം?

ആർക്കെങ്കിലും ഏതെങ്കിലും ദോഷമോ നഷ്ടമോ വരത്തക്ക വണ്ണം കള്ളം പറഞ്ഞിട്ടുണ്ടോ? എപ്പോഴെല്ലാം? അപ്രധാന കാര്യങ്ങളിൽ കള്ളം പറഞ്ഞിട്ടുണ്ടോ? എപ്പോഴെല്ലാം? നീ കപടഭക്തി കാണിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? ഭക്തി നടിച്ചിട്ടു നീ മറ്റുള്ളവരെ വഞ്ചിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? തക്കതായ കാരണം കൂടാതെ നിന്റെ അയൽക്കാരനേക്കുറിച്ചു ചീത്ത അഭിപ്രായം നിന്റെ ഹൃദയത്തിൽ വച്ചുകൊണ്ടിരുന്നിട്ടുണ്ടോ? എത്രപേരെക്കറിച്ച്? എപ്പോഴെല്ലാം?

നിന്റെ അയൽക്കാരന്റെ ആന്തരങ്ങളെക്കുറിച്ചും ഉദ്ദേശ്യങ്ങളെക്കുറിച്ചും തക്കതായ കാരണങ്ങൾ കൂടാതെ നീ ദോഷമായി വിധിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

നിന്റെ അയൽക്കാരന്റെ (നിന്റെ അടുക്കൽ ഇല്ലാത്തവൻ) ദോഷങ്ങളെക്കുറിച്ചു നീ സംസാരിച്ചു രസിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? അവനെക്കുറിച്ച് ഇല്ലാത്ത ദോഷങ്ങൾ പറഞ്ഞിട്ടുണ്ടോ? എപ്പോഴെല്ലാം? നിന്റെ അയൽക്കാരനു സത്യത്തിൽ, ഉള്ള സൽഗുണങ്ങൾ ഇല്ലെന്നു പറകയോ പരിഹസിക്കയോ ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? അവന്റെ രഹസ്യപാപങ്ങളേയോ, കുറ്റങ്ങളേയോ, പരസ്യപ്പെടുത്തിയിട്ടുണ്ടോ? എപ്പോഴെല്ലാം? എന്താഗ്രഹത്തോടുകൂടി ഇങ്ങനെ ചെയ്തു? എത്ര പേരുടെ മുമ്പിൽ?

നിന്റെ അയൽക്കാരനില്ലാത്ത പാപങ്ങൾ ഉണ്ടെന്നു പറകയൊ, അവനെക്കുറിച്ചു നിനക്കു നിശ്ചയമില്ലാത്തതു നിശ്ചയമുണ്ടെന്നു പറകയോ, ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? എത്രപേരുടെ മുമ്പാകെ? (ഈ വക പാപങ്ങൾ വഴി നീ ഇല്ലാതാക്കിയ അവന്റെ നല്ല പേരിനെ തിരിയെ വരുത്തുവാൻ കഴിയുന്നത്ര ഉത്സാഹിക്കണം.)

നിന്റെ അയൽക്കാരനു ഉള്ളതോ ഇല്ലാത്തതോ ആയ ദൂഷ്യങ്ങൾ കേൾക്കുന്നതിൽ നീ കൂടിട്ടുണ്ടോ? എപ്പോഴെല്ലാം? ഈവക വർത്തമാനങ്ങളിൽ നീ രസിച്ചിട്ടുണ്ടോ? ഈവക സംസാരങ്ങളെ നീ ഉത്സാഹിപ്പിക്കുകയോ അനുവദിക്കയോ വിരോധിക്കാതിരിക്കയോ ചെയ്തിട്ടുണ്ടോ? എപ്പോഴെല്ലാം? പരിഹാസങ്ങളാലോ പ്രതികൂല വചനങ്ങളാലോ നീ നിന്റെ അയൽക്കാരന്റെ ബഹുമാനത്തെ നഷ്ടപ്പെടുത്തിയിട്ടുണ്ടോ? എപ്പോഴെല്ലാം? ശകാരങ്ങളാലോ കലഹം കൊണ്ടോ അവന്റെ മനസ്സമാധാനത്തെ നീ നഷ്ടപ്പെടുത്തിയിട്ടുണ്ടോ? എപ്പോഴെല്ലാം? ഓരോ വർത്തമാനങ്ങൾ അന്യോന്യം പറയുന്നതിനാലും മറ്റു വിധത്തിലും ആളുകൾ തമ്മിൽ തെറ്റിദ്ധാരണകളോ കലഹങ്ങളോ നീ ഉണ്ടാക്കിയിട്ടുണ്ടോ? എപ്പോഴെല്ലാം? എന്തുമാത്രം ഇങ്ങനെ ചെയ്തിട്ടുണ്ട്? ഇതുകൊണ്ട് എത്രമാത്രമുള്ള വിരുദ്ധങ്ങൾ ആളുകളുടെയിടയിൽ ഉണ്ടായിട്ടുണ്ട്, (ന്യായാധിപതിമാർ, വക്കീലന്മാർ, വ്യവഹാരം നടത്തുന്നവർ, സാക്ഷികൾ മുതലായവർ ഈ വക നന്നായി ആലോചിക്കണം.

(പത്താമത്തെ കല്പന)

"നിന്റെ അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുത്, നിന്റെ അയൽക്കാരനുള്ള യാതൊന്നിനേയും മോഹിക്കരുത്."

അശുദ്ധമായ ഏതെങ്കിലും വിചാരങ്ങളിലോ മനോരാജ്യങ്ങളിലോ നീ രസിച്ചിട്ടുണ്ടോ? അശുദ്ധമായ ഏതെങ്കിലും വിചാരം നിന്റെ മനസ്സിൽ നീ വച്ചുകൊണ്ടിരുന്നിട്ടുണ്ടോ?

ന്യായമായിട്ടായാലും അന്യായമായിട്ടായാലും നിന്റെ അയല്ക്കാരന്റെ ഏതെങ്കിലും വസ്തു നിനക്കു വേണമെന്നു നീ ആഗ്രഹിച്ചിട്ടുണ്ടോ? നിനക്കു സൗകര്യമുണ്ടായിരുന്നു എന്നു വരികിൽ മോഷ്ടിക്കയോ നിന്റെ അയല്ക്കാരന്റെ വസ്തു അപഹരിക്കയോ കരസ്ഥമാക്കുകയോ ചെയ്വാൻ തയ്യാറുള്ള വിധത്തിൽ നിന്റെ ഹൃദയത്തെ വെച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? നിനക്കു ലാഭം വരുന്നതിനുവേണ്ടി നിന്റെ അയല്ക്കാരനു നഷ്ടം വരണമെന്നോ അവൻ നശിക്കണമെന്നോ അവന് ആപത്തു സംഭവിക്കണമെന്നോ മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവൻ ദോഷപ്പെടണമെന്നോ നീ ആഗ്രഹിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം?

## തിരുസഭയുടെ കല്പനകൾ

ഞായറാഴ്ചയും മാറാനായ പെരുനാളും നീ ശരിയായി ആചരിച്ചിട്ടുണ്ടോ? തക്കതായ ആവശ്യം കൂടാതെയും പട്ടക്കാരന്റെ അനുവാദം കൂടാതെയും നീ ഈ ദിവസങ്ങളിൽ ലൗകികവേലകൾ ചെയ്തിട്ടുണ്ടോ?

ഞായറാഴ്ചയിലും മാറാനായ പെരുനാളിലും നീ വിശുദ്ധ കുർബാന കാണാതിരുന്നിട്ടുണ്ടോ? കുർബാന കണ്ടിട്ടുള്ളപ്പോൾ കരുതിക്കൊണ്ടു ശ്രദ്ധക്കുറവായി നീ അതിൽ സംബന്ധിച്ചിട്ടുണ്ടോ? എപ്പോഴെല്ലാം? നിന്റെ ഭവനത്തിലുള്ളവരും വേലക്കാരും വി.കുർബാന കാണണമെന്നു താല്പര്യപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോഴെല്ലാം?

മാംസം മുതലായ ഭക്ഷണങ്ങൾ വിലക്കിയിട്ടുള്ള ദിവസങ്ങളെ നീ ആചരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോഴെല്ലാം? ഭക്ഷണത്തിൽ നിന്നു വെടിഞ്ഞു നോമ്പു നോക്കേണ്ട ദിവസങ്ങളിൽ നീ അങ്ങനെ നോമ്പു നോക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ എപ്പോഴെല്ലാം? എന്തുകാരണത്താൽ?

ആരെങ്കിലും നോമ്പു ലംഘിക്കാൻ നീ കാരണക്കാരനോ, സഹായിയോ ആയിത്തീർന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രപേർക്ക്? എപ്പോഴെല്ലാം?

നിന്റെ പാപങ്ങളെ മുറയ്ക്ക് ഏറ്റു പറഞ്ഞിട്ടുണ്ടോ? ആണ്ടിലൊരിക്കൽ അതുവരെയുള്ള സർവ്വപാപങ്ങളെയും ഏറ്റു പറയുന്നതായ ആണ്ടുകുമ്പസാരം നീ കഴിക്കാതിരുന്നിട്ടുണ്ടോ? ആണ്ടിൽ ഒരിക്കലെങ്കിലും വി. കുർബ്ബാന കൈക്കൊള്ളാതെ നീ കഴിച്ചിട്ടുണ്ടോ? പെസഹാദിവസം എല്ലാവിശ്വാസികളും വി. കുർബാന കൈക്കൊള്ളേണ്ട മുറപ്രകാരം നീ ചെയ്തിട്ടുണ്ടോ?

മേലെഴുതിയിരിക്കുന്ന ചോദ്യങ്ങൾ നിന്റെ മനസ്സാക്ഷിയെ പരിശോധിപ്പാൻ സഹായിക്കുന്നവയാകുന്നു. തന്നെത്താൻ പരിശോധിച്ചിട്ടു നീ എത്രമാത്രം കുറ്റക്കാരനാണെന്നു കണ്ടുപിടിക്കുന്നതിന് ഇതു സഹായിക്കുന്നു. ഇങ്ങനെ തന്നെത്താൻ പരിശോധിക്കുന്നതിൽ നീ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ട ചില കാര്യങ്ങളുണ്ട്. നീ മറ്റുള്ളവരുടെ പാപത്തെ പരിശോധിപ്പാനല്ല തുടങ്ങുന്നത്. ദൈവത്തിന്റെ തിരുസന്നിധിയിൽ നിന്നെത്തന്നെ വച്ചിട്ടു നിന്റെ പാപങ്ങളെ പരിശോധിച്ചു കണ്ടുപിടിക്കുക. ഭർത്താവു ഭാര്യയുടേയോ, ഭാര്യ ഭർത്താവിന്റേയോ പാപങ്ങളെ പരിശോധിക്കേണ്ടാ. നീ നിന്റെ അയല്ക്കാരന്റെയൊ, സ്നേഹിതന്റെയോ, പാപങ്ങളെ പരിശോധിക്കേണ്ടാ. നിന്നെ പാപത്തിനു സഹായിച്ചിട്ടുള്ളവരൊ, പാപം നിനക്ക് ഉപദേശിച്ചിട്ടുള്ളവരൊ ആയ ആരുടെയും പാപത്തെ പരിശോധിക്കേണ്ട. നിന്റെ സ്വന്ത പാപങ്ങളെ പരിശോധിക്കുക. നിന്റെ ആത്മാവിനു പറ്റിയിരിക്കുന്ന മലിനതകൾ ഇന്നതെല്ലാമാണെന്നു പരിശോധിച്ചു കണ്ടുപിടിക്കുക. നിന്നെത്തന്നെ പരിശോധിക്കുന്നതു നീ എത്രമാത്രം ഉത്തമനും ദൈവഭക്തനുമാണെന്നു കണ്ടുപിടിക്കാനായിട്ടിരിക്കരുത്. എത്രത്തോളം തെറ്റുകാരനും അഭക്തനും, തിന്മ പ്രവർത്തിച്ചിട്ടുള്ളവനും ആണെന്നു കണ്ടുപിടിക്കാനായിരിക്കണം. നീ ചെയ്തിട്ടില്ലാത്ത പാപങ്ങൾ എന്തെല്ലാമാണെന്നു കണ്ടുപിടിക്കേണ്ട. നീ ചെയ്തിട്ടുള്ള പാപങ്ങൾ എന്തെല്ലാമാണെന്നു കണ്ടുപിടിക്കുക.

പൊതുവെ, നീ എല്ലാ കല്പനകളും ലംഘിച്ചിട്ടുള്ളവനാണെന്നു സമ്മതിച്ചാൽ മതിയാകയില്ല. നിന്റെ പാപങ്ങൾ ഇന്നതെല്ലാമാണെന്നു വിവരമായി കണ്ടുപിടിക്കയും അവയ്ക്കു മോചനം സമ്പാ

ദിക്കയും മേലാൽ ആ പാപങ്ങളിൽ വീഴാതെ പ്രത്യേകം കരുതിക്കൊള്ളാമെന്നുറയ്ക്കുകയും ചെയ്യേണ്ടതാവശ്യമാണ്. നീ അധികമായും പരീക്ഷിക്കപ്പെടുന്നതു ചെയ്തുപോയ പാപങ്ങൾ വീണ്ടും ചെയ്യുന്നതിനാകുന്നു. ആയതുകൊണ്ടുകൂടെയും പ്രത്യേകം കരുതേണ്ട ആവശ്യമുണ്ട്.

നിന്നെത്തന്നെ പരിശോധിക്കുമ്പോൾ, ഒന്നാമതായി നിന്റെ പാപങ്ങൾ എങ്ങനെയുള്ളതാണെന്നു കണ്ടുപിടിക്കുക. മേലെഴുതിയിരിക്കുന്ന ചോദ്യങ്ങൾ നിന്റെ പാപങ്ങൾ എങ്ങനെയുള്ളതാണെന്നു കണ്ടുപിടിക്കുവാൻ നിന്നെ സഹായിക്കുന്നതായിരിക്കും. ഓരോ കല്പനയ്ക്കും വിരോധമായിട്ടുള്ള അനേകം പാപങ്ങളെക്കുറിച്ചു മേലെഴുതിയ ചോദ്യങ്ങൾ ഭക്തിപൂർവ്വം വായിച്ചു നിന്നെത്തന്നെ പരിശോധിക്കുന്നതു നല്ലതാണ്. നിന്റെ പാപം ഏതു തരത്തിലുള്ളതാണെന്നു കണ്ടുപിടിച്ചുകഴിഞ്ഞിട്ട്, അങ്ങനെയുള്ള പാപം എത്ര പ്രാവശ്യം നീ ചെയ്തിട്ടുണ്ടെന്നു പരിശോധിക്കുക. സൂക്ഷ്മമായി കണ്ടുപിടിച്ചില്ലെങ്കിലും ഏറെക്കുറെയെങ്കിലും എത്ര പ്രാവശ്യമെന്നു കണ്ടുപിടിക്കുക. നിന്റെ ഹൃദയത്തെ അനുതാപത്തിങ്കലേയ്ക്കു ജ്വലിപ്പിക്കുന്നതിനും ഇതു നല്ലതാകുന്നു.

ഇതുകൂടാതെ വേറൊരു സംഗതികൂടെ നീ ആലോചിപ്പാനുണ്ട്. ചില പ്രവൃത്തികൾ തനിച്ചെടുത്തു നോക്കുമ്പോൾ നിസ്സാരങ്ങളെന്നു തോന്നിയാലും അവയുടെ സന്ദർഭം കൊണ്ടു എത്രയും ഗൗരവതരമായിരിക്കും. ദൃഷ്ടാന്തമായി, നീ കോപിച്ച് ഒരാളിനെ അടിച്ചു എന്നിരിക്കട്ടെ. ഇതു പാപമാണ്. നിന്റെ അപ്പനെയാണ് അടിച്ചതെന്നു വരികിൽ എത്ര ഭയങ്കരമായ പാപമാണ്! ആയതുകൊണ്ട് ഒരു പ്രവൃത്തിയുടെ ഫലം സന്ദർഭമനുസരിച്ച് വളരെ ഭേദപ്പെടുന്നു.

ഇങ്ങനെ തന്നെത്താൻ പരിശോധിക്കുന്നതിൽ ഒന്നു രണ്ടു സംഗതികൾ നിന്നെ ഓർമ്മപ്പെടുത്താനുള്ളതുകൂടെ പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കാം. ചില ആളുകൾ തന്നത്താൻ എത്ര മാത്രം പരിശോധിച്ചാലും തൃപ്തികൂടാതെയിരിക്കുന്നു. ഇങ്ങനെയുള്ളവർ സ്വയപരിശോധനകൊണ്ട് തൃപ്തിപ്പെടാതെ കുഴങ്ങി എത്രയും വിഷമസ്ഥിതിയിൽ പട്ടക്കാരന്റെ അടുക്കൽ കുമ്പസാരിക്കാൻ മുട്ടുകുത്തുന്നു. മറ്റു ചിലർ എത്ര തന്നെ പരിശോധിച്ചാലും തൃപ്തികരമാം വണ്ണം ചെയ്തിട്ടില്ലെന്നു പരിഭവിച്ചിട്ട്, അശേഷം കുമ്പസാരിക്കുന്നില്ല. "കുമ്പസാരിക്കുമ്പോൾ ശരിയായി കുമ്പസാരിക്കണം.

ഇപ്പോൾ ഒരുക്കം ശരിയായിട്ടില്ല. ഒരുക്കം ശരിയാകട്ടെ" എന്നു വിചാരിച്ചു കുമ്പസാരം അനാവശ്യമായി നീട്ടിവെയ്ക്കുന്നു. ഇങ്ങനെ നാൾ കഴിക്കയല്ലാതെ, അവർ കുമ്പസാരിക്കുന്നില്ല. വേറെ ചിലർ കുറെ ദിവസത്തെ നോമ്പു നോക്കി ഒരുങ്ങാമെന്നു നിശ്ചയിച്ചിട്ടു കുമ്പസാരം നീട്ടിവെയ്ക്കുന്നു. കുമ്പസാരിക്കുന്നതിനു നോമ്പു ആവശ്യമില്ല. അനുതാപമാണ് ആവശ്യമുള്ളത്. പ്രിയ സഹോദരാ, നീ ഇങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ എന്നു പരിശോധിക്കുക. മേലാലെങ്കിലും ഈ വിധം പ്രവർത്തിക്കാതിരിപ്പാൻ കരുതിക്കൊള്ളുക.

നിന്റെ പാപത്തെക്കുറിച്ചു ശരിയായ ദുഃഖം നിന്നിലുണ്ടാകണം. അതിനായി പ്രാർത്ഥിക്കുക. പരിശ്രമിക്കുക. പരിശുദ്ധറൂഹാ നിന്നെ നടത്തിക്കും. നീ ഇവിടെവച്ചു നിന്റെ കുറ്റങ്ങളെ പരിശോധിക്കുന്നില്ലെങ്കിൽ, അവസാനത്തെ ദിവസത്തിൽ എല്ലാവരും ദൈവപുത്രന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ കണക്കു കൊടുക്കേണ്ടി വരുന്ന അവസരത്തിൽ സർവ്വ മാലാഖമാരുടെയും പരിശുദ്ധന്മാരുടേയും സർവ്വ മനുഷ്യവർഗ്ഗത്തിന്റെയും പാപങ്ങൾ പരസ്യമായി പരിശോധിക്കപ്പെടും. ആയതുകൊണ്ട് ഇപ്പോഴെ നിന്നെ പരിശോധിക്കുക.

# ഞാൻ എങ്ങനെ ജീവിച്ചു?

(മാസത്തിലൊരിക്കൽ കുമ്പസാരിക്കുന്നവർക്ക് സ്വയപരിശോധന യ്ക്കുള്ള ചില ചോദ്യങ്ങൾ)

## I

### ദൈവത്തോടുള്ള മുറകൾ

1. കൂദാശകൾ അനുഷ്ഠിപ്പാൻ ചുമതലയുള്ള കുമ്പസാരം, കുർബ്ബാനാനുഭവം മുതലായ കൂദാശകൾ ഞാൻ ക്രമമായി അനുഷ്ഠി ക്കുന്നുണ്ടോ? പലപ്പോഴും നിർത്തിവെയ്ക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തിന്? കാരണം മതിയായതോ?

(എ) കുമ്പസാരം: ദൈവം കഴിഞ്ഞ പ്രാവശ്യത്തെ എന്റെ കുമ്പ സാരത്തെപ്പറ്റി എന്തു വിചാരിച്ചിട്ടുണ്ട്? അതു നിഷ്കപടമായി ഞാൻ നടത്തിയോ? ഭക്തിപൂർവ്വമായി നടത്തിയോ? എന്റെ അനുതാപം സത്യമായിരുന്നോ? വീണ്ടും പാപം ചെയ്കയില്ലെന്നുള്ള പ്രതിജ്ഞ കൾ പരമാർത്ഥമായിരുന്നോ? അന്നുമുതൽ ഇന്നുവരെയുള്ള എന്റെ ജീവിതം ഇവയെ തെളിയിക്കുന്നുണ്ടോ? കഴിഞ്ഞ കുമ്പസാരത്തിനു വേണ്ടുന്ന ഒരുക്കത്തോടുകൂടെയാണോ ഞാൻ പള്ളിയിലേക്കു പോയത്? ഭയഭക്തിയോടും വിശ്വാസത്തോടും കൂടിയാണോ അതു നടത്തിയത്? അതിനു മുമ്പും പിമ്പുമായുള്ള എന്റെ പ്രാർത്ഥനകൾ കർത്താവിനു പ്രസാദകരമായിരുന്നോ?

(ബി) കുർബ്ബാനയാകുന്ന ശുശ്രൂഷ നടക്കുന്ന സമയത്തു ഞാൻ എങ്ങനെ വർത്തിച്ചു? എന്റെ ഹൃദയം പട്ടക്കാരന്റെ പ്രാർത്ഥനക ളോടും കർമ്മങ്ങളോടും യോജിച്ച് ദൈവത്തിങ്കൽ ആയിരുന്നോ? കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും ബലിയെക്കുറിച്ചും ഞാൻ ചിന്തിച്ചോ? കുർബ്ബാന അണച്ചതിന്റെ ഉദ്ദേശം ഞാൻ ഗ്രഹിച്ചോ?

മരിച്ചുപോയവരേയും ജീവനോടിരിക്കുന്നവരേയും ഞാൻ ഓർക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്തോ? ഞാൻ എന്നെ ദൈവ ത്തിനു ബലി അർപ്പിച്ചോ? ദൈവം എനിക്കു തന്നിട്ടുള്ള സകലവും ദൈവേഷ്ടം പോലെ വിനിയോഗിപ്പാൻ ദൈവത്തിന്റെ അടുക്കൽ ഞാൻ പ്രതിഷ്ഠിച്ചോ? കുർബ്ബാനസമയത്ത് ഞാൻ ആർക്കെല്ലാം വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തീട്ടുണ്ട്? കുർബ്ബാനയോടുകൂടി ഞാൻ ദൈവമുമ്പാകെ ചെയ്ത പ്രതിഷ്ഠ എന്തായിരുന്നു? ഏതെ ങ്കിലും പാപത്തെ ജയിക്കുന്നതിനോ, ഏതെങ്കിലും പുണ്യത്തിൽ വളരുന്നതിനോ, ഉള്ള കൃപ ഞാൻ അപേക്ഷിച്ചുവോ? ഏത്?

2. ധ്യാനം: ഞാൻ മുടങ്ങാതെ ദിവസംതോറും ധ്യാനം നടത്തീ ട്ടുണ്ടോ? എന്റെ നമസ്ക്കാരങ്ങളെ സാവകാശത്തിലും, താഴ്മയോടും ഭക്തിപൂർവ്വവുമായി നടത്തീട്ടുണ്ടോ? ഞാൻ ദിവ്യശുശ്രൂഷയുടെ രഹസ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? അവ എനിക്കു അനു ഭവമായോ? എന്റെ പ്രാർത്ഥന പ്രയോജനകരമായിരുന്നോ? അതോ വെറും ജല്പനമായിരുന്നോ?

3. ഭക്തിവായന: എന്റെ വായന കൃപാവരത്തിനുള്ള അപേക്ഷ യോടും ശ്രദ്ധയോടും എന്റെ ഗുണീകരണത്തിനുള്ള ആഗ്രഹത്തോടും കൂടെ ആയിരുന്നോ?

4. ദിവ്യശുശ്രൂഷകൾ: ഞാൻ താമസിച്ചാണോ പള്ളിയിൽ ചെന്നത്? ഞാൻ ശ്രദ്ധയില്ലാതിരുന്നോ? ദൈവസന്നിധിയിലാണെ ന്നുള്ള ബോധത്തോടുകൂടിയായിരുന്നോ ഞാൻ ചെന്നത്? കർത്താ വിന്നു പ്രസാദകരമായിരുന്നോ? എന്റെ സംസാരംകൊണ്ടോ പ്രവൃ ത്തികൾകൊണ്ടോ ദൈവശുശ്രൂഷയെ അലക്ഷ്യമാക്കിയോ? എന്റെ പെരുമാറ്റങ്ങൾ കർത്താവിനെ ആകർഷിക്കത്തക്കതായിരുന്നോ?

5. പ്രാർത്ഥന: ഞാൻ രാവിലെ എഴുന്നേറ്റുവോ? ദൈവത്തെ സ്മരിച്ചുകൊണ്ടാണോ ഞാൻ എഴുന്നേറ്റത്? ദിനംപ്രതി ഏതെല്ലാം യാമങ്ങളിൽ ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്? എന്റെ പ്രാർത്ഥനകൾ സത്യ മായ ദൈവസംസർഗ്ഗമായിരുന്നോ?

ശയനത്തിനു മുമ്പു എന്റെ ഒടുവിലത്തെ പ്രവൃത്തി പ്രാർത്ഥന ആയിരുന്നോ? എന്റെ ജോലിയോ ഉല്ലാസമോ, എന്റെ പ്രാർത്ഥനയ്ക്കു മുടക്കമോ വിഘ്നമോ വരുത്തീട്ടുണ്ടോ? കുടുംബത്തിലെ അംഗ ങ്ങൾ ചേർന്നുള്ള പ്രാർത്ഥനയ്ക്കു മുടക്കം ഉണ്ടായിട്ടുണ്ടോ? ഉണ്ടെ ങ്കിൽ മുടക്കത്തിനു കാരണം ഞാനോ?

6. സ്വയപരിശോധന: എന്റെ ഹൃദയസ്ഥിതി ഞാൻ ദിനംപ്രതി പരിശോധിക്കാറുണ്ടോ? എപ്പോഴും ഒരു തെറ്റിനെപ്പറ്റിയെങ്കിലും ഞാൻ ദിനംപ്രതി അനുതപിച്ചിട്ടുണ്ടോ? എന്റെ തെറ്റുകളെ മറന്നുപോകാതെ ഓർമ്മയിൽ വച്ചിട്ടുണ്ടോ?

എന്റെ ഭക്തി ബുദ്ധിപൂർവ്വവും സ്നേഹത്തോടുകൂടിയതും ആണോ? എന്റെ ഭക്തി എന്റെ കുടുംബത്തിലുള്ളവർക്കു സഹായ മാണോ, ഇടർച്ചയാണോ വരുത്തുന്നത്? ഇടർച്ച വരുത്തുന്നു എങ്കിൽ അതു എന്റെ പാപം മൂലമാണോ? സ്വാർത്ഥത കൂടാത്ത ദൈവഭക്തി അവർക്കില്ലാത്തതിനാലാണോ? ഭക്തി നടിച്ചുകൊണ്ടു എന്റെ ലൗകി കസ്ഥിതിയിൽ എനിക്കുള്ള ധർമ്മങ്ങളെ അനുഷ്ഠിക്കുന്നതിലും, മുറകളെ നിറവേറ്റുന്നതിലും ഞാൻ ഉപേക്ഷ കാണിച്ചിട്ടുണ്ടോ? ദൈവമഹത്വത്തിന്നായുള്ള സംഗതികളിൽ എനിക്കു നല്ല ഉത്സാഹം ഉണ്ടായിരുന്നുവോ?

## 2

## അയൽക്കാരനോടുള്ള മുറകൾ

1. (എ) “വിധിക്കരുത്” (മത്തായി 7: 1) എന്നു കർത്താവരുളി ച്ചെയ്തതു ഞാൻ കൂടെക്കൂടെ സ്മരിക്കുന്നുണ്ടോ? ഞാൻ എന്റെ ഇഷ്ടാനിഷ്ടങ്ങളെ ശരിയായിട്ടാണോ വിനിയോഗിക്കുന്നത്? എനി ക്കിഷ്ടമില്ലാത്തവരോടും എന്നോട് ഇഷ്ടമില്ലാത്തവരോടും ഞാൻ വിവേകത്തോടും ക്ഷമയോടും സത്യസ്നേഹത്തോടും വർത്തിക്കു ന്നുണ്ടോ?

(ബി) എന്റെ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ വല്ലവരു ടെയും ഗുണോൽക്കർഷത്തിനു വിഘ്നം വരുത്തീട്ടുണ്ടോ? എന്റെ സംസർഗ്ഗംകൊണ്ട് ആരെങ്കിലും വഷളായിട്ടുണ്ടോ? പരദൂഷണം മഹാമാരിയെപ്പോലെ വർജ്ജിക്കുന്നുണ്ടോ? സ്നേഹരഹിതമായ സംഭാഷണത്തിൽ ഞാൻ പങ്കെടുക്കയൊ കേട്ടു രസിക്കയൊ ചെയ്യു ന്നുണ്ടോ? അന്യന്റെ നല്ലപേരു മലിനപ്പെടുത്താതെ ഞാൻ സൂക്ഷി ക്കുന്നുണ്ടോ? എന്റെ അപവാദത്താലൊ ദൂഷ്യപ്രസ്താവങ്ങൾ കൊണ്ടോ ആർക്കെങ്കിലും ദുഷ്ക്കീർത്തി വരുത്തീട്ടുണ്ടോ? അതിനു പരിഹാരം വരുത്തേണ്ടതു എന്റെ മുറയാണെന്നു ഞാൻ സ്മരിക്കു ന്നുണ്ടോ? ദോഷാരോപണം, കുത്തുവാക്ക്, കോപസംസാരം ഇവയെ

സംബന്ധിച്ച് എന്റെ സ്ഥിതി എന്ത്? ഞാൻ ക്ഷമായാചനം ചെയ്കയൊ കേൾക്കയൊ ചെയ്യുന്നത് എങ്ങനെ?

(സി) ഞാൻ അസൂയയ്ക്കു അധീനനാകാതെ സൂക്ഷിക്കുന്നുണ്ടോ? ഞാൻ ചെയ്യാത്ത സൽപ്രവൃത്തികൾ മറ്റുള്ളവർ ചെയ്യുന്നതു കാണുമ്പോൾ എനിക്കു മുഷിച്ചിൽ തോന്നുന്നുണ്ടോ? എന്നെക്കാളധികം വേറൊരാളെ മനുഷ്യർ ബഹുമാനിച്ചുകാണുമ്പോൾ എനിക്കു വേദന തോന്നാറുണ്ടോ?

എന്റെ സാധാരണ സംഭാഷണം ദോഷരഹിതമോ? ഞാൻ നിർദ്ദയമായി സംസാരിച്ചു എന്നോ പ്രവർത്തിച്ചു എന്നോ ആർക്കെങ്കിലും പറവാൻ ഞാൻ സംഗതി വരുത്തീട്ടുണ്ടോ? ആരെങ്കിലും സഹതാപത്തിനായി വല്ല സങ്കടവും എന്നോടു പറഞ്ഞാൽ ഞാൻ അതു രഹസ്യമായി വെക്കുന്നതിനു പകരം പരസ്യമാക്കാറുണ്ടോ? വല്ല അബദ്ധധാരണയ്ക്കും ഞാൻ കാരണവാനായിട്ടുണ്ടോ?

(ഡി) ദൈവത്തിനു പൂജ അണയ്ക്കുന്ന പട്ടക്കാരെ ഞാൻ ഭക്തിപൂർവ്വം ബഹുമാനിക്കുന്നുണ്ടോ? ദോഷാരോപണം ചെയ്തോ, ആലോചനയില്ലാതെ വല്ലതും പറഞ്ഞോ അവരെയോ അവരുടെ ശുശ്രൂഷയെയോ നിന്ദാപാത്രം ആക്കാതിരിക്കാൻ സൂക്ഷിക്കുന്നുണ്ടോ? ഒരു പട്ടക്കാരനോടു പ്രത്യേകത കാണിച്ചു ഞാൻ അവരെ ബുദ്ധിമുട്ടിലാക്കാറുണ്ടോ? കുമ്പസാരസമയം പട്ടക്കാരൻ എന്നോടു സംസാരിക്കുന്നത് ഞാൻ അന്യരോടു സംസാരിക്കാതെ സൂക്ഷിക്കുന്നുണ്ടോ? എനിക്കു ഗുണത്തിനായി തരുന്ന ഉപദേശം വേറൊരുത്തനു ദോഷകരമായേക്കാം എന്നു ഞാൻ ഓർമ്മിക്കാറുണ്ടോ? മറ്റുള്ളവർ കുമ്പസാരിക്കുന്ന രീതിയെപ്പറ്റിയോ അവരുടെ കുമ്പസാരസമയത്തെപ്പറ്റിയോ, അവർ ഏതു പട്ടക്കാരന്റെ അടുക്കൽ കുമ്പസാരത്തിനു പോകുന്നു എന്നോ ഞാൻ അന്വേഷിക്കാറുണ്ടോ? അതൊന്നും എന്റെ കാര്യമല്ലെന്നും ആവക അറിവാനുള്ള കൗതുകം ആക്ഷേപയോഗ്യമാണെന്നും ഞാൻ ഓർമ്മിക്കാറുണ്ടോ?

ഞാൻ പട്ടക്കാരന്റെ സമയവും സൗകര്യവും നോക്കാറുണ്ടോ? പട്ടക്കാരനെക്കൊണ്ടു എന്നെക്കാളധികം ആവശ്യമുള്ളവർ ഉണ്ടായിരിക്കാം എന്നു ഞാൻ ഓർക്കാറുണ്ടോ?

(ഇ) ഞാൻ സൽപ്രവൃത്തികൾക്കു സഹായിക്കുന്നവനോ, അവയെ ആക്ഷേപിക്കുന്നവനോ? ഞാൻ ധർമ്മദാനങ്ങൾകൊണ്ടും,

മറ്റും ആത്മാക്കളുടെ ഗുണീകരണത്തിൽ താല്പര്യപ്പെടുകയും, സുവിശേഷവേല, നിസ്സഹായന്മാരെ സഹായിക്കുന്നതിനുള്ള ധർമ്മസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ മുതലായവയെ സഹായിക്കയും ചെയ്യാറുണ്ടോ? എന്റെ വരുമാനങ്ങളിൽ എത്ര അംശം ദൈവവകയ്ക്കായി കൊടുക്കുന്നു? അതു ക്രമമായി കൊടുക്കുന്നുണ്ടോ? ഇങ്ങനെ കൊടുക്കുന്നതിൽ എനിക്ക് എന്തെങ്കിലും സ്വാർത്ഥതയുണ്ടോ?

മതിയായ കാരണം കൂടാതെ ഞാൻ കച്ചവടക്കാരെ ഇടിച്ചു പറഞ്ഞിട്ടുണ്ടോ? ഞാൻ അനീതി കാണിച്ചു എന്നോ, നിർദ്ദയമായി പെരുമാറി എന്നോ, അലക്ഷ്യമാക്കി എന്നോ ദരിദ്രർക്കും സാധുക്കൾക്കും എന്നെപ്പറ്റി പഴി പറവാൻ ഞാൻ ഇട കൊടുത്തിട്ടുണ്ടോ? കൂലിക്കാരുടെ കൂലി കൊടുക്കാനും കടക്കാരുടെ കടം വീട്ടുവാനും ഞാൻ താമസം വരുത്താറുണ്ടോ? ദരിദ്രരെയും രോഗികളേയും അനാഥരേയും ബുദ്ധിമുട്ടിൽ അകപ്പെട്ടു വലയുന്നവരേയും ഞാൻ വല്ല വിധത്തിലും സഹായിക്കുന്നുണ്ടോ? ഗർവ്വം നിമിത്തമോ, അസൂയകൊണ്ടോ, അസ്ഥിരതയാലോ, മറ്റു നിസ്സാരകാരണങ്ങളാലോ ഞാൻ സൽപ്രവൃത്തികളിൽ വൈമുഖ്യം കാണിച്ചിട്ടുണ്ടോ? വിശ്വാസവർദ്ധനയ്ക്കും പ്രചാരത്തിനും ഞാൻ യത്നിക്കുന്നുണ്ടോ? സത്യവിശ്വാസം എന്താണെന്ന് അന്യരെ ധരിപ്പിപ്പാനും ആക്ഷേപങ്ങൾക്കു സമാധാനം പറവാനും പഠിക്കുന്നതിനായി എനിക്കു കിട്ടുന്ന അവസരങ്ങൾ ഞാൻ ഉപയോഗപ്പെടുത്തുന്നുണ്ടോ?

(1) എന്റെ കുടുംബകാര്യങ്ങൾ ഞാൻ ശരിയായി അന്വേഷിക്കുന്നുണ്ടോ? കുടുംബത്തിൽ എന്റെ രക്ഷയിലുള്ള ആളുകളെപ്പറ്റി എനിക്കുള്ള ചുമതലയെ ഞാൻ വേണ്ടപോലെ നിർവ്വഹിക്കുന്നുണ്ടോ? ഭവനകാര്യങ്ങൾ വേറൊരാളെ ഏല്പിച്ചു നടത്താമെങ്കിലും അതു ശരിയായും ക്രമമായും നടത്തേണ്ട ഉത്തരവാദിത്തം ഒഴിയുന്നതിന് എനിക്കു അധികാരമില്ലെന്നു ഞാൻ ഓർമ്മിക്കുന്നുണ്ടോ?

(2) ഭക്തിയും വിനയവും സ്നേഹവും കാണിക്കേണ്ടിടത്തു ഞാൻ കാണിക്കുന്നുണ്ടോ? സ്വയത്യാഗം, ക്ഷമ, കോപം, കുത്തുവാക്ക്, പരനിന്ദ, സ്വാർത്ഥബുദ്ധി ഇവയെ സംബന്ധിച്ച് എന്റെ സ്ഥിതി എന്ത്? സമയം എനിക്കെന്നപോലെ മറ്റുള്ളവർക്കും വിലയുള്ളതാണെന്നു ഞാൻ വിചാരിക്കാറുണ്ടോ?

(3) എന്റെ മക്കളെ ഞാൻ സ്നേഹിക്കുന്നുണ്ടോ? ഭക്തിവിഷയങ്ങളിൽ പരിശീലിപ്പിച്ചു അവരെ വളർത്തുന്നുണ്ടോ? സന്മാർഗ്ഗവിഷയങ്ങൾ അവർക്ക് ഇമ്പകരമാകുന്നുണ്ടോ? അനുസരണം, ക്രമം,

ഉത്സാഹം ഇവ അവരെ പഠിപ്പിക്കുന്നുണ്ടോ? ഞാനായിട്ടുതന്നെയോ മറ്റുള്ളവർ മുഖാന്തിരമോ എന്റെ മക്കളുടെ ഗുണത്തിനുവേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ടോ? എന്റെ ധർമ്മങ്ങളിൽ വെച്ച് ഏറ്റവും പ്രാധാന്യമേറിയത് അവരുടെ പരിശീലനം ആണെന്നു ഞാൻ ചിന്തിക്കാറുണ്ടോ? എന്റെ ഉപദേശവും ദൃഷ്ടാന്തവും അവരിൽ ദൈവത്തോടു സ്നേഹവും പാപത്തോടു വെറുപ്പും ജനിപ്പിക്കുന്നുണ്ടോ? എന്നിൽ നിന്ന് അവർ പരിശുദ്ധതയും സഭയോടു സ്നേഹവും ആത്മരക്ഷയ്ക്കു വേണ്ടുന്ന സ്വയപരിത്യാഗവും പഠിക്കുന്നുണ്ടോ? ലൗകികകാര്യങ്ങളിൽ അവർ ഔന്നത്യം പ്രാപിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നതിലും അധികമായി ആത്മീയകാര്യങ്ങളിലും അവർ അഭിവൃദ്ധി പ്രാപിക്കണമെന്നു ആഗ്രഹിക്കുന്നുണ്ടോ? അവർ വായിക്കുന്ന പുസ്തകങ്ങൾ ഞാൻ പരിശോധിക്കാറുണ്ടോ? കൊള്ളരുതാത്ത പുസ്തകങ്ങൾ അവർ വായിക്കാതിരിക്കാൻ വല്ല ശട്ടംകെട്ടും ചെയ്തിട്ടുണ്ടോ? വീട്ടിൽ വരേണ്ട സമയത്ത് അവർ വരാതിരിക്കയോ അസമയത്തു വീട്ടിൽ നിന്നു പോകയോ ചെയ്യുന്നുണ്ടോ? ആരോടാണ് അവരുടെ സംസർഗ്ഗം എന്നു ഞാൻ അന്വേഷിക്കാറുണ്ടോ? അവരെ ഞാൻ അമിതമായി ലാളിക്കയോ നിർദ്ദയമായി ശിക്ഷിക്കയോ ചെയ്യുന്നുണ്ടോ? എന്റെ നിമിത്തം കുഞ്ഞുങ്ങൾ വല്ല പാപത്തിലും അകപ്പെടാതെ ഞാൻ സൂക്ഷിക്കുന്നുണ്ടോ? ദൈവം എനിക്കു ദാനം തന്നിട്ടുള്ള എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കാറുണ്ടോ?

(4) എന്റെ ഭൃത്യന്മാരുടെ ഗുണത്തെപ്പറ്റി ഞാൻ ചിന്തിക്കാറുണ്ടോ? അവരുടെ വിദ്യാഭ്യാസത്തിൽ എനിക്കു ജാഗ്രതയുണ്ടോ? പള്ളിയിൽ പോകാനും അവരുടെ കർത്തവ്യകർമ്മങ്ങൾ ചെയ്വാനും ഞാൻ അവർക്കു അവസരം കൊടുക്കുന്നുണ്ടോ?

(5) ഞാൻ അധികാരത്തിനു കീഴുള്ളവനാണെങ്കിൽ മാതാപിതാക്കന്മാരോടും, എന്റെമേൽ അധികാരമുള്ളവരോടും എന്റെ പെരുമാറ്റം എങ്ങനെ? ഞാൻ അവരുടെ സ്ഥാനത്തായിരുന്നെങ്കിൽ എന്നോടു എങ്ങനെ പെരുമാറണമെന്നു ഞാൻ ആഗ്രഹിക്കുമായിരുന്ന വിധം തന്നെയോ ഞാൻ പെരുമാറുന്നത്? ഞാൻ അവരെ അനുസരിക്കാതെയോ ബഹുമാനിക്കാതെയോ ഇരിക്കാറുണ്ടോ? അവരെ കോപിപ്പിക്കാറുണ്ടോ? വ്യാകുലപ്പെടുത്താറുണ്ടോ? അവരുടെ ശാസന കേൾക്കാതിരിക്കയോ ഗുണദോഷം തുച്ഛീകരിക്കയോ ചെയ്യാറുണ്ടോ?

അവരുടെ മുതൽ ഞാൻ ദുർവ്യയം ചെയ്യാറുണ്ടോ? അവർക്കുവേണ്ടി ഞാൻ ഉപയോഗിക്കേണ്ട സമയം അവർക്കുവേണ്ടിത്തന്നെ ഞാൻ ഉപയോഗിക്കാറുണ്ടോ? എന്റെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചാൽ ഞാൻ ധിക്കാരം കാണിക്കയോ പിറുപിറുക്കയോ ചെയ്യാറുണ്ടോ? വല്ല കാര്യത്തിലും ഞാൻ ദുശ്ശാഠ്യം പിടിക്കാറുണ്ടോ?

**3**

## എന്നോടുതന്നെയുള്ള മുറകൾ

എന്റെ സമയം ക്രമീകരിക്കയും ആ ക്രമം അനുസരിച്ചു നടക്കുകയും ചെയ്യുന്നുണ്ടോ? ഞാൻ സമയം വൃഥാ കളയുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

വർജ്ജിക്കേണ്ട കഥാപുസ്തകങ്ങൾ ഞാൻ വായിക്കുന്നുണ്ടോ? വർജ്ജ്യമല്ലാത്തവയിലും അമിതമായി രസിച്ചു ലയിച്ചുപോകാറുണ്ടോ?

ഉല്ലാസവും, ലോകസുഖവും ഞാൻ എന്റെ ജീവിതോദ്ദേശ്യം ആക്കുന്നുണ്ടോ? എന്റെ ശരീരവും മനസ്സും നിഷ്പ്രയോജനമാക്കി ഉദാസീനതയിലാണോ ഞാൻ ജീവിക്കുന്നത്?

എന്റെ പ്രധാന ചിന്താവിഷയം എന്താണ്? അതു പാപത്തിലേക്കാണോ എന്നെ ഉദ്യമിപ്പിക്കുന്നത്. പാപത്തിലേക്കാണെങ്കിൽ അതിനെ അമർത്തിവെപ്പാൻ ഞാൻ എന്തു ശ്രമം ചെയ്യുന്നു.

ഗർവ്വവും, കോപവും, നിഗളവും അമർത്താൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

എന്റെ വസ്ത്രത്തിലും, അലങ്കാരത്തിലും സംസാരത്തിലും ദൈവഇഷ്ടത്തിനു ചേരാത്തതു വല്ലതും ഉണ്ടോ? അനാവശ്യമോടിയും പ്രതാപവും, ക്രിസ്ത്യാനിക്കു അയോഗ്യമായതു വല്ലതും എന്നിലുണ്ടോ?

ആപൽക്കരമാണെന്നു എനിക്കു അറിയാവുന്ന വല്ല ഉല്ലാസത്തിലും ഞാൻ രസിക്കുന്നുണ്ടോ? ഹൃദയം വഷളായി പോകാതെ ഞാൻ എന്റെ ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുന്നുണ്ടോ?

# മൗദ്യോനൂസാ

കുമ്പസാരിപ്പാൻ പട്ടക്കാരന്റെ മുൻപിൽ മുട്ടുകുത്തുമ്പോൾ ചൊല്ലേണ്ടുന്ന മൗദ്യോനൂസാ (ഞാൻ പിഴയാളി)യുടെ രണ്ടു ക്രമ

ങ്ങൾ താഴെ ചേർക്കുന്നു. (ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ചാൽ മതിയാകും.)

പിതാവും പുത്രനും വിശുദ്ധാത്മാവും ആയ സത്യമുള്ള ഏക ദൈവത്തിന്റെ തിരുനാമത്തിൽ എന്റെ പാപങ്ങളെ ഞാൻ ഏററു പറയുന്നു. സകലത്തിന്റേയും ഉടയവനായ പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെയും തന്റെ ഏക പുത്രന്റെ തിരുമുൻപാകെയും ജീവനുള്ളവനും പരിശുദ്ധനും ആയ റൂഹായുടെ തിരുമുൻപാകെയും ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു.

ദൈവമാതാവായ മറിയാമ്മിന്റെ കന്യാവ്രതത്തിന്റെ മുൻപാകെയും മാലാഖമാരുടെയും മാലാഖമാരുടെ തലവന്മാരായ ഗബ്രിയേലിന്റെയും മിഖായേലിന്റേയും മുൻപാകെയും 24 ദീർഘദർശിമാരുടെ മുൻപാകെയും 72 അറിയിപ്പുകാരുടെ മുമ്പാകെയും പന്ത്രണ്ടു വിശുദ്ധ ശ്ലീഹന്മാരുടെ മുമ്പാകെയും മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്ന നാലു ഏവൻഗേലിയസ്ഥന്മാരുടെ മുൻപാകെയും അവരുടെ വിശ്വാസത്തിന്റെ ശരണത്തിൽ മരിക്കയും ജീവിക്കയും ചെയ്യുന്ന മുന്നൂറ്റിപതിനെട്ട് പരിശുദ്ധ പിതാക്കന്മാരുടെ മുൻപാകെയും ഞാൻ എന്റെ പാപങ്ങളെ ഏററുപറയുന്നു.

വിശുദ്ധ മാമോദീസായുടെ മുൻപാകെയും ജയമുള്ള സ്ലീബായുടെ മുൻപാകെയും വന്ദിക്കപ്പെട്ട ഏവൻഗേലിയോന്റെ മുമ്പാകെയും നമ്മുടെ കർത്താവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റേയും മുൻപാകെയും നമുക്കുവേണ്ടിയുള്ള തന്റെ കഷ്ടാനുഭവത്തിന്റെയും സ്ക്കിപ്പൂസായുടെയും മുൻപാകെയും ഈ വിശുദ്ധ സഭയുടെ ഏഴു കൂദാശകൾക്കു മുമ്പാകെയും ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു.

ഈ വിശുദ്ധ ദൈവാലയത്തിന്റെ മുൻപാകെയും എന്റെ ആത്മീയ പിതാവായ ബഹുമാനപ്പെട്ട ശോഭയുള്ള ആചാര്യത്വത്തിന്റെ മുമ്പാകെയും കെട്ടുവാനും അഴിക്കുവാനും ജീവനുള്ള ദൈവം അവിടുത്തേയ്ക്ക് ഭരമേല്പിച്ചിട്ടുള്ള കഹനൂസ്സായുടെ മുൻപാകെയും ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു.

ശരീരത്തിന്റെ പുറമേയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന കേൾവി, ഘ്രാണം, ദർശനം, സ്പർശനം, രുചി ഇതുകളിലും ആത്മാവിന്റെ

അകമേയുള്ള പഞ്ചേന്ദ്രിയങ്ങളാകുന്ന ബോധം, നിരൂപണം തിരിച്ച റിവ്, അറിവ്, വേർതിരിവ് ഇതുകളിലും ഞാൻ പാപിയാകുന്നു.*

എന്റെ സകല പ്രവൃത്തികളിലും ഞാൻ പാപിയാകുന്നു. നോമ്പിലും പ്രാർത്ഥനയിലും ഞാൻ മടികാണിച്ചു. ഞാൻ അയല് ക്കാരന്റെ നേരെ അത്യാഗ്രഹിയും ദുർമ്മോഹിയും ദ്രോഹിയും ആകുന്നു. എന്റെ കണ്ണുകൾ കാണാത്തവയെ ഞാൻ സംസാരിച്ചു. മനുഷ്യരുടെ ഇടയിൽ വിരുദ്ധതയുണ്ടാക്കി.

ബഹുമാനപ്പെട്ട പട്ടക്കാരാ! എന്നെ വാഴ്ത്തേണമേ. സ്വർഗ്ഗത്തിലും അവിടുത്തെ മുമ്പാകെയും ഞാൻ പാപം ചെയ്തു. മുടിയനായ പുത്ര നെപ്പോലെ അനുതാപത്താൽ എന്നെ കൈക്കൊള്ളേണമേ. അവിടുന്നു മ്ശിഹായും ഞാൻ കള്ളനും ആകുന്നു. അവിടുന്നു മ്ശിഹായും ഞാൻ പാപത്തിരമാലകളുടെ ഇടയിൽ മുങ്ങിയിരിക്കുന്ന ശെമഓൻ കീപ്പായും ആകുന്നു. എന്റെ പിതാവേ, ക്ഷമിച്ചു എന്നെ വാഴ്ത്തേണമേ.

**(വേറൊരു ക്രമം)**

കുമ്പസാരത്തിനായിട്ട് നിന്റെ മുറ വരുമ്പോൾ പട്ടക്കാരന്റെ മുൻപാകെ മുട്ടുകുത്തി ഇപ്രകാരം പറയുക.

“പിതാവും പുത്രനും പരിശുദ്ധറൂഹായും ആയ ത്രിയേക ദൈവ ത്തിന്റെ തിരുമുമ്പാകെ ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു. കന്യകമറിയം ആദിയായി സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാവരുടെ മുൻപിലും വിശുദ്ധ സഭയിലെ സകല വിശുദ്ധതകളുടെ മുമ്പിലും ദൈവത്തിന്റെ പട്ടക്കാരാ അവിടുത്തെ അടുക്കലും ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു. ഞാൻ പാപിയാകുന്നു. പിതാവേ ക്ഷമിച്ചു എന്നെ വാഴ്ത്തണമെ.

* F.N. ഇന്ദ്രിയങ്ങൾ ഓരോന്നുകൊണ്ടും എന്തെല്ലാം പാപം ചെയ്തു എന്ന് ഏറ്റു പറയണം. ദൈവമഹത്വത്തിനായി ചെയ്യേണ്ടിയിരുന്ന പുണ്യപ്രവൃത്തികൾ എന്തെല്ലാം ചെയ്യാതെ വിട്ടുകളഞ്ഞു എന്നും ഏറ്റു പറയണം.

# III
# പാപത്തെക്കുറിച്ചുള്ള ദുഃഖം

പാപമോചനം സമ്പാദിക്കുന്നതിനുള്ള സിദ്ധൗഷധം സത്യഅനുതാപത്തോടു കൂടിയ വി. കുമ്പസാരമാണെന്നു പറഞ്ഞു കഴിഞ്ഞല്ലോ. എന്നാൽ മനസ്സാക്ഷിയെ പരിശോധിക്കുകയും ഏറ്റു പറകയും ചെയ്യുന്നതുകൊണ്ടു മാത്രം മോചനത്തിനു അർഹനായി തീർന്നു എന്നു വിചാരിക്കരുത്. ചിലർ തങ്ങളുടെ പാപങ്ങൾ എന്തെല്ലാമാണെന്നു പരിശോധിച്ചറിയുന്നതിനു ധാരാളം സമയം ചെലവിടുന്നു. ഏറ്റു പറകയും ചെയ്യുന്നു. എന്നാൽ ഹൃദയം നുറുങ്ങാതെയും ദുഃഖം കൂടാതെയുമാകുന്നു ഇതിനെ ചെയ്യുന്നത്. ദുഃഖം കൂടാതെ ചെയ്ത കുമ്പസാരം നിമിത്തം പാപമോചനം ലഭിച്ചുകഴിഞ്ഞിരിക്കുന്നു എന്നും പട്ടക്കാരൻ തങ്ങളുടെ മേൽ മോചനപ്രാർത്ഥന കഴിച്ചിട്ടുണ്ടെന്നും ഇവർ നിരൂപിക്കുന്നു. ഇതു തന്നെത്താൻ വഞ്ചിക്കുകയാകുന്നു. പാപത്തെക്കുറിച്ചു ദുഃഖം കൂടാത്ത കുമ്പസാരം എങ്ങനെയാണ് മോചനത്തെ നല്കുന്നത്? വി. മാമോദീസായിക്കു വെള്ളം എത്രമാത്രം അത്യന്താപേക്ഷിതമാണോ അതുപോലെ വി. കുമ്പസാരത്തിനു പാപത്തെപ്പറ്റിയുള്ള ദുഃഖവും അത്യന്താപേക്ഷിതമാകുന്നു. വെള്ളം കൂടാതെ മാമോദീസാ പാടില്ല.

പാപത്തെപ്പറ്റി ഹൃദയപൂർവ്വമായ ദുഃഖമില്ലെങ്കിൽ പാപമോചനവുമില്ല. പാപിയുടെ ഹൃദയം ഭേദപ്പെടണം. പാപിക്കു മാനസാന്തരമുണ്ടാകണം. മാനസാന്തരപ്പെട്ടവന്റെ കുമ്പസാരമാണ് പാപമോചനത്തെ നല്കുന്നത്.

തന്നെത്താൻ പരിശോധിക്കുന്നതിനു എത്ര തന്നെ നിഷ്കളങ്കമായി കുമ്പസാരിച്ചിരുന്നാലും ഹൃദയം നുറുങ്ങിയുള്ള ദുഃഖം ഇല്ലെങ്കിൽ പാപമോചനം ഉണ്ടാകുന്നതല്ല. ഇപ്രകാരമുള്ള ദുഃഖം നിനക്കുണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. നിന്നെത്തന്നെ കുറ്റപ്പെടു

ത്തുക. കർത്താവിന്റെ ഇഷ്ടത്തിനു വിരോധമായി പാപം ചെയ്തുവോ എന്നും അതിനാൽ നീ എത്രമാത്രം ദൈവമഹത്വത്തിനു കുറവുള്ള വനായി തീർന്നിരിക്കുന്നു എന്നും ചിന്തിക്കുക. ഹൃദയപൂർവ്വമായി ആത്മാവിന്റെ ദുഃഖം നിനക്കുണ്ടാകണം. ഈ ദുഃഖത്തിനു ചില ലക്ഷണങ്ങൾ ഉണ്ട്.

ഒന്നാമത് നിന്റെ ദുഃഖം ഹൃദയപൂർവ്വമായിരിക്കണം. സകല പാപങ്ങളും ഉത്ഭവിക്കുന്നതു മനുഷ്യഹൃദയത്തിലാകുന്നു. "അകത്തു നിന്നു — മനുഷ്യന്റെ ഹൃദയത്തിൽനിന്നു — ദുശ്ചിന്തകളും വ്യഭിചാ രങ്ങളും വേശ്യാദോഷങ്ങളും ..........പുറപ്പെടുന്നു."

ഇവ അകത്തുനിന്നും പുറപ്പെട്ടു മനുഷ്യനെ അശുദ്ധമാക്കുന്നു. നിന്റെ ഹൃദയം ദൈവത്തിങ്കൽനിന്നു തിരിഞ്ഞുപോകുന്നത് പാപ മാകുന്നു.

ദൈവത്തിങ്കലേക്കു തിരിയുന്നതു മാനസാന്തരമാകുന്നു. ദൈവ ത്തിങ്കലേക്കു നിന്റെ ഹൃദയത്തെ തിരിക്കുക. വലിയ ദുഃഖത്തെ കാണിക്കുന്നതിനായി ഇസ്രയേല്യർ തങ്ങളുടെ വസ്ത്രങ്ങളെ ചീന്തി വന്നു. കർത്താവ് യോവേൽ ദീർഘദർശിമൂലം പറയുന്നത് "നിങ്ങ ളുടെ ഹൃദയങ്ങളെ ചീന്തുവീൻ. നിങ്ങളുടെ വസ്ത്രങ്ങളെ അല്ല." യോവേൽ 2-12. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു തിരി വീൻ 13-ാം വാക്യം. നിന്റെ ഹൃദയം പാപത്തിങ്കലേക്കു മുഖം വച്ചി രിക്കുന്നു. അതിനെ ദൈവത്തിങ്കലേക്കു തിരിക്കുക. നിന്റെ ഹൃദയ ത്തിന്റെ അഗാധസ്ഥലത്തു നിന്നു ദുഃഖം ഉത്ഭവിക്കട്ടെ. പുറമേയുള്ള നിലവിളിയും കണ്ണുനീരും ഹൃദയം നുറുങ്ങിയുള്ള ആത്മാവിന്റെ ദുഃഖത്തിന്റെ ഫലമല്ലെങ്കിൽ ഇവകൊണ്ടു എന്തു പ്രയോജനം. നമ സ്കാരപുസ്തകത്തിൽ കുമ്പസാരിക്കുന്നവർ ചൊല്ലേണ്ടതായി കാണുന്ന അനുതാപ പ്രാർത്ഥനകൾ ചൊല്ലിയതുകൊണ്ടു സത്യ അനുതാപമായില്ല. "ഞാൻ പിഴയാളി" എന്നു പറയുന്ന ഈ പ്രാർത്ഥനയും കണ്ണുനീരും അല്ല പ്രധാനമായിട്ടുള്ളത്. നിന്റെ ഹൃദയം തകർന്നിട്ടു കർത്താവിന്റെ തിരുമുമ്പാകെ നിന്റെ പാപത്തെക്കുറിച്ചും പാപം വഷളാക്കിയിരിക്കുന്നവനായ നിന്നെക്കുറിച്ചും ദുഃഖിക്കണം. ഇപ്രകാരം ഹൃദയം നുറുങ്ങിയുള്ള ദുഃഖത്തെ കർത്താവ് ആവശ്യപ്പെടുന്നു. ഇതില്ലെങ്കിൽ പാപമോചനം ഇല്ല. പരിശുദ്ധാത്മാവിനോട് അപേ ക്ഷിക്കുക. നിനക്കു ഹൃദയതകർച്ച ലഭിക്കും.

2-ാമതു പാപത്തെക്കുറിച്ചു നിനക്കുള്ള ദുഃഖം അമാനുഷികമായിരിക്കണം. മാനുഷികമായ ഉദ്ദേശ്യങ്ങൾ നിമിത്തം പാപത്തെക്കുറിച്ചു ഒരുവൻ ദുഃഖിച്ചേക്കാം. ഈ ആയുസ്സിൽത്തന്നെ നിന്റെ പാപങ്ങൾ നിമിത്തം നിനക്കു നഷ്ടങ്ങൾ, നാശങ്ങൾ, രോഗങ്ങൾ, ശിക്ഷകൾ, ബുദ്ധിമുട്ടുകൾ മുതലായതു ഉണ്ടായേക്കാം. അതു നിമിത്തം തന്റെ ഹൃദയത്തിൽ "അയ്യോ ഞാൻ പാപം ചെയ്തല്ലോ" എന്ന ദുഃഖവും ഉണ്ടായേക്കാം. നിന്റെ ദുഷ്പ്രവൃത്തികളെപ്പറ്റി വീണ്ടും ഓർക്കുമ്പോൾ നിനക്കു ലജ്ജ തോന്നിയേക്കാം. ഒരുവൻ മദ്യപാനിയായിരുന്നു. അവസാനത്തിൽ അവന്റെ ശരീരസൗഖ്യം നഷ്ടപ്പെടുകയും അവന്നു പല ഭയങ്കര രോഗവും ആയുസ്സിന്റെ മദ്ധ്യകാലത്ത് വന്നു കൂടുന്ന കാരണവും മറ്റും വിചാരിച്ചിട്ട് അവനു ദുഃഖമുണ്ടാകയും ചെയ്യുന്നു. ഇവയെല്ലാം മാനുഷികമായ ദുഃഖമാണ്. ഇത് തെറ്റാണെന്നോ ആവശ്യമില്ലാത്തതാണെന്നോ വിചാരിക്കേണ്ട. ഇതുകൊണ്ട് മതിയായില്ല. അമാനുഷികമായ ദുഃഖത്തെ ഹൃദയത്തിൽ ജനിപ്പിക്കുന്നതിനു ഇതു സഹായിച്ചേക്കാം. മുടിയനായ പുത്രനു ആദ്യം ഉണ്ടായ ദുഃഖം ഇപ്രകാരമുള്ളതു മാത്രമായിരുന്നു. "എന്റെ പിതാവിന്റെ ഭവനത്തിൽ എത്ര ദാസന്മാർ സുഖമായി ഭക്ഷണം കഴിച്ചു വസിക്കുന്നു. ഞാൻ പന്നിയുടെ തീറ്റികഴിക്കാനായി ഇവിടെ കിടക്കുന്നല്ലോ" എന്ന് അവൻ ദുഃഖിച്ചു. ഇതു നല്ലതുതന്നെ. ഇതുകൊണ്ട് അവൻ മതിയാക്കിയിരുന്നുവെങ്കിൽ അതു അവനു ഭാഗ്യകരമായി പരിണമിക്കയില്ലായിരുന്നു. അവൻ മതിയാക്കിയില്ല.

അവന്റെ ദുഃഖം അമാനുഷികമായ ദുഃഖമായി തീരുന്നു. അവൻ നിലവിളിക്കുന്നതെന്താകുന്നു. "പിതാവേ സ്വർഗ്ഗത്തിലും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തു. നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല" (ലൂക്കോസ് 15: 21) ഇതു അമാനുഷിക ദുഃഖമാകുന്നു. പിതാവിനെ കോപിപ്പിച്ചല്ലോ എന്നുള്ള ദുഃഖം. ഞാൻ എത്രതന്നെ തിന്മകൾ പ്രവർത്തിച്ചിട്ടും എന്നോടു എത്രയും കരുണയോടു വർത്തിക്കുന്നവനും എന്റെ പരിപൂർണ്ണ സ്നേഹത്തിനും ഭക്തിക്കും പാത്രവാനുമായ സ്നേഹമേറിയ കർത്താവിനെ ഞാൻ എന്റെ ജീവിതത്താൽ അവമാനിച്ചില്ലെ എന്നുള്ള ദുഃഖം. ഇതാകുന്നു അമാനുഷികമായ ദുഃഖം. സ്വർഗ്ഗം എനിക്കു നഷ്ടപ്പെട്ടുപോയെല്ലോ. ഞാൻ നരകത്തിനു അവകാശിയായിത്തീർന്നല്ലോ എന്നുള്ള ദുഃഖം വളരെ നല്ലതാണെന്നു വരികിലും അതു മേല്പറഞ്ഞ അമാനുഷികമായ ദുഃഖത്തെപ്പോലെ അത്ര ഉയർന്ന മാതിരിയിലുള്ളതല്ല. കർത്താവിനോടു ചേർന്നി

രിക്കുന്നതായ ഭാഗ്യം എനിക്കു നഷ്ടപ്പെട്ടല്ലോ. നരകം എന്റെ ഓഹരിയായി തീർന്നിരിക്കുന്നതിനാൽ ഞാൻ ദൈവത്തിനു ഇതരനായി തീർന്നല്ലോ എന്നുള്ള ദുഃഖം അമാനുഷികദുഃഖമാണ്.

ഇപ്രകാരമുള്ള മഹത്തരമായ ആന്തരംമൂലമുള്ള ദുഃഖം വളരെ നല്ലതാകുന്നു. ഇപ്രകാരമുള്ള ദുഃഖമുണ്ടെങ്കിൽ കുമ്പസാരിക്കാൻ നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽ ഈ ദുഃഖം പാപമോചനത്തെ നല്കുന്നതാകുന്നു. കുമ്പസാരിക്കുന്നതിനു പട്ടക്കാരന്റെ അടുക്കൽ എത്തുന്നതിനു മുമ്പ് നിന്റെ ഹൃദയത്തിൽ പാപത്തെക്കുറിച്ചുള്ള ദുഃഖത്തെ ഉജ്ജ്വലിപ്പിക്കണം. അമാനുഷികമായ ദുഃഖം ചുരുക്കമായിട്ടു മാത്രമേ ഉണ്ടാകുകയുള്ളു. അതിനായി തന്നെ പരിശ്രമിക്കുക. അതില്ലെങ്കിൽ നീ കർത്താവിനു നഷ്ടപ്പെട്ടിരിക്കുന്നു എന്നു ഹൃദയപൂർവ്വമായി ദുഃഖിക്കുകയും മേലാൽ പാപങ്ങൾ ചെയ്കയില്ലെന്നു നിശ്ചയിക്കുകയും ചെയ്യുന്നതായാൽ അങ്ങനെ കുമ്പസാരിക്കുന്ന നീ പാപമോചനത്തിനു അർഹനായി തീരുന്നതാണ്. 3-ാമതു എല്ലാ പാപങ്ങളെക്കുറിച്ചും നിനക്കു ദുഃഖമുണ്ടായിരിക്കണം. മരണകരപാപങ്ങളായി നീ ചെയ്തിട്ടുള്ള സർവ്വ പാപങ്ങളെക്കുറിച്ചും ഒരുപോലെ നീ ദുഃഖിക്കണം. ചില പാപങ്ങളെ നീ വെറുക്കുകയും അവയെപ്പറ്റിമാത്രം ദുഃഖിക്കയും മറ്റുചില പാപങ്ങളെ വെറുക്കാതെയും അവയെപ്പറ്റി ദുഃഖിക്കാതെയും ഇരിക്കയും ചെയ്യുന്നു എങ്കിൽ നീ കൃപയ്ക്കർഹനായി തീരുന്നില്ല. മരണകരമായ ഓരോ പാപവും നിന്റെ ആത്മാവിൽനിന്നു ദൈവികകൃപയെ വിശുദ്ധ കൂദാശയിൽ നീ സമ്പാദിച്ചിട്ടുള്ള കൃപയെ നീക്കിക്കളഞ്ഞിരിക്കുന്നു. കൃപാവസ്ഥയിൽ നീ നിലനിൽക്കണമെങ്കിൽ നിന്നിൽ മരണകരമായ യാതൊരുപാപവും മോചിക്കപ്പെടാത്തതായി ഉണ്ടായിരുന്നുകൂടാ. ആയതുകൊണ്ടു മരണകരങ്ങളായ നിന്റെ എല്ലാ പാപങ്ങളെക്കുറിച്ചും ദുഃഖിക്കണം. ജീവനും മരണവും ഒരുമിച്ചു ഒരാളിൽ നിലനിൽക്കാൻ പാടില്ലാത്ത പ്രകാരം നിന്റെ ആത്മാവിനെ കൊല്ലുന്ന പാപവും അതിനെ ജീവിപ്പിക്കുന്ന കൃപയും ഒരുമിച്ചു നിലനില്ക്കയില്ല. ജീവിപ്പിക്കുന്നതായ കൃപ നിനക്കു വേണമെങ്കിൽ നിന്റെ മരണകരമായ പാപങ്ങളെ എല്ലാറ്റിനെക്കുറിച്ചും ദുഃഖിച്ചു അനുതപിച്ചുകൊള്ളുക. മരണകരമായ പാപങ്ങൾ ചെയ്തിട്ടില്ലാത്ത അവസരങ്ങളിൽ നീ കുമ്പസാരിക്കണമെന്നു നിർബ്ബന്ധമില്ല. മരണകരമല്ലാത്ത പാപങ്ങളെപ്പറ്റി നീ തന്നെ മാനസാന്തരപ്പെട്ട് ഏറ്റു പറഞ്ഞാൽ മതിയാകും. ആ സമയവും കുമ്പസാരിക്കുന്നതു നല്ലതാണ്. മരണകരമല്ലാത്ത പാപങ്ങൾ നിന്റെ ആത്മാവിനെ കൊല്ലുന്നില്ല. നിന്നിൽ കൃപയുടെ പ്രവൃത്തിയെ തടയുക മാത്രമെ ചെയ്യുന്നുള്ളു.

4-ാമതായി നിന്റെ പാപങ്ങളെക്കുറിച്ചു നിനക്കുണ്ടാകുന്ന ദുഃഖം എത്രയും ഉഗ്രമായ ദുഃഖമായിരിക്കണം. സകല നഷ്ടങ്ങളും നിനക്കു വന്നാലും തരക്കേടില്ല. മരണകരമായ ഒരു പാപം ചെയ്യാൻ, ഇടവരുന്നതാകുന്നു സകല നഷ്ടങ്ങളെക്കാളും ആപത്തുകളെക്കാളും വലിയ നഷ്ടവും ആപത്തും എന്നു നിനക്കു ബോധമുണ്ടാകണം. ഇങ്ങനെയുള്ള ബോധത്തോടുകൂടി നിന്റെ പാപത്തെക്കുറിച്ചു നീ ദുഃഖിക്കുമ്പോൾ നിനക്കു സംഭവിക്കാവുന്ന സകല നഷ്ടങ്ങളും ഒരുമിച്ചു സംഭവിച്ചാൽ നിനക്കുണ്ടാകുന്നതിൽ അധികം ദുഃഖം നിനക്കു നിന്റെ പാപത്തെപ്പറ്റിയുണ്ടാകും. അപ്പോൾ നിന്റെ അനുതാപം ശരിയായ അനുതാപമായിത്തീരുന്നു. നീ നിലവിളിക്കയൊ കണ്ണുനീരൊഴുക്കയൊ ചെയ്യുന്നതുകൊണ്ട് ഇപ്രകാരമുള്ള ദുഃഖമായി എന്നു വിചാരിക്കേണ്ടാ. സർവ്വവും നിനക്കു തരാമെന്ന് ഒരാൾ പറഞ്ഞാലും നീ ഒരു മരണകരമായ പാപം ചെയ്കയില്ലെന്ന്, ഒരുനാളും ചെയ്കയില്ലെന്ന്, ഉറയ്ക്കുന്നു എങ്കിൽ അതു തന്നെ നീ സകലത്തിലും മേലായി കർത്താവിനെ സ്നേഹിക്കുന്നു എന്നുള്ളതിന്റെ ലക്ഷ്യമാകുന്നു. ഇങ്ങനെയുള്ള മനോനിശ്ചയത്തെ നിനക്കുണ്ടാക്കിത്തരുന്ന ദുഃഖമത്രെ ആവശ്യപ്പെട്ടിരിക്കുന്നത്.

പാപമോചനത്തിനു നിന്നെ അവകാശിയാക്കിത്തീർക്കുന്ന മഹാദുഃഖത്തിന്റെ നാലു ലക്ഷണങ്ങളും മേൽ പറഞ്ഞവയാകുന്നു.

എന്റെ സഹോദരാ, നിനക്ക് ഒരു മഹാരോഗമുണ്ട്. പാപം തന്നെ. അതിന് ഒരു സിദ്ധൗഷധത്തെ കർത്താവു കാണിച്ചിരിക്കുന്നു. ആയതു കുമ്പസാരമാകുന്ന കൂദാശയാകുന്നു.

നാല്പതു ദിവസത്തിലൊരിക്കൽ കുമ്പസാരിക്കുന്നതു നല്ലത്. എല്ലാ നോമ്പുകളിലും കുമ്പസാരിക്കണം. അതിനു നിവൃത്തിയില്ലാത്ത പക്ഷം ഒരു സംവത്സരത്തിലൊരിക്കലെങ്കിലും കുമ്പസാരിക്കണം. ഇതുപോലെ ചെയ്യാതിരിക്കുന്നവൻ ക്രിസ്തീയ സഭയാകുന്ന വൃക്ഷത്തിലെ ഒരു ഉണങ്ങിയ കൊമ്പിനെപ്പോലെ ജീവനില്ലാതിരിക്കുന്നു. നിന്റെ പാപങ്ങൾ കഴുകപ്പെട്ടു, നീ വെടിപ്പുള്ളവനായി തീരുന്നതിനു വേണ്ടി കർത്താവു കല്പിച്ചേർപ്പെടുത്തിയിരിക്കുന്ന കുമ്പസാരമാകുന്ന കൂദാശയിൽ നീ ശുദ്ധീകരിക്കപ്പെടണം. നീ കുമ്പസാരിക്കാത്തവനാണെങ്കിൽ നീ കർത്താവിനെയും തന്റെ തിരുസഭയേയും അനുസരിക്കുന്നവനല്ല. “സഭയേ കേൾക്കാത്തവൻ നിനക്കു പുറജാതിക്കാ

രനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കും" എന്നു കർത്താവു കല്പിച്ചിരിക്കുന്നു. തിരുസഭയുടെ കല്പനകളെ ആചരിക്കേണ്ടതു നിന്റെ ധർമ്മമാകുന്നു. അവ നിന്റെ ആത്മീയവളർച്ചയ്ക്കും ശുദ്ധീകരണത്തിനും വേണ്ടിയുള്ളവയാകുന്നു.

## നാലാം അദ്ധ്യായം

കുമ്പസാരിക്കുന്നതിനു ഒരുങ്ങുന്ന ഒരു പാപി ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നു മേൽ വിവരിച്ചിട്ടുണ്ടല്ലോ ചുരുക്കിപ്പറയുകയാണെങ്കിൽ അവ മൂന്നാകുന്നു. (1) ഇത്ര ഭാരമേറിയതും മഹത്തരവുമായ ഒരു പ്രവൃത്തിയിൽ നിന്നെ ശുദ്ധാത്മാവു നടത്തുവാനായി പ്രാർത്ഥിക്കുക. (2) നിന്റെ പാപങ്ങൾ കണ്ടുപിടിക്കുവാനായി നിന്റെ ജീവിതത്തെ പരിശോധിക്കുക. (3) നിന്റെ പാപങ്ങൾ മോചിക്കപ്പെടേണ്ടതിന്നു നിന്റെ പാപങ്ങളെക്കുറിച്ചു ദൈവമുമ്പാകെ ദുഃഖിക്കുക.

ഈ മൂന്നു പ്രവൃത്തികളും നേരാംവണ്ണം ചെയ്യുന്നതിനുവേണ്ട ഉപദേശങ്ങൾ മേൽ വിവരിച്ചിട്ടുണ്ട്. മേൽ വിവരിച്ചപ്രകാരമെല്ലാം നീ കുമ്പസാരത്തിനായി ഒരുങ്ങി എങ്കിൽ ഇനിയും നീ ചെയ്യേണ്ടതു പട്ടക്കാരന്റെ അടുക്കലേക്കു അടുത്തു ചെല്ലുകയാകുന്നു.

"നിങ്ങൾ ഭൂമിയിൽ ആരുടെ പാപങ്ങളെ മോചിച്ചാലും അവ സ്വർഗ്ഗത്തിലും മോചിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങളെ നിങ്ങൾ നില്പിച്ചാൽ അവ സ്വർഗ്ഗത്തിലും നില്പിക്കപ്പെടും" എന്നു നമ്മുടെ കർത്താവ് കല്പിച്ചിരിക്കുന്നത് പട്ടക്കാരോട് ആകുന്നു. ആയതിനാൽ അത്രെ നാം കുമ്പസാരിപ്പാൻ പട്ടക്കാരുടെ അടുക്കൽ പോകുന്നത്. പട്ടക്കാരനെ സാക്ഷിയാക്കി നാം ദൈവമുമ്പാകെ നമ്മെത്തന്നെ കുറ്റപ്പെടുത്തുകയാകുന്നു കുമ്പസാരത്തിൽ ചെയ്യുന്നത്. ഇങ്ങനെ നമ്മെ നാം കുറ്റപ്പെടുത്തുന്നതിനു മുമ്പായി പ്രാർത്ഥിക്കണം. ഹൃദയപൂർവ്വമായ ദുഃഖത്തോടു നിന്റെ സർവ്വ പാപങ്ങളെക്കുറിച്ചും നിന്നെത്തന്നെ കുറ്റപ്പെടുത്തുവാനും നിന്റെ പാപങ്ങളെ ഏറ്റു പറയുവാനും വേണ്ട ഹൃദയതകർച്ചയും താഴ്മയും പരമാർത്ഥതയും തരുവാനായി ദൈവത്തോടു പ്രാർത്ഥിക്കുക. ഇങ്ങനെയുള്ള പ്രാർത്ഥന എത്രയും ആവശ്യമാകുന്നു.

ചിലർ പട്ടക്കാരന്റെ മുമ്പിൽ കുമ്പസാരിപ്പാനായി മുട്ടുകുത്തിയ ശേഷം പട്ടക്കാരനോടു യാതൊന്നും പറയുന്നില്ല. പട്ടക്കാരന്റെ പ്രസംഗം— മാനസാന്തരത്തെപ്പറ്റിയുള്ള പ്രസംഗം— കേൾപ്പാനായി കാത്തിരിക്കുന്നു. ഇതു കുമ്പസാരിക്കുന്നതിനുള്ള ഒരുക്കമാണ്; കുമ്പസാരമല്ല. കുമ്പസാരിപ്പിക്കുന്ന സമയത്തു പട്ടക്കാരന്റെ ചുമതല മാനസാന്തരത്തെപ്പറ്റി പ്രസംഗിക്കയല്ല. നിന്റെ മാനസാന്തരത്തെ കർത്താവിങ്കലേയ്ക്കു കൈക്കൊള്ളുകയാകുന്നു. മറ്റു ചിലർ കുമ്പസാരിക്കാൻ മുട്ടുകുത്തുമ്പോൾ "ഞാൻ പിഴയാളി" എന്നു പറഞ്ഞുവരാറുള്ള പ്രാർത്ഥന മാത്രം ചൊല്ലുന്നു. തന്റെ സ്വന്ത തെറ്റുകളെ യാതൊന്നിനെയും ഏറ്റു പറയുന്നില്ല. പട്ടക്കാരൻ ചോദിക്കാനായി നോക്കിപ്പാർക്കുന്നു. ചിലർ പട്ടക്കാരൻ ചോദിക്കുമ്പോൾ തന്നെയും തങ്ങളുടെ ജീവിതത്തെപ്പറ്റി ശരിയായി യാതൊന്നും ഏറ്റുപറയുന്നില്ല. ന്യായമല്ലാത്ത ഒരു തീരുമാനം അവരുടെ ജീവിതത്തെപ്പറ്റി പട്ടക്കാരൻ ചെയ്തിട്ട് അർഹിക്കാത്ത പാപമോചനപ്രാർത്ഥന ചൊല്ലുന്നതിനിടയാക്കുന്നു. ഇവനോ പട്ടക്കാരനെ വഞ്ചിക്കാൻ കഴിയുന്നു. എങ്കിലും ദൈവത്തെ വഞ്ചിക്കാൻ കഴിയുന്നില്ല.

പട്ടക്കാരന്റെ അടുക്കൽ ഏറ്റുപറയണമെന്നു നിബന്ധനയുള്ളതിന്റെ കാരണമെന്താണെന്നാലോചിക്കാം.

1. ഇതു പാപത്തിൽ നിന്നു നിന്നെ തടുക്കുന്നതിനുള്ള പ്രധാനമായ ഒരു മാർഗ്ഗമാകുന്ന. നിന്റെ പാപങ്ങളെ നിന്നെപ്പോലെയുള്ള ഒരു മനുഷ്യന്റെ അടുക്കൽ ഏറ്റുപറയണം എന്നു വരുന്നതു നിന്നെ പാപത്തിൽനിന്നു പുറകോട്ടു പിടിക്കുന്ന വശ്യശക്തിയാകുന്നു. ഭക്തനും ദൈവത്തിന്റെ ദാസനുമായ പട്ടക്കാരന്റെ ശാസനകളെ കുറിച്ചുള്ള ഭയം, നീ തുടരെ പാപത്തിൽതന്നെ ജീവിക്കുന്നു എങ്കിൽ കർത്താവിന്റെ കലവറക്കാരനാകുന്ന പട്ടക്കാരൻ നിന്റെ മേൽ പാപമോചന പ്രാർത്ഥന കഴിക്കാതെയും നിന്റെ പാപങ്ങളെ മോചിക്കാതെയും നിന്നെ പറഞ്ഞു വിട്ടേക്കാമെന്നുള്ള ഭയം മുതലായതെല്ലാം നിന്റെ മേൽ ഉണ്ടായിട്ടു നീ പാപത്തിൽ നിന്നു ഓടിക്കളയും. നീ ശരിയായി കുമ്പസാരിക്കുന്നവാണെങ്കിൽ ഇതു എത്രമാത്രം സത്യമാണെന്നു നിന്റെ മനസ്സാക്ഷിതന്നെ സാക്ഷിക്കുന്നുണ്ട്.

2-ാമതു നിനക്കു മനോവ്യഥയും ദുഃഖവും തോന്നുമ്പോൾ, നീ തെററുകാരനെന്നും കുറ്റക്കാരനെന്നും നിനക്ക് ബോധമുള്ളപ്പോൾ,

നിനക്കു വലിയ ആപത്തുള്ള സമയത്തിൽ—ഇങ്ങനെയുള്ള അവസരങ്ങളിലെല്ലാം— ഒരു സ്നേഹിതൻ—നിന്റെ ഹൃദയത്തിലെ വിചാരങ്ങളെയും നിന്റെ ആകുലചിന്തകളെയും എല്ലാം ആ ആളിനോടു വെളിപ്പെടുത്തിപ്പറയത്തക്കവണ്ണം നിനക്കു വിശ്വാസമുള്ള ഒരു സ്നേഹിതൻ ഉണ്ടെങ്കിൽ അതു നിനക്കു വല്യ ആശ്വാസം ആകുന്നു. ആ സ്നേഹിതൻ നിന്നെ സ്നേഹിക്കുന്നവനും നിന്നെ ആശ്വസിപ്പിക്കുന്നവനും വിശുദ്ധാത്മാവിന്റെ കൃപയാൽ നിന്റെ വഴികളെ നിനക്കു ഉപദേശിച്ചു തരുന്നവനും ആണെങ്കിൽ നീ ഭാഗ്യവാൻ. നിന്നെ സ്നേഹിക്കയും നിന്നെ ശാസിക്കയും നടത്തിക്കയും കർത്താവിന്റെ തിരുനാമത്തിൽ നിന്നെ അനുഗ്രഹിക്കുകയും നിന്റെ പാപങ്ങളെ മോചിക്കയും ചെയ്‌വാനായി ദൈവത്തിൽ നിന്നു അധികാരവും നൽവരങ്ങളും പ്രാപിച്ച ഒരാൾ നിനക്കുണ്ടെങ്കിൽ നീ അതിഭാഗ്യവാൻ. പട്ടക്കാരൻ ഇപ്രകാരം നിന്നെ സഹായിപ്പാനായി ദൈവം നിയമിച്ചിട്ടുള്ള കർത്തൃമനുഷ്യനാകുന്നു.

നിന്റെ പട്ടക്കാരൻ നിന്റെ ആത്മാവിന്റെ നടത്തിപ്പുകാരൻ — ഇന്ന പട്ടക്കാരനായിരിക്കണമെന്ന് നീ തന്നെ തെരഞ്ഞെടുത്തുകൊൾക. നിന്റെ ആത്മാവിന്റെ രക്ഷയെ കരുതിമാത്രം പ്രാർത്ഥനയോടും സത്യമായ ആഗ്രഹത്തോടും ഒരു പട്ടക്കാരനെ തെരഞ്ഞെടുത്തുകൊൾക. ഇതു നിന്റെ സ്വാതന്ത്ര്യത്തിലുള്ള കാര്യമാണ്. ഇന്ന പട്ടക്കാരൻ വേണം. ഇന്നാർ പാടില്ലെന്നു നിന്നോടു പറവാൻ ആർക്കും അർഹതയില്ല. നീ ഒരു പട്ടക്കാരനെ തെരഞ്ഞെടുത്താൽ നിവൃത്തിയുള്ളിടത്തോളം ആ പട്ടക്കാരനെത്തന്നെ നിന്റെ കുമ്പസാരപിതാവാക്കിക്കൊൾക. കൂടെക്കൂടെ പട്ടക്കാരനെ മാറുന്നതു നിന്റെ ആത്മീയാഭിവൃദ്ധിക്കു തടസ്സമാകുന്നു. നിന്റെ പട്ടക്കാരൻ നിന്റെ ആത്മാവിനെ വേണ്ടപോലെ നടത്തിക്കുന്നില്ലെന്നു നിനക്കു തോന്നുന്നെങ്കിൽ മാറാൻ വിരോധമില്ല. നിന്റെ പാപങ്ങളെ വീണ്ടും ഏറ്റുപറയാനുള്ള മടികൊണ്ടു പട്ടക്കാരനെ മാറുന്നതു ശരിയല്ല. ഇക്കാര്യത്തിൽ നിന്റെ മനസ്സാക്ഷി നിന്നെ നടത്തിക്കുന്നതുപോലെ ചെയ്ക. മൂന്നു വർഷക്കാലത്തേക്കു ഒരാൾതന്നെ ആയിരിക്കുന്നതു നന്ന്.

3-ാമതു ഒരുവന്റെ തെറ്റുകൾക്കു പരിഹാരമുണ്ടാക്കാൻ കുമ്പസാരം സൗകര്യപ്പെടുത്തുന്നു. സമർത്ഥനായ ഒരു മോഷ്ടാവു മോഷ്ടിച്ചതായ ഒരു സാധനം അതിന്റെ ഉടമസ്ഥനു തിരികെ കിട്ടുന്നതിനു-ലൗകി

കമായി വളരെ ശക്തിയുള്ള ഗവൺമെന്റ് എന്തെല്ലാം ചെയ്താലും സാധിക്കുന്നില്ല. കുറ്റംതന്നെ തെളിയുന്നില്ല. തെളിഞ്ഞാലും പല പ്പോഴും തൊണ്ടി തിരികെ ഉടമസ്ഥനു കൊടുപ്പിക്കാൻ സാധിക്കു ന്നില്ല. എന്നാൽ വിശുദ്ധ കുമ്പസാരത്തിന്റെ ശക്തി വേറൊന്നാകുന്നു. മോഷ്ടാവു തന്റെ മോഷണത്തെ ഏറ്റു പറയുന്നു. മോഷ്ടിക്കപ്പെട്ട സാധനം തിരികെ ഉടമസ്ഥനു കൊടുക്കുന്നതുവരെ പട്ടക്കാരൻ അവന്റെ തലമേൽ കൈവച്ചു പാപമോചനപ്രാർത്ഥന ചൊല്ലുകയും അവനു മോചനം നല്കുകയും ചെയ്യുന്നില്ല. നീ ഒരുവന്റെ മാനത്തിനു ക്ഷയം വരുത്തുവാനായി അവനേപ്പറ്റി വ്യാജമായി അപവാദങ്ങൾ പറഞ്ഞു എങ്കിൽ നീ കുമ്പസാരത്തിൽ അതിനെ ഏറ്റു പറയുന്നു. നീ ആരോട് അപവാദം പറഞ്ഞുവോ, അവരോടുതന്നെ "നീ വ്യാജ മായി അപവാദം പറഞ്ഞതാണ്." എന്നു പറയേണമെന്നു പട്ടക്കാരൻ ആജ്ഞാപിക്കുന്നു. ഇപ്രകാരമാണ് കുമ്പസാരത്തിന്റെ ശക്തി എന്നു വരികിൽ നീ തിന്മകൾ ചെയ്വാനായി എത്രകണ്ടു മടിക്കും എന്ന് ഓർത്തുകൊൾക. ക്രമമായി കുമ്പസാരം നടത്തുന്ന ഒരു ക്രിസ്തീയ സമുദായത്തിൽ അക്രമങ്ങളും അന്യായങ്ങളും ഓരോ തരം തിന്മപ്ര വൃത്തികളും വളരെ കുറവായിരിക്കും എന്നുള്ളതിനു യാതൊരു സംശയവുമില്ല.

കുമ്പസാരമുള്ളതായ റോമൻ കത്തോലിക്ക സമുദായവും കുമ്പ സാരമില്ലാത്തതായ പ്രോട്ടസ്റ്റന്റ് സമുദായവും തമ്മിൽ താരതമ്യപ്പെ ടുത്തിക്കൊണ്ടു സ്കോട്ടലൻഡിലെ പ്രോട്ടസ്റ്റന്റുകാരുടെ വകയായ "സ്കോട്ടസ്മാൻ" എന്ന വർത്തമാനപ്പത്രം താഴെക്കാണുന്ന പ്രകാരം പ്രസ്താവിച്ചുകാണുന്നു:

"ഇംഗ്ലണ്ട്, അയർലണ്ടിനേക്കാൾ രണ്ടു മടങ്ങും, സ്കോട്ടലൻഡ് മൂന്നു മടങ്ങും വഷളാണ്. അയർലൻഡിൽ അപമര്യാദയായി ജനി ക്കുന്ന സന്താനങ്ങളുടെ സംഖ്യ താരതമ്യപ്പെടുത്തിയാൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഒന്നുപോലെയല്ല, ഈ വ്യത്യാസം. പ്രോട്ടസ്റ്റന്റു കാർ എന്ന നിലയിലും വിശിഷ്യാ പ്രസ്സ്ബിട്ടീരിയൻ എന്ന നിലയിലും നമുക്കു അഭിമാനകരമല്ല. ഇങ്ങനെയുള്ള അനാഥക്കുട്ടികളുടെ ജന സംഖ്യ എത്രയും കുറഞ്ഞിരിക്കുന്നതു പടിഞ്ഞാറെ ഭാഗമായ കൊണാട്ടാ പ്രോവിൻസിലാകുന്നു. ഈ സ്ഥലത്തു 20-ൽ 19-ഭാഗം ജനങ്ങളും കെൽട്ടിക്കു വർഗ്ഗക്കാരും റോമൻ കത്തോലിക്കരുമത്രെ. എത്രയും

കൂടിയ സംഖ്യ കാണുന്നതു വടക്കു പടിഞ്ഞാറെ ഭാഗമായ അൽസ്റ്റർ പ്രോവിൻസിലാകുന്നു. ഇവിടെ ജനങ്ങൾ പകുതി പ്രോട്ടസ്റ്റന്റുകാരും പകുതി റോമൻ കത്തോലിക്കരും ആകുന്നു. ഈ പ്രോട്ടസ്റ്റന്റു കാരിൽ അധികമാളുകളും സ്കോച്ചുവർഗ്ഗക്കാരും പ്രസ്സ്ബിട്ടീരിയൻ സഭക്കാരും ആകുന്നു. ആകപ്പാടെ പറയുന്നതായാൽ പകുതി ജനങ്ങൾ പ്രസ്സ്ബിട്ടീരിയരും സ്കോച്ചുകാരും ആയ അൾസ്റ്റർ പ്രോവിൻസ്, ജനങ്ങൾ മുഴുവനും റോമൻ കത്തോലിക്കരും ഐരീഷ് വർഗ്ഗക്കാരു മായ കോണാട്ട് പ്രോവൻസിലേക്കാൾ തികച്ച് മൂന്നു മടങ്ങു ദുർമ്മാർഗ്ഗത്തിലിരിക്കുന്നു. കുറെക്കൂടെ സാമാന്യമായി പറയുന്നതാ യാൽ മൊത്തത്തിൽ സ്കോട്ടലന്റു അയർലണ്ടിനേക്കാൾ മൂന്നുമ ടങ്ങു ദുർമ്മാർഗ്ഗത്തിലിരിക്കുന്നു. ഇതിൽ നിന്നുള്ള അനുമാനം എന്തായിരുന്നാലും ഇത് ഒരു യഥാർത്ഥ കാര്യമാണ്

## 5-ാം അദ്ധ്യായം

ഇതേ വരെ വിവരിച്ചതിനേയെല്ലാം സംക്ഷേപിച്ചു പറയാം.

(1) പാപമോചനം സമ്പാദിക്കുന്നതിനുള്ള ഈ പരിശ്രമത്തിൽ നിന്റെ ഓരോ കാലടികളിലും സഹായിയായിരുന്ന നിന്റെ കുമ്പസാ രത്തെ ശരിയാംവണ്ണം നടത്തിക്കാനായി പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്ക.

(2) നിന്റെ കഴിഞ്ഞ ജീവിതത്തെ പരിശോധിച്ചു നിന്റെ പാപ ങ്ങളെ (മനസ്സിൽ) നോട്ടു ചെയ്ക.

(3) നിന്റെ പാപങ്ങൾക്കുവേണ്ടി സത്യമായ ദുഃഖത്തെ വരുത്തു വാൻ പ്രാർത്ഥിക്കുക. പരിശ്രമിക്കുക.

ഇതിന്റെ ശേഷമാണ് കുമ്പസാരിക്കാനായി പട്ടക്കാരന്റെ അടു ക്കലേക്കു നീ വരുന്നത്. പട്ടക്കാരന്റെ അടുക്കൽ വരുമ്പോൾ ഒന്നാ മതായി നീ ചെയ്യുന്നത് നിന്റെ കുമ്പസാരസമയത്തു നിന്റെ ഹൃദയ ത്തിലും നാവിലും ഇരുന്നു നിന്നെ നടത്തിപ്പാനായി പരിശുദ്ധാത്മാ വിനോടു പ്രാർത്ഥിച്ചുകൊണ്ടു, കർത്താവിന്റെ തൃക്കയ്യിൽ നിന്നെ ഭരമേല്പിക്കയാകുന്നു.

രണ്ടാമത്തേതു "ഞാൻപിഴയാളി" എന്നതു ചൊല്ലുകയും പട്ടക്കാ രനെ സാക്ഷിയാക്കി ദൈവത്തിന്റെ തിരുമുമ്പാകെ നിന്നെത്തന്നെ നീ കുറ്റപ്പെടുത്തിക്കൊണ്ടു നിന്റെ പാപങ്ങളെ ഏറ്റുപറയുകയാണ്.

പട്ടക്കാരൻ ദൈവമുമ്പാകെ നിന്റെ സാക്ഷിയും നിന്റെ നേരെ ദൈവത്തിന്റെ പ്രതിനിധിയായ വിധികർത്താവും ആകുന്നു.

നിന്നെത്തന്നെ കുറ്റപ്പെടുത്തുകയും നിന്റെ പാപങ്ങളെ ഏറ്റു പറയുകയും ചെയ്യുന്ന സമയത്തു നിന്നിൽ രണ്ടു പ്രത്യേകഗുണങ്ങൾ അത്യാവശ്യമാണ്. 1-ാമതു സത്യം, 2-ാമതു താഴ്മ. സത്യവും താഴ്മയും നിന്നിലില്ലെന്നു വരികിൽ നിന്റെ കുമ്പസാരം സാധുവായ കുമ്പസാരമല്ല. നിനക്കു പാപമോചനമുണ്ടാകുന്നതുമല്ല. പട്ടക്കാരനെ വഞ്ചിക്കാൻ നിനക്കു സാധിച്ചേക്കും. സകലവും അറിയുന്നവനായ ദൈവത്തെ വഞ്ചിക്കാൻ നിനക്കു കഴിയുകയില്ല.

### 1-ാമതു സത്യം

നീ ചെയ്തിട്ടുള്ളതായി നിനക്കു ഓർമ്മയുള്ളതും കുമ്പസാരിച്ചിട്ടില്ലാത്തതുമായ എല്ലാ മരണകരപാപങ്ങളെയും നീ ഏറ്റു പറയണം. നിന്നെ കെട്ടുകയോ അഴിക്കയോ ചെയ്യുന്നതും നിനക്കു കല്പനകളെയും അനുവാദങ്ങളെയും തരുന്നതും ഇന്നയിന്ന വിധത്തിൽ വേണ്ടതാണെന്നു തീരുമാനിക്കുന്നതിനു വേണ്ടി നിന്റെ ആത്മീയാവസ്ഥയെപ്പറ്റി പട്ടക്കാരനു ശരിയായ ബോധമുണ്ടാവാൻ, ആവശ്യമുണ്ട്. നീ കുമ്പസാരത്തിൽ ചെയ്യുന്ന ഉടമ്പടിയെ നിവർത്തിക്കണം. നിന്റെ പട്ടക്കാരനെ യാതൊരു വിധത്തിലും വഞ്ചിക്കരുത്. ചിലപ്പോൾ നിന്നെത്തന്നെ ശരിയാംവണ്ണം പരിശോധിക്കാത്തതുകൊണ്ടു ഏറ്റു പറയേണ്ട പാപങ്ങൾ നിനക്കു ഓർമ്മ വരുന്നില്ല. ഇതു കുറ്റകരമായ മറവി ആകുന്നു. നേരെമറിച്ചു നീ പരിശ്രമിച്ചിട്ടും ഓർമ്മ വരാത്ത പാപങ്ങളുണ്ട്. അവയെ ഏറ്റുപറയാതിരിക്കുന്നതു വേറെ ഒരു സംഗതിയാണ്.

ദീർഘകാലം കുമ്പസാരിക്കാതെ കഴിച്ചുകൂട്ടിയാൽ പല പാപങ്ങളും മറന്നുപോകും. പിന്നീട് ഒരു പക്ഷേ, നിന്റെ മരണക്കിടക്കയിൽ കുമ്പസാരിക്കാൻ ഒരുങ്ങുമ്പോൾ നിനക്കു അനേക പാപങ്ങളും ഓർമ്മയില്ലാതെ വരുന്നു. എത്രയും ചുരുങ്ങിയ കുമ്പസാരമേ നിനക്കു കഴിപ്പാനുള്ളു എന്നു വന്നു കൂടുന്നു. സഹോദരാ! കുമ്പസാരത്തെ പിന്നത്തേക്കും മരണക്കിടക്കയിലേക്കും നീക്കിവെയ്ക്കരുതെ.

നിനക്കു അറിയാൻ കഴിയുന്ന കാര്യങ്ങൾ അറിയാതെ കഴിച്ചു കൂട്ടുന്നുവെങ്കിൽ അതു തെറ്റാണ്. ദൃഷ്ടാന്തമായി ഞായറാഴ്ചതോറും വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കണമെന്നുള്ളതു നിന്റെ

ചുമതലയാണെന്നും, അതിനെ നിറവേറ്റാതിരുന്നിട്ടുണ്ടെങ്കിൽ അതു ഏറ്റു പറയേണ്ട പാപമാണെന്നും, നിനക്കു അറിയാൻ യാതൊരു പ്രയാസവുമില്ല. അതിനെ അറിഞ്ഞു നിന്റെ കുമ്പസാരത്തെ ശരിപ്പെടുത്തുന്നില്ലെങ്കിൽ, അതു നിന്റെ പേരിൽ തെറ്റാണ്.

വീണ്ടും നിന്റെ കുമ്പസാരത്തെ നിഷ്ഫലമാക്കിത്തീർക്കുന്ന വേറൊരു സംഗതി നിന്റെ വ്യാജമായ ലജ്ജയാകുന്നു. ചിലർ തങ്ങളുടെ പാപങ്ങളെ ലജ്ജനിമിത്തം ഏറ്റു പറയുന്നില്ല. ഓ! എന്നാ! എന്നു മനസ്സിൽ കരുതിക്കൊണ്ടു തങ്ങളെത്തന്നെ നീതീകരിക്കുന്നു. നാം തെറ്റുകൾ ചെയ്തുപോയി എന്നും അവ ആകാത്തതാണെന്നും നിന്ദ്യങ്ങളാണെന്നും ബോധം വരുമ്പോൾ ആവക കുറ്റത്തിൽനിന്നും നാറ്റത്തിൽനിന്നും രക്ഷപെടുന്നതിനു വഴി അന്വേഷിക്കുന്നു. ആ പാപങ്ങളെ നാം ഹൃദയപൂർവ്വമായി വെറുക്കുന്നു എങ്കിൽ അവയെ ഏറ്റു പറയാൻ നമുക്കു പ്രയാസമില്ല. എന്നുതന്നെയുമല്ല ന്യായവിധിയുടെ ദിവസത്തിൽ സർവ്വലോകത്തിന്റേയും മുമ്പിൽ നമ്മുടെ പാപം വെളിപ്പെടുത്തുന്നതായാൽ എത്ര കഷ്ടമാണ്. അതു വരാതിരിപ്പാനായി—ഒരാളിന്റെ അടുക്കൽ ദൈവത്തിന്റെ തിരുനാമത്തിൽ നമ്മുടെ പാപങ്ങളെ മായിച്ചു കളയാൻ ദൈവം ചുമതലപ്പെടുത്തിയിരിക്കുന്ന ഒരാളിന്റെ അടുക്കൽ "പിതാവിന്റെയും പുത്രന്റെയും റൂഹായുടെയും തിരുനാമത്തിൽ ഞാൻ നിന്റെ പാപങ്ങളെ അഴിക്കുന്നു" എന്നു പറവാൻ കർത്താവിൽ നിന്നു അധികാരം പ്രാപിച്ച ദൈവഭൃത്യന്റെ അടുക്കൽ— ഏറ്റുപറയാൻ മടിച്ചിട്ടാവശ്യമില്ല. ഇങ്ങനെ പട്ടക്കാരനോടു ഏറ്റു പറയുന്നതു ഒരിക്കലും പരസ്യപ്പെടുകയുമില്ല. അങ്ങനെ പരസ്യപ്പെടുത്താൻ ഒരു പട്ടക്കാരനും അനുവാദമില്ല.

കുമ്പസാരത്തെ അസാധുവാക്കിത്തീർക്കുന്ന വേറൊരു സത്യഭാഗം, കരുതിക്കൂട്ടിക്കൊണ്ടു സംഗതികളെ ഒളിക്കുന്ന പാപമാകുന്നു. കർത്താവിന്റെ അടുക്കൽ നിന്നു വലിയ കർത്തൃസ്നേഹം മൂലം ദാനമായി നല്കപ്പെടുന്ന കൃപയെ—പാപമോചനത്തെ--വാങ്ങിപ്പാൻ വരുന്ന ഒരാൾ അതിനെ വാങ്ങാൻ കൈനീട്ടുന്ന അവസരത്തിൽതന്നെ കർത്താവിനെ വഞ്ചനയാൽ ചുംബിച്ചു ഒറ്റിക്കൊടുക്കുകയാണെങ്കിൽ അതിലധികം ഭയങ്കരമായ ഒരു പാപം എന്തുള്ളു? നീ ഇങ്ങനെ വല്ലപ്പോഴും ചെയ്തിട്ടുണ്ടോ? കുമ്പസാരത്തിൽ വഞ്ചനയും അസത്യവും പ്രയോഗിക്കുന്നതിനേക്കാൾ ഭയങ്കരമായ പാപം എന്താണ്?

## രണ്ടാമതു താഴ്മ

നിന്റെ കുമ്പസാരം സാധുവായ കുമ്പസാരമായി തീരുന്നതിനു അത്യാവശ്യമായ രണ്ടു ഗുണങ്ങൾ സത്യവും താഴ്മയും ആകുന്നു.

കുമ്പസാരത്തിൽ സത്യം പരിപാലിക്കേണ്ടത് എങ്ങനെയാണെന്ന് മേൽ വിവരിച്ചു കഴിഞ്ഞു. ഇനിയും വിവരിക്കാനുള്ളത് താഴ്മയാണ്.

നമ്മുടെ കർത്താവ് കുമ്പസാരത്തെ പരിശുദ്ധസഭയിൽ ഏർപ്പെടുത്തിയതു തന്നെ മനുഷ്യരെ താഴ്മ അഭ്യസിപ്പിക്കുന്നതിനാകുന്നു എന്നു പറയാം. നമ്മുടെ ആദ്യമാതാപിതാക്കന്മാരുടെ പാപം എന്തായിരുന്നു? നിഗളമല്ലയൊ. ഓരോ മനുഷ്യനും ചെയ്യുന്ന ഓരോ പാപത്തിന്റെ യഥാർത്ഥ കാരണം ആലോചിക്കുമ്പോൾ അധികവും നിഗളമാണെന്നു കാണാവുന്നതാണ്.

ആയതിനാൽ പാപത്തിന്റെ മഹാ വലിയ പ്രതിവിധി താഴ്മയാണ്. നുറുങ്ങിയതും താഴ്മയുള്ളതുമായ ഹൃദയത്തെ കർത്താവ് നിരസിക്കുന്നില്ല" എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ദൈവം നിഗളമുള്ളവരോട് എതിർക്കുകയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു എന്നു യാക്കോബുശ്ലീഹായും പറയുന്നു. (യാക്കോ. 4: 6)

കർത്താവിന്റെ ആലയത്തിൽ പ്രാർത്ഥിക്കാനായി പരീശനും ചുങ്കക്കാരനും കൂടി വന്നു താഴ്മയോടുകൂടി ചുങ്കക്കാരൻ തന്റെ നെഞ്ചത്ത് അടിച്ചുകൊണ്ട് ദൈവത്തോടു നിലവിളിച്ചു. അവൻ അനുഗ്രഹിക്കപ്പെട്ടു. പരീശനോ, നിഗളത്തോടുകൂടി സ്വന്ത സൽപ്രവൃത്തികളെപ്പറ്റി തന്നെത്തന്നെ നീതീകരിച്ചു. ദൈവം അവനെ നിന്ദിച്ചു (ലൂക്കോ: 18: 10). അതിനാൽ ദൈവത്തിന്റെ തിരുമുമ്പാകെ നീ അടുത്തുവരുന്ന കുമ്പസാരസമയത്ത് നിനക്ക് താഴ്മ എത്രയും ആവശ്യമാകുന്നു.

നിഗളികളായ ആളുകൾ സാധാരണയായി കുമ്പസാരിക്കുമ്പോൾ തങ്ങളുടെ പാപങ്ങളെക്കുറിച്ച് തന്നെത്താൻ കുറ്റപ്പെടുത്തിക്കൊണ്ട് ഏറ്റു പറയുന്നതിനു പകരം തന്നെത്താൻ ഒഴികഴിവുകളും സമാധാനങ്ങളും പറഞ്ഞുകൊണ്ട് കുമ്പസാരിക്കുന്നു. അവർ സ്വന്ത പാപം ഏറ്റു പറയുന്നു എന്ന് ഭാവിക്കുന്നു. മറ്റുള്ളവരുടെ പാപങ്ങളെക്കുറിച്ച് പറയുകയും തന്നെത്താൻ ഏറെക്കുറെ നീതികരിക്കുകയും ചെയ്യുന്നു. ഇതു കുമ്പസാരമല്ല. നീ കുമ്പസാരിക്കുന്നത് നിന്റെ പാപങ്ങളെ ഏറ്റു പറയുന്നതിനുവേണ്ടിയാണ്, മറ്റുള്ളവരുടെ പാപങ്ങളെ പറയാ

നല്ല. മറ്റുള്ളവരുടെ പാപങ്ങളാകട്ടെ അവരുടെ കാര്യങ്ങളാകട്ടെ അവരുടെ പേരാകട്ടെ കുമ്പസാരത്തിൽ പറവാൻ നിനക്ക് അർഹതയില്ല.

ചിലർ കുമ്പസാരിക്കുമ്പോൾ ഓരോ സംഗതികളെക്കുറിച്ച് പലതെല്ലാം പറയും. ഒടുവിൽ തന്റെ സ്വന്തകുറ്റം എന്താണെന്നു വെളിപ്പെടുത്തുകയുമില്ല. ഇതും കുമ്പസാരമല്ല.

വേറെ ചിലർ പട്ടക്കാരനോടു കുറുക്കി കൂട്ടി കുമ്പസാരിക്കും. മറ്റു ചിലർ നേരേ മറിച്ചു ആവശ്യമില്ലാതെ പട്ടക്കാരന്റെ സമയത്തെ മുഴുവനും നഷ്ടപ്പെടുത്തി ദീർഘശ്വാസം വിട്ട് ഒടുവിൽ ചുരുക്കമായി വല്ലതും മാത്രം ഏറ്റു പറയും. പിന്നെ ചിലർക്കു ഒരു മാതൃകാ കുമ്പസാരമുണ്ട്. എല്ലാ പ്രാവശ്യവും ഒരേ വാചകങ്ങൾ, ഒരേ പാപങ്ങൾ, മുമ്പ് ഏറ്റു പറഞ്ഞതു തന്നെ യാതൊരു ഭേദവുമില്ല. കുമ്പസാരിക്കാനുള്ള പാപങ്ങളെ എല്ലാ കാലത്തേക്കുമായി എഴുതി മനഃപാഠം പഠിച്ചതുപോലെ തോന്നും. ഇതും ആശ്ചര്യകരം തന്നെ. മറ്റു ചിലർ ഉള്ളതിലധികം ഭാവിക്കും. "പിതാവേ! ഞാൻ സകല പാപവും ചെയ്തുപോയി. ഞാൻ ചെയ്തിട്ടില്ലാത്ത പാപമില്ല." എന്നു ഏറ്റുപറയും. "നീ നിന്റെ അപ്പനേയോ, അമ്മയേയോ, തല്ലിയിട്ടുണ്ടോ" എന്നു ചോദിക്കുന്നതായാൽ "അതു ഞാൻ ചെയ്തിട്ടില്ല" എന്നു പറയും. ഇതും വ്യാജമായ താഴ്മയാകുന്നു.

പ്രിയ സഹോദരാ! ഇത്രയും പ്രധാനമായ ഈ വിഷയത്തിൽ നിന്റെ ആത്മാവിന്റെ നിത്യരക്ഷയെ സംബന്ധിക്കുന്ന ഈ വിഷയത്തിൽ എത്രയും സൂക്ഷ്മമുള്ളവനായിരിക്കുക. ശരിയായ കുമ്പസാരം നിന്റെ മനസ്സാക്ഷിയുടെ ഭാരത്തെ ഇല്ലാതാക്കും. നിന്റെ ഹൃദയത്തെ ആശ്വസിപ്പിക്കും. "നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നെങ്കിൽ, നമ്മുടെ പാപങ്ങളെ നമ്മോടു ക്ഷമിപ്പാനും സകല അന്യായത്തിൽ നിന്നും നമ്മെ കഴുകാനും ദൈവം വിശ്വസ്തനും നീതിമാനും ആകുന്നു." എത്ര ഭാഗ്യകരമായ വാഗ്ദാനം.

ഒരാളിന്റെ പാപങ്ങളെ മറ്റൊരാളിനോട് ഏറ്റു പറകയെന്നുള്ളത് എത്രയും പ്രയാസമേറിയ കാര്യമാകുന്നു എന്നു ചിലർക്കു തോന്നിയേക്കാം. ശരിതന്നെ, അതു പ്രയാസമേറിയതാകുന്നു. ഇതു പ്രയാസമുള്ളതാണെന്ന് നമുക്കു തോന്നണമെന്നുതന്നെ, നമ്മുടെ കർത്താവ്

ആഗ്രഹിക്കുന്നു. കുമ്പസാരം പ്രയാസമുള്ളതല്ലെങ്കിൽ അതു കൊണ്ടുള്ള പ്രയോജനം എത്ര കുറഞ്ഞുപോകും. മനുഷ്യരെ നന്നാക്കുന്നതിന് കുമ്പസാരത്തിനുള്ള ശക്തി ഇല്ലാതായിപ്പോകും. കുമ്പസാരം പ്രയാസമുള്ളതുതന്നെ. എങ്കിലും നിനക്ക് യഥാർത്ഥമായ താഴ്മയെ ഉണ്ടാക്കുന്നതിന് ഇതിനുള്ള ശക്തി എത്ര വലിയതാകുന്നു. എന്നോർത്തു നോക്കുക.

ബലഹീനമായ മനുഷ്യപ്രകൃതിക്ക് ഇതിന്റെ ഭാരം വഹിക്കാവുന്നതിൽ അധികമായി തോന്നാതിരിപ്പാൻവേണ്ടി വിശുദ്ധ സഭ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഒന്നാമതു നീ സഭയിൽ പരസ്യമായി നിന്റെ തെറ്റുകളെ ഏറ്റു പറയണമെന്നു വച്ചിട്ടില്ല. പട്ടക്കാരനോടു രഹസ്യത്തിൽ ഏറ്റു പറഞ്ഞാൽ മതി. രണ്ടാമത് നിന്റെ കുമ്പസാര രഹസ്യങ്ങൾ ഒരുനാളും പരസ്യമാകയില്ല. പട്ടക്കാരന്റെ അടുക്കൽ കുമ്പസാരത്തിൽ വെളിപ്പെടുത്തിയ രഹസ്യം പരസ്യപ്പെടുത്തുവാൻ പട്ടക്കാരനും അധികാരമില്ല. ലോകത്തെ മുഴുവൻ രക്ഷിക്കുന്നതിന് അതുകൊണ്ട് സാധിക്കാമെന്നിരുന്നാൽ തന്നെയും കുമ്പസാരരഹസ്യം വെളിപ്പെടുത്തിക്കൂടാത്തതാണ്. ഇങ്ങനെ ഒരു പട്ടക്കാരനും വെളിപ്പെടുത്തുന്നില്ല. അങ്ങനെ വെളിപ്പെടുത്തിയതായി ഒരു കേട്ടുകേഴ്വി പോലുമില്ല. പട്ടക്കാർ തെറ്റുകാരായി ദൈവഭക്തിയിൽ നിന്ന് തെറ്റിപ്പോകുകയും വലിയ പാപങ്ങളിൽ വീണ്ടുപോകയും ചെയ്തിട്ടുണ്ട്. എന്നാൽ എത്ര വളഷായിത്തീർന്ന ഒരു പട്ടക്കാരനും തന്റെ കുമ്പസാരരഹസ്യത്തെ വെളിപ്പെടുത്തിയതായി കേട്ടിട്ടില്ല.

എന്നു തന്നെയുമല്ല (1) പട്ടക്കാരൻ നിനക്കു പിതാവാകുന്നു നിനക്കു എന്തു രഹസ്യവും നിന്റെ പട്ടക്കാരനോടു പറയാം. (2) പട്ടക്കാരൻ നിന്റെ വൈദ്യനാകുന്നു. പട്ടക്കാരൻ ക്രിസ്തുവിന്റെ തിരുരക്തം കൊണ്ടുള്ള കഴുകലാകുന്ന വിലയേറിയ സിദ്ധൗഷധത്തെ നിനക്ക് തരുന്ന വൈദ്യനാകുന്നു. (3) പട്ടക്കാരൻ നിന്റെ മേൽ ന്യായാധിപതി ആയിരുന്നു. നിന്റെ തെറ്റുകളെപ്പറ്റി വിധിക്കയും നിന്റെ പാപങ്ങൾക്ക് പരിഹാരവും നിനക്ക് ദണ്ഡനവും നിന്റെ ജീവിതത്തിലുള്ള നിയമങ്ങൾ നിശ്ചയിക്കുന്ന വിധികർത്താവും ആകുന്നു.

പട്ടക്കാരൻ നിന്റെ കുമ്പസാരരഹസ്യങ്ങളെ വെളിപ്പെടുത്താതിരിക്കുന്ന പ്രകാരം തന്നെ നീയും നിന്റെ കുമ്പസാരരഹസ്യങ്ങളെ വെളിപ്പെടുത്തിക്കൂടാത്തതാണ്. പട്ടക്കാരൻ നിന്നോടു ഗുണദോഷിക്കുന്ന സംഗതികൾ, നീ ഒഴിഞ്ഞുനില്ക്കേണ്ടതായ ആളുകൾ, സ്ഥല

ങ്ങൾ, നിന്റെമേൽ നിശ്ചയിക്കുന്ന ദണ്ഡനങ്ങൾ മുതലായവയിൽ യാതൊന്നിനേയും വെളിപ്പെടുത്തിക്കൂടാത്തതാണ്.

വേറൊരു സംഗതി നീ പ്രത്യേകം ഓർക്കേണ്ടതുണ്ട്. മരണകരമായ പാപങ്ങളെപ്പറ്റി മാത്രം മേൽ പ്രസ്താവിച്ചതുകൊണ്ട് മരണകരമല്ലാത്ത പാപങ്ങളെക്കുറിച്ചു നീ അനുതപിക്കുകയും ദുഃഖിക്കുകയും ചെയ്യേണ്ട ആവശ്യമില്ലെന്നു ധരിക്കരുത്. ഏതു പാപത്തെപ്പറ്റിയായാലും ദുഃഖിക്കുന്നില്ലെങ്കിൽ നിനക്കു മോചനമുണ്ടാകുന്നില്ല. നിനക്കു മരണകരമായ യാതൊരു പാപവും ഏറ്റുപറയാനില്ലെന്നിരിക്കട്ടെ. നിന്റെ മരണകരമല്ലാത്ത പാപങ്ങളെ ഏറ്റു പറയാം. കൃപയിൽ വളരുവാനായി മാത്രം മരണകരമല്ലാത്ത പാപങ്ങൾ നിമിത്തം കുമ്പസാരിക്കാം. ഇവയെക്കുറിച്ചു വേണ്ടുംവണ്ണമുള്ള അനുതാപം തോന്നണം. ഹൃദയത്തകർച്ചയുണ്ടാകുന്നില്ലാ എങ്കിൽ താൻ മുമ്പു ചെയ്തുപോയ മരണകരമായ ഏതെങ്കിലും പാപത്തെക്കൂടി ഓർത്തു ദുഃഖിക്കയും കുമ്പസാരിക്കയും ചെയ്യാം. ഇങ്ങനെ ചെയ്യുന്നത്, താൻ കൃപയ്ക്കു പാത്രീഭവിക്കുന്നതിനു വേണ്ടിയാകുന്നു. ഇങ്ങനെ ചെയ്യുന്ന പാപി യഥാർത്ഥത്തിൽ തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നു എന്നു പട്ടക്കാരനുതന്നെ ബോധമുണ്ടാകുകയും അനുഗ്രഹങ്ങളേയും പാപമോചനത്തേയും പ്രാപിക്കയും ചെയ്യുന്നു. ഇങ്ങനെ കുമ്പസാരിക്കണമെന്നു നിർബ്ബന്ധമുള്ളതായി വിചാരിക്കരുത്.

വേണ്ടവണ്ണം ഒരിക്കൽ കുമ്പസാരിച്ച പാപങ്ങളെ വീണ്ടും കുമ്പസാരിക്കണമെന്നില്ല. നിന്റെ ആയുസ്സിൽ പ്രധാനമായ ഓരോ ഗതിഭേദങ്ങളുണ്ടാകുമ്പോൾ, ദൃഷ്ടാന്തമായി, നീ വിവാഹം ചെയ്യുന്ന സമയത്തു, അല്ലെങ്കിൽ നിനക്കു ഏതെങ്കിലും ഒരു പ്രായം തികയുന്ന സമയത്തു– ഇങ്ങനെയുള്ള ഘട്ടങ്ങളിൽ പൊതുകുമ്പസാരം നല്ലതാകുന്നു.

# IV
# ശുദ്ധീകരണം

### ആറാം അദ്ധ്യായം

കുമ്പസാരിപ്പാനായി പട്ടക്കാരന്റെ അടുക്കൽ നീ വരുമ്പോൾ നിന്റെ ചുമതലകൾ എന്തെല്ലാമാണ്? 1-ാമതു കുമ്പസാരത്തിൽ കർത്താവു നിന്റെ ഹൃദയത്തിലും, നാവിലും ചെവിയിലും ഇരുന്നു പ്രവർത്തിപ്പാനായി പ്രാർത്ഥിക്കുക. 2-ാമതു നിന്നെത്തന്നെ ശരിയാം വണ്ണം കുറ്റപ്പെടുത്തിക്കൊണ്ടു സത്യത്തോടും താഴ്മയോടും കൂടെ നിന്റെ പാപങ്ങളെ ഏറ്റുപറയുക. ഇവ രണ്ടും മേൽ വിവരിച്ചു കഴിഞ്ഞു. 3-ാമത്തെയാണ് ഇനി വിവരിപ്പാനുള്ളത്.

പട്ടക്കാരൻ നിന്റെമേൽ വെയ്ക്കുന്ന ദണ്ഡനത്തെ അംഗീകരിക്കേണ്ടതാകുന്നു.

ഇങ്ങനെ നിനക്കു ദണ്ഡനം നിശ്ചയിക്കുന്നതിന്റെ ആന്തരം എന്താണ്? നീ എന്തെങ്കിലും ഒരു പാപം ചെയ്യുമ്പോൾ നീ കുറ്റക്കാരനായിത്തീരുന്നു. നീ ശിക്ഷയ്ക്കു അർഹനായും ഭവിക്കുന്നു. കുറ്റം ഒന്ന്, അതിന്റെ ശിക്ഷ വേറൊന്ന്. നീ ചെയ്യുന്ന പാപത്തിന്റെ കുറ്റം നിന്നോടു ക്ഷമിക്കപ്പെടുമ്പോൾ അതു നിമിത്തം നിനക്കുണ്ടാകേണ്ടതായ നിത്യശിക്ഷയ്ക്കു നീ അർഹനല്ലെന്നു കർത്താവു നിന്നെ സമ്മതിക്കുന്നു. എന്നാലും ഈ ലോകത്തിൽ ആ പാപത്തിനുവേണ്ടി നീ അനുഭവിക്കേണ്ടതായ ലഘുവായ ദണ്ഡനത്തെ കർത്താവു നിന്റെമേൽ വയ്ക്കുന്നു. ഇതേ സംബന്ധിച്ചു വിശുദ്ധ വേദം എന്തു പഠിപ്പിക്കുന്നു?

ഇസ്രായേൽക്കാർ ദൈവത്തിനു വിരോധമായി മത്സരിക്കുകയും പിറുപിറുക്കയും ചെയ്തു. പാപം ചെയ്തു. മോശ അവർക്കുവേണ്ടി മദ്ധ്യസ്ഥനായി പ്രാർത്ഥിച്ചു അവർക്ക് മോചനം സമ്പാദിച്ചു. എങ്കിലും നാല്പതു സംവത്സരം വനത്തിൽ അലഞ്ഞുനടക്കയും വാഗ്ദത്ത ദേശത്തു പ്രവേശിക്കാതിരിക്കയും ചെയ്യുന്നതിനിടയായത് ദൈവം തല്ക്കാലത്തേക്കായി അവർക്കു കൊടുത്ത ദണ്ഡനമാണ്.

ദാവീദ് വ്യഭിചാരവും കൊലപാതകവും ചെയ്തു. ഒടുവിൽ അനുതപിച്ചു മോചനം സമ്പാദിച്ചു എങ്കിലും നാഥാൻ ദീർഘദർശി എന്തു പറയുന്നു. നിന്റെ ഈ രണ്ടു പാപങ്ങളും മോചിക്കപ്പെട്ടിരിക്കുന്നു. എങ്കിലും "പൈതൽ മരിക്കണം". ഇതായിരുന്നു ദാവീദിന്റെ മേലുള്ള ദണ്ഡനം.

കുമ്പസാരത്തിൽ കല്പിക്കപ്പെട്ട ദണ്ഡനത്തെ നിറവേറ്റുന്നതിനു മുമ്പു വല്ല പാപവും ചെയ്തുപോയാൽ പിന്നീട് ദണ്ഡനം ചെയ്യേണ്ട ആവശ്യമില്ലെന്നു ചിലർ വിചാരിക്കുന്നു. അങ്ങനെയല്ല ഏതായാലും ദണ്ഡനം ചെയ്യണം. ദണ്ഡനം നിറവേറ്റുന്നതിനു മുമ്പു പാപത്തിൽ വീണുപോയാൽ ദണ്ഡനം നിറവേറ്റുന്നതിനു മുൻപു കുമ്പസാരിപ്പാൻ വിരോധമില്ല.

ദണ്ഡനം നിശ്ചയിക്കുന്നതുകൂടാതെ പട്ടക്കാരൻ നിനക്കു ചുരുങ്ങിയ ഉപദേശം തരുന്നുണ്ട്. ദൈവം എപ്പോഴെങ്കിലും ഒരു മനുഷ്യന്റെ ചെവികളിൽ സംസാരിക്കുന്നു എങ്കിൽ ആയതു കുമ്പസാരത്തിങ്കൽ പട്ടക്കാരൻ വഴിയായി ആകുന്നു. ഈ സമയം എത്രയും വിലയേറിയ സമയമാകുന്നു. പട്ടക്കാരൻ നിനക്കു ഗുണദോഷങ്ങൾ പറഞ്ഞുതരുന്നു. അല്ലെങ്കിൽ നിന്നെ ശാസിക്കുന്നു. അല്ലെങ്കിൽ നിന്നെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. മോക്ഷത്തിലേയ്ക്കുള്ള വഴി നിന്റെ മുമ്പാകെ തെളിക്കുന്നു. നീ സൂക്ഷിച്ചും ഭയഭക്തിയോടും വിശ്വാസത്തോടും ശ്രദ്ധിക്കുക. നിന്റെ വഴികളിൽ കുഴികളും കുന്നുകളും ഇന്നയിന്ന സ്ഥലങ്ങളിൽ ഉണ്ടെന്നും ഇന്നയിന്ന വഴികളിൽ നീ നടക്കരുതെന്നും പട്ടക്കാരൻ പറഞ്ഞുതരുന്നു. നിന്റെ പ്രയാസങ്ങളിൽ നിന്നെ സഹായിക്കുന്നു. നിന്റെ മുറുകെ പറ്റുന്ന പാപങ്ങളെ ജയിപ്പാനുള്ള വഴി നിന്നോടു ഉപദേശിക്കുന്നു. ഇന്നയിന്ന ആളുകളുമായി സംസർഗ്ഗം ചെയ്യരുത്. ഇന്നയിന്ന സ്ഥലങ്ങളിൽ നീ പോകരുത് ഇന്നയിന്ന വ്രതങ്ങളെ നീ അനുഷ്ഠിക്കണം എന്നിങ്ങനെ

സുകൃതജീവിതത്തിലും രക്ഷാമാർഗ്ഗത്തിലും നിലനിർത്തുവാൻ വേണ്ട ഉപദേശങ്ങൾ പട്ടക്കാരൻ നിന്നോടു ഉപദേശിക്കുന്നു. വിശ്വസ്തനായ ഒരു സ്നേഹിതനെപ്പോലെ വലിയതു യാതൊന്നുമില്ലെന്നു വിശുദ്ധ വേദം കല്പിക്കുന്നത് ഇപ്പോഴാകുന്നു നിനക്ക് അനുഭവസിദ്ധമാകുന്നത്. "അനേകരോട് സമാധാനപ്പെട്ടിരിക്കുക. എങ്കിലും ആയിരംപേരിൽ ഒരുവൻ നിനക്ക് ആലോചനക്കാരനായിരിക്കട്ടെ" എന്നു മഹാജ്ഞാനം പറയുന്നു. (മഹാജ്ഞാനം 6:15)

ഇങ്ങനെയെല്ലാമായിരുന്നാലും എത്രപേർ കുമ്പസാരത്തിൽ നല്കപ്പെടുന്ന ഉപദേശത്തെ അഗണ്യമായി കരുതുന്നു. എത്രപേർ അവയെ അവിടെതന്നെ ഉപേക്ഷിച്ചുംവച്ചു മടങ്ങിപ്പോകുന്നു. അങ്ങനെ വരരുതേ.

കുമ്പസാരത്തിൽ നടക്കുന്നതായ അടുത്ത സംഗതി പട്ടക്കാരൻ നിനക്കു പാപമോചനം നല്കുന്നതാണ്. നിന്റെ അനുതാപം ഹൃദയപൂർവ്വമായിട്ടുള്ളതാണെന്നും നീ സത്യമായി നിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു മോചനത്തെ നോക്കിപ്പാർക്കുന്നു എന്നും നിന്നോടു കല്പിച്ചിട്ടുള്ള ദണ്ഡനത്തെ നീ പ്രവർത്തിക്കുമെന്നും പട്ടക്കാരൻ വിശ്വസിക്കുന്നു എങ്കിൽ നിന്റെ തലമേൽ കൈവെച്ചു നിന്റെ നെറ്റിമേൽ സ്ലീബായുടെ മുദ്ര വരച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു. "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ നിന്റെ പാപങ്ങൾ മോചിക്കപ്പെടുന്നു." പട്ടക്കാരൻ ഇതു നടത്തുന്നതായ സമയത്തു പ്രിയനെ! നീ എത്രയും ദുഃഖത്തോടും താഴ്മയോടും പ്രാർത്ഥിച്ചു "കർത്താവേ മഹാപാപിയായ എന്റെ പാപങ്ങളെ മോചിച്ചു എന്നോടു കരുണ ചെയ്യേണമേ" എന്നു ചൊല്ലുക. ഇതു കഴിഞ്ഞ് പട്ടക്കാരന്റെ അടുക്കൽ നിന്നു എഴുന്നേറ്റു ദുരത്തേയ്ക്കു മാറുമ്പോൾ നിന്റെ സർവ്വ ചുമതലകളും അവസാനിച്ചു എന്നു വിചാരിക്കാതെ ഇനിയും ചില സംഗതികൾ കൂടെ നീ പ്രവർത്തിപ്പാനുണ്ട്.

## ഏഴാം അദ്ധ്യായം

കുമ്പസാരിച്ചു കഴിഞ്ഞാലുടനെ നീ പൊയ്ക്കളയരുത്. അല്പസമയത്തേക്ക് പള്ളിയിൽ താമസിക്കുക. കുമ്പസാരത്തിന്റെ ശേഷം ഒന്നാമതായി നീ ചെയ്യേണ്ടതു കരുണയുള്ള കർത്താവു നിനക്കു ചെയ്ത അനുഗ്രഹത്തെ ഓർത്തു നന്ദിയോടുകൂടി കർത്താവിനെ സ്തുതിക്കുകയാകുന്നു. കുമ്പസാരം ആകുന്ന സ്നാനം കഴിഞ്ഞു

ഇറങ്ങി വരുന്ന ആത്മാവ് എത്ര വിശുദ്ധിയുള്ളതും മഹത്വമുള്ളതും ആകുന്നു. നിന്റെ ആത്മാവിനെ ഇങ്ങനെ ആക്കിത്തീർത്തതായ ദൈവകൃപയെ മഹത്വപ്പെടുത്തുക. പട്ടക്കാരൻ നിന്റെമേൽ പാപമോചനപ്രാർത്ഥന ഹൂസായ കഴിക്കുന്നതിനു മുമ്പു നിന്റെ ആത്മാവിന്റെ സ്ഥിതി എന്തായിരുന്നു? ഇപ്പോൾ എന്താണ്? നിന്റെ ആത്മാവ് എത്ര ഭയങ്കരങ്ങളായ വ്രണങ്ങളും മുറിവുകളും നിറഞ്ഞതായിരുന്നു. എത്ര വല്യ അത്ഭുതമാണ് നിന്റെ ആത്മാവിൽ കർത്താവു പ്രവർത്തിച്ചിരിക്കുന്നത്! നീ ദൈവത്തിന്റെ സാരാംശത്തിൽ സൃഷ്ടിക്കപ്പെട്ടവനായിരുന്നു. പാപം നിമിത്തം അതു നശിച്ചു പോയി. ഇപ്പോഴിതാ ക്രിസ്തുവിന്റെ കരുണയാൽ വീണ്ടും നീ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശത്തിലും ശോഭിക്കുന്നു. കർത്താവു നിന്നെ ധരിപ്പിച്ചിരുന്ന മഹത്വമുള്ള നിലയങ്കിയെ നീ ഉരിഞ്ഞുകളഞ്ഞിരുന്നു. ഇപ്പോഴിതാ കർത്താവു പരിശുദ്ധകൂദാശയാൽ നിന്നെ വീണ്ടും മഹത്വമുള്ള വസ്ത്രം ധരിപ്പിച്ചിരിക്കുന്നു. നിന്റെ ആത്മാവിനെ ഉണർത്തി, നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടി കർത്താവിനെ സ്തുതിക്കുക ദൈവത്തെ സ്തുതിക്കാതെ നീ പൊയ്ക്കളയരുത്.

## എട്ടാം അദ്ധ്യായം

കുമ്പസാരത്തിന്റെ ശേഷമുള്ള നിന്റെ സ്ഥിതിയെപ്പറ്റി പര്യാലോചിക്കുക. "നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും അവ ഹിമത്തെപ്പോലെ വെണ്മയാകും." (ഏശയാ. 1: 18) എന്നു കർത്താവു കല്പിച്ചിരിക്കുന്നു. സത്യ അനുതാപമുള്ള പക്ഷം ക്ഷമിക്കപ്പെടുവാൻ വഹിയാത്ത യാതൊരു പാപവുമില്ല. നിന്റെ പാപങ്ങൾ എത്രതന്നെ ഭയങ്കരമായിരുന്നാലും അവ ക്ഷമിക്കപ്പെടും. കർത്താവിന്റെ ഈ വാഗ്ദാനത്തെ നിറവേറ്റുന്നത് എങ്ങനെയാണ്? തന്റെ ശ്ലീഹന്മാരോടും, അവരുടെ പിൻഗാമികളായ പട്ടക്കാരോടും കർത്താവ് എന്താണ് കല്പിച്ചിരിക്കുന്നത്? "നിങ്ങൾ ആരുടെ പാപങ്ങളെ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെടും." (യോഹ 20; 1) ഈ കല്പനപ്രകാരം ആകുന്നു പട്ടക്കാരൻ നിന്റെ പാപങ്ങളെ ക്ഷമിക്കുന്നത്. ഹേ! സഹോദരാ, ഇതാ നിന്റെ കുമ്പസാരത്തിന്റെ ശേഷം നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. നിന്റെ ഭയങ്കര പാപങ്ങളെ എല്ലാം കർത്താവു മോചിച്ചു നിന്നെ പുണ്യപ്പെടുത്തിയിരിക്കുന്നു. നീ എത്ര തന്നെ ദുഃഖിച്ചാലും പൂർണ്ണമായ പരിഹാരമാകുന്നില്ല. ആയതുകൊണ്ട് പാപപരിഹാരത്തിനായി കർത്താവു നിയമിച്ചിരിക്കുന്ന പരിഹാരമാർഗ്ഗത്തിൽകൂടി നടന്നു

ക്രിസ്തുവിന്റെ സിദ്ധൗഷധത്തെ ഉപയോഗിക്കണം. ആ മാർഗ്ഗം കുമ്പ സാരമാകുന്നു; ആ സിദ്ധൗഷധം കുമ്പസാരം വഴിയായി നിനക്കു നല്കുന്ന മോചനവും ആകുന്നു. നിങ്ങൾ ഏതൊരു പാപത്തെ മോചി ച്ചാലും അവ സ്വർഗ്ഗത്തിലും മോചിക്കപ്പെട്ടിരിക്കും എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നതുകൊണ്ടു, ഏതൊരു അവസരത്തിൽ നിന്റെ മേൽ പാപപരിഹാരപ്രാർത്ഥന കഴിച്ചുവോ ആ അവസരത്തിൽതന്നെ നിനക്കു വേണ്ടവണ്ണമുള്ള ഒരുക്കമുണ്ടായിരുന്നു എങ്കിൽ നിന്റെ പാപവും മോചിക്കപ്പെട്ടിട്ടുണ്ട്. "പടിഞ്ഞാറുനിന്നു കിഴക്ക് എത്രമാത്രം ദുരമായിരിക്കുന്നുവോ അത്രമാത്രം ദുരത്തേക്കു നമ്മുടെ അക്രമങ്ങളെ അവൻ നീക്കിക്കളഞ്ഞിരിക്കുന്നു," എന്നു സങ്കീർത്തനക്കാരൻ പറയുന്നു. സത്യ-അനുതാപത്തോടുകൂടി കർത്താവിങ്കലേക്കു നീ തിരിയുമ്പോ ഴൊക്കെയും ഇപ്രകാരം താൻ പ്രവർത്തിക്കുന്നു. താൻ നിന്നോടു ക്ഷമി ച്ചാൽ അതു ക്ഷമ തന്നെയാണ്. കുറെ ഒക്കെ ക്ഷമിച്ചു എങ്കിലും കുറെ കോപവും അരിശവും തന്റെ മനസ്സിൽ വച്ചുകൊണ്ടു പിന്നീടു പ്രവർത്തിക്കുന്ന ആളുകളെപ്പോലെയല്ല മ്ശിഹാതമ്പുരാൻ താൻ ക്ഷമി ക്കുമ്പോൾ പൂർണ്ണമായി ക്ഷമിക്കുന്നു. താൻ നിന്റെ പാപങ്ങളെ ക്ഷമി ക്കുകയും അവയെ മറക്കുകയും ചെയ്യുന്നു എന്നുമാത്രമല്ല നിന്റെ ആത്മാവിങ്കലേയ്ക്ക് ശുദ്ധീകരിക്കുന്ന കൃപയെ ഒഴുക്കിത്തരികയും ചെയ്യുന്നു. നിന്നെ ദൈവത്തിനു സദൃശനാക്കിത്തീർക്കുന്ന കൃപാവ രത്തെ നിന്നിൽ വയ്ക്കുന്നു. ഈ കൃപാവരം നിന്നെ ജീവിപ്പിക്കയും ക്രിസ്തുവിൽ നിലനിർത്തുകയും ചെയ്യുന്നതാകുന്നു. ഈ കൃപാവരം നിന്റെ സ്വയസ്നേഹത്തെയും പാപത്തോടുള്ള അടുപ്പത്തേയും നശി പ്പിക്കുന്ന ദൈവീകമായ അഗ്നിയാകുന്നു. ഈ കൃപാവരം നിന്റെ ആത്മാ വിൽ ക്രിസ്തുവിന്റെ രക്തത്തെ തെളിയിക്കുന്നു. നീ പരിപൂർണ്ണമായി ദൈവത്തിനുള്ളവനായിത്തീരുന്നതിനു ക്രിസ്തുവിങ്കലേക്കു നിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നു. പ്രിയ സഹോദരാ! എത്ര മഹത്തരമായ ദിവ്യശക്തിയാണിതെന്നു നീ ആലോചിക്കുക. ലോകത്തിന്റെ അന്തസ്സും ബഹുമാനങ്ങളും മഹത്വങ്ങളും ക്രിസ്തു നിനക്കു തരുന്ന മഹത്വ ത്തിന്റെ മുമ്പാകെ മങ്ങിപ്പോകുന്നു. ലോകത്തിൽ മനുഷ്യരുടെ മുമ്പിൽ നീ എത്ര നികൃഷ്ടനും, താണവനും തള്ളപ്പെട്ടവനും ആയിരുന്നാലും നിന്റെ ആത്മാവിൽ പാപപരിഹാരകരമായ ക്രിസ്തുവിൻ ജീവൻ ഉണ്ടെ ങ്കിൽ നിശ്ചയമായിട്ടും നീ മഹത്വമുള്ളവനാകുന്നു. ലോകത്തിൽ സർവ്വ

സമ്പാദ്യങ്ങളെയും ബഹുമാനങ്ങളെയും കൊടുത്താലും ഇതിനെ വാങ്ങിപ്പാൻ കഴിയാത്തവണ്ണം ഇത് അത്ര വിലയേറിയതാകുന്നു.

നിന്റെ പാപങ്ങളെ ക്ഷമിച്ചു ക്രിസ്തുവിൻ ജീവനാകുന്ന നൽവരത്തെ നിന്നിൽ സ്ഥാപിച്ചതിനാൽ കർത്താവു നിന്റെ ആത്മാവിൽ കുടി പാർക്കുന്നു. നിന്റെ ആത്മാവിനെ തന്റെ ആത്മാവിനോടു സംയോജിപ്പിക്കുന്ന ഈ വിശുദ്ധജീവിതത്തിൽനിന്നു മാറിക്കളയരുതേ. മഹത്വകരമായ ഈ സ്ഥിതിയെ ഉപേക്ഷിക്കരുതേ.

ഇപ്രകാരം കൃപാവസ്ഥയിലേക്കു നിന്നെ കൊണ്ടുവരുന്നതുകൊണ്ടുള്ള പ്രയോജനം എന്താകുന്നു? വിശുദ്ധ കൂദാശകൾ വഴിയായി നിനക്കു ലഭിക്കുന്ന കൃപ നിന്നെ പുണ്യം സമ്പാദിക്കുന്നതിനു ശക്തനാക്കിത്തീർക്കുന്നു. നശിച്ചുപോയതായ പുണ്യത്തെ ഏറെക്കുറെ നിനക്കു തിരികെ തരുന്നതിനു മാത്രമല്ല, നൂതനമായി പുണ്യം സമ്പാദിക്കുന്നതിനു നിന്നെ ശക്തനാക്കിത്തീർക്കുകയും ചെയ്യുന്നു. കൃപാവസ്ഥയിൽ ഇരിക്കുമ്പോൾ അല്ലാതെ നിനക്കു സമ്പാദിപ്പാൻ എങ്ങനെ കഴിയും. പ്രകൃതാതീതമായ ദൈവകൃപ നിന്നിൽ പ്രവർത്തിക്കയും നിന്നെ നടത്തിക്കുകയും ചെയ്യുമ്പോൾ പുണ്യപ്രവൃത്തികൾ ചെയ്യുന്നതിനും കർത്താവിനെ മഹത്വപ്പെടുത്തുന്നതിനും അങ്ങനെ പുണ്യം സമ്പാദിക്കുന്നതിനും നിനക്കു സാധിക്കുന്നു. കൃപാവസ്തയിൽനിന്നു വീണുപോകാതിരിക്കുന്ന ഒരാത്മാവ് എത്ര ഭാഗ്യമേറിയതാകുന്നു. ഈ സ്ഥിതിയിൽ നിലനിന്നുകൊണ്ട് നീ ചെയ്യുന്ന സകലവും പുണ്യകരങ്ങളാകുന്നു. നീ ഉണ്ണുന്നു, ഉറങ്ങുന്നു, ഇരിക്കുന്നു, നടക്കുന്നു, എഴുതുന്നു, വായിക്കുന്നു, സംസാരിക്കുന്നു, ഓരോന്നു പ്രവർത്തിക്കുന്നു. ഇവയെല്ലാം കർത്താവിന്റെ തിരുവിഷ്ടപ്രകാരം ചെയ്യുന്നവയാണെന്നുള്ള ബോധത്തോടും ദൈവത്തിന്റെ നടത്തിപ്പിലും ചെയ്താൽ മതി. ഇവയോരോന്നും നിനക്കു പുണ്യത്തെ വരുത്തുന്നവയാകുന്നു. ഇവ കൂടാതെ മറ്റു പുണ്യപ്രവൃത്തികളും നിനക്കു ചെയ്യാം. ദൈവത്തെ മഹത്വപ്പെടുന്നതായ പുണ്യപ്രവൃത്തികൾ, പരോപകാരാർത്ഥങ്ങളായ സൽക്കർമ്മങ്ങൾ ഇവ ചെയ്യുന്നതിനു നിനക്കു ചുമതലയുണ്ട്. നിന്നിൽ കൃപാവരം നിലനിന്നു വേലചെയ്യുന്നുണ്ടെങ്കിൽ നീ ചെയ്യുന്ന ഓരോ പ്രവൃത്തിക്കും വിശേഷാൽ ഒരു മഹത്വമുണ്ടായിരിക്കും.

കുമ്പസാരത്തിന്റെശേഷം നീ ദൈവത്തെ സ്തോത്രം ചെയ്യണമെന്നും കുമ്പസാരത്തിൽ നിന്നോടു കല്പിച്ചിട്ടുള്ള ദണ്ഡനത്തെ പ്രവർത്തിക്കണമെന്നും മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഇവ രണ്ടും കൂടാതെ മൂന്നാമതൊരു ചുമതല നിറവേറ്റേണ്ടതായി ഉണ്ട്. ഇതെത്രയും പ്രധാനമായ ഒരു ചുമതലയാകുന്നു. ഈ ചുമതലയെ നീ നിറവേറ്റുന്നില്ലെങ്കിൽ നിന്റെ അനുതാപവും മാനസാന്തരവും ദണ്ഡനങ്ങളും കൊണ്ടുള്ള പ്രയോജനം എന്തെന്നു ആലോചിച്ചു നോക്കുക. "നിന്റെ ജീവിതത്തെ നന്നാക്കണം" ഈ ചുമതല എന്താണ്? "അവസാനത്തോളം നിലനില്ക്കുന്നവൻ രക്ഷിക്കപ്പെടും എന്നു നമ്മുടെ കർത്താവു കല്പിക്കുന്നു." (മത്തായി 10: 22). സത്യമായിട്ടുള്ള അനുതാപം ഇല്ലെങ്കിൽ ഒരിക്കലും പാപമോചനം ലഭിക്കുന്നില്ല. സത്യമായും തീർച്ചയായും നിന്റെ ജീവിതത്തെ നന്നാക്കണമെന്നു നീ നിശ്ചയിക്കുന്നില്ലെങ്കിൽ നിന്റെ അനുതാപം സത്യമുള്ളതല്ല. പാപത്തെപ്പറ്റിയുള്ള സത്യമുള്ള അനുതാപത്തിന്റെ ലക്ഷണം എന്താണ്? കണ്ണുനീരും നിലവിളിയും ഞരക്കവും തന്നത്താൻ കുറ്റപ്പെടുത്തുന്നതും അല്ല. ഇവയെല്ലാം നല്ലത്. നിന്റെ ജീവിതത്തെ നന്നാക്കുന്നതിനു നിന്റെ ഹൃദയത്തെ സ്ഥിരപ്പെടുത്തുന്ന അനുതാപമാകുന്നു സത്യമുള്ള അനുതാപം. നിന്റെ അടുക്കൽ ഒരു അനാവശ്യം പ്രവർത്തിച്ച ഒരാൾ തന്റെ തെറ്റിനെക്കുറിച്ചു നിന്നോടു മാപ്പു ചോദിക്കയും അതേസമയം തന്നെ ആ പ്രവൃത്തി പിന്നീടും ചെയ്യണമെന്നു മനസ്സിൽ കരുതുകയും ചെയ്യുന്നതായാൽ ആ ആളിനെക്കുറിച്ചു നീ എന്തു വിചാരിക്കും. ആയതുകൊണ്ടു സഹോദരാ! നിന്റെ അനുതാപം സത്യമുള്ള അനുതാപം ആണെന്നു വരികിൽ, നിശ്ചയമായി നിന്റെ ജീവിതത്തെ നീ നന്നാക്കും. കർത്താവിനെ സന്തോഷിപ്പിക്കുന്നതിനാൽ നിനക്കു ലഭിക്കുന്ന മഹാഭാഗ്യത്തിനുവേണ്ടി സകലത്തേയും നീ ഉപേക്ഷിക്കും. അതിനാൽ കരുതുക. ചിലർ കുമ്പസാരിപ്പാൻ പട്ടക്കാരന്റെ അടുക്കൽ ചെല്ലുമ്പോൾ ഏറ്റു പറയുന്നത് "പിതാവേ! കഴിഞ്ഞ പ്രാവശ്യത്തെ പാപങ്ങൾ തന്നെ ഞാൻ ചെയ്തു" എന്നാണ്. ഇങ്ങനെ ഏറ്റു പറയുന്നതിന് ഇടവരുന്നത് എത്ര കഷ്ടം! അങ്ങനെ മേലാൽ നിനക്കു വരരുതേ. കർത്താവിന്റെ കൃപയിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ടും, നിന്റെ പാപങ്ങളെ, ഇന്നയിന്ന പാപങ്ങളെ തീർച്ചയായും മേലാൽ ചെയ്കയില്ലെന്നു നിശ്ചയിക്കുക. ഈ നിശ്ചയം പിന്നീട് ഇളകാതിരിപ്പാൻ പ്രാർത്ഥിക്കുക. ശ്രമിക്കുക. ദിവസംതോറും ദൃഢമായി ഈ നിശ്ചയത്തെ ഉറപ്പിക്കുക. രഹസ്യപ്രാർത്ഥനയിൽ മുടങ്ങാതെ നിന്നെ കർത്താവിന്റെ തൃക്കയ്യിലേക്കു ഭരമേല്പിക്കുക. നിന്റെ ജീവിതത്തെ നന്നാക്കിക്കൊള്ളാമെന്നു

ദൈവമുമ്പാകെ നീ ചെയ്യുന്ന നിശ്ചയം ദൈവകൃപയിൽ ആശ്രയിച്ചു കൊണ്ടു നിന്റെ പൂർണ്ണഹൃദയത്തോടുകൂടി ചെയ്യുന്നതായിരിക്കണം. നാവുകൊണ്ടു പറഞ്ഞാൽ മതിയാകയില്ല.

രണ്ടാമതായി എത്രതന്നെ പരീക്ഷകൾ ഉണ്ടായാലും എത്ര ശക്തി യോടുകൂടി സാത്താൻ നിന്നെ ആക്രമിച്ചാലും, നിന്നെ പാപത്തിലേക്കു ലോകം മുഴുവൻ നിർബന്ധിച്ചാലും നീ പാപം ചെയ്കയില്ല എന്നു തീരുമാനിക്കണം. നീ കഷ്ടപ്പാട് അനുഭവിക്കേണ്ടിവന്നാൽ, സഹിച്ചു കൊള്ളാം. നഷ്ടം വന്നാൽ വരട്ടെ. മരിക്കേണ്ടി വന്നാലും തരക്കേ ടില്ല. നീ പാപം ചെയ്കയില്ല എന്നു നിശ്ചയിക്കുക. ദൈവകൃപ നിന്നെ സഹായിക്കും.

മൂന്നാമതായി മരണകരങ്ങളായ എല്ലാ പാപങ്ങളെക്കുറിച്ചും ഇപ്ര കാരം നീ നിശ്ചയിക്കണം. ഒരു പാപം ചെയ്കയില്ലാ, മറ്റുള്ള പാപങ്ങ ളുടെ കാര്യം കിടക്കട്ടെ എന്നു വിചാരിക്കരുത്. മേലാൽ കുർബാന കാണാൻ ചുമതലയുള്ള ഒരു ദിവസമെങ്കിലും കുർബാന കാണാതി രിക്കുന്നതല്ല. ഒരു നോമ്പും ഞാൻ ലംഘിക്കയില്ലാ. കുർബാന കൈക്കൊള്ളുന്നതു ഞാൻ മുടക്കുകയില്ലാ. ഞാൻ ഒരിക്കലും മോഷ്ടി ക്കുകയില്ലാ. ഒരിക്കലും അശുദ്ധമായി യാതൊന്നും പ്രവർത്തിക്കുക യില്ലാ എന്നിങ്ങനെ എല്ലാ പാപങ്ങളെക്കുറിച്ചും നീ നിശ്ചയിക്കണം. ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതു മാത്രമല്ല, ചെയ്യണമെന്നു കല്പിച്ചിട്ടുള്ളതു ചെയ്യാതിരിക്കുന്നതും പാപമാകുന്നു. ആയതിനാൽ എല്ലാ വിഷയങ്ങളിലും മരണകരമായ യാതൊരു പാപവും ചെയ്കയില്ല എന്നു തീരുമാനിക്കുക.

നാലാമതായി നീ ഇങ്ങനെ നിശ്ചയിക്കുന്നതു അങ്ങനെ സാധി പ്പാൻ വേണ്ടിയായിരിക്കണം. മരണകരമായ ഒരു പാപവും ചെയ്യാതി രിക്കാനായി നിന്നെക്കൊണ്ടു കഴിയുന്ന സകല പരിശ്രമങ്ങളും ചെയ്യണം. മേലാൽ ഒരിക്കലും മരണകരമായ പാപം ചെയ്കയില്ലെന്നു നിശ്ചയി ക്കുകയും, പാപം ചെയ്യുന്നതിനുള്ള സ്ഥലങ്ങളിലും സന്ദർഭങ്ങളിലും നീ ചെന്നുകൂടുകയും ചെയ്താൽ നിന്റെ നിശ്ചയങ്ങൾ ഇളകിപ്പോകും. നീ പാപം ചെയ്യാൻ ഇടയാകും. ആയതുകൊണ്ടു പാപത്തിനു സഹാ യിക്കുന്ന സകല സാഹചര്യങ്ങളിൽ നിന്നും ആളുകളിൽ നിന്നും സ്ഥല ങ്ങളിൽനിന്നും സമയങ്ങളിൽനിന്നും എല്ലാം നീ മാറിക്കളയണം. “ജീവനു മരണത്തോടു എന്തു പങ്കുള്ളു. പ്രകാശത്തിനു അന്ധകാര

ത്തിനോടു എന്തു ഓഹരിയുള്ളു.” ഇങ്ങനെ മാറിക്കളഞ്ഞാൽ മാത്രം മതിയാകയില്ല. നിന്റെ ചുറ്റും നീ പരിശുദ്ധ കുർബ്ബാനയാലും, പ്രാർത്ഥനയാലും വേദവായനയാലും ധ്യാനത്താലും ദൈവികമായ കോട്ട കെട്ടണം. ദിവസംതോറും കുർബ്ബാന കാണുന്നതിനും കൈക്കൊള്ളുന്നതിനും നിനക്കു ഭാഗ്യമുണ്ടെങ്കിൽ അതത്രെ മഹാഭാഗ്യം. ആഴ്ചതോറുമെങ്കിലും നീ വി. കുർബ്ബാന കൊള്ളുന്നില്ലെങ്കിൽ നന്നല്ല. ആദ്യസഭയിൽ ദിവസംതോറും വിശുദ്ധ കുർബ്ബാന കൈക്കൊണ്ടുവന്നു. ഞായറാഴ്ചതോറും കൈക്കൊള്ളണമെന്നു നിർബ്ബന്ധവുമായിരുന്നു. പ്രിയ സഹോദരാ, നമ്മുടെ ഇടയിൽ ഇപ്പോൾ ദൈവികമായ ജീവൻ തണുത്തുപോയിരിക്കുന്നത് ഈ അപ്പോസ്തോലികമായ നടപടിയെ ഉപേക്ഷിച്ചിരിക്കുന്നതിനാൽ അല്ലയോ? മാസത്തിലൊരിക്കലെങ്കിലും വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്ന നടപടി നിനക്കുണ്ടാകട്ടെ. നീ ഉത്സാഹിക്കുക. നിന്നാൽ കഴിയുന്നിടത്തോളം അധികം പ്രാവശ്യം കർത്താവിന്റെ ജീവനെ-പാപത്തെ ജയിക്കുന്ന ജീവനെ-തന്റെ ഉയിർത്തെഴുന്നേല്പിൻ പുതിയ ജീവനെ-നിന്നിലേക്കു കൈക്കാള്ളുവാനായി തുടരെത്തുടരെ പരിശുദ്ധ കുർബ്ബാന അനുഭവിക്കുക. മരണകരമായ പാപം ചെയ്തിട്ടുള്ളതായി നിനക്കു സ്വയപരിശോധന കൊണ്ടു ബോധപ്പെടുമ്പോഴെ കുമ്പസാരിക്കണമെന്നു നിർബ്ബന്ധമുള്ളു. നീ തുടരെ പരിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നുവെങ്കിൽ നിന്റെ ആയുസ്സിൽ മരണകരമായ പാപങ്ങൾ വളരെ ചുരുങ്ങും. സത്യഭക്തിയോടും ഒരുക്കത്തോടുംകൂടി കർത്താവിന്റെ തിരുശരീരരക്തത്തെ ദിവസംതോറും നീ കൈക്കൊള്ളുന്നതായാൽ അതിന് നിവൃത്തി ഇല്ലാത്തപ്പോൾ ഞായറാഴ്ചതോറും എങ്കിലും നീ കൈക്കൊള്ളുന്നതായാൽ ഓരോ പ്രാവശ്യവും ദൈവപുത്രന്റെ തേജസ്സിന്റെ മഹത്വം അല്പമല്പമായിട്ടെങ്കിലും നീ കൈക്കൊള്ളാതിരിക്കുമോ? ഇങ്ങനെ വളരുമ്പോൾ നിന്റെ ആത്മാവിൽ പരിശുദ്ധമായ ശോഭയും, പ്രസന്നതയും ഉണ്ടായിരിക്കും. ഇതിലേക്കു ഉത്സാഹിക്കുക. നിന്റെ പള്ളിയിൽ ദിവസംപ്രതി കുർബ്ബാനയില്ലെങ്കിൽ അതിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കയും കഴിയുന്ന വിധത്തിലെല്ലാം ഉത്സാഹിക്കയും ചെയ്ക. നിന്റെ ചുറ്റുമുള്ളവർക്കു ഒരു പ്രകാശമായി നിന്നെ ആക്കിത്തീർക്കുന്നതിനു കർത്താവിനു തിരുവിഷ്ടമുണ്ടെങ്കിൽ നിനക്കെത്ര ഭാഗ്യം.

ലോകം, ജഡം, പിശാച് എന്ന ശത്രുക്കൾക്കെതിരായി നിന്റെ ചുറ്റും കോട്ട കെട്ടുന്നതിനുള്ള വേറൊരു മാർഗ്ഗം പ്രാർത്ഥനയാകുന്നു. കല്പിക്കപ്പെട്ടിരിക്കുന്ന യാമങ്ങളിൽ കഴിക്കേണ്ട നമസ്ക്കാരം കൂടാതെ

നിന്റെ തനതു ധ്യാനങ്ങളും രഹസ്യപ്രാർത്ഥനകളും കഴിക്കുക. കർത്താവിനെ നോക്കിപ്പാർക്കുക. നിന്റെ സകല കാര്യങ്ങളും കർത്താവിനെ ഭരമേല്പിക്കുക. തന്നിൽ നിന്റെ സകല ആശ്രയത്തെയും വച്ചു വിശുദ്ധ ജീവിതത്തിൽനിന്നു വിട്ടുമാറുകയില്ലെന്നും പരീക്ഷകളെ എതിർക്കുകയും പരീക്ഷകളിൽ നിന്നോടിക്കളകയും സ്വയമെന്നും സ്വന്ത ഇഷ്ടമെന്നുമുള്ള വിചാരത്തെ നശിപ്പിച്ചു കർത്താവിനെ സകലത്തിലും മഹത്വപ്പെടുത്തുകയും ചെയ്യുമെന്നും നീ പ്രാർത്ഥിക്കുന്ന ഓരോ സമയങ്ങളിലും നിശ്ചയിച്ചുകൊള്ളുക. ദൈവം നിന്റെ ഹൃദയത്തെ അറിയുന്നു. നിന്റെ ഹൃദയത്തിന്റെ അന്തർഭാഗങ്ങളിലെ സകല വികാരങ്ങളേയും കർത്താവ് അറിയുന്നു. കർത്താവിൽ ധൈര്യപ്പെട്ടുകൊള്ളുക. കർത്താവിനെ മുറുകെ പിടിച്ചുകൊള്ളുക.

## 9-ാം അദ്ധ്യായം

പ്രിയസഹോദരാ, നീ അനുതപിച്ചു ദൈവത്തിങ്കലേക്കു തിരിക. കർത്താവിൽ നിന്നു പാപമോചനം വാങ്ങുന്നതിനുള്ള മാർഗ്ഗം ഈ പുസ്തകത്തിൽ വിവരിച്ചു കഴിഞ്ഞിരിക്കുന്നു. കുമ്പസാരത്തിനു മുമ്പു നീ ചെയ്യേണ്ട കൃത്യങ്ങൾ മൂന്നാകുന്നു.

1-ാമതു ശരിയായി കുമ്പസാരിപ്പാൻ കൃപ നൽക്കേണമേ എന്ന് കർത്താവിനോടു പ്രാർത്ഥിക്ക.

2-ാമതു നിന്റെ മനസ്സാക്ഷിയെ കർത്താവിന്റെ തിരുമുമ്പാകെ നന്നായി പരിശോധിച്ചിട്ടു നിന്റെ പാപങ്ങൾ എന്തെല്ലാമെന്നും എത്ര പ്രാവശ്യം ഓരോ പാപങ്ങളും ചെയ്തിട്ടുണ്ടെന്നും വിചാരത്താലും വാക്കാലും പ്രവൃത്തിയാലും എന്തെല്ലാം തിന്മ ചെയ്തിട്ടുണ്ടെന്നും കല്പിച്ചിട്ടുള്ളതിൽ എന്തെല്ലാം ചെയ്യാതിരുന്നിട്ടുണ്ടെന്നും കണ്ടുപിടിക്കുക.

3-ാമതു നിന്റെ പാപങ്ങളെ കണ്ടുപിടിച്ചശേഷം അവയെ എല്ലാം കർത്താവിന്റെ തിരുമുമ്പിൽ എടുത്തു പറഞ്ഞുകൊണ്ടു വേണ്ട വണ്ണമുള്ള അനുതാപത്തിനായി പ്രാർത്ഥിക്കയും നിന്റെ ഹൃദയത്തെ ദുഃഖത്തിനു ഒരുക്കിക്കൊണ്ടു ദൈവത്തോടു നിലവിളിക്കയും മേലാൽ പാപം ചെയ്യുന്നതല്ലെന്നു നിശ്ചയിക്കയും ചെയ്ക. പട്ടക്കാരന്റെ സന്നിധിയിൽ കുമ്പസാരസമയത്തു ചെയ്യേണ്ട വേറേയും കൃത്യങ്ങൾ ഉണ്ട്.

1-ാമതു കുമ്പസാരിപ്പാൻ മുട്ടുകുത്തിയാലുടനെ "ഞാൻ പിഴയാളി"

എന്നു പറയുന്ന കുമ്പസാരപ്രാർത്ഥന (മൗദ്യോനൂസാ) ചൊല്ലുക. അതിൽ പാപങ്ങൾ വിവരിക്കുന്ന ഭാഗം വരുമ്പോൾ നിന്റെ പാപങ്ങളെ ഏറ്റു പറയുക. (നീ ചെയ്തിട്ടില്ലാത്ത വല്ല പാപവും ആ പ്രാർത്ഥന യിൽ ഉണ്ടെങ്കിൽ അതു വിട്ടു കളയുക.)

2-ാമതു നിന്റെ പാപങ്ങളെ ഏറ്റു പറഞ്ഞു കഴിയുമ്പോൾ പട്ടക്കാ രൻ നിനക്കുപദേശിക്കുന്ന ഗുണദോഷങ്ങളെ താഴ്മയോടും ഭക്തിയോ ടുംകൂടെ ശ്രദ്ധിക്കുക. വല്ലതിനെക്കുറിച്ചും സംശയമുണ്ടെങ്കിൽ ഈ സമയത്തു ചോദിച്ചുകൊള്ളുക.

3-ാമതു പട്ടക്കാരൻ നിന്റമേൽ കൈവച്ചു പ്രാർത്ഥിക്കുകയും നിന്റെ നെറ്റിമേൽ കുരിശടയാളം വരച്ചു റൂശ്മാ കുത്തുകയും ചെയ്യുമ്പോൾ "കർത്താവേ ! മഹാപാപിയായ എന്നെ പാപമോചനത്തിനു അനുയോഗ്യനാക്കിത്തീർക്കേണമേ" എന്നു പ്രാർത്ഥിച്ചു പാപമോച നത്തെ കൈക്കൊള്ളുക.

കുമ്പസാരം കഴിഞ്ഞാലുടനെ നീ പള്ളിയിൽ നിന്നും പോകരുത്. കുമ്പസാരാനന്തരം ആദ്യമായി അനുതാപം കൈക്കൊണ്ടു പാപമോ ചനം തന്നവനായ ദൈവത്തെ താഴ്മയോടുകൂടി മഹത്വപ്പെടുത്തുക യാകുന്നു വേണ്ടത്.

രണ്ടാമതു കുമ്പസാരത്തിൽ കല്പിക്കപ്പെട്ട ദണ്ഡനങ്ങളെ കഴി യുന്നതും എളുപ്പത്തിൽ പ്രവർത്തിക്കണം.

മൂന്നാമതു നിന്റെ ജീവിതത്തെ നന്നാക്കുന്നതിനായി നിന്നെ ക്കൊണ്ടു കഴിയുന്ന സകലവും ചെയ്യണം.

പ്രിയസഹോദരാ! ഒരു സംഗതികൂടെ പറഞ്ഞ് ഈ ലഘു പുസ്ത കത്തെ അവസാനിപ്പിക്കട്ടെ. നിന്നെ കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ നിന്റെ ആത്മാവിന്റെ നടത്തിപ്പുകാരനാകുന്നു. ഒരു പിതാവു തന്റെ പുത്രനെ വളർത്തുന്നതുപോലെ, നിന്നെ കർത്താവിന്റെ മുന്തിരിത്തോ ട്ടത്തിൽ വളർത്തുവാൻ ചുമതലപ്പെട്ടവനാകുന്നു. ആ പട്ടക്കാരനു വേണ്ടി നീ ക്രമമായി പ്രാർത്ഥിക്കണം. നിന്റെ വിശുദ്ധ ജീവിതത്തിനുള്ള മാർഗ്ഗ ങ്ങളിൽകൂടി എല്ലായ്പ്പോഴും നടത്തിക്കുന്നതിനു വേണ്ട ജീവനെയും ശക്തിയേയും അറിവിനേയും കർത്താവ് ആ പട്ടക്കാരനു കൊടുക്കു ന്നതിനുവേണ്ടി ദിനംപ്രതി പ്രാർത്ഥിക്കുക. ആ പട്ടക്കാരൻ, തന്റെ ചുമ തല അറിയുന്ന പട്ടക്കാരനാണെന്നുവരികിൽ, നിനക്കുവേണ്ടി പ്രാർത്ഥി ക്കയും വിശുദ്ധ കുർബാന അനുഷ്ഠിക്കയും ചെയ്യും. ഇങ്ങനെ ചെയ്യ

ണമെന്നു അദ്ദേഹത്തോടു നിനക്ക് അപേക്ഷിക്കാവുന്നതുമാകുന്നു.

ഈ ലുഘുപുസ്തകത്തെ വായിച്ചിട്ട് നീ കർത്താവിങ്കലേക്ക് തിരിഞ്ഞു പാപമോചനം പ്രാപിക്കയും പാപങ്ങളിൽ നിന്നു വിട്ടുമാറി ജീവിക്കയും ചെയ്യുന്നു എങ്കിൽ നിന്നിലും നീ മുഖാന്തരവും കർത്താവിന്റെ തിരുനാമം മഹത്വപ്പെടും.

ദൈവമാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥന മൂലം അനേകം ആത്മാക്കൾ സത്യമുള്ള രക്ഷാമാർഗ്ഗത്തിങ്കലേക്കു വരുമാറാകട്ടെ.

ആമ്മീൻ!

# V

# ആത്മാവിന്റെ ‘കുളിയും ഊണും’

## 1. **കുമ്പസാരം** (ആത്മാവിന്റെ കുളി)

1. തന്റെ അകൃത്യങ്ങളെ മറയ്ക്കുന്നവൻ ശുഭപ്പെടുകയില്ല. അവയെ ഏറ്റുപറഞ്ഞുപേക്ഷിക്കുന്നവനു ദയ ലഭിക്കും. (സദൃശ്യവാക്യങ്ങൾ 28: 13)

മാതൃകാകുമ്പസ്സാരം: ഞാൻ.... കണ്ടു, മോഹിച്ചു; എടുത്തു... നിലത്തു കുഴിച്ചിട്ടിരിക്കുന്നു. (യോശുവ. 7: 21) “എന്നോടു ക്ഷമിക്കണമെ.”

2. “ശരീരത്തിനു കുളി ആവശ്യമായിരിക്കുന്നപ്രകാരം ആത്മാവിനും ആവശ്യമാണ്. ആത്മാവു കുളിക്കുന്നതിനുള്ള വെള്ളം യേശുമ്ശിഹായുടെ തിരുരക്തമാകുന്നു. അതു ശേഖരിച്ചിരിക്കുന്ന “കുളം” “വി. കുമ്പസ്സാര”മാകുന്നു. വിശുദ്ധിയിൽ വളരുന്നതിനു ആഗ്രഹിക്കുന്നവൻ ദിവസംതോറും ജീവിതശോധന നടത്തണം. അനുതാപത്താൽ ആത്മീയമായി കഴുകപ്പെടുകയും വേണം. അതിനു ആഴ്ചതോറും കുമ്പസ്സാരിക്കണം. ആഴ്ചതോറും ആത്മീയ കുമ്പസ്സാരം നടത്തണം. (ഇതിനുള്ള പദ്ധതി പിന്നാലെ ചേർത്തിട്ടുണ്ട്.) രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും പട്ടക്കാരന്റെ അടുക്കൽ കുമ്പസ്സാരിക്കണമെന്നു നിർബന്ധമുണ്ടായിരിക്കണം. ഇതിനു തീരെ നിവൃത്തിയില്ലാത്തപ്പോൾ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കുമ്പസ്സാരിക്കണം. ഇതു കൂടാതെ ആത്മീയജീവിതം അഭിവൃദ്ധിപ്പെടുത്തുന്നത് പ്രയാസമാകുന്നു. മരണകരമായ വല്ല പാപവും ചെയ്തുപോയാൽ കഴിയുന്നത്ര എളുപ്പത്തിൽ അനുതപിച്ച് പട്ടക്കാരന്റെ അടുക്കൽ കുമ്പസാരിക്കണം. ലഘുപാപങ്ങൾ ചെയ്തുപോയാൽ അപ്പോഴപ്പോൾ

അനുതപിക്കയും അടുത്ത കുമ്പസാരത്തിൽ അനുതാപപൂർവ്വം പട്ടക്കാരന്റെ അടുക്കൽ ഏറ്റു പറയുകയും ചെയ്താൽ മതി. പാപങ്ങളെ മോചിക്കുന്നത് പട്ടക്കാരനല്ല, യേശുമ്ശിഹാ ആകുന്നു. പട്ടക്കാരനിൽക്കൂടെ യേശുമ്ശിഹാ പ്രവർത്തിക്കുന്നു. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അതു മോചിക്കപ്പെട്ടിരിക്കുന്നു." (വി. യോഹ. 20: 22)

കുമ്പസ്സാരം നടത്തേണ്ടത് എങ്ങനെ?: 1. ഈ പ്രാവശ്യത്തെ കുമ്പസ്സാരം നിന്റെ ആയുസ്സിൽ അവസാനത്തേതാണെങ്കിൽ എങ്ങനെയെല്ലാം ഒരുങ്ങുമോ അപ്രകാരം ഒരുങ്ങണം.

2. പതിവനുസരിച്ച് നടത്തേണ്ട സമയം കഴിഞ്ഞു കുമ്പസാരം നീട്ടിക്കൊണ്ടു പോകരുത്.

3. വിശുദ്ധാത്മാവിന്റെ കൃപയ്ക്കായപേക്ഷിക്കുക. ദൈവമാതാവിന്റെ സംരക്ഷണവും മദ്ധ്യസ്ഥവിശുദ്ധന്റെയും കാവൽമാലാഖയുടെയും സഹായവും അപേക്ഷിക്കുക. ഇതിലേതെങ്കിലും ഒന്ന് അപേക്ഷിച്ചാൽ മതിയാകും.

4. സൂക്ഷ്മത്തോടുകൂടെ ജീവിതശോധന ചെയ്ക. അശ്രദ്ധയായി ചെയ്താൽ മതിയാകയില്ല. (ജീവിതശോധന എങ്ങനെ ചെയ്യണമെന്ന് പ്രാർത്ഥനാസഹായി 144-ാം പുറം നോക്കുക).

5. ജീവിതശോധനയിൽ കണ്ടുപിടിച്ച തെറ്റുകളെപ്പറ്റി ദുഃഖിക്കുക. നീ വേദനപ്പെടുത്തിയ ദൈവം എത്ര അധികം നല്ലവനാകുന്നുവെന്നു ചിന്തിച്ചിട്ടു നിന്റെ പാപങ്ങളെപ്പറ്റി മനഃപ്പൂർവ്വമായി ദുഃഖിക്കുക. അവയെ വെറുക്കുക. പാപം വരുത്തിയ സന്ദർഭങ്ങളേയും ത്യജിക്കുക. ദൈവത്തോടു മാപ്പ് അപേക്ഷിക്കുക.

6. മേലാൽ ആ തെറ്റുകൾ നിനക്കുണ്ടാകരുതെന്നും ജീവിതം ശരിപ്പെടുത്തണമെന്നും മനഃപൂർവ്വമായും ഉറപ്പായും നിശ്ചയിക്കുക. ഇതിലേക്കു ദൈവകൃപ നിന്നെ സഹായിക്കുമെന്നു നന്നായി ധൈര്യപ്പെടുക.

7. പാപിയെ കുളിപ്പിച്ചു ശുദ്ധമാക്കുന്നതിനുള്ള കുളം "വി. കുമ്പസ്സാര"മാകുന്നു. ഈ കുളത്തിൽ ഇറങ്ങുന്നതു ദൃഢമായ വിശ്വാസത്തോടും ശരണത്തോടും സ്നേഹത്തോടും ആദരവോടും താഴ്മയോടും ധൈര്യത്തോടും കൂടെയായിരിക്കണം. കഴിഞ്ഞുപോയ തെറ്റുകൾക്കു മോച

നവും മേലാൽ വി. ജീവിതത്തിനുവേണ്ട കൃപയും വി. കുമ്പസ്സാരം വഴിയായി ലഭിക്കുമെന്നു നന്നായി ശരണപ്പെട്ടുകൊൾക.

8. എ. നമ്മുടെ കർത്താവേശുമ്ശിഹാ കുമ്പസാരപിതാവിൽ കൂടി നിന്റെ അടുക്കൽ എഴുന്നള്ളി വന്നിരിക്കുന്നുവെന്നും നന്നായി വിശ്വസിച്ചുകൊള്ളുക. യേശുമ്ശിഹായുടെ അടുക്കൽ വർത്തിക്കുന്ന പ്രകാരം മാത്രമേ കുമ്പസ്സാരപിതാവിന്റെ അടുക്കൽ വർത്തിക്കാവൂ.

8. ബി. കുമ്പസ്സാരിക്കുന്നതിനു പട്ടക്കാരന്റെ അടുക്കൽ വന്നു മുട്ടുകുത്തുമ്പോഴോ അതിനു മുമ്പോ "മൗദ്യോനൂസാ" ("ഞാൻ പിഴയാളി") ഭക്തിപൂർവ്വം ചൊല്ലണം. കുമ്പസ്സാരിക്കാതെ ഹൂസ്സായ വാങ്ങുവാൻ പോകുന്നപക്ഷം അതിനുമുമ്പും ഭക്തിപൂർവ്വം "മൗദ്യോനൂസാ" ചൊല്ലണം.

9. നിന്റെ പാപങ്ങളും കുറവുകളും ഏറ്റുപറഞ്ഞു തന്നെത്താൻ കുറ്റപ്പെടുത്തുമ്പോൾ കുറ്റങ്ങൾ പൊതുവായി പറഞ്ഞാൽ മതിയാകയില്ല. വിവരമായും ഇത്രപ്രാവശ്യമെന്നും, സാഹചര്യങ്ങൾ ഇന്ന ഇന്നവ എന്നുംകൂടി ഏറ്റു പറയണം. നിന്റെ കുറ്റങ്ങളുടെ ഗൗരവം തെളിവായി കുമ്പസ്സാരപിതാവു കാണണം. നിന്റെ മനസ്സിന് താഴ്ത്തൽ (Humiliation) നന്നായി ഉണ്ടാകണം. അനാവശ്യമായ വിവരണങ്ങൾ പറയരുത്. ഹൃദയനുറക്കത്തോടും താഴ്മയോടും കൂടെ കാര്യഭാഗം ഏറ്റുപറയണം.

10. വി. കുമ്പസ്സാരത്തിൽ പട്ടക്കാരൻ തരുന്ന (എ) കല്പനകൾ, (ബി) ഉപദേശങ്ങൾ, (സി) ദണ്ഡനങ്ങൾ എന്നിവ കുറിച്ചിടുകയും വിശ്വസ്തതയോടെ അനുസരിക്കയും ചെയ്യണം. ഇവ ശരിയാംവണ്ണം അനുസരിച്ചുവോ എന്നു ജീവിതശോധന നടത്തണം. കഴിഞ്ഞപ്രാവശ്യത്തെ കുമ്പസ്സാരത്തിൽ കല്പിച്ചിരുന്നവ പാലിച്ചിരുന്നുവോ എന്ന് ഈ പ്രാവശ്യത്തെ കുമ്പസ്സാരത്തിൽ പ്രസ്താവിക്കണം. കുമ്പസ്സാരത്തിൽ കല്പിച്ചിട്ടുള്ള ആത്മദണ്ഡനങ്ങൾ ദൈവമുമ്പാകെ നിനക്കു കടമുള്ളതാണ്. അവ എത്രയും കണിശമായി നിറവേറ്റണം. ഈ കാര്യത്തിൽ വീഴ്ച വന്നാൽ പാപപരിഹാരം അനുഭവസിദ്ധമാകയില്ല.

11. കുമ്പസാരത്തിന്റെ ശേഷം (എ) ദൈവത്തിനു ഹൃദയപൂർവ്വമായി സ്തോത്രം കൊടുക്കുക. (ബി) ദൈവത്തിന്റെ അളവറ്റ കരുണയെ ഓർത്തു ദൈവത്തെ ഹൃദയംകൊണ്ടു നന്നായി സ്നേഹി

ക്കാൻ ശ്രമിക്കുക. (സി) ഇപ്പോൾ ലഭിച്ച കൃപ നിലനിർത്തുന്ന തിനും ദൈവമുമ്പാകെ ചെയ്ത നിശ്ചയങ്ങൾ പാലിക്കന്നതിനും, വേണ്ട ശക്തിയും കൃപയും അപേക്ഷിക്കുക. നിശ്ചയം ഒന്നുകൂടെ ഉറപ്പിക്കുക.

12. പട്ടക്കാരൻ ഹൂസ്സായോ തരുമ്പോൾ (എ) യേശുമ്ശിഹായുടെ തിരുരക്തം അടങ്ങിയിരിക്കുന്ന കുളത്തിൽ നിന്നെ കുളിപ്പിച്ചു ശുദ്ധീ കരിക്കുകയാണെന്ന് ഓർത്തുകൊൾക. (ബി) കഴിഞ്ഞ പാപങ്ങൾക്കു മോചനവും വി. ജീവിതത്തിനുള്ള കൃപയും ദൈവം തരുന്നുവെന്നു വിശ്വസിച്ചുകൊൾക.

ഹൂസ്സായാ വാങ്ങുമ്പോൾ താഴെ കാണുന്നതോ, സ്വന്തമായ മറ്റു പ്രാർത്ഥനയോ ഉപയോഗിക്കാം. "കർത്താവേ! അങ്ങിൽ ഞാൻ വിശ്വസിക്കുന്നു; അങ്ങിൽ ഞാൻ ശരണപ്പെടുന്നു; അങ്ങേ ഞാൻ സ്നേഹിക്കുന്നു. തിരുരക്തംകൊണ്ടു എന്നെ കഴുകി പുണ്യപ്പെടു ത്തണമേ! മേലാൽ തൃക്കൈ എന്നെ നടത്തേണമേ!"

13. പട്ടക്കാരൻ കല്പിച്ച ആത്മദണ്ഡനം കഴിയുന്നത്ര എളുപ്പ ത്തിൽ നിറവേറ്റുക. നിന്റെ പാപങ്ങൾക്കുവേണ്ടി യേശുമ്ശിഹാ കഷ്ടമനുഭവിച്ചു പരിഹാരമുണ്ടാക്കിയല്ലോ ആ കഷ്ടാനുഭവത്തിലും പരിഹാരവൃത്തിയിലും നീ പങ്കുകൊള്ളുകയാണെന്നു അറിഞ്ഞു കൊണ്ട് ആത്മദണ്ഡനം നിറവേറ്റുക.

14. നിനക്കു പാപപരിഹാരം തന്ന കർത്താവിനു സ്തോത്ര മായി ഏതെങ്കിലും പുണ്യപ്രവൃത്തിയോ സഹോദരശുശ്രൂഷയോ സൗകര്യം കിട്ടുമ്പോൾ ചെയ്ക. നിന്റെ ചുമതല അനുസരിച്ചു ചെയ്യേണ്ടിവരുന്ന ഏതെങ്കിലും പ്രവൃത്തി ഈ ഉദ്ദേശ്യത്തോടുകൂടെ ചെയ്താലും മതിയാകും.

## 2. ലഘുപാപം

"കുളിച്ചിരിക്കുന്നവനു കാൽ അല്ലാതെ കഴുകുവാൻ ആവശ്യ മില്ല" (യോഹ. 13: 10).

ലഘുപാപം സംബന്ധിച്ചുള്ള കുമ്പസ്സാരം നടത്തേണ്ടതെങ്ങനെ?

1. അർപ്പണം: എന്റെ ദൈവമേ, എന്റെ ആത്മാവിനെ ശുദ്ധീക രിച്ച് അതിനെ അങ്ങേ ദൈവത്വത്തിനു കൂടുതൽ പ്രസാദകരമാക്കി

ത്തീർക്കുന്നതിനായി എന്റെ പാപങ്ങളെ ഞാൻ ഏറ്റു പറയാൻ തുടങ്ങുന്നു.

അങ്ങേ മഹത്വത്തിനായി ഈ കുമ്പസാരകർമ്മം പൂർണ്ണമായി ചെയ്‌വാനായി വി. മറിയം മഗ്ദലത്തായുടേയും ആദിമുതലുള്ള സകല വിശുദ്ധ അനുതാപികളുടെയും പശ്ചാത്താപം എനിക്കുണ്ടാകാൻ ഞാൻ ആഗ്രഹിക്കുന്നു.

സകല കരുണകളുടെയും ദൈവമേ; കുമ്പസാരം അങ്ങേയ്ക്കു പ്രസാദകരമായവിധം നിറവേറ്റുവാൻ ഉചിതമായ മനോഗതിയും കൃപയും എനിക്കു നല്കേണമേ!

ഏറ്റവും വിശുദ്ധമായ മാതാവേ! ഈ കുമ്പസ്സാരം മൂലം അങ്ങേ പ്രസാദിപ്പിപ്പാൻ ഞാൻ ഇഛിക്കുന്നു. അതു എത്രയും ശരിയായി നിവർത്തിപ്പാൻ അങ്ങേ സഹായത്തെ ഞാൻ അപേക്ഷിക്കുന്നു.

2. ഉപദേശം: താഴെക്കാണുന്നവിധം ഒരുങ്ങണം. കുമ്പസാരപിതാവിന്റെ അടുക്കൽ പോകുന്നതിനുമുമ്പായി അനുതാപി കുറേ സമയം ഏകാന്തമായി ചിലവിടണം. വലിയ മഹാപുരോഹിതനും അനുതാപിയുടെ കുമ്പസ്സാരം കേൾപ്പാൻ ഒരുങ്ങിയിരിക്കുന്നവനുമായ നമ്മുടെ കർത്താവിന്റെ പാദത്തിങ്കൽ തന്നത്താൻ താഴ്ത്തണം. വിചാരങ്ങൾ, വചനങ്ങൾ, ദുഷ്കൃത്യങ്ങൾ എന്നിവയെപ്പറ്റിയെല്ലാം ജീവിതശോധന നടത്തണം. വീഴ്ചകളെപ്പറ്റി ദുഃഖിക്കണം. അവയെ ത്യജിക്കണം. മേലാൽ അവ വരാതെ സൂക്ഷിക്കാമെന്നു നിശ്ചയിക്കണം. വന്നുപോയതിനു മാപ്പപേക്ഷിക്കണം. ചെയ്യാതെ വിട്ടു കളഞ്ഞിട്ടുള്ള കൃത്യങ്ങളെപ്പററിയും അനുതപിക്കുന്നതു പ്രധാനമാണ്. എന്തുകൊണ്ടെന്നാൽ തെറ്റു ചെയ്തു ദൈവത്തെ കോപിപ്പിക്കുന്നതുപോലെ, കൃത്യങ്ങൾ നിർവ്വഹിക്കാതെ വിടുന്നതും ദൈവത്തിനു അനിഷ്ടമാകുന്നു.

3. അവസാനമായി അവന്റെ ആയുസ്സിൽ ഉണ്ടായിട്ടുള്ള സകല പാപത്തെയുംപറ്റി പൊതുവേ ചിന്തിച്ച് തന്നത്താൻ കുറ്റപ്പെടുത്തണം. മുമ്പു കുമ്പസാരിച്ച പാപങ്ങൾ വീണ്ടും ഏറ്റു പറയണ്ടാ. കഴിഞ്ഞ കുമ്പസാരത്തിനുശേഷം ഉണ്ടായിട്ടുള്ളത് പ്രത്യേകിച്ച് ഏറ്റുപറയണം. കഴിഞ്ഞ കുമ്പസാരങ്ങളിൽ എപ്പോഴെങ്കിലും ഉപേക്ഷിച്ച പാപം വീണ്ടും ചെയ്തുപോയെങ്കിൽ അതിനെപ്പറ്റി തന്നത്താൻ നന്നായി

കുറ്റപ്പെടുത്തണം. സാധാരണ വിശുദ്ധിയിൽ ജീവിക്കുന്നവൻ പലപ്പോഴും പാപമാണോ എന്നു തീർച്ചയില്ലാത്ത കാര്യങ്ങളെപ്പറ്റി മാത്രമേ തന്നത്തന്നേ കുറ്റപ്പെടുത്താൻ കാണുകയുള്ളു. ഇങ്ങനെയുള്ളതും ഏറ്റുപറയണം. അടുത്ത കുമ്പസാരംവരെ അഭ്യസിക്കാനുള്ള സുകൃതം കണ്ടുപിടിക്കണം. സുകൃതപരിശീലനം വിജയമാക്കാൻ കരുതേണ്ടത് ഏതെല്ലാം വിധത്തിൽ എന്നും കണ്ടുപിടിക്കണം.

4. സാധാരണയായി ലഘുപാപങ്ങൾ മാത്രം ചെയ്യുന്നവൻ ജീവിതപരിശോധനയ്ക്കായി ചെയ്യുന്നതിനേക്കാൾ അധികം ശ്രമം വന്നുപോയ തെറ്റിനെപ്പറ്റി ദൈവമുമ്പാകെ പശ്ചാത്തപിപ്പാനായി ചെയ്യണം. അവൻ ഓർക്കുന്ന സകല പാപങ്ങളും ഏറ്റുപറയണം. അവൻ ഏറ്റു പറയുന്ന സകല പാപങ്ങളേയുംപറ്റി ദുഃഖിക്കണം. ജീവിതം പുതുക്കാമെന്നു നിശ്ചയിക്കണം. അവൻ തന്നത്താൻ കുറ്റപ്പെടുത്തുന്ന സംഗതി ലഘുവാകയാൽ, പലപ്പോഴും അതിനെ വേണ്ടതു പോലെ വെറുക്കാതെയോ ജീവിതപുതുക്കത്തിനായുള്ള തീരുമാനം വേണ്ട തരത്തിൽ ഉറപ്പായി ചെയ്യാതെയോ ഇരുന്നേക്കാം. അങ്ങനെ സംഭവിക്കാതിരിപ്പാൻ നന്നായി കരുതണം. കൂടാതെയും ജീവിതം പുതുക്കത്തിനായി ശക്തിയായ തീരുമാനം ചെയ്യുന്നതിനും, യഥാർത്ഥത്തിൽ ആ ലഘുപാപം എത്ര ഭയങ്കരമാണെന്നു ശരിയായി മനസ്സിലാക്കുന്നതിനുമായി ചിലപ്പോഴൊക്കെ– ഭജനകാലത്തു ആ ലഘുപാപത്തിന്റെ ദോഷത്തെപ്പറ്റി ഗൗരവമായി വിചിന്തനം ചെയ്യണം. ഇതു ശരിയായ ഒരു കുമ്പസാരം നടത്തുന്നതിനുള്ള പ്രധാനമായ ഒരുക്കമാണ്.

5. ഈ ഒരുക്കസമയം അനുതാപി തന്നെത്തന്നെ നമ്മുടെ കർത്താവിന്റെ തൃപ്പാദത്തിങ്കൽ സമർപ്പിക്കുകയും തന്നെത്താൻ കുറ്റപ്പെടുത്താനുള്ള അപൂർണ്ണതകളെപ്പറ്റി പല അനുതാപപ്രകരണങ്ങൾ നടത്തുകയും വേണം. ഈ മന:സ്ഥിതിയോടുകൂടി അവൻ കുമ്പസാരപിതാവിന്റെ അടുക്കൽ ചെന്നു മുട്ടുകുത്തി "മൗദ്യോനൂസാ" ചൊല്ലണം. പട്ടക്കാരന്റെ അടുക്കൽ മുട്ടുകുത്തുന്നതിനു അല്പസമയംമുമ്പ് ചൊല്ലിയാലും ആദ്യമായി അവന്റെ ഒരുക്കത്തിൽ സൂക്ഷ്മക്കുറവു നിമിത്തം ഉണ്ടായിട്ടുള്ള കുറവുകളെപ്പറ്റി തന്നത്താൻ കുറ്റപ്പെടുത്തിക്കൊണ്ടു പട്ടക്കാരനോടു കുമ്പസാരിക്കണം. പിന്നീടു വിചാരങ്ങൾ, വചനങ്ങൾ, ചെയ്ത ദോഷപ്രവൃത്തികൾ, ചെയ്യാതെ വിട്ടു

കളഞ്ഞ സൽപ്രവൃത്തികൾ എന്നിവയെപ്പറ്റി മുമ്പ് നമ്മുടെ കർത്താവിന്റെ സന്നിധിയിൽ ചെയ്തതുപോലെ പട്ടക്കാരന്റെ അടുക്കൽ ഏറ്റുപറയണം. കഴിഞ്ഞ ജീവിതത്തിലെ ഏതെങ്കിലും പ്രധാന പാപം കൂടെ ഓർത്ത് തന്നത്താൻ കുറ്റപ്പെടുത്തിക്കൊണ്ട് കുമ്പസാരിക്കുന്നതു പലർക്കും അനുതാപപൂർണ്ണതയ്ക്ക് സഹായമായിരിക്കും. ഏറ്റുപറച്ചിൽ അവസാനിപ്പിച്ചശേഷം 'മൗദ്യോനൂസോ' ശേഷമുള്ളഭാഗം ഭക്തിപൂർവ്വം ചൊല്ലിക്കൊണ്ട് പ്രാർത്ഥിക്കണം. നിന്റെ പാപത്തെപ്പറ്റി ദുഃഖിക്കണം. ദൈവസ്നേഹത്തെപ്രതി അവയെ തൃജിക്കണം. മേലാൽ പാപം ചെയ്യാതിരിക്കാമെന്നും യേശുമ്ശിഹായുടെ സ്വഭാവത്തെ അനുകരിച്ചു സുകൃതം സമ്പാദിക്കാമെന്നും നിശ്ചയിക്കണം. ഇവയോരോന്നും വിഷയമാക്കി ഉചിതമായ മനഃപ്രാർത്ഥന ചെയ്യണം.

പട്ടക്കാരൻ കല്പിക്കുന്ന ഉപദേശങ്ങൾ താഴ്മയോടും അനുസരണത്തോടുംകൂടെ സ്വീകരിക്കണം. ആത്മദണ്ഡനങ്ങൾ നിഷ്കർഷയായി നിറവേറ്റണം. സുകൃതാഭ്യാസനത്തിനായി മേലാൽ നന്നായി പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്യണം. ദിവസംതോറും ഇതെപ്പറ്റി ജീവിതശോധന നടത്തി സുകൃതാഭിവൃദ്ധി സമ്പാദിക്കണം.

### 3. ആത്മീയകുമ്പസാരം

ആഴ്ചതോറും കുമ്പസാരിക്ക പതിവില്ലാത്തവർ താഴെ കാണുന്നതു ആഴ്ചയിലൊരിക്കൽ ഉപയോഗിക്കുന്നതു ജീവിതാഭിവൃദ്ധിക്കു വളരെ സഹായിക്കും. തുടരെ കമ്പസാരിക്കുന്ന പലരുടേയും കുമ്പസാരം ജീവനില്ലാത്തതും സന്നിധിബോധമില്ലാത്തതുമായി പരിണമിക്കാറുണ്ട്, അങ്ങനെ വരാതിരിക്കുന്നതിനു താഴെകാണുന്ന വിധമുള്ള ആത്മീയകുമ്പസാരപരിശീലനം സഹായിക്കും.

ഒന്നാം ദർഗാ: ഞാൻ യേശുമ്ശിഹായുടെ അടുക്കൽ കുമ്പസാരിക്കാൻ ഒരുങ്ങുന്നു. അവിടുന്നു ഇവിടെ എന്റെ അടുക്കൽ ഇരുന്നു എന്നെ കുമ്പസാരത്തിനൊരുക്കുന്നു. ഇതു നന്നായി ചിന്തിച്ചിട്ട് യേശുമ്ശിഹായുടെ സാന്നിദ്ധ്യം സാക്ഷാൽക്കരിക്കണം.

കുമ്പസാരപിതാവിന്റെ അടുക്കൽ കുമ്പസാരിക്കുന്നതിന് ഏതു പ്രകാരം ഒരുങ്ങുമോ അപ്രകാരം ഒരുങ്ങണം. പാപങ്ങൾ, പരീക്ഷകൾ, മനോരാജ്യങ്ങൾ, പ്രയാസങ്ങൾ ഇവ കണ്ടുപിടിക്കുക. തരംതിരിച്ചു നോട്ടുകുറിക്കുക. പാപത്തെപ്പറ്റി നന്നായി മനസ്ഥാപപ്പെടുക.

പാപത്തെ വെറുത്തു ഉപേക്ഷിക്കുക. പാപത്തിന് അടിസ്ഥാനമായ പാപമനസ്ഥിതിയേയും പാപവിചാരത്തെയും വെറുക്കുക. യേശു മ്ശിഹായുടെ രക്ഷാകരമായ സകല വ്യാപാരത്തിലും പ്രത്യേകിച്ച് തന്റെ കഷ്ടാനുഭവത്തിലും മരണത്തിലും ഉയർത്തെഴുന്നേല്പിലും അളവറ്റ കരുണയിലും അഭയം പ്രാപിക്കുക. മേലാലത്തേക്കു ശുദ്ധീകരണവും മോചനവും കൃപയിലുള്ള നടത്തിപ്പും അപേക്ഷിക്കുക. ഇതെല്ലാം നന്നായി ചെയ്യണം.

രണ്ടാം ദർഗാ: ഒരുക്കം ശരിയാക്കിക്കൊണ്ടു യേശു മ്ശിഹായുടെ അടുക്കൽ സാഷ്ടാംഗം വീണു അവിടുത്തെ ആശ്രയിച്ചു കൊണ്ടു അവിടുത്തെ ചെവിയിൽ നിന്റെ പാപങ്ങൾ ഓരോന്നും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കയും മാപ്പപേക്ഷിക്കയും ചെയ്യണം. മേലാൽ ജയജീവിതത്തിനുള്ള കൃപ ചോദിക്കുക. ശരീരത്തിന്റെ കണ്ണുകൊണ്ടു യേശുമ്ശിഹായെ കാണ്മാൻ പാടില്ലെങ്കിലും അവിടുന്നു മനുഷ്യനായി അവതരിച്ച് ഇന്നും മനുഷ്യനായി ജീവിക്കുന്ന ദൈവമാകുന്നു. "ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടുകൂടെയുണ്ട്." അവിടുന്ന് നിന്റെ അടുക്കൽ എഴുന്നെള്ളിയിരിക്കുന്നു. അവിടുത്തെ ചെവിയിൽ നിനക്കു പറയാനുള്ളതെല്ലാം തുറന്നു പറഞ്ഞുകൊള്ളുക. ഏതു പ്രകാരം കുമ്പസാരപിതാവിന്റെ ചെവിയിൽ നീ സംസാരിക്കുമോ അപ്രകാരം യേശുമ്ശിഹായുടെ ചെവിയിൽ സകലവും തുറന്നു പറയുക. നിന്റെ പാപങ്ങൾ, വീഴ്ചകൾ, പ്രയാസങ്ങൾ, (ജയിപ്പാൻ പ്രയാസമുള്ളത് ഭാരങ്ങൾ, വഹിപ്പാൻ പ്രയാസമുള്ളത്), പരീക്ഷകൾ, മനോവ്യാപാരങ്ങൾ, (നിനക്കാവശ്യമുള്ള കാര്യങ്ങൾ ഏവ? നിരാശ വന്നിട്ടുള്ള കാര്യങ്ങൾ ഏവ?) ആവശ്യമായ മോചനം ഏതു വിജയം നിനക്കാവശ്യം എന്തിനുള്ള ശക്തിയാണ് നിനക്ക് വേണ്ടത്? ഏതു കൃപ നിനക്കാവശ്യം? ദൈവനടത്തിപ്പു ഇവയോരോന്നിനെ സംബന്ധിച്ചും നിനക്കു പറയാനുള്ളതു കർത്താവിനോടു പറഞ്ഞുകൊള്ളുക.

മൂന്നാം ദർഗാ: യേശു, എനിക്കു പറയാനുള്ളതെല്ലാം ഉള്ളതുപോലെ ധരിക്കുന്ന എന്റെ കുമ്പസാരപിതാവാകുന്നു. ഇതു നന്നായി ബോദ്ധ്യം വരുത്തിക്കൊള്ളുക. അവിടുന്നു മുഴുവനായി നിന്നെ മനസ്സിലാക്കുന്നു. അവിടുന്നു ഏറ്റവും സ്നേഹമുള്ളവൻ, ദയയുള്ളവൻ, അനുകമ്പയുള്ളവൻ, സഹതാപമുള്ളവൻ, നിന്നെ നന്നായി അറിയുന്നവൻ, ഇതെല്ലാം വിചാരിച്ചു നീ അവിടുത്തെ നന്നായി വിശ്വസിച്ചും ആശ്രയിച്ചും കൊണ്ടു കുറേനേരം അടുക്കൽ ഇരിക്കുക.

നാലാം ദർഗ: ഇപ്രകാരം ഏറ്റുപറച്ചിലും ആശ്രയപ്രകരണവും നടത്തിയശേഷം കുമ്പസാരപിതാവിന്റെ ഉപദേശം കേൾപ്പാൻ നീ കാത്തിരിക്കുന്ന പ്രകാരം യേശുമ്ശിഹായുടെ ഉപദേശത്തിനായി കാത്തിരിക്കുക, ശ്രദ്ധിക്കുക. പുണ്യവർദ്ധനവിനായി അവിടുന്നു നിന്റെ മനസ്സിൽ തോന്നിച്ചുതരുന്ന നല്ല ആശയങ്ങളെ സ്വീകരിക്കുക.

അഞ്ചാം ദർഗാ: കുമ്പസാരപിതാവ് ഹൂസായാ തരുന്നപ്രകാരം യേശുമ്ശിഹായും നിനക്കു ഹൂസായ തരും. മേലാൽ നിന്നെ കൈക്കുപിടിച്ചു നടത്തും. സാധിപ്പാൻ പ്രയാസമുള്ള കാര്യങ്ങൾ നിന്നോടുകൂടിയിരുന്നു സാധിച്ചുതരും. നീ കർത്താവിനോടു ഹൃദയപൂർവ്വമായി സഹകരിക്കണം. നിനക്കു വഹിപ്പാൻ പ്രയാസമുള്ളത് അവിടന്നു നിന്റെ കൂടെ പാർത്ത് വഹിച്ചുകൊള്ളും. ജയിക്കേണ്ട പരീക്ഷകളെ അവിടുന്നു നിലനിന്നിരുന്നു ജയിച്ചുകൊള്ളും. നിന്റെ മനഃസ്ഥിതി ചീത്തയായി പോകാതെ അവിടുന്നു കാത്തുകൊള്ളും. നിന്റെ വിചാരങ്ങളിൽ നിഗളമോ സ്വാശ്രയമോ ഉണ്ടാകാതെ അവിടുന്നു കാത്തുകൊള്ളും. നിന്റെ സംസാരം ധിക്കാരമോ ദോഷമോ ആകാതെ അവിടുന്നു നിനക്കാവശ്യമുള്ള സുകൃതം അവിടുന്നു തരും. നിന്നെ കാത്തുകൊള്ളും. അവിടുന്നു നിന്നെ പാലിക്കും. സഹായിക്കും. അനുഗ്രഹിക്കും. വളർത്തും. ആത്മീയകുമ്പസാരത്തിൽ നീ കർത്താവിൽ നന്നായി ആശ്രയിച്ചുകൊള്ളുക. കർത്താവിനോടു സഹകരിക്കുക. ആത്മീയകുമ്പസാരത്തിൽ നിന്ന് പാപപരിഹാരം പ്രാപിക്കുക. ഈ പാപപരിഹാരത്തെ പിന്നാലെ പട്ടക്കാരന്റെ അടുക്കൽ നിന്നു ലഭിക്കുന്ന ഹൂസായ മുഖാന്തിരം ദൈവം മുദ്രയിട്ടു സ്ഥിരപ്പെടുത്തുകയും ചെയ്യും. അതിലേക്കായി ഈ കുമ്പസാരത്തിലെ പ്രധാന കാര്യങ്ങൾ പട്ടക്കാരന്റെ അടുക്കൽ നീ അനുതാപപൂർവ്വം ആവർത്തിച്ച് ഏറ്റുപറയണം.

ആറാം ദർഗാ: കിട്ടിയ നല്ല ആശയങ്ങളും ഉപദേശങ്ങളും നോട്ടുകുറിക്കുക. അവയ്ക്കനുസരണമായി ജീവിപ്പാൻ നിശ്ചയിക്കുക. ഈ ആത്മീയകുമ്പസാരത്തിനു അവസരവും കൃപയും തന്ന കർത്താവിനു സ്തോത്രം കൊടുക്കുക.

N.B. ഇങ്ങനെ ആഴ്ചതോറും നടത്തുന്ന ആത്മീയകുമ്പസാരം കൊണ്ടു തൃപ്തിപ്പെടരുത്. ദൈവത്തിന്റെ പട്ടക്കാരന്റെ അടുക്കൽ കൂദാശരൂപത്തിലുള്ള കുമ്പസാരം നടത്തി ആത്മീയകുമ്പസാരത്തെ ഫലപ്രദമാക്കിക്കൊള്ളണം.

## 4. വി. കുർബ്ബാനാനുഭവം
(ഊണ്)

"എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും............ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" (വി. യോഹ. 6: 55-57)

"വിശ്വസിച്ചവർ എല്ലാവരും........ ഒരുമനപ്പെട്ടു ദിനംപ്രതി...... അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തു." (പ്രവൃ. 2: 46)

അപ്പോസ്തലകാലത്തു ക്രിസ്തീയസഭയ്ക്കുണ്ടായിരുന്ന ജീവന്റെയും ശക്തിയുടെയും രഹസ്യം എന്തായിരുന്നു എന്നു മേലെഴുതിയ വാക്യങ്ങളിൽ കാണുന്നു.

യഥാർത്ഥഭക്തിയിൽ നിലനില്ക്കാൻ ആഗ്രഹിക്കുന്നവൻ ദിവസംതോറും വിശുദ്ധ കുർബ്ബാന അനുഭവിക്കേണ്ടതാണ്. വിശുദ്ധിയിൽ വളരുന്നതിന് ഇതാവശ്യമാകുന്നു. ദിവസംതോറും വി. കുർബ്ബാന അനുഭവിക്കത്തക്കവിധത്തിൽ ജീവിതം ശരിപ്പെടുത്തണം. നന്നായി ഒരുങ്ങിക്കൊണ്ടും പ്രത്യേക ഉദ്ദേശ്യത്തോടുകൂടെയും കൂർബ്ബാന അനുഭവിക്കണം.

കൂദാശവഴിയായി വി. കുർബ്ബാന അനുഭവിപ്പാൻ സൗകര്യപ്പെടാത്തവർ ദിനംപ്രതി ആത്മീയമായി അനുഭവിക്കണം. (ഇതിലേക്കുള്ള പദ്ധതി പിന്നാലെ ചേർത്തിട്ടുണ്ട്.)

വി. കുർബാനയ്ക്കുള്ള ഉദ്ദേശ്യം താഴെ പറയുന്നവയായാൽ മതി.

1: സുകൃതങ്ങൾ ഏതെങ്കിലും ഒന്ന്, 2: ദൈവമുമ്പാകെ ചെയ്തിട്ടുള്ള പ്രതിജ്ഞകളിൽ ഏതെങ്കിലും ഒന്ന്, 3: ദൈവത്തോടോ മനുഷ്യരോടോ ഉള്ള ചുമതലകളിൽ ഏതെങ്കിലും ഒന്ന് ശരിയായി നിർവ്വഹിപ്പാൻ കൃപ ലഭിക്കുക. 4: മറ്റൊരാൾക്കുവേണ്ടി, 5: നിനക്കോ മറ്റൊരാൾക്കോ ലഭിച്ച ഏതെങ്കിലും അനുഗ്രഹത്തിനായി സ്തോത്രം ചെയ്വാൻ.

## 5. വി. കുർബാനയനുഭവിക്കുന്നതിനു മുമ്പു ചെയ്യേണ്ടത്

1. തീക്ഷ്ണത കൂടാതെയോ കേവലം പതിവായതുകൊണ്ടോ വി: കുർബ്ബാന അനുഭവിപ്പാൻ അടുത്തു ചെല്ലരുത്. ഈ പ്രാവശ്യത്തെ കുർബ്ബാനാനുഭവം നിന്റെ ആയുസ്സിൽ അവസാനത്തേതാണെങ്കിൽ ഏതുപ്രകാരമെല്ലാം നീ ഒരുങ്ങുമോ അപ്രകാരം മുമ്പു കൂട്ടി ഒരുങ്ങണം.

2. തലേദിവസം മുതൽ (സന്ധ്യമുതൽ എങ്കിലും) ഹൃദയത്തെയും ഇന്ദ്രിയങ്ങളെയും സുക്ഷ്മതയോടെ ഒരുക്കുകയും ജീവിതശോധന നടത്തി അനുതപിക്കയും വി. കുർബ്ബാന അനുഭവിപ്പാൻ തക്കവണ്ണം വിശുദ്ധിയോടെ മന:ശ്ശരീരങ്ങളെ കാത്തു സൂക്ഷിക്കുകയും വേണം. സുത്താറായിക്കു മുമ്പു വി. കുർബ്ബാനാനുഭവത്തിനായി പ്രത്യേകം ഒരുങ്ങിയശേഷമേ ഉറങ്ങാവൂ.

3. ദിനംപ്രതി വി. കുർബ്ബാന അനുഭവിക്കുന്നവൻ ആഴ്ചയിൽ ഒരു ദിവസവും അല്ലാവത്തവർ വി. കുർബ്ബാനയെപ്പറ്റി ധ്യാനിക്കയോ മന:പ്രാർത്ഥന നടത്തുകയോ ചെയ്യുന്നത് നന്ന്. വി. കുർബ്ബാനയെപ്പറ്റിയുള്ള ഭക്തിയും ആദരവും വർദ്ധിക്കുന്നതിനും ഈ മഹാരഹസ്യത്തിൽ ദൈവം കാണിച്ചിരിക്കുന്ന അളവറ്റ സ്നേഹം ഗ്രഹിക്കുന്നതിനും പര്യാപ്തങ്ങളായ പുസ്തകങ്ങൾ വായിക്കയും ചിന്തിക്കയും ചെയ്യണം.

4. വി. കുർബ്ബാന അനുഭവിക്കുന്നതിനുള്ള ഒരുക്കം ശരിപ്പെടുത്തുന്ന കൂട്ടത്തിൽ ഏതെങ്കിലും ആത്മദണ്ഡനം ചെയ്യുന്നത് നന്ന്.

5. അറിഞ്ഞുകൊണ്ടു ഗൗരവമായ എന്തെങ്കിലും പാപം ചെയ്തിട്ടുള്ളതായി ബോദ്ധ്യമുള്ളപക്ഷം വി. കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പു കുമ്പസാരിക്കണം. ലഘുപാപം ചെയ്തുപോയി എങ്കിൽ കുമ്പസാരിക്കണമെന്നു നിർബ്ബന്ധമില്ല. എങ്കിലും കുമ്പസാരിക്കുന്നത് നന്ന്. അതിനു അശേഷം സൗകര്യമില്ലാത്തപക്ഷം, ദൈവസ്നേഹത്തെ ആസ്പദമാക്കി ഹൃദയം നുറുക്കം വരുത്തുകയും വന്നുപോയ ലഘുപാപത്തെപ്പറ്റി മനഃപൂർവ്വമായി അനുതപിക്കയും ചെയ്തിട്ടു ഹൂസായ വാങ്ങണം. മരണകരമായ വല്ല പാപവും ചെയ്തിട്ടുള്ളതായി ബോദ്ധ്യമുള്ള പക്ഷം പട്ടക്കാരന്റെ മുമ്പാകെ

കുമ്പസാരിക്കണമെന്നു നിർബ്ബന്ധമുണ്ട്. കുമ്പസാരിച്ചശേഷം മാത്രമെ വി. കുർബ്ബാന അനുഭവിക്കാവൂ.

ദൈവസ്നേഹത്തെ ആസ്പദമാക്കിയുള്ള അനുതാപപ്രാർത്ഥന: “കർത്താവേ നിന്നെ എത്ര സ്നേഹിച്ചാലും വേണ്ടപോലെ സ്നേഹിച്ചുവെന്നും വരികയില്ലല്ലോ. നീ അത്രയ്ക്കു നല്ലവനും സ്നേഹപൂർണ്ണനുമാകുന്നു. സ്നേഹമൂർത്തേ, എന്നോടു നന്മമാത്രം ചെയ്തിട്ടുള്ള ദൈവമേ, നിന്നെ ഈ പാപത്താൽ വേദനപ്പെടുത്തി യതിനെപ്പറ്റി ഞാൻ മനഃപൂർവ്വമായി ദുഃഖിക്കുന്നു. എന്റെ യേശുവേ, മേലാൽ നിന്നെ വേദനപ്പെടുത്താതിരിക്കാമെന്നു ഞാൻ ഉറയ്ക്കു ന്നു. കൃപയുണ്ടായി അതിനെന്നെ സഹായിക്കണമെ. വന്നുപോയ വീഴ്ച ക്ഷമിക്കണമേ.”

6. എത്രയും സൂക്ഷ്മത്തോടുകൂടെ നിന്റെ ആത്മാവിനെ ശുദ്ധീ കരിക്കുക. (എ) ക്രമരഹിതമായ സകല വികാരങ്ങളും (ബി) സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും വസ്തുവിനോടുള്ള പ്രത്യേക മനസ്സ ടുപ്പവും, (സി) ഏതെങ്കിലും ആളിന്റെ നേരെയുള്ള പ്രത്യേക മന സ്സകൽച്ചയും ദൂരത്താക്കുക. കർത്താവിനെ നന്നായി സ്നേഹിപ്പാൻ ഹൃദയം കൊടുക്കുക. കർത്താവിനെപ്രതി മറ്റുള്ളവരെ സ്നേഹി പ്പാൻ ഹൃദയം കൊടുക്കുക.

7. ഉദ്ദേശ്യശുദ്ധി വരുത്തുക. നിന്റെ സ്വന്ത സംതൃപ്തിയോ ഇന്ദ്രിയവിഷയമായ ആശ്വാസമൊ (Sensible Consolation) അന്വേഷി ക്കരുത്. ദൈവത്തിന്റെ നല്ല തിരുവിഷ്ടം മാത്രം അന്വേഷിക്കുക. ‘മനുഷ്യമക്കളോടുകൂടെ പാർക്കുന്നത്’ (സദൃ. 8: 31) സന്തോഷ മാക്കിവെച്ചിട്ടുള്ള ആ മഹാദൈവത്തോടുകൂടെ പാർപ്പാൻ ഒരുങ്ങുക.

8. വി. കുർബ്ബാനയനുഭവിപ്പാൻ ഒരുങ്ങുന്ന സമയം നിനക്കു ഒരു പ്രത്യേകം സമയമാണ്. ഈ വിശുദ്ധകൂദാശയിൽ ജീവനുള്ള വിശ്വാസം മനസ്സിൽ വരുത്തുക. കർത്താവിന്റെ മനുഷ്യാവതാരം, കഷ്ടപ്പാട്, മരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം എന്നി വയും വി. കുർബാനയിൽ കർത്താവിനെ ആവാസവും വ്യാപാ രവും സ്നേഹപൂർവ്വം ഓർക്കുക. കർത്താവ് അളവറ്റ സ്നേഹ ത്തോടുകൂടി നിന്നിൽ എഴുന്നെള്ളിപ്പാർക്കുന്നതിനു വരുന്നതു നിനക്കു എത്ര ഭാഗ്യം!

9. ദൈവത്തോടു കാണിച്ചിട്ടുള്ള നിന്റെ നന്ദികേട് എത്ര നിന്ദ്യമാണെന്നു ചിന്തിക്കുക. ഈ പരിശുദ്ധ കുർബാനയനുഭവിപ്പാൻ നീ എത്ര അയോഗ്യനെന്നു ബോധിക്കുക. ദൈവത്തിന്റെ അളവറ്റ കരുണയെ വിലമതിക്കുക.

10. നിന്റെ സർവ്വ കുറവുകളും മറന്ന് കർത്താവ് എത്ര ഹാർദ്ദവമായി നിന്നെ സ്നേഹിക്കുന്നുവെന്ന് പര്യാലോചിക്കുക. നിനക്കു ഭക്ഷണമായി കർത്താവിനെത്തന്നെ തരുന്നതിനു അവിടുന്ന് ആഗ്രഹിക്കുന്നതു ഗ്രഹിക്കുക. അവിടുത്തേക്കു നിന്നോടുള്ള സ്നേഹത്തിന് അനുയോജ്യമായ സ്നേഹം നീയും അങ്ങോട്ടു കാണിക്കണമെന്നുള്ളതു ചിന്തിക്കുക.

11. നിന്റെ അതിയായ ദരിദ്രാവസ്ഥ തിരിച്ചറിയുകയും ഈ സ്വർഗ്ഗീയ വിരുന്നിനായി ആത്മാവിൽ വലിയ ദാഹം ജ്വലിപ്പിക്കുകയും തന്മൂലം ഈ വിരുന്നിൽകൂടി ദൈവം തരുവാൻപോകുന്ന വലിയ കൃപയ്ക്കായി അത്യധികം വാഞ്ഛിക്കയും ചെയ്ക.

12. യേശു മുഖാന്തരവും, യേശുവിനോടുകൂടെയും നിനക്കു സർവ്വവും ലഭിക്കുമെന്ന് ഏറ്റവും ഉറപ്പായി ശരണപ്പെടുക.

13 മാലാഖായെ അതിശയിക്കുന്ന അടക്കമൊതുക്കത്തോടും ഭക്ത്യാദരവോടും കൂടെ വി. കുർബാനയനുഭവിപ്പാൻ മദ്ബഹായുടെ മുമ്പാകെ അടുത്തുചെല്ലുക. താഴെക്കാണുന്നതുപോലെയുള്ള ഏതെങ്കിലും പ്രാർത്ഥന മനസ്സുകൊണ്ട് ഉച്ചരിച്ചിട്ടു വി. കുർബാന അനുഭവിക്കുക. വി. കുർബാന അനുഭവിച്ചശേഷവും ഇപ്രകാരം പ്രാർത്ഥിക്കാവുന്നതാണ്.

സ്നേഹംനിറഞ്ഞ കർത്താവേ, മഹാപരിശുദ്ധനായ കർത്താവെ, മഹാവൈദ്യനായ കർത്താവെ, അങ്ങേ ഞാൻ വിശ്വസിക്കുന്നു; ശരണപ്പെടുന്നു; സ്നേഹിക്കുന്നു. എന്നിലും എന്നോടുകൂടെയും പാർത്തുകൊള്ളണമെ. അങ്ങേ തിരുവിഷ്ടത്തിനായി എന്നെ ഏൽപ്പിച്ചുതരുന്നു. തൃക്കൈകൊണ്ട് എന്നെ നടത്തണമെ.

വേറൊന്ന്

1. കർത്താവേ, ഈ വി. കുർബാന എനിക്കുണ്ടാകാവുന്നതിലേക്കും വലിയ മാധുര്യമായിരിക്കണമേ.

2. കർത്താവേ, ഈ വി. കുർബാന എന്റെ ആത്മശരീരങ്ങൾക്ക് ആരോഗ്യവും ബലവും ആയിരിക്കണമേ.

3. കർത്താവേ, ഈ വി. കുർബാന എന്റെ ജീവിതത്തിലെ സന്തോഷവും സമാധാനവും ആയിരിക്കണമേ.

4. കർത്താവേ, ഈ വി. കുർബാന എന്റെ പ്രകാശവും ജീവനും ശക്തിയും ആയിരിക്കണമേ.

5. കർത്താവേ, ഈ വി. കുർബാന.... (ഇന്ന) പരീക്ഷയിൽ എനിക്കു ജയവും വിശുദ്ധിയും ആയിരിക്കണമേ.

6. കർത്താവേ, ഈ കുർബാന....... (ഇന്ന) വിഷമങ്ങളിൽ എന്റെ ആശ്വാസവും ധൈര്യവുമായിരിക്കണമേ.

7. കർത്താവേ, ഈ വി. കുർബാന ഇന്നു മുഴുവൻ (അടുത്ത കുർബാനാനുഭവംവരെ) എന്നെ നിന്നിൽ നിലനിർത്തേണമേ.

8. കർത്താവേ, ഈ വി. കുർബാനയിൽ (ഇന്നാർക്ക്) (ഇന്ന) അനുഗ്രഹം കൊടുക്കണമേ.

### 6. വി. കുർബാന അനുഭവിച്ചശേഷം ചെയ്യേണ്ടത്.

1. നീ കേവലം വെറുമയാകുന്നു. ഒന്നുമില്ലായ്മതന്നെ. ആ സ്ഥിതി ബോധ്യപ്പെടുത്തിക്കൊണ്ട് വി. കുർബാന വഴി നിന്നിൽ എഴുന്നെള്ളിയിട്ടുള്ള കർത്താവിനെ ആരാധിക്കുക.

2. കർത്താവിനെ സ്തുതിക്കയും സ്നേഹിക്കയും ചെയ്‌വാനായി നിന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും സകല ശക്തികളെയും ക്ഷണിക്കുക. ആകാശത്തിലും ഭൂമിയിലുള്ള സകല സൃഷ്ടികളേയും ക്ഷണിക്കുക. ഇവരെല്ലാവരോടും ഒരുമിച്ച് കർത്താവിനെ സ്തുതിക്കുക, സ്നേഹിക്കുക.

3. നിഷ്കളങ്കമായ സ്നേഹത്തോടുകൂടി കർത്താവിനെ മുറുകെ പിടിക്കുക. ഏറ്റം മധുരമേറിയ അതിഥിയായി നിന്റെ ഹൃദയത്തിൽ എഴുന്നെള്ളിപ്പാർക്കുന്ന കർത്താവിനെ ആശ്ലേഷിക്കുക. നിന്റെ ആത്മാവും കർത്താവും തമ്മിൽ പരിപൂർണ്ണമായി യോജിപ്പുണ്ടായിരിക്കണമെന്ന് വീണ്ടും വീണ്ടും അപേക്ഷിക്കുക.

4. ദൈവം നിസ്സാരനായ നിന്റെ ഹൃദയത്തിൽ എഴുന്നെള്ളിയിരിക്കുന്നുവല്ലോ. എത്ര അത്ഭുതകരമായി ദൈവം നിന്നോടു വർത്തിച്ചിരിക്കുന്നു. മനഃപൂർവ്വമായി നന്ദിയും സ്തോത്രവും കൊടുക്കുക. മാലാഖമാരുടെയും എല്ലാ ശുദ്ധിമാന്മാരുടെയും ദൈവമാതാവിന്റെയും സ്നേഹം നിന്റേതാക്കി കർത്താവിനു കൊടുക്കുക.

5. വി. കുർബാന അനുഭവിപ്പാൻ നീ ചെയ്ത ഒരുക്കത്തിലും കുർബ്ബാനാനുഭവത്തിലും വന്നുപോയിട്ടുള്ള കുറവുകൾക്കുവേണ്ടി മനഃപൂർവ്വമായി മാപ്പു ചോദിക്കുക. നിന്റെ സകല പാപങ്ങൾക്കു വേണ്ടിയും മാപ്പു ചോദിക്കുക. പ്രത്യേകമായി ഏതു സംഗതിയിൽ ജയം ആവശ്യമുണ്ടോ അത് അപേക്ഷിക്കുക.

6. നിന്നെ മുഴുവനായും ഒട്ടും ശേഷിക്കാതെയും യേശുമ്ശിഹായ്ക്ക് ബലിയായി അർപ്പിക്കുക. യേശുവിൽകൂടെയും യേശുവിനോടുകൂടെയും നിത്യപിതാവിന് നിന്നെ ബലി അർപ്പിക്കുക. താഴെക്കാണുന്നതു ചിന്തിച്ചു പ്രാർത്ഥിക്കുക.

(എ) ദൈവത്തിനു നീ നിത്യ ആരാധനാബലിയായിരിക്കട്ടെ.

(ബി) ദൈവത്തിനു നീ നിത്യസ്തോത്രബലിയായിരിക്കട്ടെ.

(സി) ദൈവത്തിനു നീ നിത്യപാപപരിഹാരബലിയായിരിക്കട്ടെ.

(ഡി) നീ ദൈവത്തെ നിരപ്പാക്കുന്ന നിത്യബലിയായിരിക്കട്ടെ.

7. ദൈവം വി. കുർബാനയിൽ നിന്നിൽ എഴുന്നെള്ളിയിരിക്കുന്നുവല്ലോ. ഈ അനുഗ്രഹത്തിനുവേണ്ടി പ്രതിഫലമായി ഇന്നത്തെ ജീവിതത്തിൽ ഏതെങ്കിലും വിജയം നിന്റെ ദിവ്യഅതിഥിക്കു നേർച്ചയായി കൊടുക്കണം. ആ വിജയം എന്തെന്ന് നിശ്ചയിക്കുക. അങ്ങേ കൃപയാൽ അത് നിനക്കു സാധിക്കും. ഇപ്പോൾ നീ അഭ്യസിക്കുന്ന സുകൃതം നന്നായി പാലിക്കുന്നതിന് ശ്രദ്ധവെച്ചുകൊൾക. നിന്റെ ആത്മാവിന് ഏറ്റം ആവശ്യപ്പെട്ട കാര്യത്തിൽ വിജയം നേടണം.

(8) അധികമായ തീക്ഷ്ണതയോടും അത്യാഗ്രഹത്തോടുംകൂടി ഈ കൃപ അപേക്ഷിക്കുക. ദൈവേഷ്ടം പൂർണ്ണമായി നിർവഹിക്കുന്നതിലേക്കു നിനക്കാവശ്യമുള്ള സകല കൃപകളും അപേക്ഷിക്കുക.

കരുണാനിധിയായ രക്ഷിതാവിന്റെ മുമ്പിൽ നിന്റെ അരിഷ്ടതകളും ബലഹീനതകളും കാണിക്കുക. അവിടുന്ന് സഹായിക്കട്ടെ.

9. (എ) വാഴ്ത്തപ്പെട്ട കന്യകമറിയാമ്മിന് നേർച്ചയായി ഇപ്പോൾ നിന്നിൽ എഴുന്നെള്ളിയിട്ടുള്ള ദിവ്യപുത്രനെ കൊടുക്കുക. നിന്റെ മദ്ധ്യസ്ഥയും സഹായിയുമായി വി. മാതാവിനെ സ്വീകരിച്ചുകൊൾക.

(ബി) യേശുമ്ശിഹാ ഇപ്പോൾ നിന്റെ വകയാകുന്നു. ഏതു പരിശുദ്ധനെ നിന്റെ സംരക്ഷകനായി നീ സ്വീകരിച്ചിരിക്കുന്നുവോ ആ പരിശുദ്ധനു കർത്താവിനെ കൊടുക്കുക. സകല പരിശുദ്ധന്മാരുടേയും കിരീടം കർത്താവാകുന്നു.

(സി) ഇന്ന് ഏതു പരിശുദ്ധന്റെ പെരുന്നാളാഘോഷിച്ചുവോ ആ പരിശുദ്ധനു നേർച്ചയായി കർത്താവിനെ കൊടുക്കുക.

(ഡി) പരിശുദ്ധന്മാർക്കു അനവധി കൃപയും മഹത്വവും ദാനം ചെയ്ത കർത്താവിനു സ്തോത്രം കൊടുക്കുക. നിസ്സാരനായ നിനക്കും അവരെപ്പോലുള്ള കൃപകൾ അപേക്ഷിച്ചുകൊള്ളുക.

10. ലോകത്തിൽ എവിടേയുമുള്ള ദൈവത്തിന്റെ തിരുസഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. നീ വി. കുർബാന അനുഭവിച്ചിരിക്കുന്ന ഈ സമയത്തു നിന്റെ ആത്മാവിന്റെ അതിഥിയായ യേശു മിശ്ഹായുടെ അടുക്കൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാൻ ഇതു നല്ല അവസരമാകുന്നു. താഴെക്കാണുന്ന ഓരോന്നും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു ഉത്തമ വിഷയങ്ങൾ ആകുന്നു.

(എ) കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരും ദൈവകൃപയിൽ ആത്മാക്കളെ വളർത്തുന്നവരുമായ പട്ടക്കാർക്കും മേല്പ്പട്ടക്കാർക്കും വേണ്ടി പ്രാർത്ഥിക്കുക. പ്രത്യേകം ആരുടെയെങ്കിലും പേർ പറഞ്ഞു പ്രാർത്ഥിക്കാം.

(ബി) ക്രിസ്തീയസഭയുടെ പുനരൈക്യത്തിനും സമാധാനത്തിനുംവേണ്ടി പ്രാർത്ഥിക്കുക.

(സി) എല്ലാ സന്യാസ്യസഭകളുടേയും പ്രത്യേകിച്ച് ബഥന്യാശ്രമത്തിന്റെയും ശുദ്ധീകരണത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രാർത്ഥിക്കുക. ആശ്രമപിതാവ്, റീശ്, സഹായികൾ, നിന്നോടു പ്രത്യേകം ഇടപെടുന്നവർ മുതലായവർക്കുവേണ്ടി പ്രാർത്ഥിക്കുക.

(ഡി) ആശ്രമത്തിൽനിന്നും ചുമതലപ്പെട്ടു നടത്തുന്ന ദൈവവേലകൾക്കുവേണ്ടി പ്രാർത്ഥിക്കുക. വേലക്കാർക്കു വിശുദ്ധാത്മനിറവുണ്ടാകുന്നതിനും ദൈവവേലക്കായി അനേകരെ ദൈവം എഴുന്നേല്പിക്കുന്നതിനുംവേണ്ടി പ്രാർത്ഥിക്കുക.

(ഇ) സന്യാസ്യജീവിതത്തിലേക്കു അനേകരെ ദൈവം ആകർഷിച്ചു കൊണ്ടുവരുന്നതിനും അവരുടെ പരിശീലനവും, ജീവിതവും പൂർണ്ണമായ ദൈവമഹത്വത്തിനായി തീരുന്നതിനുംവേണ്ടി പ്രാർത്ഥിക്കുക.

(എഫ്) ക്രൈസ്തവലോകത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും അതിലെ രാജ്യങ്ങൾ, രാജാക്കൾ, ഭരണകർത്താക്കൾ എന്നിവർക്കു വേണ്ടിയും എല്ലാ ജനസമുദായങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക.

(ജി) നല്ലവരായ എല്ലാവർക്കുവേണ്ടിയും നിന്റെ സ്നേഹിതന്മാർക്കുവേണ്ടിയും സഹായികൾക്കുവേണ്ടിയും നിന്റെ പ്രാർത്ഥന അപേക്ഷിച്ചിട്ടുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിന്റെ മാതാപിതാക്കൾ, ചാർച്ചക്കാർ, ഗുരുക്കന്മാർ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുക. ദുഷ്ടന്മാരായ ആളുകൾക്കുവേണ്ടി പ്രാർത്ഥിക്കുക.

(എച്ച്) നിന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക. ആത്മീയ കാര്യങ്ങളിലോ ലൗകികകാര്യങ്ങളിലോ നിന്നോടു തിന്മചെയ്കയോ നിന്റെ നന്മയ്ക്കു പ്രതിബന്ധമുണ്ടാക്കുകയോ നിന്നെ ദ്വേഷിക്കുകയോ ചെയ്തിട്ടുള്ളവരും ചെയ്യുന്നവരുമായ ആളുകൾക്കുവേണ്ടി പ്രാർത്ഥിക്കുക (പ്രത്യേകം പേരു പറയാം) അവരുടെ അനുഗ്രഹത്തിനും മാനസാന്തരത്തിനും വേണ്ടി പ്രാർത്ഥിക്കുക.

(ഐ) പരീക്ഷിക്കപ്പെടുന്നവർ ഞെരുക്കപ്പെടുന്നവർ, കഷ്ടപ്പെടുന്നവർ, രോഗികൾ, വേദന അനുഭവിക്കുന്നവർ എന്നിവർക്കു വേണ്ടി പ്രാർത്ഥിക്കുക (പ്രത്യേകം പേരു പറയാം).

(ജെ) പാപികൾ, മതവിപരീതികൾ, ജാതികൾ എന്നിവരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുക (പ്രത്യേകം പേരു പറയാം) അവരെല്ലാവരും സത്യമായി ദൈവത്തെ അറിയുകയും വിശ്വസ്തതയോടെ സ്നേഹിക്കയും ചെയ്യുന്നതിനും ഇങ്ങനെ രക്ഷിക്കപ്പെടുന്നതിനും സ്വർഗ്ഗത്തിൽ ദൈവത്തെ എന്നേക്കും മഹത്വപ്പെടുത്തുവാൻ അവർക്കു സംഗതിയാകുന്നതിനുംവേണ്ടി പ്രാർത്ഥിക്കുക.

(കെ) വിശ്വാസികളായ മരിച്ചുപോയവരുടെ ആത്മാക്കൾക്കായി പ്രാർത്ഥിക്കുക. (പ്രത്യേകം പേരും പറയാം)

11. വി. കുർബാന അനുഭവിച്ചുകഴിയുമ്പോൾ നിന്റെ ഹൃദയത്തിൽ അസാമാന്യം തീക്ഷ്ണതയും ഭക്തിയും ഉണ്ടാകുന്നില്ലെങ്കിൽ ദൈവമുമ്പാകെ തന്നെത്താൻ നന്നായി വിനയപ്പെടുത്തുക. ആഴമായ അത്യാ

ഗ്രഹത്തോടെ ദൈവകൃപ അപേക്ഷിക്കുക. ദൈവേഷ്ടം നിന്നിൽ മുഴുവനായി നിറവേറുന്നതിനുവേണ്ടി നിന്നെത്തന്നെ ദൈവത്തിനു ഏല്പ്പിച്ചുകൊടുക്കുക. ദൈവം ഏറ്റവും നല്ലവനാകുന്നു. അതുകൊണ്ടു ദൈവത്തിൽ നന്നായി ശരണം വെയ്ക്കുക. നിന്റെ ഹൃദയത്തിൽ എഴുന്നള്ളിവന്നിരിക്കുന്ന ദിവ്യഅതിഥിതിയെ തീക്ഷ്ണതയോടുകൂടി സ്നേഹിപ്പാൻ ആഗ്രഹിക്കുക. നിന്റെ ഹൃദയത്തിൽ യേശുവിന്റെ നേരെ സ്നേഹം കത്തിജ്വലിക്കട്ടെ. നിന്നിൽ എഴുന്നെള്ളിവന്നിരിക്കുന്ന കർത്താവിനെ പ്രസാദിപ്പിപ്പാനായി നീ സകല സുകൃതങ്ങൾകൊണ്ട് പ്രത്യേകിച്ച് ഇപ്പോൾ അഭ്യസിക്കുന്ന സുകൃതംകൊണ്ട് നിറയുന്നതിന് ആഗ്രഹിക്കുക, അതിനായി പ്രാർത്ഥിക്കുക.

12. ഈ ദിവസം മുഴുവൻ യേശു നിന്റെ ഉള്ളിൽ എഴുന്നെള്ളിപ്പാർക്കുന്നുണ്ടെന്നുള്ള ബോധം പാലിക്കണം. അതിലേക്ക് പ്രത്യേക അവസരങ്ങൾ തിരഞ്ഞെടുക്കുന്നതു നന്ന്. ഇനിയും അടുത്തു നീ വി: കുർബാന അനുഭവിക്കുന്നതു ഏതു ദിവസമാണ്? അതുവരെയുള്ള സമയത്തെ രണ്ടായി വിഭജിക്കുക. ആദ്യഭാഗം സ്തോത്രത്തിനായും രണ്ടാംഭാഗം അടുത്തപ്രാവശ്യത്തെ കുർബാനാനുഭവത്തിന് ഒരുങ്ങുന്നതിനായും ഉപയോഗിച്ചുകൊള്ളുക. ഇവ രണ്ടും എങ്ങനെ നടത്തണമെന്ന് ആലോചിച്ച് നിശ്ചയിക്കുക. ആവശ്യമുള്ളപക്ഷം അവസരംപോലെ ആത്മീയപിതാവിനോടു ചോദിക്കാം.

## 7. ആത്മീയ കുർബാനാനുഭവം

### പദ്ധതി

ഞങ്ങളോടുള്ള സ്നേഹത്തെപ്രതിയും എപ്പോഴും ഞങ്ങളിൽ എഴുന്നെള്ളി പാർക്കുന്നതിനുവേണ്ടിയും വി: കുർബാന സ്ഥാപിച്ചിരുന്നിട്ടുള്ള കർത്താവേ, നിന്നെ ഞാൻ ഭയഭക്തിയോടുകൂടി വന്ദിച്ചുകൊള്ളുന്നു.

നിന്റെ സ്നേഹത്തെ ഞാൻ വിലമതിക്കുന്നു. നിന്നെ അളവില്ലാതെ സ്നേഹിപ്പാനായി എന്റെ ഹൃദയത്തെ നിനക്കു തരുന്നു. എന്നെ നിന്റെ തൃക്കൈയിൽ ഭരമേൽപിക്കുന്നു. നിന്റെ സ്നേഹത്താൽ എന്റെ ഹൃദയത്തെ ജ്വലിപ്പിക്കണമെ.

കരുണയുള്ളവനേ! എപ്പോഴും എന്നോടുകൂടെ പാർക്കുവാൻ നീ ആഗ്രഹിക്കുന്നുവല്ലോ. എപ്പോഴും ഭക്ത്യാദരവോടുകൂടെ നിന്റെ അടു

ക്കൽ പാർക്കാൻ ഞാനും ആഗ്രഹിക്കുന്നു. നിന്റെ ശിഷ്യന്മാർക്കു തിരുശരീരരക്തങ്ങൾ കൊടുത്തുകൊണ്ടു "വാങ്ങി ഭക്ഷിപ്പീൻ"എന്നു അരുളിച്ചെയ്തുവല്ലോ. കർത്താവേ! തൃക്കൈയ്യിൽ നിന്നു നിന്റെ തിരുശരീരരക്തങ്ങൾ, അതേ നിന്റെ ജീവനും ശക്തിയും, വാങ്ങിഅ നുഭവിപ്പാൻ തിരുമുമ്പിൽ ഞാൻ കാത്തു നില്ക്കുന്നു. (അല്പസമയം ശാന്തമായിരിക്കുക.) എന്റെ ആത്മാവിലേയ്ക്കു വരേണമേ. നിന്റെ പ്രകാശം കൊണ്ടു എന്നെ നിറക്കേണമേ. നിന്റെ ജീവൻ എനിക്കു തരണമേ. [(ഇന്ന) സുകൃതം സമ്പാദിപ്പാൻ നിന്റെ ശക്തി എനിക്കു തരണമേ. (ഇന്ന) നന്മപ്രവർത്തി ചെയ്വാൻ എന്നെ ശക്തിപ്പെടുത്ത ണമേ. ഇന്നാരെ ഇന്ന കാര്യത്തിൽ അനുഗ്രഹിക്കണമേ.]* എന്റെ ജീവിതത്തെ നിന്റെ അടുക്കൽ സൂക്ഷിച്ചുകൊള്ളണമേ.

മധുരമേറിയ യേശുവേ! നിന്നെ ഞാൻ സ്നേഹപൂർവ്വം ആശ്ലേ ഷിച്ചുകൊള്ളുന്നു. എന്നോടുകൂടി പാർത്തു എല്ലാ സമയങ്ങളിലും എല്ലാ കാര്യങ്ങളിലും നിന്റെ ശുശ്രൂഷയ്ക്കും നിന്റെ മഹത്വത്തിനു മായി എന്നെ നടത്തണമെ. കർത്താവെ, നിന്റെ കൃപ എപ്പോഴും എന്നോടു കൂടി ഇരിക്കണമെ. കരുണയുള്ള കർത്താവേ, ഈ ആത്മീയ കുർബാനാനുഭവത്തിനു എനിക്കു അവസരം തന്നതി നായി നിന്നെ ഞാൻ സ്തുതിക്കുന്നു. എന്നേക്കും നിനക്കു സ്തോത്രം! നിന്റെ വിശുദ്ധ മാതാവിന്റെയും സകല ശുദ്ധിമാന്മാരു ടെയും പ്രാർത്ഥന എനിക്കു സഹായമായിരിക്കണമെ.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!" ഇത്യാദി

## 8. പൊതുവായ ജീവിതശോധന

1. പൊതുവായ ജീവിതശോധനയിൽ അന്നത്തെ ജീവിതത്തിൽ വന്നുപോയ വീഴ്ചകൾ, സമ്പാദിച്ച സുകൃതങ്ങൾ മുതലായവ പരി ശോധിക്കുന്നു. എന്നാൽ പ്രത്യേകമായ ജീവിതശോധനയിൽ അതതു കാലത്തു അഭ്യസിക്കുന്ന പ്രത്യേക സുകൃതം സംബന്ധിച്ച് എത്ര ത്തോളം അഭിവൃദ്ധിയോ അധഃപതനമോ ഉണ്ടായി എന്നും അവ എപ്പോൾ, എങ്ങനെ, കാരണങ്ങൾ ഏവ, അഭിവൃദ്ധിക്കായി ഉദ്യമിക്കേ ണ്ടതു എങ്ങനെ, എന്ന പ്രകാരമുള്ള സംഗതികളും ചിന്തിക്കുന്നു.

ഇവ രണ്ടിനുമുള്ള പദ്ധതികളും ചില നിർദ്ദേശങ്ങളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. (9-ാം അദ്ധ്യായം മുതൽ)

2. വിശുദ്ധിയിൽ വളരണമെന്നും ക്രിസ്തീയ സുകൃതങ്ങൾ സമ്പാദിക്കണമെന്നും ആഗ്രഹിക്കുന്ന ഏവനും ദിവസംപ്രതി ജീവിതശോധന നടത്തേണ്ടതാകുന്നു. ഉച്ചയ്ക്കും വൈകിട്ടും നടത്തുകയാണു നന്ന്. അപ്പോഴപ്പോൾ ഫലം രേഖപ്പെടുത്തണം. ഉച്ചയ്ക്കു ജീവിതശോധന നടത്താൻ നിവൃത്തിയില്ലാതെപോയാൽ രണ്ടും കൂടി വൈകിട്ടു നടത്തണം.

3. ആത്മീയനിയന്താവ് (കുമ്പസാരപിതാവ്) തന്നിട്ടുള്ള കല്പനകളും ഉപദേശങ്ങളും എത്രത്തോളം പാലിച്ചുവെന്നും കല്പിച്ചതോ തന്നത്താൻ തിരഞ്ഞെടുത്തതോ ആയ സുകൃതാഭ്യാസനം എത്രത്തോളം സാധിച്ചുവെന്നും പരിശോധിക്കുന്നത് ആവശ്യമാണ്. ജീവിതത്തിൽ എപ്പോഴും അഭിവൃദ്ധിതന്നെയുണ്ടാകുമെന്ന് വിചാരിച്ചിരിക്കരുത്. ചിലപ്പോൾ അധഃപതനമായിരിക്കും കാണുന്നത്.

4. ആഴ്ചതോറും സമ്പാദിച്ച ആത്മീയാഭിവൃദ്ധിയോ, ആത്മീയാധഃപതനമോ എത്രത്തോളമെന്നു പൊതുവെയും പ്രത്യേകസംഗതികൾ എടുത്തും പരിശോധിച്ചും ആത്മീയഡയറി എഴുതേണ്ടതാണ്.

5. പ്രതിമാസഭജനത്തിങ്കലൊ കുമ്പസാരത്തിന് മുമ്പോ കഴിഞ്ഞ മാസത്തെ ആത്മീയാഭിവൃദ്ധി എത്രത്തോളമെന്ന് പരിശോധിക്കേണ്ടതാണ്. പൊതുവായ അഭിവൃദ്ധി പ്രത്യേക സുകൃതം സംബന്ധിച്ചുള്ള അഭിവൃദ്ധിയും വെവ്വേറെ പരിശോധിക്കണം. (പ്രതിമാസഭജനം സംബന്ധിച്ച് ഭജനസഹായിയിൽ വിവരിച്ചിട്ടുണ്ട്).

6. പ്രതിമാസഭജനവും, വാർഷികഭജനവും നടത്തുകയും കഴിഞ്ഞമാസത്തെയോ വർഷത്തെയോ ജീവിതശോധന നടത്തുകയും പ്രതിജ്ഞയോ നിശ്ചയങ്ങളോ പുതുക്കുകയും വേണം. നിഷ്ഠകൾ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഏതുവിധമെല്ലാം ജീവിതം ക്രമപ്പെടുത്താനുണ്ടെന്നും അതിലേക്ക് ഏതുവിധം ശ്രമിക്കേണ്ടതാണെന്നും കണ്ടുപിടിച്ച് രേഖപ്പെടുത്തുകയും ആത്മീയ നിയന്താവിനെ അറിയിക്കയും ചെയ്യണം. (വാർഷികഭജനം സംബന്ധിച്ച് 'ഭജനസഹായി' യിൽ വിവരിച്ചിരിക്കുന്നു.)

### 9. പൊതുവായ ജീവിതശോധനയ്ക്കുള്ള പദ്ധതി

1. സ്തോത്രം: ഇന്നു ലഭിച്ച അനുഗ്രഹങ്ങൾ ഏവയെന്ന് ഓർക്കുക. അവയ്ക്കുവേണ്ടി ദൈവത്തെ സ്തോത്രം ചെയ്യുക.

2. പ്രാർത്ഥന: ഇന്നു വന്നുപോയ വീഴ്ചകൾ വെളിപ്പെടുത്തിത്തരുവാൻ പ്രാർത്ഥിക്കുക.

3. (എ) ശോധന: ഇന്നലത്തെ ശോധന ശരിയായി നടത്തിയൊ?

(ബി) ഇന്നു വന്നുപോയ വീഴ്ചകൾ ഏവ?

1. ചെയ്തത് — വിചാരത്തിൽ<br>സംസാരത്തിൽ<br>പ്രവൃത്തിയിൽ

2. ചെയ്യാതെ വിട്ടുകളഞ്ഞത്

3. ഇന്നത്തെ കൃത്യനിർവ്വഹണത്തിൽ വന്നുപോയ ആന്തരദോഷം, സൂക്ഷക്കുറവ് മുതലായവ.

4. നോട്ട്: വീഴ്ചകളിൽ പ്രധാനമായതു രേഖപ്പെടുത്തുക.

5. അനുതാപം: കണ്ടുപിടിച്ച തെറ്റുകളെപ്പറ്റി അനുതപിക്കുക; താഴെക്കാണുന്ന അനുതാപപ്രാർത്ഥന ഭക്തിപൂർവ്വം ചൊല്ലുന്നത് നന്ന്.

കർത്താവേ! നിന്നെ എത്ര സ്നേഹിച്ചാലും വേണ്ടപോലെ സ്നേഹിച്ചു എന്നു വരികയില്ലല്ലോ. നീ അത്രയ്ക്ക് നല്ലവനും സ്നേഹപൂർണ്ണനും ആകുന്നു. സ്നേഹമൂർത്തെ! എന്നോടു നന്മ മാത്രം ചെയ്തിട്ടുള്ള ദൈവമേ! അങ്ങേ ഈ പാപത്താൽ വേദനപ്പെടുത്തിയതിനെപ്പറ്റി ഞാൻ മനഃപ്പൂർവ്വമായി ദുഃഖിക്കുന്നു. എന്റെ യേശുവേ! മേലാൽ അങ്ങേ വേദനപ്പെടുത്താതിരിക്കാമെന്ന് ഞാൻ ഉറയ്ക്കുന്നു. കൃപയുണ്ടായി അതിനെന്നെ സഹായിക്കണമേ. വന്നുപോയ വീഴ്ച ക്ഷമിക്കണമേ.

6. ആത്മദണ്ഡനം: ലഘുപ്രാർത്ഥന, കുമ്പിടീൽ, മുതലായി അനുവദിക്കപ്പെട്ട ഏതെങ്കിലും പാപപരിഹാരാർത്ഥം ചെയ്ത് യേശുവിന്റെ കഷ്ടാനുഭവത്തിൽ പങ്കുകൊള്ളുക.

7. നിശ്ചയം: നിന്റെ ജീവിതം പരിശുദ്ധമാക്കിത്തീർക്കുന്നതിനു മേലാൽ എന്തു ചെയ്യണമെന്നു നിശ്ചയിക്കുക. ആ നിശ്ചയത്തെ ദൈവമുമ്പാകെ സമർപ്പിച്ചു കൃപ യാചിക്കുക.

“നിനക്ക് ഉയർന്ന ആത്മീയാഭിവൃദ്ധിയുണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്നു.”

8. സ്തോത്രം കൊടുക്കുക.

## 10. നിർദ്ദേശങ്ങൾ

1. കുറ്റക്കാരൻ തെറ്റു കണ്ടുപിടിച്ചു കുറ്റം ഏറ്റുപറഞ്ഞ് അനുതപിക്കുമ്പോൾ ദയാപൂർവ്വം ക്ഷമിപ്പാനിരിക്കുന്ന മഹാമനസ്കനായ സ്വർഗ്ഗസ്ഥപിതാവിന്റെ അടുക്കലാണ് ജീവിതശോധന ചെയ്യുന്നത് എന്നുള്ള ബോധം സന്യാസിക്കുണ്ടായിരിക്കണം.

2. (എ) ദൈവത്തിൽ നിന്നു ലഭിച്ചിട്ടുള്ള പൊതുവായ കൃപകൾ, പ്രത്യേക കൃപകൾ, സഹായങ്ങൾ, നിശ്വാസങ്ങൾ എന്നിവയും കഴിഞ്ഞ ജീവിശോധനയുടെ ശേഷം ലഭിച്ചതായ കൃപകൾ സഹായങ്ങൾ, നിശ്വാസങ്ങൾ എന്നിവയും പ്രത്യേകം പ്രത്യേകം ഓർക്കുന്നതു നന്ന്.

(ബി.) ഇവയ്ക്കുവേണ്ടിയും, നീ അറിയാതെ ഉള്ള മറ്റനേകം കൃപകൾക്കുവേണ്ടിയും ദൈവത്തിനു സ്തോത്രം ചെയ്യണം.

ഇത്ര നല്ലവനായ ദൈവത്തിനു നീ പ്രതിഫലം കൊടുക്കുന്നതു അവിടുത്തേക്കു അനിഷ്ടവും വേദനകരവുമായ പാപങ്ങളാൽ ആണെന്നു വരുന്നപക്ഷം നിന്റെ സ്ഥിതി എത്ര ലജ്ജാവഹം! നീ എത്ര കൊള്ളരുതാത്തവൻ! എന്നിവകളെ ചിന്തിക്കണം.

4. നിന്റെ അനേകം തെറ്റുകളും ബലഹീനതകളും കണ്ടുപിടിക്കുന്നതിനു ദൈവത്തിന്റെ പ്രകാശം അപേക്ഷിക്കണം.

5. കഴിഞ്ഞ ജീവിതശോധനയുടെ ശേഷമുള്ള നിന്റെ പ്രവൃത്തികൾ യഥാക്രമം ചുരുക്കത്തിൽ പരിശോധിക്കണം. ഏതുവിധം? എന്തു സാദ്ധ്യത്തിനായി നീ ഓരോന്നു ചെയ്തു? ചെയ്യാതെ വിട്ടുകളഞ്ഞ കൃത്യങ്ങൾ ഏവ? പുണ്യസമ്പാദനത്തിനുള്ള അവസരങ്ങൾ എന്തെല്ലാം നഷ്ടപ്പെടുത്തി? ശീലിപ്പാൻ തെരഞ്ഞെടുത്തിട്ടുള്ള പ്രത്യേക പുണ്യങ്ങൾ അഭ്യസിപ്പാൻ ഉള്ള പ്രത്യേക അവസരങ്ങൾ എത്ര നഷ്ടപ്പെടുത്തി? ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള പരിശുദ്ധ നിശ്വാസങ്ങൾ (Inspiration) എത്ര നഷ്ടപ്പെടുത്തി. അവ ഏവയെല്ലാം? എത്ര വ്യർത്ഥവാക്കുകൾ പറയുകയോ കേൾക്കുകയോ ഉണ്ടായി? വ്യർത്ഥവിചാര

ങ്ങളിൽ സമയം നഷ്ടപ്പെട്ടുപോയോ? ഇന്ദ്രിയങ്ങളെ (കണ്ണ്, ചെവി, ഇത്യാദി) വേണ്ടപോലെ സൂക്ഷിച്ചുവോ, നിഗ്രഹിച്ചുവോ നിന്റെ വിചാരങ്ങളും ഹൃദയവികാരങ്ങളും ആശകളും ദൈവത്തിങ്കലേക്കു നയിച്ചുവോ? അയല്ക്കാരനോടു സ്നേഹമായി വർത്തിച്ചുവോ? ലോകത്തോടുള്ള നിന്റെ പെരുമാറ്റം കുറ്റമില്ലാത്തതായിരുന്നുവോ? ജഡത്തോടുള്ള പെരുമാറ്റം കുറ്റമില്ലാത്തതായിരുന്നുവോ? ജീവിതം അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിച്ചുവോ? ആ ശ്രമം എത്രകണ്ടു ഫലിച്ചു? മുമ്പിലത്തെ തീക്ഷ്ണത കുറഞ്ഞുപോയോ? മുമ്പിലത്തെ നിശ്ചയം പാലിച്ചുവോ? ഇതുപോലെ വേറെയും ചോദ്യങ്ങൾ തന്നത്താൻ ഉണ്ടാക്കി ചോദിക്കാവുന്നതാണ്.

6. ഈ ശോധന സർവ്വപ്രധാനമാണെന്ന് ധരിച്ചുകൊള്ളുക. തെറ്റുകൾ കണ്ടുപിടിക്കണം. അവയെപ്പറ്റി മനസ്താപപ്പെടണം. അനുതപിക്കണം. മേലാൽ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം മനഃപൂർവ്വമായി നിശ്ചയിക്കണം. ദൈവകൃപയിൽ ശരണപ്പെടണം.

7. വന്നുപോയ തെറ്റിനുവേണ്ടി തന്നെത്താൻ എന്തെങ്കിലും ആത്മദണ്ഡനം നിശ്ചയിക്കുക. (അനുവദിക്കപ്പെട്ടതു ഏതെങ്കിലും തെരഞ്ഞെടുക്കാം.) നിശ്ചയിക്കുന്ന ദണ്ഡനം ചെയ്യണമെന്നു നിർബ്ബന്ധമുണ്ടായിരിക്കണം. നമ്മുടെ കർത്താവിന്റെയും സകല ശുദ്ധിമാന്മാരുടെയും പുണ്യവും നന്മയും ആശ്രയമാക്കിക്കൊൾക. നിനക്കുവേണ്ടി ഇവ ചെയ്ത ദൈവത്തിനു നേർച്ച കൊടുക്കുക.

8. മേലാൽ ജീവിതം ക്രമപ്പെടുത്തേണ്ടതു എങ്ങനെ എല്ലാമെന്നു ചിന്തിച്ചു നോക്കുക. നീ ചെയ്യേണ്ടതെന്തെന്നു നിശ്ചയിക്കുക.

അടുത്ത കുമ്പസാരത്തിൽ ഏറ്റുപറയേണ്ട കാര്യങ്ങൾ നോട്ടു ചെയ്യുക. അവയേയും മറ്റു തെറ്റുകളെയും കർത്താവിന്റെ അടുക്കൽ കരുണയ്ക്കായി സമർപ്പിക്കുക.

9. പാപമോചനത്തിനായും പരിശുദ്ധ റൂഹായുടെ നടത്തിപ്പിനായും അപേക്ഷിക്കുക.

10. യാതൊരു കാരണവശാലും ഈ ജീവിതശോധന മുടക്കരുത്. മേൽപറഞ്ഞ പദ്ധതി അനുസരിച്ചു ദിവസത്തിൽ രണ്ടുപ്രാവശ്യം നടത്തുന്നത് നല്ലത്. ഒരു പ്രാവശ്യമെങ്കിലും നടത്തണം.

## 11. പ്രത്യേക ശോധന

### പദ്ധതി

1. ഞാൻ അഭ്യസിക്കുന്ന സുകൃതം ഏത്? ഇന്നു അതിനു വിരോധമായി ഉണ്ടായിട്ടുള്ള

(എ) വീഴ്ചകൾ ഏവ?

(ബി) പരീക്ഷകൾ ഏവ?

(സി) ഇന്നലത്തെക്കാൾ അഭിവൃദ്ധിക്കായി ശ്രമിച്ചുവോ? അഭിവൃദ്ധിയുണ്ടായോ?

2. (എ) വന്നുപോയ വീഴ്ചകളെപ്പറ്റി അനുതപിക്കുക.

(ബി) ആത്മദണ്ഡനം ചെയ്യുക.

3. മേലാൽ സൂക്ഷിക്കേണ്ടത് എങ്ങനെ?

4. ഈ സുകൃതം സമ്പാദിപ്പാൻ താല്പര്യമായി ശ്രമിക്കാമെന്നു നിശ്ചയിക്കുക. ദൈവത്തോടു വാഗ്ദാനം ചെയ്യുക കൃപയപേക്ഷിക്കുക.

### ഒന്നാം ടേബിൾ

മാസത്തിലൊരിക്കൽ താഴെക്കാണുന്ന ടേബിൾ എഴുതണം ഈ ടേബിളിലെ ഉത്തരങ്ങൾ കുമ്പസാരത്തിൽ പട്ടക്കാരനെ അറിയിക്കുന്നത് നന്ന്.

| | |
|---|---|
| എന്റെ നിശ്ചയം പാലിച്ചുവോ? ഇല്ലയോ | എന്തുകൊണ്ട് |
| മേലാൽ ഞാൻ എന്നെത്തന്നെസൂക്ഷിക്കേണ്ടത് ഏതു കാര്യത്തിലാകുന്നു | അതിലേക്കു ഞാൻ താഴെപ്പറയുന്ന ഉപായങ്ങൾ (Means) ഉപയോഗിക്കും |

### രണ്ടാം ടേബിൾ

താഴെകാണുന്ന ടേബിൾ മാസത്തിലൊരിക്കൽ എഴുതണം. അടുത്ത കുമ്പസാരത്തിൽ അതെപ്പറ്റി ആത്മീയപിതാവിനോടു പറയണം.

1. ഞാൻ സൂക്ഷിപ്പാനുണ്ടായിരുന്നത് എന്താണ്?

2. എനിക്കു അഭിവൃദ്ധിയുണ്ടായതു ഏതുകാര്യത്തിലാണ്.

3. എനിക്കു തോൽവി (അധഃപതനം) ഉണ്ടായതു ഏതു കാര്യത്തിലാണ്.

4. മേലാൽ ജീവിതാഭിവൃദ്ധിക്കായി ഞാൻ സൂക്ഷിക്കേണ്ടതു എന്ത്?

1. അതു സാധിപ്പാൻ ഉപയോഗിക്കേണ്ടിയിരുന്ന ഉപായങ്ങൾ (Means) ഏവയായിരുന്നു?

2. അഭിവൃദ്ധിക്കുള്ള കാരണം എന്ത്

3. അതിന്റെ കാരണമെന്ത്?

4. അതിനായി ഞാൻ ഉപയോഗിക്കേണ്ട ഉപായങ്ങൾ എന്തെല്ലാം?

## 12. നിർദ്ദേശങ്ങൾ

1. നിന്നിലുള്ള ഏതു ദുർഗുണവും വേരോടെ പറിച്ചുകളയുന്നതിനും നിനക്കാവശ്യമുള്ള ഏതു സൽഗുണവും നന്നായി സമ്പാദിക്കുന്നതിനും ഈ പ്രത്യേക ശോധനപോലെ സഹായിക്കുന്ന മറ്റൊരു ശ്രമവും നിന്റെ ഭാഗത്തു ഇല്ലെന്നു നല്ല ബോധം വേണം. പ്രത്യേക ശോധന ശരിയായി നടത്തണം.

2. പ്രത്യേക ശോധനയ്ക്കുള്ള വിഷയം കാലേകൂട്ടി തെരഞ്ഞെടുക്കണം. താഴെ കാണുന്നതിൽ ഏതെങ്കിലും ഒന്നു മതിയാവും.

(എ) നിന്നെ മലിനമാക്കുന്ന പാപം

(ബി) നിന്റെ മനസ്സാക്ഷിയെ ഏറ്റം ഭാരപ്പെടുത്തുന്ന സംഗതി.

ഒന്നിലധികം കാര്യങ്ങൾ തോന്നുന്നപക്ഷം അവയിൽ ഒന്നു തെരഞ്ഞെടുക്കണം. മറ്റു ബലഹീനതകൾക്കു മൂലകാരണമായ ബലഹീനത കണ്ടുപിടിക്കാൻ സാധിക്കുന്നപക്ഷം അതു തെരഞ്ഞെടുക്കണം.

(സി) ജയിക്കാൻ അധികം എളുപ്പമുള്ളതെന്നു തോന്നുന്ന സംഗതി തെരഞ്ഞെടുക്കണം.

(ഡി) പാപമോ ബലഹീനതയോ, അപൂർണ്ണതയോ ആയി ഏതു കാര്യം തെരഞ്ഞെടുത്തിരിക്കുന്നുവോ അതിനു വിപരീതമായ സുകൃതം സമ്പാദിപ്പാനാണു ശ്രമം ചെയ്യേണ്ടത്.

N.B. കഴിഞ്ഞ കുമ്പസാരത്തിനു കല്പിച്ചതോ ആത്മീയനിയന്താവ് ചൂണ്ടിക്കാണിച്ചതോ, കഴിഞ്ഞ പ്രതിമാസ ഭജനത്തിൽ തെരഞ്ഞെടുത്തതോ, കഴിഞ്ഞ വാർഷികഭജനത്തിൽ നിശ്ചയിച്ചതോ ആയ ഏതെങ്കിലും ഒരു സംഗതി ഈ പ്രത്യേക പരിശോധനയ്ക്കും വിഷയമാക്കാവുന്നതാണ്. ഒറ്റക്കാര്യം സംബന്ധിച്ചു മാത്രമെ പ്രത്യേക ശോധനയും, ഒറ്റ സുകൃതം സമ്പാദിപ്പാൻ മാത്രം പ്രത്യേക ഉദ്യമവും ചെയ്യേണ്ടതുള്ളു. ഒരു സുകൃതം ഒരു വിധം നന്നായി സമ്പാദിച്ചുകഴിയുമ്പോൾ മറ്റൊരു സുകൃതം സമ്പാദിക്കാൻ ശ്രമം ആരംഭിക്കാവുന്നതാണ്.

(3) പ്രത്യേകശോധനയ്ക്കു വിഷയമായ ദുർഗ്ഗുണമെന്തെന്നും, എതിരായ സൽഗുണമെന്തെന്നും നിർണ്ണയിച്ചതിന്റെ ശേഷം അതേപ്പറ്റി താഴെക്കാണുന്ന സംഗതികൾ ചിന്തിക്കണം. സൗകര്യമുള്ള പക്ഷം ചുരുക്കമായി രേഖപ്പെടുത്തണം.

(എ) ദുർഗുണത്തിന്റെ സ്വഭാവം, എതിരായ സൽഗുണത്തിന്റെ സ്വഭാവം

(ബി) ഇവ രണ്ടിന്റേയും ലക്ഷണങ്ങൾ, ഫലങ്ങൾ (Effects) അളവുകൾ (Degrees)

(സി) ഇവയ്ക്കായി നിന്നെ പ്രേരിപ്പിക്കുന്ന കാര്യങ്ങൾ (Incentives)

(ഡി) ഇവ ഉണ്ടാകുന്ന സന്ദർഭങ്ങൾ.

ഇവ ഓരോന്നും പ്രത്യേകം കണ്ടുപിടിക്കണം. അതിന്റെ ശേഷം ഓരോന്നും കുറെയെങ്കിലും നിന്നിൽനിന്നു ദൂരത്താക്കുവാൻ ശ്രമിക്കണം. എല്ലാം കൂടെ ഒന്നായി സാധിക്കുന്നതിനുദ്യമിക്കണ്ടാ. പൊതുവായ ശോധനമാത്രം നടത്തി അതുകൊണ്ട് തൃപ്തിപ്പെടുകയുമരുത്.

(4) ഏതു ദുർഗ്ഗുണത്തെ ദൂരീകരിക്കുന്നതിനും സൽഗുണം സമ്പാദിക്കുന്നതിനും പ്രത്യേകശ്രമം ചെയ്തുകൊണ്ടിരിക്കുന്നുവോ ആ ശ്രമം നന്നായി സഫലമാകുന്നതുവരെയും തുടർന്നുകൊണ്ടിരിക്കണം. ആ പുണ്യത്തിന്റെ ഒരു വശം സാധിച്ചുകഴിയുമ്പോൾ മറ്റൊരുവശം ശ്രമിച്ചുകൊള്ളുന്നതു നന്ന്.

5. വൈകിട്ടത്തെ ശോധനയുടെ ഫലം ഉച്ചക്കേതിനോടു താരതമ്യപ്പെടുത്തണം. ഒരാഴ്ചത്തേതു തലേ ആഴ്ചത്തേതിനോട് താരതമ്യപ്പെടുത്തണം; ഒരു മാസത്തേതു തലേമാസത്തിനോട് താരതമ്യപ്പെടുത്തണം; ഇങ്ങനെ താരതമ്യപ്പെടുത്തിക്കൊണ്ടു നിനക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയോ അധഃപതനമോ കണ്ടുപിടിക്കണം. ദൈവമുമ്പാകെ തന്നെത്താൻ വിനയപ്പെടുത്തുകയും കൂടുതലായി ദൈവകൃപയിൽ ആശ്രയിക്കയും ചെയ്യണം. ഒട്ടുംതന്നെ നിരാശപ്പെടുകയോ അധൈര്യപ്പെടുകയോ അരുത്. അധികമായ ശരണത്തോടും ഉത്തമ വിശ്വാസത്തോടും തീക്ഷ്ണതയോടും കൂടെ ദൈവത്തോടടുത്തുകൊൾക. പൂർവ്വാധികം ധൈര്യത്തോടെ യുദ്ധം വീണ്ടും തുടർന്നുകൊൾക. ജയം നിശ്ചയം. കരുണയുള്ള കർത്താവു നിന്നെ പുണ്യപൂർണ്ണനും അങ്ങേ പരിശുദ്ധനുമാക്കിത്തീർക്കും.

6. നിന്റെ വിളിയുടെ ഉദ്ദേശ്യം എന്തെന്നു പലപ്പോഴും ചിന്തിക്കണം. “നീ എന്തിനായി ഇവിടെ വന്നു? നിന്നെ എന്തിനായി ദൈവം ഇവിടെ അയച്ചു?”

7. നിന്റെ മരണസമയത്തു കഴിഞ്ഞ ജീവിതത്തെ പുറകോട്ടു നോക്കുകയും “ജീവിതം ഇന്നവിധമായിരുന്നാൽ നന്നായിരുന്നു.” എന്നു ചിന്തിക്കുകയും ചെയ്യുന്നപക്ഷം നിന്റെ ജീവിതം ഏതുപ്രകാരം ക്രമപ്പെടുത്തുമോ അപ്രകാരം ഇപ്പോൾ ക്രമപ്പെടുത്തുക.

8. നിന്റെ ജീവിതം പുറമെയുള്ള കാര്യങ്ങളിൽമാത്രം ക്രമപ്പെട്ടാൽ പോരാ. അകമേയുള്ളതു ക്രമപ്പെടുന്നതാണ് പ്രധാനം. ജീവിതത്തിനു ക്രമീകരണം ഉണ്ടായിരിക്കണം. ക്രമീകൃതമായ പദ്ധതിയനുസരിച്ച് ജീവിതം ശരിപ്പെടുത്താൻ ഉദ്യമിക്കണം. സമ്പാദിപ്പാൻ അധികം എളുപ്പമുള്ളതോ നിനക്ക് അത്യാവശ്യമുള്ളതോ ആയ സുകൃതം അഭ്യസിക്കാൻ ശ്രമിക്കണം. ഒരു സമയം ഒരു സുകൃതത്തിനായി മാത്രം ശ്രമിച്ചാൽ മതി. എന്നാൽ മനസ്സറിഞ്ഞുകൊണ്ടു ഒരിക്കലും വിജയത്തെ ഉപേക്ഷിക്കരുത്.

9. ആത്മീയനിയന്താവിന്റെ ഉപദേശപ്രകാരം നീ തെരെഞ്ഞെടുത്തിട്ടുള്ള സുകൃതം സർവ്വപ്രധാനമാണെന്നു നന്നായി ബോധ്യമുണ്ടായിരിക്കണം. ഇതേപ്പറ്റി വായിച്ചും ചിന്തിച്ചും നന്നായി ബോധ്യം വരുത്തണം. ആ സുകൃതത്തെ മനഃപൂർവ്വമായി ആഗ്രഹിക്കണം. അവ സമ്പാദിപ്പാൻ തീർച്ചയാക്കണം. അതിനു പ്രതിബന്ധങ്ങളായ സകലത്തോടും യുദ്ധംചെയ്‌വാൻ നിശ്ചയിക്കണം. ഈ യുദ്ധം മരണനാഴികവരെയും ചെയ്യുന്നതിനു സന്നദ്ധനായിരിക്കണം.

10. രാവിലെയും പകൽ പല പ്രാവശ്യവും ഈ സുകൃതം അഭ്യസിക്കുന്നതിനു ചെയ്തിട്ടുള്ള നിശ്ചയം പുതുക്കണം. സുകൃതം അഭ്യസിക്കുന്നതിനു അവസരം കിട്ടുമ്പോൾ നിശ്ചയം പുതുക്കികൊണ്ടു അഭ്യസിച്ചുകൊള്ളണം. നിന്റെ സ്വന്ത ശക്തിയിൽ ആശ്രയിക്കരുത്. ദൈവത്തിന്റെ കൃപയിൽ നന്നായി ശരണപ്പെട്ടുകൊള്ളണം.

11. നമ്മുടെ കർത്താവേശുമ്ശിഹായുടെ അതിപരിശുദ്ധമായ ദൃഷ്ടാന്തം നിന്റെ മുമ്പിൽ കണ്ടുകൊള്ളണം. സകല സുകൃതങ്ങളുടെയും പരിപൂർണ്ണമായ നിറവു കർത്താവിൽ ആകുന്നു. നീ അഭ്യസിക്കുന്ന സുകൃതം നന്നായി പ്രശോഭിക്കുന്ന ഏതെങ്കിലും പരിശുദ്ധന്റെ ദൃഷ്ടാന്തം മുമ്പിൽ കണ്ടുകൊള്ളണം.

12. ഈ സുകൃതം അഭ്യസിക്കുന്നതിനായി ദിവസംതോറും അകമേയും പുറമേയും ഉള്ള വ്യായാമങ്ങൾ ചെയ്യണം. ഒരു ദിവസം ഇത്രപ്രാവശ്യം ചെയ്യണമെന്നു തീർച്ചയാക്കുകയും അതനുസരിച്ചു പ്രവൃത്തിക്കുകയും വേണം. ഇങ്ങനെ ചെയ്യുന്നതിനു ഉപേക്ഷ കാണിക്കുന്നപക്ഷം അതിനായി നിന്നെത്തന്നെ ശിക്ഷിക്കണം. അനുവദിക്കപ്പെട്ട ഏതെങ്കിലും ആത്മദണ്ഡനം ശിക്ഷയായി ചെയ്യാവുന്നതാണ്.

13. സുകൃതം അഭ്യസിക്കുന്നതിനു തക്ക അവസരങ്ങളും അതിന്നെതിരായ തെറ്റുകൾ വരുന്ന അവസരങ്ങളും നിവൃത്തിയുള്ളിടത്തോളം മുമ്പുകൂട്ടി കാണണം. അങ്ങനെ കണ്ടിട്ടു സുകൃതാഭ്യസനത്തിനായി ഹൃദയത്തെ ഒരുക്കിക്കൊള്ളണം. ലഭിക്കുന്ന അവസരങ്ങൾ സ്വർഗ്ഗത്തിൽനിന്നു പൊഴിയുന്ന മുത്തുകൾ ആണെന്നു കരുതി അവയെ താല്പര്യമായി ശേഖരിക്കയും വിനിയോഗിക്കയും ചെയ്തുകൊള്ളണം.

14. ഈ സുകൃതം അഭ്യസിപ്പാൻ എത്ര നാളായി ശ്രമിക്കുന്നു എന്ന് വിചാരപ്പെടരുത്. ഇതേവരെ സുകൃതാഭ്യസനത്തിനായി നീ യാതൊന്നും ചെയ്തിട്ടില്ലെങ്കിൽ എത്രത്തോളം ശുഷ്ക്കാന്തിയോടുകൂടി പരിശ്രമിക്കുമോ അത്രയും ശുഷ്ക്കാന്തിയോടുകൂടെ ഇപ്പോൾ പരിശ്രമിച്ചുകൊൾക. നിന്റെ യുദ്ധത്തിനുള്ള ഒന്നാം ദിവസം ഇന്നാണെന്നു കരുതി ഓരോ ദിവസവും ശ്രമിച്ചുകൊള്ളുക. പൂർണ്ണജയം നേടുകയും കർത്താവിന്റെ അടുക്കൽ നിന്റെ ജീവിതത്തെപ്പറ്റി കണക്കു കൊടുപ്പാൻ ഹാജരാകയും ചെയ്യേണ്ട ദിവസം ഇന്നാണെന്നു കരുതി ശുഷ്ക്കാന്തിയോടുകൂടെ പരിശ്രമിച്ചു കൊൾക, നിന്റെ യുദ്ധം എളുപ്പത്തിൽ അവസാനിക്കും. നിത്യസ്വസ്ഥതയും പൂർണ്ണ സൗഭാഗ്യവും വേഗം ലഭിക്കയും ചെയ്യും.

15. എത്രയും നിസ്സാരമായ സംഗതികൾപോലും നിന്റെ സുകൃതാഭ്യസനത്തിനു സഹായിക്കുന്നവയാണെങ്കിൽ പ്രധാനമാണെന്നു കരുതിക്കൊള്ളണം. നിസ്സാരസംഗതികളും അപ്രധാനമായ സന്ദർഭങ്ങളും നിനക്കു നിത്യരക്ഷയും സൽഗുണപൂർണ്ണതയും വരുത്തുന്ന വിഷയത്തിൽ സർവ്വപ്രധാനങ്ങളാണ്. അതിനാൽ അവയെ നിസ്സാരങ്ങളായി ഗണിക്കരുത്.

16. ഈ സുകൃതം അത്യുച്ചമായ പരിപൂർണ്ണതയിൽ നീ സമ്പാദിക്കണമെന്ന് ദൃഢമായി നിശ്ചയിച്ചുകൊള്ളുക. ഈ സുകൃതം

നിനക്കു ഒട്ടും ഇപ്പോൾ ഇല്ലാതിരുന്നേക്കാം. അതിനെക്കുറിച്ചു വിഷമിക്കേണ്ടാ. കരുണാനിധിയായ യേശുമ്ശിഹായോടു ചോദിക്കുക. "ചോദിപ്പാൻ നിങ്ങൾക്കു നല്കപ്പെടും". ഈ സുകൃതം സമ്പാദിപ്പാനായി ഉദ്യമിക്കുക. അതിനുതക്ക അവസരങ്ങൾ അന്വേഷിക്കുക. അതിന്നായി മനഃപൂർവ്വം പരിശ്രമിക്കുക. "അന്വേഷിപ്പീൻ നിങ്ങൾ കണ്ടെത്തും." ഈ സുകൃതംകൊണ്ടു നിന്റെ ജീവിതത്തെ നിറയ്ക്കുന്നതിനും ആത്മാവിനെ പ്രശോഭിപ്പിക്കുന്നതിനും കർത്താവിനെ മഹത്വപ്പെടുത്തുന്നതിനുമായി സർവ്വശക്തികളും പ്രയോഗിച്ച് ഉത്സാഹിക്കുക. "മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും."

17. നിന്റെ വി. കുർബ്ബാനാനുഭവം, പ്രാർത്ഥനകൾ, പ്രത്യേക ശോധന, ധ്യാനനിശ്ചയങ്ങൾ ആദിയായ ആത്മീയവ്യായാമങ്ങൾ എല്ലാം ഈ സുകൃതാഭ്യസനത്തിനു സഹായമായിരിക്കത്തക്കവണ്ണം വിനിയോഗിച്ചുകൊള്ളുക.

# VI
# ബഥനി പ്രതിദിനപ്രകാശം

N.B: താഴെക്കാണുന്ന പ്രാർത്ഥനകൾ വിശുദ്ധ സഭയാൽ കല്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾക്ക് പുറമെ ജീവിതശുദ്ധീകരണത്തിനായി ഉപയോഗിപ്പാൻ കൊള്ളാവുന്നവയാണ്.

## ദൈവത്തിന്റെ കല്പനകൾ

നമ്മുടെ കർത്താവേശുമ്ശിഹാ കല്പിക്കുന്നതിനെ ശ്രദ്ധിക്കുക. "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും നിന്റെ പൂർണ്ണ ആത്മാവോടും നിന്റെ പൂർണ്ണമനസ്സോടും നിന്റെ പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം." ഇതാകുന്നു, വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം: നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. വി. മത്തായി 22: 38-39.

## നമ്മുടെ ജീവിതോദ്ദേശ്യം

ദൈവം നമ്മെ, ലോകത്തിലേക്കയച്ചത്; 1. അവനെ സ്നേഹിപ്പാൻ നാം അഭ്യസിക്കുന്നതിനും, 2. അവന്റെ പേർക്കായി നാം എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നതിനും വേണ്ടിയാകുന്നു. അതിനാൽ നമ്മുടെ ജീവിതത്തിന്റെ പരമോദ്ദേശ്യം നമ്മുടെ കർത്താവിന്റെ ഈ വലിയ "സ്നേഹകല്പന"യെ അനുസരിപ്പാൻ ശീലിക്കുകയായിരിക്കണം.

ദൈവത്തോടുള്ള സ്നേഹത്തിലും മനുഷ്യരോടുള്ള സ്നേഹത്തിലും ദിനംപ്രതി നാം വളർന്നുവരുന്നതിലേക്കായി നമ്മെ സഹായിക്കുന്ന നിയമങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കണം. ഇതിലേക്കു നമ്മെ സഹായിക്കുന്ന നിയമങ്ങളെ വി. സഭ ഉപദേ

ശിക്കുന്നുണ്ട്. അവയെ മുഴുവൻ നാം സ്വീകരിച്ച് അനുഷ്ഠിക്കുന്നതിനും പുറമെ നമുക്കു തനതായി ഒരു ജീവിതനിയമം ഉണ്ടായിരിക്കുന്നത് നല്ലതാണ്.

**അത്യാവശ്യമായ ജീവിതനിയമങ്ങൾ**

താഴെക്കാണുന്ന നിയമങ്ങൾ അനുഷ്ഠിക്കുന്നതു നന്നായിരിക്കും.

വിശുദ്ധസഭയാൽ കല്പിക്കപ്പെട്ടിരിക്കുന്ന നമസ്ക്കാരങ്ങൾക്കും പുറമെ കാലത്തും വൈകിട്ടും രഹസ്യമായി അല്പസമയം ഹൃദയം കൊണ്ടുള്ള രഹസ്യപ്രാർത്ഥനയിൽ ചെലവിടണം. നാം എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്നുള്ളതിന് ഒരു മാതൃകയെ, നമ്മുടെ കർത്താവു നമുക്ക് ഉപദേശിച്ചിട്ടുണ്ട്. അതു (വി. ലൂക്കോസ് 11: 1-4) ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.... പ്രാർത്ഥനയാകുന്നു.

നാം പ്രാർത്ഥിക്കുമ്പോൾ താഴെക്കാണുന്നപ്രകാരം ചെയ്യുന്നതിന് കർത്താവു പഠിപ്പിച്ചിരിക്കുന്നു എന്നു ഈ പ്രാർത്ഥനയിൽനിന്നു നാം മനസ്സിലാക്കേണ്ടതാണ്.

1. ദൈവത്തെക്കുറിച്ചു ചിന്തിക്കുക.

2. ദൈവത്തെ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്യുക.

3. ദൈവത്തിന്റെ ഇഷ്ടത്തെ നാമും എല്ലാ മനുഷ്യരും ചെയ്യുന്നതിനുവേണ്ടിയും ദൈവത്തിന്റെ രാജ്യം വരുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുക.

4. നമ്മുടെ ആത്മാവിനും ശരീരത്തിനും ആവശ്യമുള്ളത് എന്നും തരുന്നതിനായി ദൈവത്തോടു അപേക്ഷിക്കുക.

*

1. നാം പ്രാർത്ഥിക്കുന്നതു സ്വാർത്ഥതയോടും നമ്മുടെ തന്നിഷ്ടമനുസരിച്ചും ആയിരിക്കരുത്. എന്നാൽ ദൈവത്തിന്റെ തിരുവിഷ്ടമനുസരിച്ചായിരിക്കണം. നാം തന്നിഷ്ടം വിട്ടു ദൈവത്തിന്റെ തിരുവിഷ്ടപ്രകാരം പ്രാർത്ഥിക്കുന്നതിനു നമ്മെ പരിശീലിപ്പിക്കുവാൻ സഹായിക്കത്തക്കവണ്ണം ഈ ചെറുപുസ്തകത്തിലെ പ്രാർത്ഥനകളെ ഉദ്ദേശിച്ചിരിക്കുന്നു.

2. നിവൃത്തിയുള്ളപക്ഷം എല്ലാ ദിവസവും ഏവൻഗേലിയിൽനിന്ന് ഒരു ഭാഗം പ്രാർത്ഥനയോടുകൂടെ വായിച്ചു ധ്യാനിക്കണം. പിതാവായ ദൈവം നമുക്കു വെളിപ്പെട്ടിരിക്കുന്നതു നമ്മുടെ കർത്താവശുമിശിഹായിൽക്കൂടെയാകുന്നു. നമ്മുടെ കർത്താവേശുമ്ശിഹായെക്കുറിച്ച് ഏവൻഗേലിയോൻ നമ്മോടു സംസാരിക്കുന്നു. (വി. യോഹന്നാൻ 14: 8:9) യേശുവിനെ നാം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതിനാൽ പിതാവായ ദൈവത്തെ സ്നേഹിപ്പാൻ നാം പഠിക്കുന്നു.

3. നമ്മുടെ ധനത്തിന്റെ ക്ലിപ്തമായ ഒരു അംശത്തെ വേർപെടുത്തി എടുത്തു ദൈവവകയ്ക്കായി കൊടുക്കണം. ആദ്യകാലം മുതൽ ക്രിസ്ത്യാനികളുടെ ഇടയിൽ ഇതു നടപ്പുണ്ടായിരുന്നു. (1. കോറന്തി 16: 2).

4. മറ്റുള്ളവരോടു ദയ കാണിക്കുന്നതിനും അവരെ ശുശ്രൂഷിക്കുന്നതിനും തക്ക അവസരങ്ങളെ ദിവസംതോറും നാം അന്വേഷിക്കണം. നമ്മുടെ സ്വന്തകുടുംബത്തിലുള്ളവരോടും ചാർച്ചക്കാരോടും മാത്രം സ്നേഹം കാണിക്കുന്നതിനു ശ്രമിക്കുന്നതുകൊണ്ടു മതിയാകയില്ല. നമ്മുടെ അയൽക്കാരോടും ദരിദ്രന്മാർ, രോഗികൾ, പാപികൾ, ക്രിസ്ത്യാനികളല്ലാത്തവർ, ഹിന്ദുക്കൾ, മഹമ്മദീയർ, അധഃകൃതവർഗ്ഗക്കാർ (പറയർ, പുലയർ) ആദിയായി നാം കാണുന്ന എല്ലാവരോടും സ്നേഹം കാണിക്കണം. മറ്റുള്ളവരെ സഹായിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും, ഈ ആയുസ്സിൽ നമുക്കു കിട്ടുന്ന അവസരങ്ങളെ നാം ഉപയോഗിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നതിനു തക്കവണ്ണം അവസാനനാളിൽ നമ്മുടെ കർത്താവു നമ്മെ വിധിക്കുന്നതായിരിക്കും. (വി. മത്തായി. 25, 31:46)

## ദിനപ്രതിഷ്ഠ, പ്രഭാതപ്രാർത്ഥന

അതിരാവിലെ ഉണർന്നാലുടൻ

നിന്നെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കുക. താഴെക്കാണുന്ന പ്രകാരം പ്രാർത്ഥിക്കുക:

"കർത്താവേ! ഇതാ ഞാൻ എന്റെ ആത്മാവിനേയും ശരീരത്തേയും നിന്റെ തിരുമുമ്പിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുന്നു. ഇന്നത്തെ ദിവസം നിന്നെ ശുശ്രൂഷിപ്പാനും സന്തോഷിപ്പിപ്പാനും ആയി ഞാൻ നിന്റെ അടുക്കൽ എന്നെ സമർപ്പിച്ചുകൊള്ളുന്നു."

മുഖം കഴുകുക മുതലായതു കഴിഞ്ഞശേഷം ഭയഭക്തിയോടു കൂടി കർത്താവിന്റെ തിരുമുമ്പിൽ നിന്നെത്തന്നെ പ്രതിഷ്ഠിച്ചിട്ടു കുരിശുവരച്ചുകൊണ്ടു പറയുക: —"പിതാവിന്റെയും പുത്രന്റെയും വി. റൂഹായുടേയും തിരുനാമത്തിൽ — ആമ്മീൻ!"

എത്രയും സാവകാശത്തിൽ ഭയഭക്തിയോടുകൂടെ താഴെക്കാണുന്ന ഓരോന്നും പ്രാർത്ഥിക്കുക.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ! നിന്റെ
തിരുനാമം പരിശുദ്ധമാകപ്പെടേണമെ.

1. ദൈവമേ! — പിതാവേ ! മഹാപരിശുദ്ധനേ! — ഏറ്റം ദയാലുവായുള്ളോവേ! — കരുണനിറഞ്ഞ പിതാവേ! — പുതിയ ഈ ദിവസത്തിന്റെ ആരംഭത്തിലേക്ക് എന്നെ കൊണ്ടുവന്നതിനായി ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. എന്നോടും എല്ലാ ജനത്തോടും നിനക്കുള്ള വലിയ സ്നേഹം നിമിത്തം നീ വാഴ്ത്തപ്പെട്ടവനാകുന്നു.

ഞങ്ങളെ സൃഷ്ടിച്ചതിനായി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മരിപ്പാനായി നിന്റെ പുത്രനെ തന്നതിനായി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

വി. മാമോദീസ്സായിൽ ഞങ്ങളെ നിന്റെ മക്കളാക്കിത്തീർത്തിട്ടുള്ളതിനു വേണ്ടി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

ഞങ്ങളുടെ എല്ലാ പാപങ്ങൾക്കും നീ മാപ്പു തന്നിട്ടുള്ളതിനു വേണ്ടി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

ഏറ്റം പരിശുദ്ധമായ വി. കുർബാനയിൽ നിന്റെ പുത്രനെ ഞങ്ങൾക്കു ഭക്ഷണമായി തന്നിട്ടുള്ളതിനുവേണ്ടി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

(ദൈവം നിനക്കു തന്നിട്ടുള്ള പ്രത്യേക ദാനങ്ങളെ ചിന്തിക്കുക — ആരോഗ്യം — ജീവിതത്തിനാവശ്യമുള്ള സകലവും ചാർച്ചക്കാരുടെ ദയ — കുഞ്ഞുങ്ങളുടെ സ്നേഹം — ഇങ്ങനെ പ്രത്യേകം ഓരോന്നും ഓർക്കുക.)

പ്രാർത്ഥിക്കുക: സകല നല്ല ദാനങ്ങളുടേയും ഉറവയായ കർത്താവേ! അയോഗ്യനായ നിന്റെ പൈതലിനു നീ തന്നിട്ടുള്ള

ഈ ദാനങ്ങൾക്കുവേണ്ടിയും നിന്റെ എല്ലാ കരുണകൾക്കുവേണ്ടിയും നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു.

2. താഴെ കാണുന്നവർക്കുവേണ്ടി കർത്താവിനോടു അപേക്ഷിക്കുക.

നിന്റെ പിതാവ്, മാതാവ്, ഭർത്താവ് (ഭാര്യ), സഹോദരന്മാർ, സഹോദരിമാർ, മക്കൾ, സ്നേഹിതന്മാർ, ദാസന്മാർ (ദാസിമാർ) നിനക്കുവേണ്ടി വേല ചെയ്യുന്നവർ, നീ ആർക്കുവേണ്ടി വേല ചെയ്യുന്നുവോ അവർ — ഇവരെയെല്ലാം ദൈവമുമ്പാകെ ഓർക്കുക.

ഇന്നു നീ കാണുവാനിടയുള്ള എല്ലാവരെയും ഓർക്കുക.

രോഗികൾ, ദുഃഖിതന്മാർ, ദരിദ്രന്മാർ, ഇന്നു മരിക്കുന്നവർ, മുതലായവരെ ഓർക്കുക.

ലോകത്തിലുള്ള സകല ക്രിസ്തീയസഭയേയും പ്രത്യേകിച്ച് ഈ നാട്ടിലുള്ള ക്രിസ്തീയ സഭയേയും ഓർക്കുക.

മെത്രാപ്പോലീത്താ തിരുമേനിയേയും, നിനക്കു ശുശ്രൂഷിക്കുന്ന പട്ടക്കാരേയും, ഫാദർ ഗീവറുഗീസിനേയും ബഥന്യാശ്രമങ്ങളേയും ഓർക്കുക.

ഇവരെല്ലാവർക്കും വേണ്ടിയും നിനക്കുവേണ്ടിയും സാവകാശത്തിൽ താഴെക്കാണുന്ന പ്രകാരം പ്രാർത്ഥിക്കുക.

പിതാവേ! നിന്റെ രാജ്യം വരണമേ!
നിന്റെ തിരുവിഷ്ടം ചെയ്യപ്പെടേണമേ.

ഞങ്ങളുടെ രാജാവായ ഈശോമ്ശിഹാ നീ അർഹിക്കുന്ന പ്രകാരം നിന്നെ സേവിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങൾക്കു കിട്ടുന്നതിനായി ശ്രമിക്കുന്നതിനല്ല കൊടുക്കുന്നതിനു ഞങ്ങളെ അഭ്യസിപ്പിക്കണമേ. തൻകാര്യബുദ്ധിയോടുകൂടി ഞങ്ങളുടെ സ്വന്ത നന്മയെ അന്വേഷിക്കുന്നതിന് അല്ല പിന്നെയോ മറ്റുള്ളവരുടെ നന്മയെ അന്വേഷിക്കുന്നതിനു ഞങ്ങളെ പഠിപ്പിക്കണമേ. നിന്നോടൊത്തൊരുമിച്ച് ഞങ്ങൾ സകല പാപത്തോടും യുദ്ധം ചെയ്തുകൊണ്ടു നിന്റെ സത്യമക്കളായിരിക്കുമാറാകണമേ. നീതികേടിനോടും, അജ്ഞാനത്തോടും, ദുഃഖത്തോടും, രോഗത്തോടും ഞങ്ങൾ യുദ്ധം ചെയ്യണമേ. സ്നേഹസ്വരൂപമായ നിന്റെ പൂർണ്ണരാജ്യത്തേ ഭൂമിയിൽ വരുത്തുവാൻ ഇപ്രകാരം ഞങ്ങൾ നിനക്കു സഹായമായിത്തീരണമേ.

താണനിലയിൽ കിടക്കുന്ന ജാതികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

മനുഷ്യരെ സ്നേഹിക്കുന്നവനായ യേശുവേ ! എല്ലാ മനുഷ്യരേയും നിന്റെ അടുക്കലേക്ക് ആകർഷിക്കണമേ.

വിശ്വാസികളായ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക.

കർത്താവേ! ഞങ്ങളുടെ മരിച്ചുപോയവർക്കു നിത്യസ്വസ്ഥതയും ആശ്വാസവും കൊടുക്കണമേ. ശാശ്വതമായ നിന്റെ പ്രകാശം അവരുടെമേൽ പതിപ്പിച്ച് അവരെ പുണ്യപ്പെടുത്തണമേ.

3. ഇനിയും നിനക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ആവശ്യമുള്ള സകലത്തിനുമായി നിന്റെ സ്വന്ത വാചകത്തിൽ ദൈവത്തോടു ചോദിക്കുക.

പിതാവേ! ഞങ്ങൾക്കാവശ്യമുള്ള അപ്പം
ഇന്നു ഞങ്ങൾക്കു തരണമേ

നീ വി. കുർബാന അനുഭവിപ്പാൻ വിചാരിക്കുന്നെങ്കിൽ അതിനു മുമ്പുള്ള ആഴ്ചയിൽ ഓരോ ദിവസവും കുമ്പസാരസമയത്തു ചൊല്ലുന്ന പ്രാർത്ഥന ചൊല്ലുക.

4. ഇന്നത്തെ ദിവസം ദൈവത്തെ സന്തോഷിപ്പിക്കയും സേവിക്കയും ചെയ്യുന്നതിനു ശക്തി ചോദിക്കുക.

ഇന്നലെ നിനക്ക് എത്രമാത്രം വീഴ്ചയുണ്ടായി എന്നോർക്കുക. ഇന്നും ആ പരീക്ഷ ഉണ്ടാകുന്ന പക്ഷം ദൈവസഹായത്തോടുകൂടി അതിനെ ജയിച്ചു കീഴ്പ്പെടുത്തുന്നതിനു നിശ്ചയിക്കുക. ദൈവത്തിന് ഇന്ന് എന്ത് കൊടുപ്പാൻ കഴിയുമെന്നു ചിന്തിക്കുക. ഏതു വിധത്തിൽ നിനക്കു മറ്റുള്ളവരെ സഹായിപ്പാൻ കഴിയുമെന്ന് ആലോചിക്കുക. പ്രാർത്ഥിക്കുക.

ഏറ്റവും സ്നേഹിക്കുന്ന കർത്താവും പിതാവും ആയുള്ളോവേ! ഇന്നു നിന്നെ സ്നേഹിക്കയും സേവിക്കയും ചെയ്‌വാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ഇന്ന പാപത്തെ (നിന്റെ പ്രധാനപാപത്തിന്റെ പേരുപറക) ജയിക്കുന്നതിന് എന്നെ സഹായിക്കണമേ. എന്നെ സ്നേഹിക്കുന്നവനും തന്റെ സ്വന്തജീവനെ എനിക്കുവേണ്ടി തന്നവനുമായ യേശുവേ! നിന്റെ നിമിത്തം ഇന്ന് ഇന്നാരോട് (ഇന്നു നീ ആരെ ശുശ്രൂഷിപ്പാൻ ആഗ്രഹിക്കുന്നുവോ ആ ആളിന്റെ പേരുപറക) ദയ കാണിപ്പാൻ സഹായിക്കണമേ.

ഞങ്ങളുടെ പിതാവെ! പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ, പിന്നെയോ തിന്മപെട്ടവനിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു.

നിന്റെമേലും നീ സ്നേഹിക്കുന്ന എല്ലാവരുടെമേലും ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകണമെന്നു യാചിക്കുക.

പ്രാർത്ഥിക്കുക "പിതാവും പുത്രനും വി. റൂഹായുമായ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം ഞങ്ങളുടെ എല്ലാവരുടേയും മേൽ ഇന്നും എന്നേക്കും ഉണ്ടായിരിക്കണമേ."

## രാത്രിപ്രതിഷ്ഠ

രാത്രിയിൽ കിടക്കുന്നതിനുമുമ്പ്

കുരിശു വരയ്ക്കുക. കർത്താവിന്റെ തിരുമുമ്പാകെ മൗനമായി പ്രാർത്ഥിക്കുക.

"പിതാവിന്റെയും പുത്രന്റെയും വി. റൂഹായുടെയും തിരുനാമത്തിൽ — ആമ്മീൻ."

1. ഇന്നു ദൈവം നിനക്കു തന്നിട്ടുള്ള അനുഗ്രഹങ്ങൾക്കു വേണ്ടി നന്ദി പറയുക. പ്രാർത്ഥിക്കുക.

"ഏറ്റവും ദയാലുവും ഉദാരനുമായ കർത്താവേ! ഇന്നു എന്നോടും ഞാൻ സ്നേഹിക്കുന്നവരോടും നീ കാണിച്ചിട്ടുള്ള നിന്റെ സകല നന്മയ്ക്കും വേണ്ടി ഞാൻ നിന്നെ വന്ദിക്കുന്നു."

ഇന്നു നിനക്കു എന്തെല്ലാം സന്തോഷങ്ങൾ ഉണ്ടായി എന്നു ഓർത്തു നോക്കുക. എന്തെല്ലാം പരീക്ഷകളെ ജയിക്കുന്നതിനു നിനക്കു സാധിച്ചുവെന്നും ദൈവത്തിന്റെ കൃപയാൽ മറ്റുള്ളവർക്കു എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കാൻ നിനക്കു സാധിച്ചുവെന്നുംകൂടെ ഓർത്തുനോക്കുക. പ്രാർത്ഥിക്കുക: — "ഇവയ്ക്കുവേണ്ടിയും എന്നോടുള്ള സ്നേഹത്തെ നീ ഏതെല്ലാം വിധത്തിൽ കാണിച്ചിട്ടുണ്ടോ അവയ്ക്ക് എല്ലാറ്റിനും വേണ്ടിയും എന്റെ പൂർണ്ണഹൃദയത്തോടുകൂടി നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു.

നീ വി. കുർബാന അനുഭവിച്ചു എങ്കിൽ കുമ്പസാരസമയത്തു

ചൊല്ലുന്ന പ്രാർത്ഥന അതിന്റെ ശേഷമുള്ള ആഴ്ചയിലെ ഓരോ ദിവസവും രാത്രിയിൽ ഉപയോഗിക്കുക.

അതിന്റെശേഷം ദൈവം നിനക്കു തന്നിട്ടുള്ള എല്ലാ നന്മയ്ക്കും വേണ്ടി നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളെതന്നെ ഉപയോഗിച്ച് അവിടുത്തേക്കു നന്ദി പറയുക.

"സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ പിതാവേ!— നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ--നിന്റെ രാജ്യം വരേണമേ— നിന്റെ തിരുവിഷ്ടം ചെയ്യപ്പെടണമേ."

2. താഴെക്കാണുന്നപ്രാർത്ഥനയോ അല്ലെങ്കിൽ 'പിതാവിന്റെ രാജ്യം......' എന്ന പ്രാർത്ഥന ഉപയോഗിച്ച് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക.

സർവ്വശക്തനും കരുണനിറഞ്ഞവനുമായ പിതാവേ! നിന്റെ കയ്യിലേക്കു ഞാൻ ഈ രാത്രിയിൽ എന്നെത്തന്നെയും ഞാൻ സ്നേഹിക്കുന്ന എല്ലാവരേയും ഭരമേല്പിക്കുന്നു. എന്റെ പിതാവിനേയും മാതാവിനേയും, സഹോദരന്മാരേയും സഹോദരിമാരേയും, ഭർത്താവിനേയും (ഭാര്യയേയും) കുട്ടികളെയും, സംബന്ധക്കാരെയും, സ്നേഹിതന്മാരെയും, എന്റെ ആത്മീയ പിതാക്കന്മാരെയും എല്ലാവരെയും നിന്റെ തൃക്കയ്യിൽ ഭരമേല്പിക്കുന്നു.

രോഗികളെയും, ദുഃഖിതന്മാരെയും, മരിക്കാറായി കിടക്കുന്നവരെയും നീ ഓർക്കണമേ.

ഇന്നു രാത്രി ഉറക്കമിളച്ചു നോക്കിപ്പാർക്കുന്നവരെയും നീ ഓർക്കണമേ!

ഈ രാത്രി സമയത്തു നിനക്കു വിരോധമായി പാപം ചെയ്‌വാൻ ആഗ്രഹിക്കുന്നവരുടെ ചീത്ത ഉദ്ദേശ്യങ്ങളിൽനിന്നും നീ അവരെ തിരിപ്പിക്കേണമേ.

വിശ്വാസികളായി മരിച്ചുപോയിട്ടുള്ളവർക്ക് നീ ആശ്വാസവും പ്രകാശവും സമാധാനവും നല്കേണമേ. കർത്താവെ ഞങ്ങളെ അനുഗ്രഹിച്ചു ഞങ്ങളുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി തരേണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരേണമേ.

3. നിന്റെ പാപങ്ങളെ നിനക്കു കാണിച്ചുതരുവാൻ പരിശുദ്ധാത്മാവായ ദൈവത്തോടു അപേക്ഷിക്കുക.

“പരിശുദ്ധാത്മാവാം ദൈവമേ! ഞാൻ ഇന്നു ചെയ്തുപോയിട്ടുള്ള പാപങ്ങളെ എനിക്കു കാണിച്ചുതരേണമേ.”

പിന്നീടു താഴെ കാണുന്ന ചോദ്യങ്ങൾ നിന്നോടു തന്നെ ചോദിക്കുക.

പ്രത്യേകമായി ഞാൻ ഇന്നു വല്ല തെറ്റും ചെയ്തോ?

കഴിഞ്ഞ കുമ്പസ്സാരത്തിങ്കൽ ഞാൻ ചെയ്ത തീരുമാനത്തെ കാത്തുവോ?

ഞാൻ ഭക്തിയോടും ശ്രദ്ധയോടുംകൂടെ പ്രാർത്ഥിച്ചുവോ?

വേദപുസ്തകത്തെ ഞാൻ പ്രാർത്ഥനയോടുകൂടെ വായിച്ചുവോ?

എന്റെ മേലുള്ളവരോടു ഞാൻ അനുസരണമായി ഇരുന്നുവോ?

ഇന്നു ഞാൻ കണ്ടവരോടെല്ലാം തൻകാര്യമില്ലാത്തവനായും ദയവുള്ളവനായും ഇരുന്നുവോ?

വാക്കിലും പ്രവൃത്തിയിലും ഞാൻ സാക്ഷാൽ സത്യവാനായിരുന്നുവോ?

എന്നാൽ കഴിവുള്ളിടത്തോളം നന്നായിട്ടു ഞാൻ എന്റെ ജോലി ചെയ്തുവോ?

ഇന്നു നിന്നോടു ആരെങ്കിലും വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ ആദ്യമായി ആ ആളിനോടു ഹൃദയപൂർവ്വമായി ക്ഷമിക്കുക.

പിന്നീട് ഇപ്രകാരം പ്രാർത്ഥിക്കുക.

പിതാവേ! ഞങ്ങളുടെ കടക്കാരോടും ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ! പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ തിന്മപെട്ടവനിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

പരിശുദ്ധനും ദയവാനുമായ ദൈവമേ! എന്റെ പാപം നിമിത്തം ഞാൻ നിന്നെ വേദനപ്പെടുത്തിയതിനാൽ വളരെ ദുഃഖിക്കുന്നു. ഏതു പ്രകാരം ഞാൻ അതിനു പരിഹാരമുണ്ടാക്കണമെന്ന് എന്നെ കാണിച്ചു

തരേണമേ. (നീ ആരെയെങ്കിലും ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ അത് എങ്ങനെ പരിഹരിക്കാം എന്ന് ആലോചിക്കുക) ദൈവമേ! അവിടുത്തെ വലിയ ദയയാൽ എന്നോടു ക്ഷമിച്ചു എന്നെ ശുദ്ധമാക്കണമേ.

വാസ്തവമായ ദുഃഖം നിനക്ക് ഉണ്ടെങ്കിൽ ഉടനെ തന്നെ ദൈവം ക്ഷമിക്കും.

താഴെ കാണുന്നപ്രകാരം ദൈവത്തിനു നന്ദിപറയുക.

പിതാവായ ദൈവമെ! നിനക്കു സ്തുതി.

രക്ഷിതാവായ ദൈവമേ! നിനക്കു സ്തുതി.

ഞങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവാം ദൈവമെ! നിനക്കു സ്തുതി.

പരിശുദ്ധനും സ്തുത്യനുമായ ത്രിത്വമെ, മൂന്നാളുകൾ എങ്കിലും ഏകനായിരിക്കുന്ന ദൈവമെ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു! ആമ്മീൻ!

നീ കിടക്കുമ്പോൾ കുരിശു വരച്ചുംകൊണ്ട് നിന്നേയും നീ സ്നേഹിക്കുന്ന എല്ലാവരേയും കുരിശുങ്കൽ സമർപ്പിച്ചുകൊണ്ട് ഇപ്രകാരം പറയുക.

പിതാവെ! ഇന്നുരാത്രി ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും നിന്റെ കയ്യിൽ ഞാൻ സമർപ്പിക്കുന്നു.

**അനുതാപം**

പരമാർത്ഥമായി അനുതാപമുള്ളവനായിരിക്കേണ്ടത് എങ്ങനെ?

1. നിന്റെ പാപത്തെ കാണിച്ചുതരുവാൻ പരിശുദ്ധാത്മാവായ ദൈവത്തോടു അപേക്ഷിക്കുക.
2. നിന്റെ പാപങ്ങളെ ഓർക്കുവാൻ ശ്രമിക്കുക.
3. നിന്നെ ദുഃഖമുള്ളവനാക്കാൻ ദൈവത്തോട് അപേക്ഷിക്കുക.
4. നിന്റെ പാപങ്ങളെ ഏറ്റുപറയുക.
5. നീ ആരെയെങ്കിലും ദ്രോഹിച്ചിട്ടുണ്ട് എങ്കിൽ നിന്നാൽ കഴിയുന്ന വിധത്തിൽ അതിനു പരിഹാരം ഉണ്ടാക്കുക.
6. നിന്റെ പാപങ്ങളെ ജയിപ്പാൻ ശ്രമിക്കുക.

## കുമ്പസാരം

പട്ടക്കാരന്റെ മുമ്പാകെ നമ്മുടെ പാപങ്ങളെ ഏറ്റുപറയണമെന്നുള്ള തിന്റെ ചില കാരണങ്ങൾ

1. കാണ്മാൻ പാടില്ലാത്ത ദൈവത്തിന്റെ മുമ്പാകെ നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നത് എളുപ്പമാണ്. നമ്മുടെ സമസൃഷ്ടിക ളുടെ മുമ്പാകെ ഏറ്റുപറയുന്നതിനു ലജ്ജയും വേദനയുമുണ്ട്. നമ്മുടെ പാപങ്ങൾ മൂലം നാം കർത്താവിനെ എത്രമാത്രം ഉപദ്രവിച്ചിട്ടു ണ്ടെന്നും നമ്മുടെ പാപമോചനത്തിനായി കർത്താവ് കുരിശിലെ നിന്ദയേയും വേദനയേയും സഹിച്ചിട്ടുണ്ടെന്നും ഓർക്കുമ്പോൾ പട്ട ക്കാരന്റെ മുമ്പാകെ നമ്മുടെ പാപങ്ങളെ സമ്മതിക്കുന്നതിനാൽ ഉണ്ടാകുന്ന ലജ്ജയെ സഹിക്കുന്നതിൽ നമുക്കു സന്തോഷം ഉണ്ടാ യിരിക്കുകയും അങ്ങനെ നമ്മുടെ കർത്താവിന്റെ കഷ്ടതയ്ക്കു ഒരു പരിഹാരം ഉണ്ടാകുകയും ചെയ്യുന്നു.

2. നാം പാപം ചെയ്യുമ്പോൾ ദൈവത്തിന്റെ വിശുദ്ധ സഭയെ മുഴുവൻ ഉപദ്രവിക്കുന്നു. പാപം നാമും ദൈവവും തമ്മിൽ മാത്ര മുള്ള ഒരു രഹസ്യകാര്യമല്ല. അതുകൊണ്ട് സഭയുടെ പ്രതിനിധി എന്ന നിലയിൽ പട്ടക്കാരന്റെ മുമ്പാകെ നമ്മെ വിനയപ്പെടുത്തു ന്നത് വേണ്ടതാകുന്നു. വി. യാക്കോബ് 5: 16.

3. പാപത്തെ മോചിക്കുന്നതിനു നമ്മുടെ കർത്താവ് തന്റെ സഭയ്ക്ക് അധികാരം കൊടുത്തിട്ടുണ്ട്. "നിങ്ങൾ ആരുടെ പാപ ങ്ങളെ ക്ഷമിക്കുന്നുവോ. അതു സ്വർഗ്ഗത്തിലും ക്ഷമിക്കപ്പെട്ടിരിക്കും. വി. യോഹ. 20: 22, 23. സഭയിലെ പട്ടക്കാർ സഭയിലെ പ്രതിനിധി കൾ എന്ന നിലയിൽ പാപമോചനം നല്കുന്നു. ദൈവത്തിന്റെ പട്ട ക്കാരന്റെ മുമ്പാകെ നാം സത്യമായി കുമ്പസാരിക്കുന്നു എങ്കിൽ പാപമോചനം ലഭിക്കുമെന്നുള്ളതിന് നമുക്ക് പൂർണ്ണനിശ്ചയമുണ്ട്.

4. വിശുദ്ധ പൗലോസ് ശ്ലീഹായുടെ അടുക്കൽ അനേകർ വന്നു തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു. (അപ്പോ. പ്രവൃത്തി 19: 18). ക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളെ ക്ഷമിക്കുന്നതിനു തനിക്കധി കാരമുണ്ടെന്നു വി. പൗലോസ്ശ്ലീഹാ പറയുന്നു (2 കോരിന്തി 2: 10)

5. ഏതുപ്രകാരം നമ്മുടെ ശരീരത്തിന്റെ രോഗത്തെപ്പറ്റി ഒരു വൈദ്യനോട് അഭിപ്രായം ചോദിക്കുന്നുവോ അതുപോലെ തന്നെ

നമ്മിൽ പലർക്കും ആത്മാവിന്റെ രോഗങ്ങളെപ്പറ്റി ഉപദേശങ്ങൾ ആവശ്യമുണ്ട്. ഇതു നമുക്ക് കുമ്പസാരത്തിൽ ലഭിക്കുന്നു.

6. പതിവായിട്ടും അനുതാപത്തോടുംകൂടെ കുമ്പസാരിക്കുന്ന പലർക്കും അവരുടെ പാപങ്ങളെ ജയിക്കുന്നതിനു ഇതു വളരെ സഹായിക്കുന്നു എന്നുള്ളത് ശരിയായി കുമ്പസാരിക്കുന്നവരുടെ അനുഭവമാകുന്നു.

### കുമ്പസാരത്തിനായുള്ള ഒരുക്കം

നീ ആദ്യമായി കുമ്പസാരിക്കുന്നതിനു ഒരുങ്ങുകയാണെങ്കിൽ കുമ്പസാരത്തിനുമുമ്പ് നിന്റെ കഴിഞ്ഞ ജീവിതത്തിൽ ചെയ്തുപോയിട്ടുള്ള പാപങ്ങളെ ദൈവസഹായത്തോടുകൂടി ഓർക്കുന്നതിലേക്കായി ശ്രമിക്കണം. ഇപ്രകാരം ചെയ്വാൻ സാധിക്കുന്നതിനുവേണ്ടി നിന്റെ ആയുസ്സിനെ പല ഭാഗങ്ങളായി ഭാഗിക്കണം. ഒരു ചെറിയ കുട്ടി ആയിട്ട് എന്തെല്ലാം പാപങ്ങൾ ചെയ്തുപോയി. പള്ളിക്കൂടത്തിൽ പോയതിനുശേഷം വിവാഹംചെയ്തശേഷം—ഇങ്ങനെ ഓരോ ഘട്ടങ്ങളിൽ എന്തെല്ലാം പാപങ്ങൾ ചെയ്തുപോയി എന്നു ആലോചിക്കുക.

### സ്വയപരിശോധനയ്ക്കുള്ള ഒരു ക്രമം

നിന്റെ പാപത്തെ നിന്നെ കാണിച്ചു തരുന്നതിന് പരിശുദ്ധാത്മാവാം ദൈവത്തോട് അപേക്ഷിക്കുക.

ദൈവത്തോടുള്ള സ്നേഹത്തിന് നീ എങ്ങനെ ഭംഗം വരുത്തി എന്ന് ആലോചിക്കുക. പ്രാർത്ഥിപ്പാൻ മറന്നുപോയതുനിമിത്തം നീ ദൈവത്തെ ഖേദിപ്പിച്ചിട്ടുണ്ടോ? അശ്രദ്ധയായും അഭക്തിയോടും കൂടിയും പ്രാർത്ഥിച്ചിട്ടുണ്ടോ? ഞായറാഴ്ചദിവസങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പോകാതെയിരുന്നിട്ടുണ്ടോ? ദൈവത്തെപ്പറ്റി പഠിക്കുന്നതിനുള്ള അവസരങ്ങളെ ഗണ്യമാക്കാതെയിരുന്നിട്ടുണ്ടോ? ദൃഷ്ടാന്തമായി സണ്ടേസ്കൂളിലും നിനക്കായുള്ള മറ്റു യോഗങ്ങളിലും പോകാതിരിക്കുക. വേദപുസ്തകം വായിക്കാതെയിരുന്നിട്ട് അവനെ ദുഃഖിപ്പിച്ചിട്ടുണ്ടോ? നിന്റെ ധനത്തിന്റെ ഒരു ക്ലിപ്തമായ അംശം ദൈവത്തിനു — ദൈവവകയ്ക്ക് കൊടുത്തിട്ടുണ്ടോ.*

പരിശുദ്ധകാര്യങ്ങളെപ്പറ്റി നീ കളി പറയുകയൊ നിന്ദിക്കയൊ

ചെയ്തിട്ടുണ്ടോ? മറ്റുള്ളവർ ആക്ഷേപിക്കുമെന്നു വിചാരിച്ച് നീ കുമ്പസാരത്തിൽ നിന്നും വി. കുർബാനയിൽനിന്നും പിൻമാറി യിട്ടുണ്ടോ? നീ അതൃപ്തിയോടിരുന്നിട്ടുണ്ടോ? ദുർമ്മുഖത്തോടിരുന്നിട്ടുണ്ടോ? നീ സമയം നഷ്ടപ്പെടുത്തിയിട്ടുണ്ടോ?

2. മറ്റുള്ളവരോടുള്ള സ്നേഹത്തിന് വീഴ്ച വരുത്തിയിട്ടുണ്ടോ എന്നാലോചിക്കുക. നിന്റെ പിതാവിനോടോ മാതാവിനോടോ ഗുരു വിനോടോ നിന്റെ മേലുള്ള ആരോടെങ്കിലുമോ അനുസരണക്കേടാ യിട്ടോ ബഹുമാനമില്ലാതെയോ ഇരുന്നിട്ടുണ്ടോ? മേല്പറഞ്ഞവ രോടോ, നിന്റെ സഹോദരന്മാരോടോ, സഹോദരികളോടോ, ഭർത്താ വിനോടോ (ഭാര്യയോടോ), കുട്ടികളോടോ, നിന്റെ വീട്ടിൽ ഉള്ള ആരോടെങ്കിലുമോ ദയയില്ലാതിരുന്നിട്ടുണ്ടോ? ക്രൂരതയോടുകൂടിയി രുന്നിട്ടുണ്ടോ? തൻകാര്യശീലത്തോടുകൂടിയിരുന്നിട്ടുണ്ടോ? അഥവാ നിന്റെ ബന്ധുക്കളോടോ, അയൽവാസികളോടോ, കൂട്ടുവിദ്യാർത്ഥി കളോടോ, വേലക്കാരോടോ, ഇപ്രകാരം ഇരുന്നിട്ടുണ്ടോ? നീ ആരെ എങ്കിലും ആക്ഷേപിക്കയോ ആരോടെങ്കിലും നിന്ദയോടുകൂടി പെരു മാറുകയോ ചെയ്തിട്ടുണ്ടോ? നീ ആരെ എങ്കിലും വാക്കിനാലോ പ്രവൃത്തിയാലോ ഉപദ്രവിച്ചിട്ടുണ്ടോ? കോപത്തോടുകൂടി സംസാരി ച്ചിട്ടുണ്ടോ? കോപത്താൽ ആരെ എങ്കിലും അടിച്ചിട്ടുണ്ടോ? വഴക്കു പിടിച്ചിട്ടുണ്ടോ? നീ അസൂയയോടുകൂടി ഇരുന്നിട്ടുണ്ടോ? നീ നല്ല വകയ്ക്ക് പണം കൊടുക്കാതെ പിശുക്കനായി ഇരുന്നിട്ടുണ്ടോ? അനാവശ്യത്തിനായി പണം ചെലവാക്കി ധൂർത്തനായിരുന്നിട്ടുണ്ടോ?

വല്ലവരേയും ചതിച്ചിട്ടുണ്ടോ? വല്ല എടപാടിലോ വേറെ വല്ല തരത്തിലോ നീ ചതിവു കാണിച്ചിട്ടുണ്ടോ? എന്തെങ്കിലും മോഷ്ടി ച്ചിട്ടുണ്ടോ? കരാർ ലംഘനം ചെയ്തിട്ടുണ്ടോ? പണമോ മറ്റേതെങ്കി ലുമോ കടംവാങ്ങിച്ചിട്ട് കൊടുക്കാതിരുന്നിട്ടുണ്ടോ? വ്യാജം പറഞ്ഞി ട്ടുണ്ടോ? ഏതു കാര്യത്തിൽ എങ്കിലും ചതിയനായിരുന്നിട്ടുണ്ടോ? നിന്റെ ജോലികൾ എല്ലാം ഭംഗിയായി ചെയ്‌വാൻ ശ്രമിച്ചിട്ടുണ്ടോ?

3. നിന്റെ ശരീരത്തെ പരിശുദ്ധമായി സൂക്ഷിച്ചിട്ടുണ്ടോ എന്ന് ആലോചിക്കുക. നീ മടിയൻ ആയിരുന്നിട്ടുണ്ടോ? അതിഭക്ഷണം കഴിച്ചിട്ടുണ്ടോ? നീ വൃത്തിഹീനനായിരുന്നിട്ടുണ്ടോ? നിന്റെ ശരീരം അശുദ്ധമാകുവാൻ അനുവദിച്ചിട്ടുണ്ടോ? അശുദ്ധവിചാരങ്ങളെ അനു വദിച്ചിട്ടുണ്ടോ? അശുദ്ധമായി എന്തെങ്കിലും പറയുകയോ പ്രവൃത്തി ക്കുകയോ ചെയ്തിട്ടുണ്ടോ?

4. മേലെഴുതിയ പട്ടികയിൽ പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും തരത്തിൽ നീ പാപം ചെയ്തിട്ടുണ്ടോ എന്നു ഓർക്കുക.

നീ പൂർണ്ണമായിട്ടും പരമാർത്ഥതയോടും കൂടെ നിന്റെ പാപങ്ങളെ പട്ടക്കാരന്റെ മുമ്പാകെ അനുതപിച്ച് ഏറ്റുപറഞ്ഞു മോചനം (ഹൂസായ) ലഭിച്ചിട്ടുള്ളവനാണെങ്കിൽ നിന്റെ കഴിഞ്ഞ കുമ്പസാരത്തിന്റെ ശേഷം ചെയ്തിട്ടുള്ള പാപങ്ങളെപ്പറ്റി മാത്രം സ്വയപരിശോധന നടത്തിയാൽ മതി. താഴെക്കാണുന്ന തരത്തിലുള്ള ഒരു സ്വയ പരിശോധന നടത്താവുന്നതാണ്.

### സ്വയപരിശോധനയ്ക്കുള്ള വേറൊരു ക്രമം

"ദൈവമെ! നീ എന്നെ കാണുന്നതുപോലെ ഞാൻ എന്നെത്തന്നെ കാണുവാൻ നീ എനിക്കു സഹായിക്കണമേ."

1. ദൈവത്തിനു നിന്നോടുള്ള സ്നേഹത്തെപ്പറ്റി ആലോചിക്കുക. അതിനായി നീ ദൈവത്തിന് എന്തു പ്രത്യുപകാരം ചെയ്തു? നീ ഭക്തിയോടും ശ്രദ്ധയോടും കൂടെ പ്രാർത്ഥിച്ചുവോ? നിന്റെ പണത്തിൽനിന്ന് നീ ധാരാളമായി ദൈവത്തിനു കൊടുത്തുവോ? പ്രാർത്ഥനയോടുകൂടി ദിവസേന നീ വേദപുസ്തകം വായിച്ചുവോ? കഴിഞ്ഞ കുമ്പസാരത്തിൽവച്ചു ചെയ്ത തീരുമാനം പാലിച്ചുവോ? നിന്റെ കഴിഞ്ഞ കുമ്പസാരം സത്യമായ ഒന്നായിരുന്നുവോ? അതോ നീ എന്തെങ്കിലും മറച്ചുവെച്ചുവോ? കുർബാനയ്ക്കായി നീ ഞായറാഴ്ച തോറും പള്ളിയിൽ പോയോ? സണ്ടേസ്കൂളിലും നിന്റെ ഉപയോഗത്തിനായിട്ടുള്ള മറ്റു യോഗങ്ങളിലും സംബന്ധിച്ചുവോ? വി. കുർബാനയിൽ സംബന്ധിക്കുന്നതിനും വി. കുർബാന അനുഭവിക്കുന്നതിനും നീ നിന്നെത്തന്നെ ഒരുക്കിയോ? വി. കുർബാന കഴിഞ്ഞതിന്റെ ശേഷം നീ ദൈവത്തിന് നന്ദി പറഞ്ഞിട്ടുണ്ടോ? പള്ളിയിൽ ഭക്തിപൂർവ്വം എപ്പോഴും പെരുമാറിയോ?

2. ദൈവത്തിനു മറ്റുള്ളവരോടുള്ള സ്നേഹത്തെപ്പറ്റി ആലോചിക്കുക. കർത്താവിനെപ്രതി മറ്റുള്ളവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണമെന്ന് അവൻ നിന്നോട് ആവശ്യപ്പെടുന്നു എന്ന് ഓർക്കുക. മറ്റുള്ളവർക്കുവേണ്ടി നീ പ്രാർത്ഥിച്ചിട്ടുണ്ടോ? നിന്റെ മേലുള്ളവരോടു നീ അനുസരണവും ബഹുമാനവും ഉള്ളവനായിരുന്നുവോ? പിതാവ്, മാതാവ്, ഗുരുക്കന്മാർ ഇവരോടും വീട്ടിലുള്ള എല്ലാവ

രോടും ദയയോടുകൂടി സ്വാർത്ഥതകൂടാതെയും ഇരുന്നോ? സ്കൂൾകുട്ടികളോടും അയൽവാസികളോടും ദയയോടും തൻകാര്യബുദ്ധികൂടാതെയും വർത്തിച്ചുവോ? മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള അവസര ങ്ങളെ സന്തോഷപൂർവ്വം നീ സ്വീകരിച്ചിട്ടുണ്ടോ? നിന്റെ പണം പരോപകാരാർത്ഥം ധാരാളം നീ ചിലവാക്കിയിട്ടുണ്ടോ? നിന്റെ കുട്ടികളെ നല്ലവരും അനുസരണമുള്ളവരും ആയി വളർത്തുന്നതിനു നീ ശ്രമിച്ചിട്ടുണ്ടോ? നീ അവർക്കും നിന്റെ വേലക്കാർക്കും ദൈവത്തെപ്പറ്റി പഠിക്കുന്നതിന് അവസരങ്ങൾ നല്കിയിട്ടുണ്ടോ? നിനക്കുവേണ്ടി വേല ചെയ്യുന്നവരോടും പുറജാതികളോടും ദയവായി നീ വർത്തിച്ചിട്ടുണ്ടോ?

3. മാമോദീസാമൂലം പരിശുദ്ധാത്മാവായ ദൈവം നിന്നിൽ വസിക്കുന്നു എന്നു നീ ഓർക്കുക. ദൈവത്തിന്റെ കൂടാരത്തെ സൂക്ഷിക്കുന്നപോലെ നിന്റെ ദേഹത്തെ നീ സൂക്ഷിച്ചിട്ടുണ്ടോ? ദിവസേന നിന്റെ ശരീരത്തെ കഴുകി ശുചിയാക്കി സൂക്ഷിച്ചിട്ടുണ്ടോ? അശുദ്ധമായും നിർദ്ദയമായും അസൂയയോടുകൂടിയുള്ള വിചാരങ്ങളിൽനിന്ന് നിന്റെ മനസ്സിനെ നീ സൂക്ഷിച്ചിട്ടുണ്ടോ? നിന്റെ ഹൃദയത്തിൽ ഇപ്പോൾ എന്തെങ്കിലും ദയയില്ലായ്ക ഉണ്ടോ? നിന്റെ നാവിനെ കോപമായും ദയയില്ലാതെയും ഉള്ള വാക്കുകളിൽനിന്നും സൂക്ഷിച്ചിട്ടുണ്ടോ? പരമാർത്ഥമില്ലാത്ത പ്രവൃത്തികളിൽ നിന്നും നിന്റെ കയ്യേ നീ സൂക്ഷിച്ചിട്ടുണ്ടോ? വ്യാജങ്ങളിൽനിന്നും നിന്റെ നാവിനെ സൂക്ഷിച്ചിട്ടുണ്ടോ? നിന്നാൽ കഴിയുന്നത്ര നന്നായിട്ട് നിന്റെ ജോലി നീ ചെയ്തിട്ടുണ്ടോ?

മേലെഴുതിയ സ്വയപരിശോധനയിൽ നീ ചെയ്തിട്ടുള്ളതായി പരിശുദ്ധാത്മാവായ ദൈവം നിന്നെ കാണിച്ചു തന്ന പാപങ്ങളെ കടലാസിൽ എഴുതുക.

നിന്റെ പാപത്തെപ്പറ്റി നിനക്കു പരമാർത്ഥമായുള്ള ദുഃഖം ഉണ്ടാകുന്നതിനു നീ ദൈവത്തോടു അപേക്ഷിക്കുക. ഹൃദയത്തകർച്ചയോടുകൂടിയ അനുതാപം ഉണ്ടാക്കുക എന്നുള്ളത് നിന്റെ കഴിവിൽപ്പെട്ടത് അല്ല. അത് (സത്യ അനുതാപം) ദൈവത്തിന്റെ ദാനം ആകുന്നു. ദൈവത്തിലുള്ള സ്നേഹത്തിൽ നീ വളരുന്നതോടുകൂടെ അതു ക്രമേണ നിന്നിൽ ഉണ്ടായിക്കൊള്ളും. താഴെക്കാണുന്നവയാണ് അവയുടെ ലക്ഷണങ്ങൾ. അവ ഉണ്ടെങ്കിൽ നിനക്കു പാപമോചനം ഉണ്ടാകുമെന്നു ധൈര്യമായി ആശിക്കാം.

1. പരമാർത്ഥമായി നിന്റെ പാപങ്ങളെ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറയുന്നതിനുള്ള മനസ്സ്.

2. നിന്റെ പാപത്തിനുവേണ്ടി എന്തെല്ലാം പരിഹാരങ്ങൾ ചെയ്‌വാൻ കഴിയുമോ അവയെ ചെയ്‌വാനുള്ള ആഗ്രഹം.

3. നിന്റെ പാപങ്ങളെ ഉപേക്ഷിക്കണമെന്നുള്ള പൂർണ്ണ മനോ നിശ്ചയം.

കുമ്പസാരത്തിനുമുമ്പ് താഴെ കാണുന്ന പ്രാർത്ഥന ചൊല്ലണം.

“പരിശുദ്ധാത്മാവായ ദൈവമേ! എന്റെ പാപങ്ങളെ ഓർക്കുന്നതിനും പരമാർത്ഥമായി അവയ്ക്കുവേണ്ടി ദുഃഖിക്കുന്നതിനും എനിക്കു ശക്തി തരണമേ! പരമാർത്ഥമായി അവയെ നിന്റെ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറയുന്നതിന് എനിക്കു ധൈര്യം തരണമെ. പ്രിയപ്പെട്ട യേശുവെ! എന്റെ പാപങ്ങളിൽ ഞാൻ പലപ്പോഴും നിന്നെ ദുഃഖിപ്പിച്ചിട്ടുണ്ട്. ഞാൻ ഒരിക്കലും പാപം ചെയ്യാതിരുന്നെങ്കിൽ കൊള്ളായിരുന്നു എന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ എന്റെ പാപങ്ങൾ നിമിത്തം ഞാൻ ദുഃഖിക്കുന്നു. എന്റെ പാപം മൂലം മേലാൽ ഒരിക്കലും നിന്നെ വേദനപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനായ കർത്താവേ! ഈ വിശുദ്ധ കൂദാശ (കുമ്പസാരം) വഴിയായി എന്റെ പാപങ്ങൾക്കു മോചനം നല്കണമേ! നിന്നെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും എനിക്ക് ഈ വിശുദ്ധകൂദാശയാൽ ശക്തി നല്കണമേ.” 51-ാം സങ്കീർത്തനംകൂടി വായിക്കുന്നതു കൊള്ളാം. ദൈവസഹായംകൊണ്ട് ഒരു പ്രത്യേക പാപത്തെ ജയിപ്പാൻ നീ നിശ്ചയിക്കണം. പള്ളിയ്ൽ വരുമ്പോൾ കുമ്പസാരത്തിനായിട്ടു താമസം ഉണ്ടെങ്കിൽ താഴെക്കാണുന്ന ഏതെങ്കിലും സങ്കീർത്തനം വായിക്കണം. 13, 25, 130, 143.

## കുമ്പസാരസമയത്ത്

കുമ്പസാരത്തിനായിട്ട് നിന്റെ മുറ വരുമ്പോൾ പട്ടക്കാരന്റെ മുമ്പാകെ മുട്ടുകുത്തി ഇപ്രകാരം പറയുക.

“പിതാവും പുത്രനും പരിശുദ്ധറൂഹായും ആയ ത്രിയേകദൈവത്തിന്റെ തിരുമുമ്പാകെ ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു.

കന്യകമറിയം ആദിയായി സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലരുടെ മുമ്പിലും ദൈവത്തിന്റെ പട്ടക്കാരാ! അവിടുത്തെ അടുക്കലും ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. ഞാൻ പാപിയാകുന്നു. പിതാവേ! ക്ഷമിച്ച് എന്നെ വാഴ്ത്തണമെ.''

ഇതു നിന്റെ ആദ്യത്തെ കുമ്പസാരമല്ലെങ്കിൽ മുമ്പ് നീ എപ്പോൾ കുമ്പസാരിച്ചു എന്നും അപ്പോൾ ചെയ്ത തീരുമാനങ്ങൾ അതു പോലെ നിറവേറ്റിയോ എന്നും പട്ടക്കാരൻ കല്പിച്ച ആത്മദണ്ഡനം അനുസരിച്ചോ എന്നും ഏറ്റുപറയുക. പിന്നീടു നിന്റെ സകല പാപ ങ്ങളും തുറന്നു ഏറ്റുപറയുക. എല്ലാം കുമ്പസാരിച്ചതിന്റെ ശേഷം ഏതു പ്രത്യേക പാപം ആണ് ദൈവസഹായത്താൽ ജയിപ്പാൻ തീരുമാനി ച്ചിരിക്കുന്നതെന്ന് പട്ടക്കാരനോടു പറയുക. വിനയത്തോടുകൂടെ പട്ടക്കാരന്റെ ഉപദേശത്തെ കേൾക്കുക. അദ്ദേഹം നിന്റെ നെറ്റിക്ക് റൂശ്മാ കുത്തിക്കൊണ്ട് വിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ നിനക്കു പാപമോചനം തരുമ്പോൾ നമ്മുടെ കർത്താവ് തന്റെ ശുശ്രൂഷക നിൽക്കൂടെ സംസാരിക്കുകയാണ് എന്ന് ഓർക്കുക. പാപമോചനം കിട്ടിയതിന്റെ ശേഷം അതിനുവേണ്ടി ദൈവത്തിന് നന്ദിപറയാതെ പള്ളിയിൽനിന്നും പോകരുത്. താഴെക്കാണുന്ന പ്രാർത്ഥനകളെ ഉപയോഗിക്കാം.

## കുമ്പസാരത്തിനുശേഷം

പ്രിയപ്പെട്ട കർത്താവെ! എന്റെ സകല പാപങ്ങളും മോചിച്ചതി നായി ഞാൻ എന്റെ പൂർണ്ണഹൃദയത്തോടുകൂടി നിനക്കു നന്ദി പറ യുന്നു. എന്നെ സ്നേഹിക്കുന്നവനായ പിതാവേ! നിനക്കു സ്തോത്രം. എനിക്കുവേണ്ടി മരിച്ചവനായ കർത്താവേ! നിനക്കു സ്തോത്രം, എന്നെ ശുദ്ധീകരിക്കുന്നവനായ പരിശുദ്ധാത്മാവേ! നിനക്കു സ്തോത്രം. കർത്താവെ! യേശുമ്ശിഹാ: — നിന്നെ ക്രൂശിച്ചതായ പാപങ്ങളെ ഞാൻ വെറുക്കുന്നു. ഇന്നും എന്നും എന്നെ സകല പാപങ്ങളിൽനിന്നും രക്ഷിക്കണമെ. നിന്നെ പ്രസാദിപ്പിപ്പാനായി കർത്താവേ! ഇന്ന പാപ ത്തിന് എതിരായി ഞാൻ പോരാടും (ഏതു പാപത്തെ ജയിപ്പാനാണ് തീരുമാനിച്ചിരിക്കുന്നതെന്നു പറയുക) 103-ാം സങ്കീർത്തനവും "മേലുള്ള ഉയരങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതുപോ ലെ......." ഇത്യാദി സ്തുതിയും ചൊല്ലണം. കുമ്പസാരത്തിനുശേഷം

ഉള്ള നന്ദി പറച്ചിലിൽ താഴെക്കാണുന്ന സങ്കീർത്തനങ്ങളും കൂടെ ഉപയോഗിക്കാം. 32, 34, 40, 85, 92.

## വിശുദ്ധ കുർബാന

നാം വിശുദ്ധ കുർബാന അനുഭവിക്കുമ്പോൾ നിത്യനും സാക്ഷാൽ പരിശുദ്ധനും പൂർണ്ണ സ്നേഹവുമായിരിക്കുന്ന യേശു മ്ശിഹാ നമ്മിൽ വസിക്കുന്നതിനായിട്ടു വരുന്നു. വിശുദ്ധ കുർബാനയിൽ അവനെ കൈക്കൊള്ളുന്നതിനു മുമ്പായി നാം

1. സത്യ അനുതാപത്താലും പാപം ഏറ്റുപറച്ചിലിനാലും നമ്മുടെ ഹൃദയങ്ങളെ ഒരുക്കിയിരിക്കണം. 1. കോരന്തി 4: 28.

2. ദൈവത്തിന്റെ കൃപയാൽ ഈ പാപങ്ങളെ ജയിപ്പാൻ നിർബ്ബന്ധമായി തീരുമാനിക്കണം.

3. നമ്മുടെ കർത്താവ് ഈ വിശുദ്ധ കൂദാശവഴിയായി നമ്മിലേക്ക് വരുന്നതിനാൽ പ്രത്യക്ഷപ്പെടുത്തുന്ന ആഴമായ സ്നേഹത്തെ നാം നന്ദിയോടുകൂടെ ഓർക്കണം.

4. എല്ലാ ആളുകളോടും സ്നേഹത്തിൽ പാർക്കണം.

വി. കുർബാന കൈക്കൊള്ളുന്നതിന്റെ തലേ ആഴ്ചയിൽ എല്ലാ ദിവസവും ഉപയോഗിക്കേണ്ട പ്രാർത്ഥന:

സ്നേഹം മൂലം എനിക്കുവേണ്ടി കുരിശിന്മേൽ മരിച്ച കർത്താവേ! ഞാൻ ഈ വി. കുർബാന കൈക്കൊള്ളുമ്പോൾ നീ എന്റെ ആത്മാവിലും ശരീരത്തിലും വസിപ്പാൻ വരും എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെ സ്നേഹിക്കുന്നവനായ കർത്താവേ! നിന്നെ അധികമധികമായി സ്നേഹിപ്പാൻ നീ എന്നെ പഠിപ്പിക്കണമെ. സകല പാപത്തെയും ജയിച്ച സർവ്വശക്തനായ കർത്താവെ ഈ വി. കുർബാനയിൽ എന്നിലേക്കു വന്ന് ഈ പാപത്തെ ജയിപ്പാൻ എനിക്കു ശക്തി തരണമെ. (ഏതു പാപത്തെ ജയിപ്പാൻ ആണ് നിശ്ചയിക്കുന്നതെന്ന് ഇവിടെ പറയണം.)

കർത്താവെ! നീ എന്റെ ഭവനത്തിൽ വരുവാൻ ഞാൻ യോഗ്യനല്ല. എങ്കിലും പ്രിയപ്പെട്ട കർത്താവെ! എന്റെ ഉള്ളം നിനക്കായി വാഞ്ഛിക്കുന്നു. നീ എന്നിലേക്കു വരണമെ. 43-ാം സങ്കീർത്തനവും വായിക്കണം)

## വി. കുർബാനദിവസം

ഉണരുമ്പോൾ കർത്താവ് നിങ്കലേക്കു വരുവാനിരിക്കുന്നു എന്നുള്ളതായിരിക്കണം നിന്റെ ആദ്യത്തെ ചിന്ത. കഴിയുമെങ്കിൽ പള്ളിയിൽ എത്തുന്നതുവരെയും ആരോടും സംസാരിക്കാതെ മൗനമായി ഇരിക്കണം. നിന്റെ ശരീരത്തെ ശുദ്ധിയായും വൃത്തിയായും സൂക്ഷിച്ച് വി. കുർബാന കൈക്കൊള്ളുവാൻ ഒരുങ്ങിയിട്ട് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടി വി. കുർബാനയ്ക്കായി പോകണം. ക്രിസ്തുവിന്റെ ശരീരവും രക്തവും നീ കൈക്കൊണ്ടതിനുശേഷം നിന്റെ സ്വന്തവാചകത്തിൽ കർത്താവിനു നന്ദിപറയുക. നിന്റെ കുമ്പസ്സാരത്തിങ്കൽവച്ചു ചെയ്ത തീരുമാനത്തെ പാലിക്കുന്നതിന് ശക്തി തരുവാൻ അവനോട് അപേക്ഷിക്കുക. ശുശ്രൂഷ കഴിയുന്ന ഉടനെതന്നെ നീ ദൈവാലയത്തിനു പുറത്തു പൊയ്ക്കളയരുത്. എന്നാലോ നീ ദേവാലയത്തിൽ അല്പം താമസിച്ച് കർത്താവ് തന്നെത്തന്നെ നിനക്കു തരുവാൻ തക്കവണ്ണം നിന്നെ സ്നേഹിച്ചതിനുവേണ്ടി സ്തോത്രം ചെയ്യണം. അതിന്റെ ശേഷം മാത്രമേ പള്ളിയിൽ നിന്നു പുറത്തു പോകാവൂ. നിനക്കു സഹായത്തിനായിട്ടു താഴെക്കാണുന്ന പ്രാർത്ഥനകൾ ഉപയോഗിക്കുന്നതു കൊള്ളാം.

വി. കുർബാനയുടെ ശേഷം

നമ്മുടെ കർത്താവു നിന്നോടു സംസാരിക്കുന്നതിനെ നീ ശ്രദ്ധിക്കുക.

“നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു നിന്നോടുള്ള എന്റെ ആർദ്രകരുണയാൽ നിന്നെ ഞാൻ എങ്കലേക്കു അടുപ്പിച്ചിരിക്കുന്നു.”

പിന്നീട് ഇപ്രകാരം പ്രാർത്ഥിക്കുക:

എന്നെ സ്നേഹിക്കുന്ന യേശുവേ! നീ എന്നിൽ ഇപ്പോൾ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. നീ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവാണെങ്കിലും എന്റെ ശരീരത്തിലും ആത്മാവിലും വസിപ്പാൻ വന്നുവല്ലോ. കർത്താവേ! എന്നോടുള്ള നിന്റെ സ്നേഹം എത്ര വലിയതാകുന്നു. ഹൃദയപൂർവ്വമായി ഞാൻ നിനക്കു നന്ദി പറയുന്നു. എനിക്കുവേണ്ടി നീ കുരിശിന്മേൽ മരിച്ചു. എന്റെ പാപങ്ങൾ എല്ലാം നീ എന്നോടു ക്ഷമിച്ചു. ഈ വി. കുദാശവഴിയായി നിന്നെത്തന്നെ നീ എനിക്കു തന്നു. കർത്താവെ! നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നു.

നിന്നെ അധികമധികമായി സ്നേഹിപ്പാൻ എന്നെ പഠിപ്പിക്കണമെ. കർത്താവേ! നിനക്കുവേണ്ടി ഞാൻ എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്? കർത്താവേ! കല്പിച്ചാലും, നിന്റെ ദാസൻ (ദാസി) കേൾക്കുന്നു. നമ്മുടെ കർത്താവിന്റെ വചനങ്ങളെ കേൾക്ക.:.......

“നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കണമെന്നുള്ള താകുന്നു എന്റെ കല്പന.”

ഉത്തരം

“കർത്താവേ നിന്നോടുള്ള സ്നേഹം നിമിത്തം ഞാൻ നിന്റെ കല്പനകളെ കാത്തുകൊള്ളാം. നിന്നെ പ്രസാദിപ്പിപ്പാനായി ഞാൻ മറ്റുള്ളവരെ, പ്രത്യേകിച്ചു ഇന്നാരെ, സ്നേഹിക്കുന്നതിനു ശ്രമിച്ചു കൊള്ളാം. ശുശ്രൂഷിക്കുന്നതിനു ശ്രമിച്ചുകൊള്ളാം. പ്രത്യേകിച്ച് ഈ വി. കുർബാനയിൽ നീ എനിക്കു തന്നിരിക്കുന്ന ശക്തിയാലും ഞാൻ ഇന്ന പാപത്തെ (പാപത്തിന്റെ പേരു പറക) ജയിക്കും.” 145-ാം സങ്കീർത്തനം വായിക്കണം. നീ വീട്ടിലേക്കു പോകുമ്പോൾ നമ്മുടെ കർത്താവ് നിന്റെ ഉള്ളിൽ വസിക്കുന്നു എന്നു ഓർത്തു കൊള്ളാം. എപ്പോഴും അവനു നന്ദിപറകയും അവനെ പ്രസാദിപ്പി ക്കുന്നതിനു ശ്രമിക്കുകയും ചെയ്യണം.

പരീക്ഷകൾ വരുമ്പോൾ സകല പാപങ്ങളേയും ജയിച്ച ജയവീരനായ കർത്താവിന്റെ ശരീരമാണ് കുർബാനയിൽ നീ കൈക്കൊണ്ടിരിക്കുന്നതെന്നും അതുകൊണ്ട് നിനക്കു സകല പാപങ്ങളേയും ജയിപ്പാൻ കഴിയും എന്നും ഓർക്കുക.

**പരീക്ഷകാലങ്ങളിൽ ഇപ്രകാരം പ്രാർത്ഥിക്കുക.:-**

യേശുവേ! നിന്നെ വേദനപ്പെടുത്താൻ എനിക്കു ഇടയാകരുതെ, ഈ പരീക്ഷയെ ജയിപ്പാൻ എന്നെ സഹായിക്കണമേ.

വിശുദ്ധ കുർബാന അനുഭവിച്ചതിന്റെ ശേഷം നന്ദിപറയുന്നതിനു താഴെ കാണുന്ന സങ്കീർത്തനങ്ങൾ ഉപയോഗിക്കണം, 100, 111, 113, 118, 134, 148, 150.

**പൊതുവായ മദ്ധ്യസ്ഥപ്രാർത്ഥന**

ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന ഓരോ അപേക്ഷകളും വായിക്കുമ്പോൾ ആർക്കെല്ലാംവേണ്ടി കർത്താവിനോട് അപേ

ക്ഷിപ്പാൻ ഇഛരിക്കുന്നുവോ അവരുടെ പേരുകൾ ഓർത്തു കൊൾക. “ദൈവമായ കർത്താവേ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. വീഴ്ചക്കാർക്കു നീ മാപ്പ് കൊടുക്കണമേ. തെറ്റുകാരെ പുണ്യപ്പെടുത്തണമേ. അധർമ്മം പ്രവൃത്തിക്കുന്നവരെ നീതി പ്രവർത്തികുന്നവരാക്കണമേ. നിന്നിൽനിന്നും നിന്റെ വിശുദ്ധ സഭയിൽനിന്നും അകലെ പോയിരിക്കുന്നവരെ അടുത്തു വരുത്തണമേ. പാപികളോടു മനസ്സലിവു തോന്നണമേ. നിന്നോടുള്ള പൂർണ്ണ സ്നേഹത്തിൽ നിന്നു വേർപെട്ടു നാനാവഴിയിൽ ചിതറിപ്പോയിരിക്കുന്നവരെ കൂട്ടിച്ചേർക്കണമേ. സമീപത്തുള്ളവരെ കാത്തുകൊള്ളണമേ. വഴിതെറ്റിപ്പോയിരിക്കുന്നവരെ സത്യജ്ഞാനത്തിലേക്കു തിരിച്ചുവരുത്തണമേ. അശുദ്ധന്മാരെ ശുദ്ധീകരിക്കണമേ. കാമപരവശന്മാരെ പരിപാകശീലമുള്ളവരാക്കണമേ. ഞെരുക്കത്തിൽ ഇരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. രോഗികൾക്കു സുഖം കൊടുക്കണമേ. ബലഹീനന്മാരെ താങ്ങിക്കൊള്ളണമേ. മനോവേദനയിൽ ഇരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. വീണു പോകുന്നവരെ എഴുന്നേല്പിക്കണമേ. മാതാപിതാക്കന്മാരില്ലാത്ത കുഞ്ഞുങ്ങളുടെ കാര്യത്തെ അന്വേഷിച്ചുകൊള്ളണമേ. സഹായമില്ലാത്ത വിധവകളെ സംരക്ഷിച്ചുകൊള്ളണമേ. ദരിദ്രന്മാരെ പുലർത്തിക്കൊള്ളണമേ. മനസ്സ് ഇടിഞ്ഞുപോയിരിക്കുന്നവരെ ധൈര്യപ്പെടുത്തണമേ. പൂർണ്ണന്മാരെ കാത്തുകൊള്ളണമെ. പുണ്യവാന്മാരെ വാഴ്ത്തണമേ. അനുതപിക്കുന്നവരിൽ സന്തോഷിക്കണമെ. കന്യാവ്രതത്തിൽ ജീവിക്കുന്നവർക്കു പൂർണ്ണത കൊടുക്കണമേ. നീതിമാന്മാരോടുകൂടെ നീ ഇരിക്കണമേ. വിശുദ്ധന്മാർക്കു നീ സഖിയായിരിക്കണമേ. നോമ്പും, വ്രതങ്ങളും അനുഷ്ഠിക്കുന്നവരെ ജയകിരീടം ധരിപ്പിക്കണമേ. ശാന്തശീലന്മാരിൽ എഴുന്നള്ളി പാർക്കണമേ. കലഹപ്രിയന്മാരെ സമാധാനശീലന്മാരാക്കേണമേ. വിരുദ്ധങ്ങളെ നീക്കിക്കളയണമേ. വഴക്കുകളെ ശമിപ്പിക്കണമേ. ഭിന്നകക്ഷികളെ യോജിപ്പിക്കണമേ. നിന്റെ തിരുസഭയുടെ കൊമ്പിനെ എല്ലാ സ്ഥലങ്ങളിലും ഉയർത്തണമേ. അതിന്റെ മക്കൾക്കു സമാധാനത്തെ വർദ്ധിപ്പിച്ചുകൊടുക്കണമേ. അതിലെ പുരോഹിതന്മാരെ അഭിമാനമുള്ളവരും ശുശ്രൂഷകന്മാരെ ശോഭിക്കുന്നവരും ഉപദേഷ്ടാക്കളെ ജ്ഞാനികളും ആക്കിത്തീർക്കണമേ. നിന്റെ സഭയിൽനിന്ന് ശീശ്മകളേയും ഭിന്നതകളേയും നാശകരങ്ങളായ എല്ലാ മതവിപരീതങ്ങളെയും മായിച്ചുകളയണമേ. സമാധാനവും യോജിപ്പും നിന്റെ സഭയിൽ ആവസിപ്പിക്കണമേ. നിന്റെ തിരുസഭയ്ക്കുവേണ്ടി കഷ്ടപ്പാടുകൾ അനുഭവിക്കുന്ന ഇടയന്മാരെ

അതിൽ നീ എഴുന്നേല്പിക്കണമേ. സത്യവിശ്വാസത്തോടുകൂടി നിന്നിൽ ശരണപ്പെട്ടുകൊണ്ട് നിദ്രപ്രാപിച്ചിരിക്കുന്ന എല്ലാ പരേത ന്മാർക്കും ഉത്തമമായ ഓർമ്മയേയും ആത്മശാന്തിയേയും നീ കൊടു ക്കണമേ. ബാവായും പുത്രനും വിശുദ്ധറൂഹായുമായ പരിശുദ്ധ ത്രിത്വമേ! ഞങ്ങളും അവരും നിനക്കു സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും കരേറ്റും" — ആമ്മീൻ.

### സ്നേഹത്തിനുവേണ്ടിയുള്ള പ്രാർത്ഥന

കർത്താവേ! സ്നേഹം കൂടാതെയുള്ള ഞങ്ങളുടെ പ്രവൃത്തിക ളൊക്കെയും വ്യർത്ഥമാണെന്നു നീ പഠിപ്പിച്ചിരിക്കുന്നുവല്ലൊ. സ്നേഹ മില്ലെങ്കിൽ സമാധാനമാകട്ടെ സുകൃതമാകട്ടെ ഉണ്ടാകാൻ ഇടയില്ല. സ്നേഹം കുടാതെ ജീവിക്കുന്നവരെല്ലാം നിന്റെ തിരുമുമ്പിൽ മരി ച്ചവരായി എണ്ണപ്പെടുന്നു. അതിനാൽ നിന്റെ പരിശുദ്ധറൂഹായെ അയച്ചു ഞങ്ങളുടെ ഹൃദയങ്ങളിലേക്കു സ്നേഹമാകുന്ന അതിശ്രേഷ്ഠദാനത്തെ പകരണമെ. ആയതു ഞങ്ങൾ നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധ റൂഹായിക്കും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനായിരിക്കണമേ! ആമീൻ!

### ക്രിസ്തീയസഭയുടെ ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന

ദൈവമേ! സമാധാനത്തിന്റെ പ്രഭുവും ഞങ്ങളുടെ ഏക രക്ഷി താവുമായ കർത്താവേശുമ്ശിഹായുടെ പിതാവേ! ഞങ്ങൾ നിർഭാഗ്യ വശാൽ ഭിന്നിച്ചുപോയിരിക്കുന്നുവല്ലോ. ഞങ്ങളുടെ ഭിന്നത എത്രയും ആപൽക്കരമാണെന്നു ഞങ്ങൾക്കു ബോധപ്പെടുത്തി തരണമേ. ദൈവി കമായ ഐക്യത്തിനും യോജിപ്പിനും തടസ്സമായിരിക്കുന്ന ദ്വോഷവും മുൻവിധിയും നീ നീക്കിത്തരണമെ. പരിശുദ്ധമായ ഐക്യത്തിനു തടസ്സമായിരിക്കുന്ന എല്ലാ തന്നിഷ്ടങ്ങളെയും മതവിപരീതങ്ങളേയും നീ നീക്കിത്തരണമേ. കർത്താവേ! "ഒരു കർത്താവും ഒരു വിശ്വാസവും, ഒരു മാമോദീസായും, എല്ലാവരുടെയും പിതാവായ ഒരു ദൈവവും" ഉള്ളതിനാലും, "ഏകശരീരവും ഏക ആത്മാവും ഞങ്ങളുടെ വിളി യേപ്പറ്റിയുള്ള ഏക ശരണവും" ഉള്ളതിനാലും ഞങ്ങൾ എല്ലാവരും ഒരു ഹൃദയവും ഒരാത്മാവും ഉള്ളവരായി ഒന്നായിത്തീരുമാറാകണമെ. സത്യത്തിന്റെ വിശുദ്ധ ബന്ധത്തിലും വിശ്വാസത്തിന്റെ സമാധാന ത്തിലും സ്വർഗ്ഗീയമായ സ്നേഹത്തിലും ഞങ്ങൾ ഏക മനസ്സോടും ഏക ശബ്ദത്തോടുംകൂടി പിതാവായ ദൈവമേ! നിന്നെയും നിന്റെ ഏക പുത്രനേയും നിന്റെ പരിശുദ്ധ റൂഹായേയും വന്ദിച്ച് മഹത്വ

പ്പെടുത്തുമാറാകണമെ. അത് ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ആമ്മീൻ!

**ഇൻഡ്യയുടെ മനസ്സുതിരിവിനുള്ള പ്രാർത്ഥന**

ദൈവമേ! ഭൂമിയിലുള്ള എല്ലാ മനുഷ്യവർഗ്ഗത്തേയും ഒരു മനുഷ്യനിൽ നിന്നു നീ ഉണ്ടാക്കിയിരിക്കുന്നു. എല്ലാവർക്കും, ദൂരത്തുള്ളവർക്കും സമീപത്തുള്ളവർക്കും, നിന്റെ സമാധാനത്തെ സുവിശേഷിപ്പാൻ നിന്റെ വാഴ്ത്തപ്പെട്ട പുത്രനെ നീ അയയ്ക്കുകയും ചെയ്തിരിക്കുന്നു. ദൈവമേ! ഈ ദേശത്തുള്ള ജനങ്ങൾ എല്ലാവരും നിന്നെ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും നീ കൃപ ചെയ്യണമെ. സ്വർഗ്ഗസ്ഥനായ പിതാവേ! സകല ജഡത്തിന്മേലും നിന്റെ ആത്മാവിനെ പകരും എന്നുള്ള വാഗ്ദാനത്തെ നിവൃത്തിയാക്കേണമേ. ആയതു ഞങ്ങൾ എല്ലാവരും നിനക്കും ഏകപുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നേക്കും കരേറുവാനായിത്തന്നെ — ആമ്മീൻ!